261
SEPTEMBER 2017

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association

60 Years AKPCTA



യാത്രയും മടക്കയാത്രയും
സഞ്ചാരപഥങ്ങളിലെ വഴിയമ്പലവാസങ്ങളും
കുറുങ്കഥകളുടെ കലാസൂത്രം
ഒരിക്കലുപേക്ഷിച്ച് പോയത്
നിഴൽ ജീവിതത്തോട് പറയുന്നത്
ഓണക്കമ്പോളത്തിന്റെ ഇല്ലംനിറകൾ
ആഹാരവിചിന്തനം
മേഘമായ് മേഘരാഗമായ്...

ഓണപ്പതിപ്പ്

COLLEGE TEACHER 261

# SEPTEMBER 2017

**EDITORIAL BOARD**

Chief Editor
**Dr. Sunny N. M**

Managing Editor
**Dr. P.N. Harikumar**

Assistant Editors
**Dr. A.S. Sumesh**
**Dr. K.P. Jayakumar**

**Members**
Prof. A G Oleena
Dr. K. L Vivekanandan
Dr. C. Padmanabhan
Dr. P.K. Kusalakumari
Prof. Pramod Vellachal
Dr. Beena.S
Dr. N. Lakshmi Priya
Dr. Jayasree V.
Dr. C. Unnikrishnan
Prof. N.K. Sunilkumar
Dr. N. Renuka
Dr. Soni John
Prof. Biji Abraham
Dr. Premkumar
Dr. Myna Umaiban
Dr. Vidhu Narayan
Prof. Sona P.
Dr. Shanoj M.P.
Dr. Sreeja P.

Cover Design
**Prof Aathman A V,**
DB College Sasthamcotta Ph: 9496822477
Design
**Jwala Creatives**
Ph: 9447853005

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
V.N. Murali, AKPCTA State Committee Office, Vanchiyoor, TVPM-35.

- *എഡിറ്റോറിയൽ* — 3
- *ജനറൽസെക്രട്ടറിയുടെ പേജ്*
  **ഡോ. കെ.എൽ വിവേകാനന്ദൻ** — 4
- *യാത്രയും മടക്കയാത്രയും സഞ്ചാരപഥങ്ങളിലെ വഴിയമ്പലവാസങ്ങളും*
  **വി.ആർ. സുധീഷ്** — 13
- *കുറുങ്കഥകളുടെ കലാസൂത്രം*
  **കെ.പി. രാമനുണ്ണി** — 23
- *ഒരിക്കലുപേക്ഷിച്ചത്*
  **മ്യൂസ് മേരി** — 28
- *നിഴൽ ജീവിതത്തോട് പറയുന്നത്*
  **ഐസക് ഈപ്പൻ** — 30
- *ഓണക്കമ്പോളത്തിന്റെ ഇല്ലംനിറകൾ*
  **ആര്യഗോപി** — 34
- *സ്വാതന്ത്ര്യത്തിന്റെ എഴുപതുവർഷങ്ങൾ*
  **ടി.കെ. സന്തോഷ് കുമാർ** — 36
- *ഓണം മിത്ത് ചരിത്രം വർത്തമാനം*
  **കെ.പി. ജയകുമാർ** — 37
- *ഗിരിസുത*
  **എൻ.കെ. സുനിൽകുമാർ** — 44
- *ബോർഹെസ്സിന്റെ പ്രണയകഥ*
  **എസ്.കെ. പ്രതാപ്** — 45
- *അണുകുടുംബഘടിതങ്ങളുടെ കുമാരസംഭവം: പാഠ്യങ്ങളും സിനിമയും*
  **ദിവ്യ കെ. മണിക്കുട്ടി** — 51
- *Indian Ideology: critiquing the idea of India*
  **Shine PS** — 58
- *ഇന്ത്യയുടെ കാർഷിക പ്രതിസന്ധി*
  **അനിൽ വർമ്മ** — 60
- *ജി.എസ്.ടി.: ഇന്ത്യൻ സാമ്പത്തികരംഗത്തെ വെല്ലുവിളികൾ*
  **ഷൈല ഹമീദ്** — 70
- *താങ്ക് യൂ മിസ്റ്റർ ബോൾട്ട്!*
  **ഡോ. സോണി ജോൺ** — 74
- *ഉന്നതവിദ്യാഭ്യാസത്തിന്റെ മാറുന്നമുഖം*
  **അനൂജ ചാക്കോ** — 77
- *പതിയെ*
  **ജയരാജ്** — 79
- *അമ്മു വലുതാകുമ്പോൾ*
  **സന്ധ്യ ഇ.** — 81
- *ആഹാരവിചിന്തനം*
  **ഡോ. പി.വി. നന്ദിനി** — 82
- *മേഘമായ് മേഘരാഗമായ്*
  **ഡോ. എൻ. രേണുക** — 86
- *കച്ചവടത്തിന്റെ അരങ്ങിലേക്ക് ഹീരയും ഹിഫയും*
  **ഡോ. ജയപ്രകാശ് ആർ.കെ.** — 93
- *രാവണന്റെ നാട്ടിലൂടെ*
  **ഡോ. എൻ.എം. സണ്ണി** — 100

എഡിറ്റോറിയൽ



# ബഹുസംസ്കാര ദേശീയതയും ഉത്സവങ്ങളും......

ഉത്സവങ്ങളുടെ നാടാണ് ഇന്ത്യ. ഉത്സവങ്ങൾ ദേശീയതയെ എന്ന പോലെ സാർവ്വദേശീയതയെയും പ്രോത്സാഹിപ്പിക്കുമ്പോഴാണ് മാനവികതയുടെ സന്ദേശം പ്രചരിപ്പിക്കപ്പെടുകയുള്ളൂ. സാർവ്വദേശീയത എന്ന മഹത്തായ സന്ദേശം സങ്കുചിതമായ ദേശീയതയിലേക്കും, ഇടുങ്ങിയ പ്രാദേശിക വാദങ്ങളിലേക്കും ഭീതിജനകമാംവിധം ചുരുങ്ങിവരുമ്പോഴാണ് ബഹുസംസ്കാരദേശീയത എന്ന ബദൽ ആശയം കാലികമായി മാറുന്നത്. കാൾ മാർക്സ് മുതൽ ഇറ്റാലിയൻ ചിന്തകനായ അന്റോണിയോ നെഗ്രിവരെയുള്ള മനുഷ്യസ്നേഹികളും ജനാധിപത്യവാദികളും മാനവികതയ്ക്കു വേണ്ടിയുള്ള പോരാട്ടങ്ങളിൽ ബദൽ ചിന്തകൾ അവതരിപ്പിച്ചിട്ടുണ്ട്. ഓണം, ബക്രീദ്, ക്രിസ്തുമസ്സ് തുടങ്ങി എല്ലാ ഉത്സവങ്ങളും മുഴുവൻ മനുഷ്യരുടേതുമായി മാറുമ്പോഴാണ് അത് മാനവികതയുടെ ആഘോഷങ്ങളായി തീരുന്നത്.

നവലിബറൽ സാമ്പത്തികനയങ്ങളുടെ ഫലമായി ആഘോഷങ്ങളും ഉത്സവങ്ങളും, കോർപ്പറേറ്റവൽക്കരിക്കപ്പെടുകയും, ജാതി-മതങ്ങളുടെ ഉരുക്കുകോട്ടകളാൽ നിയന്ത്രിക്കപ്പെടുകയും ചെയ്യുമ്പോൾ മാനവികമൂല്യങ്ങൾ അപകടകരമാംവിധം ചവിട്ടിയരയ്ക്കപ്പെടുകയും, ആൾദൈവങ്ങൾ മതങ്ങളെ കീഴ്പ്പെടുത്തി സമാന്തരഭരണസംവിധാനം തന്നെ ഉയർത്തിക്കൊണ്ടുവരികയും ചെയ്യും. നീതി ന്യായവ്യവസ്ഥ പോലും പ്രതിരോധത്തിലാകുന്നു. 'ജനാധിപത്യം' പരിഹസിക്കപ്പെടുന്ന ഒരു പദമായി മാറിക്കഴിഞ്ഞു. 'മതേതരത്വം' അർത്ഥലോപം സംഭവിച്ച അപരിചിതമായ ഒരു വാക്കിനപ്പുറം മറ്റൊന്നുമല്ലാതായി മാറി. അന്യമതവിശ്വാസിയെ അന്യഗ്രഹജീവിയെപോലെ നോക്കിക്കാണാനാണ് പുതുതലമുറയെ പഠിപ്പിക്കുന്നത്. നിയോഫാസിസ്റ്റ് ചിന്തകളാണ് അദൃശ്യമായി എവിടെയും പ്രോത്സാഹിപ്പിക്കപ്പെടുന്നത്.

മനുഷ്യന്റെ സങ്കടങ്ങളും, വിശപ്പും, വേദനയുമാണ് ആഘോഷങ്ങളുടെ മറവിൽ വിറ്റഴിക്കപ്പെടുന്നതും കോർപ്പറേറ്റുകളുടെ ലാഭമായി കുന്നുകൂടുന്നതും. മാനവികത ചോദ്യം ചെയ്യപ്പെടുകയും മതം മേൽക്കൈ നേടുകയും ചെയ്യുന്നതിലൂടെ ഉത്സവങ്ങളും ആഘോഷങ്ങളും ഒരു സംസ്കാരത്തിലേക്കും ഒരു നിറത്തിലേക്കും ചുരുങ്ങിപ്പോകുന്നു. വിപണിക്കും, കോർപ്പറേറ്റ് കുത്തകകൾക്കും വളർന്നു പന്തലിക്കാനുള്ള ഇടങ്ങളായി ഉത്സവങ്ങളെ മാറ്റിയെടുക്കുന്നതിലൂടെ സാഹോദര്യത്തിന്റെയും പരസ്പര സ്നേഹത്തിന്റെയും അവശേഷിക്കുന്ന പ്രാണവായുകൂടി ഇല്ലാതാവുകയാണ്.

സ്വാതന്ത്ര്യത്തിന്റെ സപ്തതി ആഘോഷിക്കുന്ന വേളയിലാണ് പ്രാണവായു ലഭിക്കാതെ കുട്ടികൾ കൂട്ടത്തോടെ പിടഞ്ഞുമരിക്കുന്ന കാഴ്ച കാണേണ്ടി വരുന്നത്. മാനവ സേവ മാധവ സേവ എന്ന മഹത്തായ ദർശനം, പശു സ്നേഹത്തിന്റെ തൊഴുത്തിൽ ബോധപൂർവ്വം കുറ്റിക്കെട്ടി. ശിശുക്കളെക്കാൾ പശുക്കൾക്ക് പ്രാധാന്യമുള്ള ദേശമേ, മനുഷ്യരേക്കാൾ മൃഗങ്ങൾ പൂജിക്കപ്പെടുന്ന എന്റെ നാടേ, നിന്നെ ഓർത്ത് കേഴുന്നു. ശിശു മരണത്തിൽ രാഷ്ട്രീയം തിരയുന്ന കണ്ണുകൾ രാക്ഷസീയമാവാനേ തരമുള്ളൂ. ആസുരചിന്തകന്മാർക്കു മാത്രമെ അതിനെ അധികാരക്കസേര ഉറപ്പിക്കാനുള്ള ഊർജ്ജമായി പരിവർത്തനപ്പെടുത്താൻ കഴിയുകയുള്ളൂ. യു.പി.യിൽ നടന്ന ശിശുമരണങ്ങളുടെ കാരണങ്ങൾ യു.പി.എയിൽ അന്വേഷിക്കുന്നവർ ശിശുമരണങ്ങളുടെ മറവിൽ അമ്പതുവർഷം നാടു ഭരിക്കാനുള്ള മണ്ണൊരുക്കുകയാണ്. ഭരണകൂടങ്ങൾ നിലനിൽക്കുന്നതിനും, തഴച്ചുവളരുന്നതിനും ഏറ്റവും ഉത്തമമായ വളം മനുഷ്യരക്തം തന്നെ.

കോർപ്പറേറ്റുകളിൽനിന്നു ആഘോഷങ്ങളെയും ഉത്സവങ്ങളെയും ഭരണകൂടങ്ങളെതന്നെയും മോചിപ്പിച്ച് മാനവികമൂല്യങ്ങളും സാർവ്വദേശീയ ചിന്തകളും, ജനാധിപത്യമര്യാദകളും, മതേതര സന്ദേശങ്ങളും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള വേദിയായി അവയെ മാറ്റുമ്പോഴാണ് ബഹുസംസ്കാരം പ്രോത്സാഹിപ്പിക്കപ്പെടുകയുള്ളൂ. മതേതരചിന്തകളുടെ കാവലാളുകളാകാം. ജനാധിപത്യത്തിന്റെ സംരക്ഷകരാകാം. എ.കെ.പി.സി. ടി.എ. അതിന് പ്രചോദനവും പ്രേരണയുമാകട്ടെ.

സമ്പന്നമായ ഓണപ്പതിപ്പ് വായനക്കാർക്കായി സമർപ്പിക്കുന്നു. അഭിവാദ്യങ്ങളോടെ ഓണം ബക്രീദ് ആശംസകളോടെ

**ഡോ. എൻ. എം. സണ്ണി**
sunnynm51@gmail.com
9447418715, 8921385389

ഡോ. കെ.എൽ വിവേകാനന്ദൻ



# വിദ്യാഭ്യാസത്തിനുമേൽ കരിനിഴൽ വീഴുമ്പോൾ അനിവാര്യം ഈ ചെറുത്തുനിൽപ്പ്

കോട്ടുകേൾവികളും വായ്ത്താരികളും വാമൊഴികളും ഒന്നും ആധികാരികമായി കരുതാതിരുന്ന ഒരു കാലത്ത് ബെർതോൾട് ബ്രെഹ്തിനോട് ഒരു പത്രലേഖകൻ പങ്കുവെച്ച ഒരു സന്ദേഹമുണ്ട് – യുദ്ധാനന്തരകാലത്ത് എല്ലായിടത്തും ഇരുട്ടാണ്. ഇനിയും അങ്ങ് എന്തിനെപ്പറ്റിയെഴുതും? മൗനം ഭഞ്ജിച്ചുകൊണ്ട് ബ്രെഹ്ത് പറഞ്ഞു: 'I will write about the darkness'. ഈ ഉത്തരം ഇന്നു പ്രസക്തമല്ലായിരിക്കാം. എന്നാൽ ആലങ്കാരികമായി പറയേണ്ടിവരും. ഇന്ന് വെളിച്ചത്തെപ്പറ്റി പറയുകയും എഴുതുകയും സംവദിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമായിരിക്കുന്നു. ഒരു ഉണർവിന് ഉത്തേജനം പകരുവാൻ അക്കാദമിക സമൂഹം മുൻകൈ എടുക്കേണ്ടിയിരിക്കുന്നു.

സർക്കാർ, അദ്ധ്യാപകസമൂഹത്തിന്റെ നിലപാടുകളെ തഴയുകയും പ്രാഥമിക പ്രശ്നങ്ങളെ അംഗീകരിക്കാതിരിക്കുകയുമാണ് ചെയ്യുന്നത്. 7–ാം ശമ്പളക്കമ്മീഷന്റെ നടപ്പാക്കലിനെ സംബന്ധിച്ച വിഷയങ്ങളിൽ ഐഫക്ടോയെ ഇരുട്ടിൽ നിർത്തിയിരിക്കുകയാണ് സർക്കാർ. കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പുനരവലോകനം ചെയ്യുന്നതിനായി ഐഫക്ടോയ്ക്കോ മറ്റദ്ധ്യാപകസംഘടനകൾക്കോ റിപ്പോർട്ടിന്റെ പകർപ്പ് സമർപ്പിക്കപ്പെട്ടിട്ടില്ല. മുൻപൊരിക്കലും ഉണ്ടാകാത്ത തരത്തിലുള്ള പെരുമാറ്റമാണ് യു ജിസിയും എംഎച്ച്ആർഡിയും ഇവിടെ പുറത്തെടുത്തതെന്ന് പറയാതെ വയ്യ. ഫെബ്രുവരി 22, 2017ന് എംഎച്ച്ആർഡിയ്ക്ക് സമർപ്പിക്കപ്പെട്ട റിപ്പോർട്ട് അദ്ധ്യാപകസംഘടനകളുടെ അഭിപ്രായമാരായാതെ നേരിട്ട് ഒരു ഉന്നതതല കമ്മിറ്റിയ്ക്ക് കൈമാറുകയാണുണ്ടായത്. അദ്ധ്യാപകരെ ഏറ്റവുമധികം ബാധിക്കുന്ന വിഷയങ്ങളിൽ ഐഫക്ടോയെ വിശ്വാസത്തിലെടുക്കാതെ തെല്ലും സുതാര്യമല്ലാത്ത രീതിയിലാണ് സർക്കാർ നീങ്ങുന്നത്. റിപ്പോർട്ട് പൂർണമായും പ്രസിദ്ധീകരിച്ചിട്ടില്ലെന്നിരിക്കെ, ശുപാർശകളുടെ ചില ഭാഗങ്ങൾ തുടരെത്തുടരെ പത്രമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് പരിഭ്രമജനകമായ ഒരു അവസ്ഥയാണ്. ഇത് റിപ്പോർട്ടിന്റെ രഹസ്യസ്വഭാവത്തിനുമേൽ സംശയത്തിന്റെ കരിനിഴൽ വീഴ്ത്തുന്നു. ഈ അപകടകരമായ കീഴ്‌വഴക്കത്തെയും എംഎച്ച്ആർഡി, വിഷയത്തെ മുഴുവൻ കൈകാര്യം ചെയ്ത നിരുത്തരവാദപരമായ രീതിയെയും ഐഫക്ടോ ശക്തമായ രീതിയിൽ വിമർശിക്കുന്നു. ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് പുറത്തുവിടുമെന്ന് ഉറപ്പ് ഐഫക്ടോയ്ക്ക് നൽകിയിട്ടാണ് ഇത്തരം പെരുമാറ്റമെന്നത് എംഎച്ച്ആർഡിയുടെ അലംഭാവം കൂടുതൽ വ്യക്തമാക്കുന്നു.

സർവ്വകലാശാല – കോളേജ് അദ്ധ്യാപകർക്ക് നേരെയുള്ള കേന്ദ്രസർക്കാരിന്റെ അനാസ്ഥക്കെതിരെ പ്രതികരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മറ്റ് കേന്ദ്രസംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരെല്ലാം പരിഷ്കരിച്ച ശമ്പളവും ആനുകൂല്യങ്ങളും കൈപ്പറ്റുമ്പോഴും സർവ്വകലാശാല–കോളേജ് അദ്ധ്യാപകർക്ക് തങ്ങൾക്കർഹമായ പരിഗണന ഇപ്പോഴും ദൂരത്താണ്. ഗവേഷണങ്ങൾക്ക് സാമ്പത്തിക ഉത്തേജനം ലഭിക്കാതിരിക്കുക, ദിനം പ്രതി കഠിനമാക്കപ്പെടുന്ന ഉദ്യോഗ–സ്ഥാനക്കയറ്റച്ചട്ടങ്ങൾ മൂലം ഉദ്യോഗക്കയറ്റം തുലാസിലാവുക തുടങ്ങി അനവധി – നിരവധി പ്രശ്നങ്ങളാണ് അദ്ധ്യാപകർ അഭിമുഖീകരിക്കേണ്ടി വരുന്നത്. തുടർച്ചയായി ആവശ്യപ്പെട്ടിട്ടും താൽക്കാലിക / കരാറടിസ്ഥാന/ അതിഥി അദ്ധ്യാപകരുടെ ശമ്പളം സ്ഥിരപ്പെടുത്തുകയോ ജോലി ഉറപ്പാക്കുകയോ ചെയ്യാതെ ഇന്ത്യൻ കോളേജുകളിലെ ഭൂരിഭാഗം ജോലിഭാരവും തലയിലേറ്റുന്ന ഈ വിഭാഗത്തെ ചൂഷണത്തിനു



വിധേയരാക്കുകയാണ് സർക്കാർ. ഇത്തരം അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുകയും അവരുടെ ശമ്പള ഉദ്യോഗവ്യവസ്ഥകൾ നിജപ്പെടുത്തുകയും ചെയ്യണമെന്ന് ഐഫക്ടോ ആവശ്യപ്പെടുന്നു. ചെറുപ്പക്കാരും പരിശ്രമശാലികളുമായ ഈ അദ്ധ്യാപകർ രാജ്യത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാവിയാണെന്നും അവർക്ക് അക്കാദമിക – ഗവേഷണരംഗങ്ങളിൽ മതിയായ പ്രോത്സാഹനം നൽകേണ്ടത് അത്യന്താപേക്ഷികമാണെന്നും സർക്കാർ മനസ്സിലാക്കേണ്ടിയിരിക്കുന്നു. അവരുടെ ഭാവി അനിശ്ചിതത്വത്തിലാഴ്ത്തുന്നതുവഴി അദ്ധ്യാപനത്തെ ഒരു ജീവിതമാർഗമെന്ന നിലയിൽ അനാകർഷകമാക്കുകയും ഗവേഷണത്തെ സ്തംഭിപ്പിക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. ആയതിനാൽ സ്ഥിരപദവികൾ ഉണ്ടാക്കുന്നതും നിയമനം നടത്തുന്നതും അടിയന്തിരമായി ചെയ്യേണ്ടിയിരിക്കുന്നു.

> **ഫണ്ടുവിഹിതം വെട്ടിക്കുറയ്ക്കുന്നതിലൂടെ മാത്രമല്ല, മറിച്ച് വെറുപ്പിന്റെയും സംശയത്തിന്റെയും പ്രത്യയശാസ്ത്രസെൻസർഷിപ്പിന്റെയും അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടും കൂടിയാണ് സർക്കാർ സ്വതന്ത്ര്യചിന്തയെയും ഗവേഷണങ്ങളെയും ശ്വാസം മുട്ടിക്കുന്നത്.**

വിദ്യാഭ്യാസത്തിനുള്ള ബജറ്റ് വിഹിതത്തെ വലിയ തോതിൽ വെട്ടിക്കുറയ്ക്കാനുള്ള നീക്കത്തെക്കുറിച്ചുള്ള ആശങ്കയും പ്രതിഷേധത്തിൽ പ്രതിഫലിക്കേണ്ടതുണ്ട്. ഉന്നതവിദ്യാഭ്യാസം മെച്ചപ്പെടുത്തുവാൻ സർക്കാരിന് താല്പര്യമില്ലാതായിരിക്കുന്നു എന്നതിന്റെ വ്യക്തമായ സൂചനയാണിത്. ഫണ്ടുവിഹിതം വെട്ടിക്കുറയ്ക്കുന്നതിലൂടെ മാത്രമല്ല, മറിച്ച് വെറുപ്പിന്റെയും സംശയത്തിന്റെയും പ്രത്യയശാസ്ത്രസെൻസർഷിപ്പിന്റെയും അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടും കൂടിയാണ് സർക്കാർ സ്വതന്ത്ര്യചിന്ത യെയും ഗവേഷണങ്ങളെയും ശ്വാസം മുട്ടിക്കുന്നത്. എഴുത്തുകാർ, ബുദ്ധിജീവികൾ, കലോപാസകർ മുതലായവരെ തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിൽനിന്ന് ഭീഷണിപ്പെടുത്തി തടയുന്ന സർക്കാരിന്റെയും അതിന്റെ പിണിയാളുകളുടെയും രീതിയെ ഭീതിയോടെ വേണം നോക്കികാണാൻ. ചരിത്രത്തിലും ശാസ്ത്രവിഷയത്തിലുമെല്ലാം അശാസ്ത്രീയമായ കെട്ടുകഥകളും വ്യാഖ്യാനങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുന്നു. പല പാഠ്യവിഷയങ്ങളുടെയും പാഠ്യപദ്ധതികൾസർക്കാരിന്റെ ആശയസംഹിതയ്ക്കനുസരിച്ച് തിരുത്തപ്പെടുന്നു. ആവിഷ്കാര – സഞ്ചാരസ്വാതന്ത്ര്യങ്ങൾ എവിടെയും ധ്വംസിക്കപ്പെടുന്നു. ഭീതിയുടെയും ആശങ്കയുടെതുമായ അന്തരീക്ഷം സമൂഹത്തിന്റെ എല്ലാ തുറകളെയും ബാധിച്ചിരിക്കുന്നു. ഇന്ത്യാചരിത്രത്തിലൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം ന്യൂനപക്ഷങ്ങളും അധഃകൃതവർഗ്ഗങ്ങളും ഇന്ന് അപായമുനയിലാണ്. മാധ്യമങ്ങളുടെ നല്ലൊരുപങ്കം സർക്കാരിന് സ്വമേധയാ സ്തുതിപാടുകയാണ്. ഇത്തരുണത്തിൽ ഉന്നത വിദ്യാഭ്യാസമേഖലയിലെ അദ്ധ്യാപകർ ഒറ്റക്കെട്ടായി ശബ്ദമുയർത്തിയില്ലെങ്കിൽ നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യമതനിരപേക്ഷഘടന പിച്ചിചീന്തപ്പെടും.

HEERA, HEFA തുടങ്ങിയ സ്ഥാപനങ്ങളാൽ നിലവിലുള്ള സമുന്നതസ്ഥാപനങ്ങളായ യുജിസി, എഐസിടിഇ മുതലായവയെ പുനഃസ്ഥാപിക്കുവാനുള്ള സർക്കാർ നീക്കം അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം ആശങ്കാജനകമാണ്. അമിതമായ ഉദ്യോഗസ്ഥവൽക്കരണത്തിനും, കേന്ദ്രീകരണത്തിനും വിദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണത്തിനുമാവും ഇത് വഴിവയ്ക്കുക. ഇത്തരം നീക്കങ്ങളെ തുടക്കത്തിൽ തന്നെ എതിർക്കുകയും തകിടംമറിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. മറ്റൊരു അപകടകരമായ നീക്കം അടുത്തിടെ പ്രസിദ്ധീകരിച്ച സർവ്വകലാശാലകൾക്ക് ഘട്ടംഘട്ടമായി സ്വയംഭരണം അനുവദിക്കുന്ന യുജിസി മാർഗ്ഗനിർദ്ദേശങ്ങളിലടങ്ങിയിരിക്കുന്നു. ഈ നീക്കം സാമൂഹ്യസാമ്പത്തിക വൈജാത്യത്തിൽ നിന്നുണ്ടാകുന്ന തടസ്സങ്ങളെയും മുൻവിധികളെയും തരണംചെയ്ത് ഉന്നതവിദ്യാഭ്യാസം നേടുവാനുള്ള പൗരന്റെ മൗലികാവകാശത്തെ ധ്വംസിക്കുന്നു. സർവ്വകലാശാലകളെ തരംതിരിക്കുന്ന ആശയം, സ്വാശ്രയ ധനശേഖരണത്തിനും ധനസമാഹരണത്തിനുമായി കത്തകുത്തലാളിയുമായുള്ള കൂട്ടുകെട്ടിനും ഊന്നൽകൊടുക്കുന്നു. ഇതിനുപുറമെ, പി.എച്ച്.ഡി. ചെയ്യുവാൻ നെറ്റ്/സെറ്റ് പരീക്ഷ നിർബന്ധമാക്കുകയും ചെയ്യുന്നു. വലുതും വിഭിന്നവുമായ ഭാരതത്തിലെ വിദ്യാർത്ഥിസമൂഹത്തിനിടയിൽ അർഹതയുടെയും ശ്രേഷ്ഠതയുടെയും പേരിലല്ലാതെ സാമൂഹ്യ–സാമ്പത്തിക നിലയുടെ പേരിൽ വലിയ ഭിന്നതകൾ സൃഷ്ടിക്കാനേ ഇത്തരം നീക്കങ്ങൾ ഉതകൂ. ഭാരതത്തിലിന്നു നിലനിൽക്കുന്ന പൊതുവിദ്യാഭ്യാസസമ്പ്രദായത്തെ അട്ടിമറിച്ച് പകരം

വലിയൊരു ജനവിഭാഗത്തെ വിദ്യാഭ്യാസത്തിൽനിന്നകറ്റി നിർത്തുന്ന ഒരു മുതലാളിത്ത നവലിബറൽ നയം കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത് എന്നതിന്റെ കൃത്യമായ സൂചനകൾ തന്നെയാണിവയെല്ലാം.

തന്നെയുമല്ല, വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും തുറന്ന ചിന്തയ്ക്കും മേലുള്ള വർദ്ധിച്ചുവരുന്ന കയ്യേറ്റങ്ങളും സദാചാരപോലീസിങ്ങും ബുദ്ധിജീവികൾക്കും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇടയിൽ കടുത്ത നിസ്സഹായാവസ്ഥ സൃഷ്ടിച്ചിരിക്കുന്നു. ആയതിനാൽ ഇതു വിശ്രമിക്കാനുള്ള സമയമല്ല. സമൂഹത്തിലെ അഭ്യസ്തവിദ്യർ എന്ന നിലയിൽ ഏകാധിപത്യപരവും ജനവിരുദ്ധവുമായ കേന്ദ്രസർക്കാർ നടപടികളെ നാം എതിർക്കേണ്ടതുണ്ട്. രാജ്യത്തിന്റെ അഖണ്ഡതയെത്തന്നെ ഭീഷണിപ്പെടുത്തുന്ന കേന്ദ്രസർക്കാരിന്റെ വിഘടനീയ പിന്തിരിപ്പൻ നയങ്ങൾക്കെതിരെ അദ്ധ്യാപകർ ശബ്ദിക്കേണ്ടിയിരിക്കുന്നു.

അനുബന്ധ പരിപാടികളുടെ ഭാഗമായി 2017, ജൂലൈ 12 ന്യായദിവസം (justice day) ആയി ആചരിക്കുകയും അന്നേദിവസം സംസ്ഥാനതലപ്രതിനിധിയോഗങ്ങളും പ്രകടനങ്ങളും ധർണകളും പത്രസമ്മേളനങ്ങളും നടത്തുകയുമുണ്ടായി. അദ്ധ്യാപകസമൂഹത്തെയും പൊതുജനത്തെയും എംഎച്ച്ആർഡിക്ക് അദ്ധ്യാപകരോടും രാജ്യത്തിന്റെ വിദ്യാഭ്യാസപുരോഗതിയോടുമുള്ള അനാസ്ഥയെയും ബഹുമാനക്കുറവിനെയും പറ്റി ബോധവാന്മാരാക്കുക എന്നതായിരുന്നു പരിപാടികളുടെ ഉദ്ദേശ്യം. സർക്കാരിന്റെ അടിയന്തിര ശ്രദ്ധപതിയേണ്ട ചില വസ്തുതകൾ മുൻനിർത്തി പ്രതികരിക്കേണ്ടതുണ്ട്. ഐഫക്ടോ, ഇതര അദ്ധ്യാപകസംഘടനകൾ എന്നിവരുമായി കൂടിയാലോചിച്ച ശേഷം 7–ാം യു.ജി.സി. ശമ്പളക്കമ്മീഷൻ ശുപാർശകൾ പ്രസിദ്ധീകരിക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതാണ്. ഏകതാനവും ഏകകാലികവുമായ രീതിയിൽ 7–ാം ശമ്പളക്കമ്മീഷൻ പ്രകാരം പരിഷ്കരിച്ച ശമ്പളം വിതരണം ചെയ്യുവാൻ 100% സാമ്പത്തികസഹായം നൽകുകയും, താൽക്കാലിക/അർദ്ധസമയ/കരാറടിസ്ഥാന/അതിഥി അദ്ധ്യാപകർക്കും, സ്വാശ്രയസ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കും തൊഴിലാളികൾക്കും ശമ്പള – തൊഴിൽ ചട്ടങ്ങളുണ്ടാക്കുകയും വേണം. ആർ.സി./ഒ.സി.യ്ക്ക് 2016 ഡിസംബർ വരെ കാലാവധി നീട്ടുകയും എ.പി.ഐ. എടുത്തുകളയുകയും, പുതിയ പെൻഷൻ വ്യവസ്ഥ റദ്ദാക്കുകയും രാജ്യത്തെ എല്ലാ അദ്ധ്യാപകർക്കും പെൻഷൻ ഉറപ്പാക്കുകയും ചെയ്യുക അത്യന്താപേക്ഷിതമാണ്. 6–ാം ശമ്പളസ്കെയിലിലെ ക്രമക്കേടുകൾ പരിഹരിക്കേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെ ബജറ്റവിഹിതം 6% ആക്കുകയും ഒഴിവുള്ള തസ്തികകൾ സ്ഥിരാടിസ്ഥാനത്തിൽ നികത്തുകയും വേണം. HEERA, HEFA എന്നിവയെ കൊണ്ടുവരാനുള്ള നിർദ്ദേശത്തെയും, സ്വയംഭരണകോളേജുകൾക്കും സർവ്വകലാശാലകൾക്കും ശ്രേണിതിരിച്ചുള്ള സ്വയംഭരണാവകാശം നൽകാനുള്ള തീരുമാനത്തെയും, പി.എച്ച്.ഡി. രജിസ്ട്രേഷന് നെറ്റ്/സെറ്റ്/ബെറ്റ് കർശനമാക്കിയത് പിൻവലിക്കുകയും യു.ജി.സി., എ.ഐ.സി.ടി.ഇ. എന്നീ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യുക പ്രധാനമാണ്. വിദ്യാഭ്യാസത്തെ സംബന്ധിച്ച നയങ്ങളിൽ ഐഫക്ടോ/എഫ്ഇഡിസിയുടിഎയുമായി നിരന്തരചർച്ചകൾ നടത്തി ചലനാത്മകത നിലനിർത്തണം.




പരിഷ്കരണമെന്ന പേരിൽ അമിത കേന്ദ്രീകരണത്തിലൂടെയും ഉന്നതവിദ്യാഭ്യാസം കുത്തക മൂലധനത്തിന് ആദായകരമായ നിക്ഷേപസാധ്യതയുണ്ടാക്കുന്നതിലൂടെയും, ഉന്നതവിദ്യാഭ്യാസത്തിന്റെ സ്വതന്ത്രതയെ ഇല്ലാതാക്കാനുള്ള പ്രകടമായ ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. രാജ്യത്തെ വലിയ ഉച്ചനീചത്വങ്ങൾ മനസ്സിൽക്കണ്ടുകൊണ്ട് മനസ്സാക്ഷിയുള്ള ആർക്കും ഇത്തരം നീക്കങ്ങൾ അംഗീകരിക്കാൻ കഴിയില്ല. പൊതുവിദ്യാഭ്യാസസമ്പ്രദായമാണ് ഇത്തരം നീക്കങ്ങളുടെ ലക്ഷ്യം. നമ്മുടെ ഉപജീവനമാർഗ്ഗത്തിന്റെ അന്തസ്സും അന്തസത്തയും ഉയർത്തിപ്പിടിക്കപ്പെടേണ്ടതിനാലാണ്. നമ്മുടെ പരിപാടികൾ ഫലസമാപ്തിയിലെത്താൻ നാം അശ്രാന്തം പ്രയത്നിക്കേണ്ടത്. നമ്മുടെ ഐക്യമത്യമൊന്നുമാത്രമേ നമ്മുടെ നിയമപരമായ ആവശ്യങ്ങൾ നിറവേറ്റാനും തകർച്ചയുടെ വക്കിൽ നിൽക്കുന്ന ഭാരതത്തിന്റെ ഉന്നതവിദ്യാഭ്യാസസമ്പ്രദായത്തെ രക്ഷിക്കാനും നമ്മെ സഹായിക്കുകയുള്ളൂ. നാം ജീവിക്കുന്നത് അന്ധകാരനിബിഡമായ ഒരു കാലഘട്ടത്തിലാണ്. കലാലയകാമ്പസ്സുകളിൽ കൊണ്ടാടുന്ന അനീതികളെയും പൈശാചികതകളെയും പറ്റി പുതുതലമുറയെ ബോധവൽക്കരിക്കാനും അവരെ സ്വാധീനിക്കാനും നമുക്ക് മാത്രമേ കഴിയുകയുള്ളൂ. 'ഭിന്നിപ്പിച്ചു ഭരിക്കലി'ന്റെ ദോഷങ്ങളെപ്പറ്റിയും അതിന് സമൂഹത്തിലും മനുഷ്യമനസ്സുകളിലുമുണ്ടാക്കാൻ കഴിയുന്ന മുറിവുകളെപ്പറ്റിയും നമുക്കേവരെയും പഠിപ്പിക്കാം. അദ്ധ്യാപകരെന്ന നിലയിൽ ഒറ്റക്കെട്ടായി സാമൂഹ്യദ്രോഹികൾക്കും വിഘടനവാദികൾക്കുമെതിരെ പോരാടുവാനും, വാക്കിലുമർത്ഥത്തിലും മതനിരപേക്ഷവും അഭ്യസ്തവിദ്യവും, ജ്ഞാനദീപ്തവും ആയ ഒരു പുതുഇന്ത്യയെ കെട്ടിപ്പടുക്കുന്നതിൽ അദ്ധ്യാപകവിദ്യാർത്ഥി സമൂഹത്തിനു വലിയ പങ്കാണ് ഉള്ളത്. ചിലപ്പോഴെങ്കിലും അക്കാദമിയ സമൂഹം പൊതുവേ പദക്കൂട്ടുകളുടെയും സംജ്ഞകളുടെയും ആലസ്യത്തിൽ അഭിരമിക്കുന്നവരാണ്. എന്നാൽ സംവാദത്തിന്റെയും എതിർപ്പിന്റെയും നവ ആശയപ്രചരണത്തിന്റെയും ബദലുകളാണ് ഇന്നാവശ്യം.

സെപ്റ്റംബർ 5ന് ഭാരതത്തിലുള്ള മുഴുവൻ സർവ്വകലാശാലാ കലാലയ അദ്ധ്യാപകസമൂഹം ഒരു പ്രതിഷേധത്തിനു തുടക്കം കുറിച്ചിരിക്കുകയാണ്. ഇത് ഒരു തൊഴിൽ സമരം അല്ല. മറിച്ച് ആശയപ്രകാശനത്തിന്റെയും സംശയനിവാരണത്തിന്റെയും പുരോഗമനപാത തെളിക്കാനുള്ള ചെറുത്തുനിൽപ്പിന്റെയും സംവാദത്തിന്റെയും തുടക്കമാണ്.

# എ.കെ.പി.സി.ടി.എ. വജ്രജൂബിലി സമ്മേളനം: സ്വാഗതസംഘം രൂപീകരിച്ചു.




അസഹിഷ്ണുതയും ജനാധിപത്യലംഘനങ്ങളും നിലനിൽക്കുന്ന സമകാല ഇന്ത്യൻ സാഹചര്യത്തിൽ സാമൂഹ്യനീതി ഉറപ്പുവരുത്താനായി പ്രതിരോധത്തിന്റെയും പോരാട്ടത്തിന്റെയും ആശയമണ്ഡലം രൂപപ്പെടുത്തി അത് സമൂഹത്തിൽ എത്തിക്കാനുള്ള ഉത്തരവാദിത്തം അധ്യാപകരിൽ നിക്ഷിപ്തമാണെന്ന് സി.പി.ഐ.(എം) ജില്ലാ സെക്രട്ടറി ആനാവൂര് നാഗപ്പൻ എ.കെ.പി.സി.ടി.എ. യുടെ വജ്രജൂബിലി സമ്മേളനത്തിന്റെ സ്വാഗതസംഘം ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു. സംസ്ഥാന പ്രസിഡന്റ് എ.ജി.ഒലീന അധ്യക്ഷത വഹിച്ച ചടങ്ങിൽ ജനറൽ സെക്രട്ടറി കെ.എൽ. വിവേകാനന്ദൻ സ്വാഗതവും സംസ്ഥാന സെക്രട്ടറി ഡോ.ബി.ശ്രീകുമാർ നന്ദിയും പറഞ്ഞു.

എ.കെ.ജി.സി.ടി. ജനറൽ സെക്രട്ടറി ഡോ.കെ.കെ.ദാമോദരൻ, എൻ.ജി.ഒ. യൂണിയൻ സംസ്ഥാന സെക്രട്ടറി കെ.സുന്ദരരാജൻ, കെ.എസ്.ടി.എ. സംസ്ഥാന സെക്രട്ടറി അലി ഇക്ബാൽ, സർവകലാശാല അധ്യാപക സംഘടനാ പ്രസിഡന്റ് ഡോ. എ.കെ. അമ്പോറ്റി, ബി.എസ്.എൻ.എൽ.ഇ.യു. ജനറൽ സെക്രട്ടറി കെ.മോഹനൻ, കേരള സർവ്വകലാശാല യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ പ്രസിഡന്റ് അജയ് ഡി.എൻ., കെ.എൽ.എസ്.എസ്.എ. ജനറൽ സെക്രട്ടറി ഗോഡ്ഫ്രി, ശിശുക്ഷേമസമിതി ജനറൽ സെക്രട്ടറി അഡ്വ. എസ്.പി. ദീപക്, സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ സെക്രട്ടറി ദീപു. കെ.എം. സി.എസ്.യു. ജില്ലാ സെക്രട്ടറി എസ്.എസ്. മിനു, എഫ്.എസ്.ഇ.ടി.ഒ. ജില്ലാ സെക്രട്ടറി ശ്രീവത്സൻ, പി.എസ്.സി. എംപ്ലോയീസ് യൂണിയൻ പ്രസിഡന്റ് കെ.ബാബുരാജ്, കെ.ജി.എൻ.എ. സംസ്ഥാന സെക്രട്ടറി ടി. സുബ്രഹ്മണ്യൻ, ബെഫി ജില്ലാ സെക്രട്ടറി കെ.പി.ബാബുരാജ്, കെ.ഡബ്ല്യു.എ.ഇ.യു. സെക്രട്ടറി ഷാജി ഒ.ആർ, കേന്ദ്രസർക്കാർ ജീവനക്കാരുടെ കോൺഫെഡറേഷൻ ജോയിന്റ് സെക്രട്ടറി ശ്രീകൃഷ്ണകുമാർ എന്നിവർ സംസാരിച്ചു.

# സമരയാത്രയ്ക്ക് അഭിവാദ്യങ്ങൾ



അദ്ധ്യാപകദിനത്തിൽ ദൽഹിയിൽ നടക്കുന്ന ജയിൽനിറയ്ക്കൽ സമരത്തിൽ പങ്കെടുക്കുന്ന എ.കെ.പി.സി.ടി.എ. ജനറൽ സെക്രട്ടറി ഡോ. കെ.എൽ. വിവേകാനന്ദന് എ.കെ.പി.സി.ടി.എ.യുടെ ആഭിമുഖ്യത്തിൽ സമുചിതമായ യാത്രയയപ്പ് നൽകി. 'വിദ്യാഭ്യാസത്തെ രക്ഷിക്കുക, അദ്ധ്യാപകരെ രക്ഷിക്കുക' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് ഫെഫക്ടോ ആഹ്വാനം ചെയ്യുന്ന സമരം, അധ്യാപകരുടെ പ്രൊഫഷണൽ അവകാശങ്ങൾക്കുമാത്രം വേണ്ടിയുള്ള സമരമല്ല, മറിച്ച് ഇന്ത്യൻ ജനാധിപത്യത്തിനു തുരങ്കം വെയ്ക്കുന്ന സംഘപരിവാരശക്തികളെ അധികാരത്തിൽ നിന്നും പുറത്താക്കാനുള്ള ജനകീയസമരങ്ങളുടെ തുടക്കമാണെന്ന് യാത്രയയപ്പ് ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് മുൻ സ്പീക്കർ സ: എം. വിജയകുമാർ പ്രസ്താവിച്ചു. 1977ലും 2004ലും ഇന്ത്യയിൽ ആവർത്തിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സർവ്വകലാശാലാ ജീവനക്കാരുടെ കോൺഫെഡറേഷൻ സെക്രട്ടറി സ: അനിൽകുമാർ, കെ.എസ്.ടി.എ. ജില്ലാ സെക്രട്ടറി ശ്രീ. നജീബ്, എഫ്.യു.ടി.എ. സെക്രട്ടറി നസീബ്, പി.എസ്.സി. എംപ്ലോയീസ് യൂണിയൻ സെക്രട്ടറിയേറ്റംഗം ശ്രീ. സന്തോഷ് എന്നിവർ അഭിവാദ്യമർപ്പിച്ച യോഗത്തിൽ എ.കെ.പി.സി.ടി.എ. സംസ്ഥാന പ്രസിഡന്റ് എ.ജി. ഒലീന അദ്ധ്യക്ഷത വഹിച്ചു. തിരുവനന്തപുരം ജില്ലാ സെക്രട്ടറി വി.എം. ആനന്ദ്കുമാർ സ്വാഗതവും കൊല്ലം ജില്ലാ സെക്രട്ടറി ശശികുമാർ കൃതജ്ഞതയും അർപ്പിച്ചു. എ.കെ.പി.സി.ടി.എ. സംസ്ഥാന വൈസ് പ്രസിഡന്റുമാരായ ഡോ. സി. പത്മനാഭൻ, ഡോ. പി.കെ. കുശലകുമാരി എന്നിവർക്ക് കണ്ണൂർ–കോഴിക്കോട് മേഖലാകമ്മിറ്റി യാത്രയയപ്പ് നൽകി. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. കെ.എൽ. വിവേകാനന്ദൻ പ്രത്യഭിവാദ്യമർപ്പിച്ചു.



# ഉന്നതവിദ്യാഭ്യാസമേഖല സംരക്ഷിക്കുക: അധ്യാപകർ അറസ്റ്റുവരിച്ചു

ഉന്നതവിദ്യാഭ്യാസമേഖലയെ സംരക്ഷിക്കണമെന്നും അധ്യാപകർക്ക് സേവനവേതന സുരക്ഷ ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ട് രാജ്യമെമ്പാടുമുള്ള കോളേജ്, സർവ്വകലാശാല അധ്യാപകർ ഡൽഹിയിൽ അറസ്റ്റുവരിച്ചു. ഓൾ ഇന്ത്യ ഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി ആൻഡ് കോളേജ് ടീച്ചേഴ്സ് ഓർഗനൈസേഷൻസ് (എഐഎഫ്‌യുസിടിഒ), ഫെഡറേഷൻ ഓഫ് സെൻട്രൽ യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷൻ (എഫ്ഇഡിയുസിടിഎ) എന്നീ സംഘടനകളാണ് ജയിൽനിറയ്ക്കൽ സമരത്തിന് ആഹ്വാനം നൽകിയത്.






നവ ഉദാരനയങ്ങൾ ഉന്നതവിദ്യാഭ്യാസമേഖലയിൽ അടിച്ചേൽപിക്കുകയാണ് കേന്ദ്ര സർക്കാർ. 2016ൽ നടപ്പാക്കേണ്ട ഏഴാം യു.ജി.സി. ശമ്പളപരിഷ്കരണത്തിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കാനോ അധ്യാപകസംഘടനകളുമായി ചർച്ച നടത്താനോ തയ്യാറായിട്ടില്ല. 11 വർഷം മുമ്പ് നടന്ന ആറാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ ഇതുവരെ പൂർണ്ണമായി ലഭിച്ചിട്ടില്ല. അശാസ്ത്രീയ സമ്പ്രദായങ്ങൾ കൊണ്ടുവന്ന് സ്ഥാനക്കയറ്റം തടഞ്ഞുവെയ്ക്കുന്നു. ഈ വിഷയങ്ങൾ ഉന്നയിച്ച് കരിദിനാചരണം, പാർലമെന്റ് മാർച്ച് എന്നിവയും നടത്തി. സർക്കാർ നിലപാടിൽ മാറ്റം വരുത്താത്ത സാഹചര്യത്തിലാണ് അധ്യാപകദിനമായ സെപ്റ്റംബർ അഞ്ചിന് ജയിൽനിറയ്ക്കൽ സംഘടിപ്പിച്ചത്.

സി.പി.ഐ.(എം) കേന്ദ്ര സെക്രട്ടറിയേറ്റംഗം നീലോൽപൽ ബസു, സിപിഐ ദേശീയ സെക്രട്ടറി ഡി. രാജ എം.പി., കോൺഗ്രസ് നേതാവ് ദീപേന്ദർസിങ് ഹൂഡ എം.പി., എഐഎഫ്‌യുസിടിഒ അഖിലേന്ത്യ പ്രസിഡന്റ് പ്രൊഫ കേശവ ഭട്ടാചാര്യ, ജനറൽ സെക്രട്ടറി അരുൺ കുമാർ എന്നിവർ സംസാരിച്ചു.

കേരളത്തിൽ നിന്ന് ഡോ. കെ.എൽ. വിവേകാനന്ദൻ, ഡോ. സി. പത്മനാഭൻ, ഡോ. പി.കെ. കുശലകുമാരി, ഡോ. എസ്. വിവേകാനന്ദൻ എന്നിവർ നേതൃത്വം നൽകി.

## വനിതാ കമ്മിറ്റി മേഖല കൺവീനർമാർ










ഡോ. ടി.പി. നഫീസാബേബി (കണ്ണൂർ യൂണിവേഴ്സിറ്റി) • ഡോ. ബിന്ദു ആർ. (കാലിക്കറ്റ് യൂണിവേഴ്സിറ്റി) • ഡോ. റാണി ആർ. നായർ (എം.ജി. യൂണിവേഴ്സിറ്റി) • ഡോ. ഷാജിത സലീം (കേരള യൂണിവേഴ്സിറ്റി)



# വർഗീയ ഫാസിസ്റ്റ് വിരുദ്ധ പ്രതിജ്ഞ

വർഗീയഫാസിസം അതിന്റെ രൗദ്രഭാവത്തിൽ ഇന്ത്യൻ മണ്ണിൽ ആഴത്തിൽ ഇറങ്ങി പത്തിവിടർത്തി ആടുകയാണ്. വിശ്വാസവുമായി ശാസ്ത്രത്തെയും യുക്തിബോധത്തെയും ബന്ധിപ്പിച്ച് അവർ പുതിയ മാനസിക–സാമൂഹികതലം സൃഷ്ടിക്കുകയാണ്.


ഫാസിസത്തിനെതിരെ ശബ്ദിക്കുന്നവരുടെ ഒച്ചയും, എഴുതുന്നവരുടെ സർഗാത്മകതയും, പാടുന്നവരുടെ സംഗീതവും, വരയ്ക്കുന്നവരുടെ ചിത്രവും അങ്ങനെ എല്ലാ ആവിഷ്കാരവും വർഗീയഫാസിസത്തിന്റെ ഇടയ്ക്കിടെ ഉതിർക്കുന്ന വെടിയുണ്ടയിൽ തകർക്കാൻ അനുവദിക്കാനാവില്ല.

നരേന്ദ്രധബോൽക്കറെയും ഗോവിന്ദ് പൻസാരെയെയും എം.എം. കലബുർഗിയെയും ഇതാ.... ഗൗരി ലങ്കേഷിനെയും നേരിന്റെ പക്ഷത്ത് നിന്ന് നിങ്ങൾ പറിച്ചെടുത്തിരിക്കുന്നു. മാപ്പർഹിക്കാത്ത ക്രൂരതയാണ് ഗൗരിയെ കൊന്നതിലൂടെ നിങ്ങൾ ചെയ്തിരിക്കുന്നത്.

അറിവുള്ളവരെയും തെറ്റുകൾക്കെതിരെ പ്രതിരോധത്തിന്റെ, പ്രതിഷേധത്തിന്റെ ശബ്ദമുയർത്തുന്നവരെയും അവരുടെ ശബ്ദങ്ങളെയും കാത്തുരക്ഷിക്കാൻ മതനിരപേക്ഷതയുടെ സംരക്ഷണകവചം ഒരുക്കുന്ന വലിയ ഐക്യനിരയിൽ നാം എ.കെ.പി.സി.ടി.എ. പ്രവർത്തകർ ഒറ്റക്കെട്ടായി അണിചേരുമെന്ന് ചങ്കുറപ്പോടെ നിശ്ചയദാർഢ്യത്തോടെ പ്രതിജ്ഞ ചെയ്യുന്നു.




എ.കെ.പി.സി.ടി.എ. മുൻ ജനറൽ സെക്രട്ടറി പ്രൊഫ. വി.എൻ. മുരളി
വർഗീയഫാസിസ്റ്റ് വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു





# 60 years before Indian cinema

Mother India. The film became a blockbuster at the box office, eventually becoming the highest-grossing film of the decade. It was directed by Mehboob Khan and starred Nargis, Sunil Dutt, Rajendra Kumar and Raaj Kumar. The music was composed by Naushad.

Mother India is a 1957 Indian Hindi-language epic drama film, directed by Mehboob Khan and starring Nargis, Sunil Dutt, Rajendra Kumar, and Raaj Kumar. A remake of Khan's earlier film Aurat (1940), it is the story of a poverty-stricken village woman named Radha (Nargis) who, in the absence of her husband, struggles to raise her sons and survive against a cunning money-lender amidst many troubles. Despite her hardship, she sets a goddess-like moral example of an ideal Indian woman.




The title of the film was chosen to counter American author Katherine Mayo's 1927 polemical book Mother India, which vilified Indian culture. Allusions to Hindu mythology are abundant in the film, and its lead character has been seen as a metonymic representation of a Hindu woman who reflects high moral values and the concept of what it means to be a mother to society through self-sacrifice. Mother India metaphorically represents India as a nation in the aftermath of independence, and alludes to a strong sense of nationalism and nation-building. While some authors treat Radha as the symbol of women empowerment, others see her cast in female stereotypes. The film was shot in Mumbai's Mehboob Studios and in the villages of Maharashtra, Gujarat, and Uttar Pradeshstates. The music by Naushad introduced Western classical music and Hollywood-style orchestra to Hindi cinema.


The film was the most expensive Hindi cinema (Bollywood) production and earned the highest revenue for any Hindi film at that time. Adjusted for inflation, Mother India still ranks among the all-time Indian box office hits. It was released in India amid fanfare in October or November 1957, and had several high-profile screenings, including one at the capital New Delhi attended by the country's president and prime minister. Mother India became a definitive cultural classic and is regarded as one of the best films in Indian and world cinema. It was India's first submission for the Academy Award for Best Foreign Language Film in 1958, where it got the nomination and lost the award by just one vote. The film won the All India Certificate of Merit for Best Feature Film, the Filmfare Best Film Awardfor 1957, and Nargis and Khan won the Best Actress and Best Director awards respectively

# 60 years before World cinema

The Bridge on the River Kwai is a 1957 British-American epic war film directed by David Lean and starring William Holden, Jack Hawkins, and Alec Guinness, and featuring Sessue Hayakawa. Based on the novel Le Pont de la Rivière Kwai (1952) by Pierre Boulle, the film is a work of fiction, but borrows the construction of the Burma Railway in 1942–1943 for its historical setting. The movie was filmed in Ceylon (now Sri Lanka). The bridge in the film was near Kitulgala.

Carl Foreman was the initial screenwriter, but Lean replaced him with Michael Wilson. Both writers had to work in secret, as they were on the Hollywood blacklist and had fled to England in order to continue working. As a result, Boulle, who did not speak English, was credited and received the Academy Award for Best Adapted Screenplay; many years later, Foreman and Wilson posthumously received the Academy Award.[3]

The film was widely praised, winning seven Academy Awards (including Best Picture) at the 30th Academy Awards. In 1997, the film was deemed "culturally, historically, or aesthetically significant" and selected for preservation in the National Film Registry by the United States Library of Congress. It has been listed among the best American films ever made by the American Film Institute.[4][5] In 1999, the British Film Institute voted The Bridge on the River Kwai the 11th greatest British film of the 20th Century.





# യാത്രയും മടക്കയാത്രയും സഞ്ചാരപഥങ്ങളിലെ വഴിയമ്പലവാസങ്ങളും

വി.ആർ.സുധീഷ്



പോയേടങ്ങളിലൊക്കെ വീണ്ടും ചെന്നുകാണുന്ന മനുഷ്യർ, പുറപ്പെട്ടിടങ്ങളിലേക്ക് പിന്നെയും തിരിച്ചെത്തുന്നവർ, തിരിച്ചുവരാൻവേണ്ടി പ്രയാണം ആരംഭിക്കുന്നവ– അങ്ങനെയൊരു ക്രിയാവിശേഷം എം.ടിയുടെ കഥാപാത്രങ്ങൾക്കുണ്ട്. ഈ യാത്ര അവസാനിക്കുന്നില്ലെന്ന്, പാപത്തിന്റെ സ്മരണകളുടെ കടവുകളിൽനിന്ന് കടവുകളിലേക്കും നഗരങ്ങളിൽനിന്ന് നഗരങ്ങളിലേക്കും അത് നീളുന്നുവെന്ന് അജ്ഞാതന്റെ ഉയരാത്ത സ്മാരകത്തിന്റെ അവസാനവാചകമായി എം. ടി വർഷങ്ങൾക്കുമുമ്പ് എഴുതിവെച്ചു. ചെറിയ നഗരങ്ങളിൽനിന്നും വലിയ നഗരങ്ങളിലേക്ക് വ്യത്യസ്തമായ ഭൂവിഭാഗങ്ങൾതേടി ആ കഥാമനസ്സ് യാത്ര തുടരുന്നു. ഗ്രാമങ്ങളിൽ തുടങ്ങി മഹാനഗരങ്ങളുടെ പശ്ചാത്തലത്തിൽ വന്നുനിൽക്കുന്ന എം. ടിയുടെ കഥാപ്രപഞ്ചത്തിൽ കാലം, യാത്ര, കടവ്, ബന്ധനം, ഓർമ്മ, ഇരുട്ട്, പ്രാർത്ഥന, ആത്മനിന്ദ, പക, ആസക്തി, അനാസക്തി, കാത്തിരിപ്പ് എന്നിങ്ങനെയുള്ള അടയാളങ്ങൾ ധാരാളമായി പതിഞ്ഞുകിടപ്പുണ്ട്. പ്രാർത്ഥനാഭരിതമായ യാത്രകളാണ് ഈ കഥാപാത്രങ്ങളൊക്കെയും നടത്തുന്നത്. ചിലപ്പോൾ അതിനൊരു തീർത്ഥാടനത്തിന്റെ യവനികയുണ്ട്. തടവു



പാളയത്തിൽനിന്നു തടവുപാളയത്തിലേക്കുള്ള ഒരു സഞ്ചാരം പ്രാർത്ഥനകളിൽ സ്നാനം ചെയ്യുന്നു. അവർക്ക് പ്രാർത്ഥിക്കാതിരിക്കാനാവില്ല. പാപബോധത്തിന്റെ പരിഹാരകളേറ്റതോ തീർത്തും ശ്രണിതമോ ആയ ആത്മാവിശേഷം തന്നെ അവർക്ക് തിരിഞ്ഞിറങ്ങേണ്ടി വരുന്നു. അടഞ്ഞ വാതിലുകൾക്കുമുന്നിൽ തിരസ്കരിക്കപ്പെട്ട വരങ്ങൾ അവരെ ആർത്തരാക്കുന്നു. ഒന്നു കരയാൻപോലും വയ്യാതെ പ്രാർത്ഥിക്കുന്ന ആൾക്കൂട്ടത്തിന്റെ ജീവപ്രപഞ്ചമായി എം.ടി.യുടെ കഥകൾ രൂപം പ്രാപിക്കുന്നു. കലസ്സ് പ്രാർത്ഥനയുടെ രൂപമാണെന്ന കമ്യൂവിന്റെ വചനം ഇവിടെ സാർത്ഥകമാകുന്നു. പ്രാർത്ഥനയുടെ സ്വരശൈലിയിലേയ്ക്ക് തന്നെ എം.ടി. തന്റെ ആഖ്യാനത്തെ പിടിച്ചെടുക്കുന്നു. യാത്ര എന്ന ശീർഷകമാണ് 'രണ്ടാമൂഴ'ത്തിന്റെ ആദ്യ അധ്യായത്തിന് നൽകിയിരിക്കുന്നത്. കൊടുങ്കാറ്റുകളെ ചങ്ങലക്കിട്ട നടക്കുന്ന ദേവന് നിവേദിക്കപ്പെടുന്ന പ്രാർത്ഥനകളിലൂടെയാണ് ഭീമൻ മിക്കപ്പോഴും ജീവസന്ധാരണം ചെയ്യുന്നത്. ആ യാത്ര ആദിമസ്രോതസ്സുകളിലേക്കുള്ള മടക്കയാത്രയിൽ ചെന്നെത്തുകയാണ്. അവിടെ ആ വനഭൂമിയിൽ കാമത്തിന്റെയും പകയുടെയും തീപ്പൊരികളുണ്ട്. പ്രകൃതിയുടെ ഉപധാനത്തിൽ തന്നെ തലചേർക്കാനുള്ള ഇച്ഛയുടെ പ്രതിയാത്രയാണത്. എം.ടിയുടെ കഥാപാത്രങ്ങളുടെ എല്ലാ തിരിച്ചുവരവിനും അങ്ങനെയൊരർത്ഥമുണ്ട്. ഉപേക്ഷിച്ചതോ ഉപേക്ഷിക്കപ്പെട്ടതോ ആയ എല്ലാറ്റിനെയും തിരിച്ചുപിടിക്കാനുള്ള, ആദിമചോദനകളെയും ചേതസ്സിന്റെ പ്രാചീന ശുദ്ധികളെയും വീണ്ടെടുക്കാനുള്ള തീവ്ര കാമന. വെറും നിന്ദയുടെയും പകവീട്ടലിന്റെയും ദാഹങ്ങളിൽ അവരെ കുരുക്കിക്കൂടാ. "ശാന്തിപർവ്വം' എന്ന കഥയിൽ ഈ യാഥാർത്ഥ്യം മറനീക്കി പുറത്തുവരുന്നുണ്ട്. 'രണ്ടാമൂഴത്തിൽ വായുപുത്രൻ കാടുകളുടെ പച്ചപ്പിലേയ്ക്കുതന്നെ തിരിച്ചുപോകുന്നു. അയാൾക്ക് വെള്ളപ്പറവകൾ വഴികാണിച്ചു കൊടുക്കുന്നു. അപ്പുണ്ണിക്ക് നാലുകെട്ട് പൊളിച്ച് കാറ്റും വെളിച്ചവും കടക്കുന്ന ചെറിയൊരു വീട് വെയ്ക്കണം. ശാന്തിപർവ്വം എന്ന കഥയിലെ കഥാപാത്രത്തെപ്പോലെ സഞ്ചരിച്ച സ്ഥലങ്ങളെല്ലാം വീണ്ടും നടന്നു നോക്കുകയാണ് 'മഞ്ഞി'ലെ സർദാർജി. തിരിച്ചുവരുമെന്നുള്ള ഉറപ്പോടെ 'അസുരവിത്തി'ലെ ഗോവിന്ദൻകുട്ടി യാത്ര തുടങ്ങുന്നു. പിന്നിൽ ചോരവാർന്നു വീണ ശരീരംപോലെ ചലനമറ്റ കിടക്കുന്ന പുഴയുടെ സ്മരണയുമായി 'കാലത്തിലെ സേതു നീങ്ങുന്നു. പ്രകൃതിയുടെ ഈ വാസഗൃഹം തകർക്കപ്പെടുമ്പോഴും വിലക്കപ്പെടുമ്പോഴും അശാന്തമാക്കപ്പെടുമ്പോഴും ആണ് എം.ടിയുടെ കഥാപാത്രങ്ങൾ അന്തർമുഖരോ ഉന്മാദികളോ ആത്മനിന്ദയും പകയും മൂടിയ മനസ്സുള്ളവരോ പൊട്ടിത്തെറിക്കുന്ന ക്രുദ്ധരോ ആയിമാറുന്നത്. 'അഭയം വീണ്ടും' എന്ന കഥയിലെ അയാൾ അത്തരമൊരു നിവാസത്തിനായി തിരിച്ചുവന്നവനാണ്. പക്ഷേ ഒടുവിൽ യജമാനന്റെ ആളുകൾ ഗൃഹം പൊളിച്ചുനീക്കാൻ തുടങ്ങുമ്പോൾ അവശേഷിച്ച നാലു ചുവരുകൾക്കുള്ളിൽ നിന്നു പുറത്തുകടക്കാനൊരുങ്ങാതെ അയാൾ പിടിച്ചു നിൽക്കുകയാണ്. യജമാനൻതന്നെ വഴിയുണ്ടാക്കി അകത്തേക്ക് വരുമ്പോഴും ധീരമായി നേരിടാനുറയ്ക്കുകയാണ്. പെണ്ണുങ്ങളുടെ ഫ്ളാറ്റിലെത്തുന്ന 'എവിടേയ്ക്കോ ഒരു വഴിയിലെ അയാൾ അവിടെ കുട്ടികളെ യാരെയും കാണാതെയായപ്പോൾ ക്ഷോഭിച്ച് അലറുകയാണ്. എനിക്കൊന്നുമറിയില്ല. മനസ്സിലായോ? എനിക്ക് യാതൊന്നുമറിയില്ല. ഒന്നുമാത്രമറിയാം പറയാം. നിന്റെ അറിവിനു വേണ്ടി എനിക്കെല്ലാവരും ഇവിടെ വേണം. മനസ്സിലായോ.

പൂർവ്വകാലബിംബങ്ങളും പ്രതിബിംബങ്ങളും ആഗ്രഹിച്ചെത്തിയ ഒരാൾ 'നീലക്കുന്നുകളിലുമുണ്ട്.

'വരാതിരിക്കില്ല. വർഷങ്ങളും നൂറ്റാണ്ടുകളും ചിലപ്പോൾ എണ്ണമറ്റ യുഗങ്ങളും കടന്നുപോയാലും ഞാൻ തിരിച്ചുവരുന്നുണ്ട്. ഭസ്മത്തിന്റെ പിറകിൽ വെച്ച ധൂമക്കൂട്ടുകളുടെ സുഗന്ധം നിറഞ്ഞ അന്തരിക്ഷത്തിലെ നിശ്ശബ്ദമായ സംഗീതം കേൾക്കാൻ വേണ്ടി.'


ആ സ്വപ്നത്തിന്റെ പേര് കുടുംബമെന്നാണെന്ന് 'ദുഃഖത്തിന്റെ താഴ്വര'കളിൽ കാണാം. സംഗീതപ്രകൃതി തേടിയെത്തുന്ന അയാളെ കഥാകാരൻ തന്നെ വിശേഷിപ്പിച്ചിട്ടുണ്ട്. ഏറ്റവും പ്രിയപ്പെട്ട എന്ന പക്ഷപാതം പറയണമെങ്കിൽ ഒരാളുണ്ട്. അയാളെ ഞാൻ ചിലപ്പോൾ വളരെ സ്നേഹിക്കുന്നു. ചിലപ്പോൾ കഠിനമായി വെറുക്കുന്നു. ചിലപ്പോൾ സഹതപിക്കുന്നു. അയാൾക്ക് എന്റെ കഥകളിൽ പേരില്ല. അയാളെന്നു മാത്രമേ പറയാൻ ധൈര്യപ്പെട്ടിട്ടുള്ളു. (കാഥികന്റെ പണിപ്പുര) നഷ്ടമായ സംഗീതാലയമാണ് എം.ടി. കഥകളിലെ പുരുഷസത്തയുള്ളത്. മഞ്ഞിലെ നായികയ്ക്കും അത് ലഭിച്ചിരുന്നു. ഇരുട്ടിന്റെ ആത്മാവിലെ വേലായുധനും കുട്ട്യേടത്തിയും ഓപ്പോളുമെല്ലാം ആ സുഗന്ധസംഗീതം നഷ്ടപ്പെട്ടവരാണ്. ഒരേ സമയം കുടുംബത്തെ വെറുക്കുകയും കുടുംബത്തെ സ്വപ്നം കാണുകയും ചെയ്യുന്നവർ. അവർ അപസ്വരങ്ങളുടെ അകത്തളങ്ങളിൽനിന്നു ശ്വാസംമുട്ടി പുറത്തുകടക്കുമ്പോൾ ആത്മാവിൽ ഒരു സ്വപ്നഗേഹം പണിയുന്നു. അവരാണ് എല്ലാം ഉപേക്ഷിച്ചു പോന്നവരും തിരിച്ചുവരുന്നവരും. വഴിയമ്പലങ്ങളിലെ താൽക്കാലികമായ സ്വാസ്ഥ്യം അവർ കൊതിച്ചുപോകുന്നതിനും കാരണം മറ്റൊന്നല്ല. കുറച്ചു മണിക്കൂറുകളോ ദിവസങ്ങളോ അതിന്റെ സൗമ്യപ്രകൃതിയിൽ അവർ വിശ്രമം തേടുന്നു. ചിലപ്പോൾ പെണ്ണുങ്ങളുടെ വീടാണ് വഴിയമ്പലമായി മാറുന്നത്. ഇടശ്ശേരിക്കവിതകളിലെന്ന പോലെ പെണ്ണ് നിറഞ്ഞുതെളിയുകയാണല്ലോ എം.ടി.കഥകളിലും. സ്വരൈക്യത്തിന്റെ ലയമുള്ള ഒരു പ്രകൃതിനികേതനം എം.ടി.യുടെ കഥകളിൽ നിഗൂഢ സ്വപ്നമായി മറഞ്ഞുകിടക്കുന്നു. 'അതിന്റെ സാക്ഷാത്കാരത്തിനായി അകമ്പടിസേവിക്കുകയാണ് പ്രാർത്ഥനകൾ. അവിടേക്ക് പ്രവേശനം കിട്ടുന്നവർ ചിലപ്പോൾ കുറ്റബോധത്തോടെ ആത്മഗതം ചെയ്യുന്നത്



കാണാം. അവിടം പുണ്യഭൂമിയാണ്. എനിക്കവിടെ പ്രവേശനം അനുവദിക്കാത്തതായിരുന്നു'. (അന്തിവെളിച്ചം)

ഇങ്ങനെ അന്തരീക്ഷത്തിൽ അവിരാമമുയരുന്ന സംഗീതത്തിൽ എം.ടി.യുടെ പല കഥകളും അവസാനിക്കുന്നതായി കാണാം. മൂടുപടത്തിലും ദുഃഖത്തിന്റെ താഴ്വരകളിലും അത് മേൽപ്പറഞ്ഞ ഹൃദയസ്വപ്നത്തിന്റെ പിന്നണി സംഗീതമാണ്. സർദാർജിയുടെ വിഷാദഗീതികൾ മഞ്ഞിൽ വിമലയെ നയിക്കുന്നതും അവിടേയ്ക്കാണ്. സുഗന്ധമായും സംഗീതമായും ആ അന്തരീക്ഷം രൂപപ്പെടുന്നു. ഇന്ദ്രിയങ്ങളുടെ വാതിലുകൾ തുറന്നിടുന്നു. 'സ്വപ്നം പോലത്തെ സുഗന്ധം' എന്ന് മഹാനഗരത്തിന്റെ പശ്ചാത്തലത്തിൽ എന്ന കഥയിൽ ഒരു ഐന്ദ്രിയസങ്കലനപ്രയോഗം എം.ടി. നടത്തിയിട്ടുണ്ട്. ഗന്ധങ്ങളുടെ ഭൂമികയിലൂടെ കുടമണികളുടെയോ നിശ്ശബ്ദതകളുടെയോ സംഗീതം ശ്രവിക്കാൻ ഉണർന്ന ഇന്ദ്രിയങ്ങളുമായി അലയുന്നവരുടെ കാഴ്ചകൾ. അതിന്റെ സാകല്യേനയുള്ള അനുഭവമാണ് എംടികഥകളിലെ ഒരനുഭവം.

വെളിച്ചത്തിനെന്തു വെളിച്ചം എന്നെഴുതപ്പെട്ട വൈക്കം മുഹമ്മദ് ബഷീറിന്റെ തലമുറയ്ക്കുശേഷം വന്ന എം.ടി. വാസുദേവൻ നായർ കണ്ടത് ഇരുട്ടിന്റെ ആത്മാവാണ്. ഇരുട്ടിനെന്തൊരു ഇരുട്ട് എന്നാണ് ഇരുട്ടിന്റെ ആത്മാവിന്റെ സാരം. ഇരുട്ടിന്റെ രൂപങ്ങളും രൂപകങ്ങളും എം.ടി.യുടെ കഥകളിൽ നിറഞ്ഞിരിക്കുന്നു. ഇരുണ്ട ഇമേജറികൾ എന്തുകൊണ്ടായിരിക്കണം ഈ എഴുത്തുകാരനിൽ ആവേശിച്ചിരിക്കുന്നത്? ഓർമിക്കുമ്പോൾ മധുരിക്കാത്ത ബാല്യവും പതനത്തിലെത്തുന്ന പഴയ നായർ തറവാടിന്റെയും നാലുകെട്ടിന്റെയും അനുഭവരസങ്ങളും എം.ടി.യുടെ മനസ്സിൽ എന്നും തികട്ടിവരുന്നുണ്ട്. ഉപ്പിട്ട വാഴക്കിഴങ്ങ് കടിച്ച് പ്ലാവിലയിൽ ചാക്കരി വാർത്ത വെള്ളം മനംമടുപ്പോടെ കുടിച്ചു കിടക്കുന്ന ഇല്ലായ്മയുടെ ബാല്യചിത്രം 'കർക്കിടകം' എന്ന കഥയിലുണ്ട്. പീഡിതമായ ബാല്യകാലത്തിൽ നിന്നും കഥാപാത്രങ്ങളായി വന്ന അടിച്ചമർത്തപ്പെട്ട ഈ മനുഷ്യർക്കെല്ലാം പ്രാർത്ഥന മനഃശാന്തിയരുളുന്നു. താളക്കേടുകളിലൂടെ താളാത്മകതയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള സാഹസികയാത്രകളാണ് അവരുടെ ശക്തി. ജീവിതയാത്രയെ തീർത്ഥാടനദൃശ്യമാക്കുന്നവരാണവർ. മരണത്തിന്റെ തണുത്ത അന്തരീക്ഷങ്ങളിൽ നിന്നുള്ള വിലാപയാത്രയും അവരെ ചുറ്റിപ്പിടിക്കുന്നുണ്ട്. വിനോ



ദിനി മാസ്റ്ററോട് പറയുന്നു 'വാനപ്രസ്ഥ'ത്തിൽ.

"ഇപ്പഴേ ശരിക്ക് തീർത്ഥാടനമായുള്ളൂ. അല്ലേ സാർ"

ഇരുണ്ട പരിസരങ്ങളിൽ നിശ്ശബ്ദമുയരുന്ന പ്രാർത്ഥനകളിലും എം.ടി. കഥാപാത്രങ്ങളുടെ ആത്മാവ് തിരിച്ചറിയാം. ഇരുട്ടിന്റെ ഗർഭങ്ങളിൽ കടന്നുവരാൻ മടിച്ചുനിൽക്കുകയും പ്രയാസപ്പെടുകയും ചെയ്യുന്ന മങ്ങിയ വെളിച്ചത്തിന്റെ സൂചനകൾ ഈ രചനകളിൽ ധാരാളമുണ്ട്. ആധിപത്യം ഇരുട്ടിനുതന്നെ. വെളിച്ചത്തെ പാടേ മാറ്റിനിർത്തുന്നില്ലെങ്കിലും അത് നേർത്തുപോയിരിക്കുന്നു. കഥാകാരന്റെ ശൈശവത്തിന്റെയും യുവത്വത്തിന്റെയും കാലം കലങ്ങിമറിയുന്ന ഒരു ഇന്ത്യൻ കാലമാണ് സ്വാതന്ത്ര്യം. സ്വാതന്ത്ര്യം സ്വപ്നവും ഉദയവുമായിത്തീരുന്ന സമരകാലം. യാഥാസ്ഥിതികത്വത്തിനു നേരെയും പ്രക്ഷോഭങ്ങൾ ഇരമ്പുന്ന പരിസരങ്ങൾ. അനുഭവത്തിന്റെ സ്ഥലകാലങ്ങൾ കഥാപാത്രങ്ങളിലേയ്ക്ക് സംക്രമിക്കപ്പെട്ടു. അപകർഷവും ആത്മനിന്ദയും പകയും പിതൃവൈരവും അവരുടെ അബോധങ്ങളിൽ ആഴ്ന്നിറങ്ങി. അങ്ങനെ ഓരോ മാനങ്ങളിൽ കാണാവുന്ന ആത്മപീഡിതരൂപങ്ങളായി മാറി ആ കഥാപാത്രങ്ങൾ. ഷെർലക്ക് വരെ അത് എത്തിനിൽക്കുന്നു. ദൈവവും ഞാനും തമ്മിലുള്ള ഇടപാടുകളിൽ എവിടെയൊക്കെയോ പിഴവുപറ്റി എന്നു വിശ്വസിക്കുന്ന ബാല്യവും നഖങ്ങൾ ഓപ്പറേറ്റ് ചെയ്യപ്പെട്ട പൂച്ചയും തമ്മിലുള്ള വ്യവഹാരം ആത്മപീഡിതരുടേതാണ്. പൂച്ചയ്ക്കുമേൽ ആധിപത്യം ചെലുത്താൻ ബാല്യ മുതിരുമ്പോൾ മുരളിച്ചയോടെ ഒളിപ്പിച്ചുവെച്ച നീണ്ടുകൂർത്ത നഖങ്ങൾ ക്രുദ്ധമായി നീട്ടുകയാണ് പൂച്ച. അടിച്ചമർത്തപ്പെട്ടവരുടെ മുഖാമുഖങ്ങളിൽ ഒരാൾ വിജയം നേടുന്നതും മറ്റൊരാൾ പരാജയപ്പെടുന്നതും നാം കാണുന്നു. ഒരിന്ത്യൻ മനസ്സിന്റെ സൂക്ഷ്മമായ അപഗ്രഥനവും കഥ സാധിക്കുന്നു. 'ഹോര' എന്ന കഥയിലും ഇതിന്റെ മറുരൂപമുണ്ട്. രണ്ടുമനസ്സുകൾ തമ്മിലുള്ള യുദ്ധം എന്നതുപോലെ ശരീരവും മനസ്സും തമ്മിലും അവിടെ പോരാടുന്നു.



ശരീരത്തിന്റെ ക്ഷേത്രശുദ്ധികൊണ്ട് മനസ്സിനെ ജയിക്കുന്ന വൈപരീത്യവും കാണാം. ശത്രുവിന് മുന്നിൽ ജേതാവിനെപ്പോലെ നിന്ന് പരാജിതനാവുന്ന അയാൾ 'ശത്രു' എന്ന കഥയിലുമുണ്ട്. ഉള്ളിൽ കൊണ്ടുനടക്കുന്ന ശത്രുവിന്റെ ഏതോ നന്മയുടെ പ്രസരമേറ്റ് കണ്ണുമഞ്ഞളിച്ച് ശിരസ്സുതാഴ്ത്തുന്ന കഥാപാത്രങ്ങളെ എം.ടി. ഏറെ സ്നേഹിച്ചിട്ടുണ്ട്. കൊല്ലണമെന്നു തോന്നുന്ന നിമിഷം അവർക്ക് മരിക്കണമെന്നും തോന്നുന്നു. സ്നേഹിക്കാൻ ഒരു മിത്രവും വെറുക്കാൻ ഒരു ശത്രുവും അവരുടെ നിലനിൽപ്പിന് ആധാരമാണ്. സ്നേഹിച്ചത് കാലത്തിലെ സുമിത്ര പറയുന്നതുപോലെ അവരവരെത്തന്നെയാകണം. വിമർശസന്ധിയിലെത്തുമ്പോൾ ശത്രുവിന് മുന്നിൽ അവർ തോറ്റു പോകുന്നു. നാലുകെട്ടിലെ അപ്പുണ്ണി മാത്രമാണ് അതിനപവാദം. തിരിച്ചുവന്നപ്പോൾ തന്നെ കാണാൻ വന്ന പ്രായമായ സ്ത്രീയോടും കുട്ടമ്മാമയോടും വല്യമ്മാമയോടും അയാൾ മുനവെച്ച വാക്കുകൾകൊണ്ടു പകവീട്ടുന്നു. യൗവ്വനത്തിന്റെ ചോരത്തിളപ്പിലെഴുതിയ നോവലായതുകൊണ്ടാവണം അങ്ങനെ സംഭവിച്ചതെന്ന് എം.ടി. പറയുന്നുണ്ട്. കാരുണ്യത്തിലേയ്ക്ക് പരിണമിച്ചെത്തുന്ന ക്രോധപ്രവാഹത്തിന്റേതാണ് എം.ടിയുടെ രചനകളിലെ ജൈവഗതി. ഉറൂബ് ഉമ്മാച്ചുവിലും സുന്ദരികളിലും സുന്ദരന്മാരിലും വരച്ചതുപോലെ ദൈവം ഇതിലെ കടന്നുപോയി എന്നു തോന്നുന്ന ചിത്രങ്ങൾ. പിൽക്കാലത്ത് എം.ടിയിൽ അത് കുറേക്കൂടി അനുഭാവപൂർണമാകുകയാണ്. ഈ ഹൃദയപരിണതിയുടെ ദിവ്യച്ഛായപോലെയുണ്ട് 'വാനപ്രസ്ഥം' എന്ന കഥ. വിഭിന്നഭാവപ്രായങ്ങളെയും കാലചലനങ്ങളെയും വിദഗ്ധമായി ഈ കഥ പകർത്തിയെടുക്കുന്നു. തളർന്ന ശരീരത്തിന്റെ കൂടുതുറന്ന് വളർത്തുമൃഗം പഴയ സ്വപ്നങ്ങളുടെ പൊന്തക്കാടുകളിൽ ഇരതേടി നടക്കുന്നതും വീണ്ടും കൂട്ടിൽ കയറുന്നതുമായ അനുഭവത്തിന്റെ സ്പന്ദരേഖകൾ ഇവിടെ സൂക്ഷ്മമായിരിക്കുന്നു. പഴയ പ്രിയപ്പെട്ട ശിഷ്യയോടൊപ്പം കുടജാദ്രിയിലേക്കുള്ള പ്രണയയാത്രയിൽ പ്രായത്തിന്റെ പരാധീനതകളെപ്പറ്റി മറ്റുള്ളവർ പറയുമ്പോൾ അസ്വസ്ഥമാകുന്നുണ്ട് മാസ്റ്ററുടെ മനസ്സ്. വയസ്സായി പണിയെടുക്കാൻ വയ്യാതെയാകുമ്പോൾ അറക്കാൻ കൊടുക്കുന്ന അറവുമൃഗങ്ങളുമുണ്ട് അവരുടെ യാത്രാവഴികളിൽ. കാലവും പ്രണയവും ഒളിച്ചു കളിക്കുന്ന വാർധക്യത്തിന്റെ തണുപ്പും പോയകാലത്തിന്റെ ചൂടും തൊട്ടുരുമ്മുന്ന 'വാനപ്രസ്ഥം' പിൽക്കാലത്തെ എം.ടിയിലെ അനുഭാവപൂർണ്ണമായ കഥാമനസ്സിനു മാത്രമേ ഈ രീതിയിൽ നിർമ്മിക്കാൻ കഴിയുകയുള്ളൂ. ഇരുട്ടിന്റെ ആത്മാവുകൾ ആർത്തുവിളിക്കുന്ന ആദ്യകാലകഥകളിൽനിന്നും വാനപ്രസ്ഥത്തിന്റെ ശാന്തസമുദ്രത്തിലേയ്ക്ക് എത്തിച്ചേരുമ്പോൾ എം.ടിയുടെ കഥകളിൽ വെളിച്ചത്തിന്റെ ബിംബങ്ങളും നിറഞ്ഞു തുടങ്ങുന്നു. നിറഭേദങ്ങൾ സംഭവിക്കുകയും ചെയ്യുന്നു. നാശത്തിന്റെ ഇരുണ്ട മാളങ്ങളിൽ ചെകുത്താനെപ്പോലെ കാത്തിരിക്കുന്നവർ, പുതിയൊരു പ്രകാശത്തിന്റെയും സംഗീതത്തിന്റെയും പ്രഭാതം ഒരുപക്ഷേ പുലരുമെന്ന് പ്രതീക്ഷിക്കുന്നവർ, ദൗർബ്ബല്യം അന്തർവാഹിനിയായ പതക്കൻ ശരീരങ്ങൾ–ഇവരുടെ പശ്ചാത്തലത്തിൽ മൂടൽമഞ്ഞിന്റെ മങ്ങിയ യവനികയും രാത്രിയുടെ തണുത്തതോ ഇരുണ്ടതോ ആയ നിശ്ശബ്ദതയും നിലകൊള്ളുന്നു. ഈ പീഡിതാത്മാക്കളിൽ പലരുടെയും നിദ്രാശയ്യകൾ തണുത്തു പോവുകയും അവിടെ അവർ ഇഴജന്തുക്കൾക്ക് സദൃശമാവുകയും ചെയ്യുന്നു. ഇരുട്ടിന്റെ മർമ്മരങ്ങൾ കേൾപ്പിച്ചുകൊണ്ട്, കറുപ്പിനായി കാഴ്ചകളെ മുക്കിക്കൊണ്ട് ആ കഥാലോകം ചലനം കൊള്ളുന്നു. ഇരുട്ടിന്റെ ആത്മാവ്, അന്തിവെളി



ച്ചം, കറുത്ത ചന്ദ്രൻ, പാതിരാവും പകൽവെളിച്ചവും, നീലക്കുന്നുകൾ, കരിയിലകൾ മൂടിയ വഴിത്താരകൾ, കർക്കിടകം തുടങ്ങിയ ശീർഷകങ്ങൾ തന്നെ ഇതു പ്രതിഫലിപ്പിക്കുന്നുണ്ട്. പെരുകിവരുന്ന ഭീതിദമായ ഇരുട്ടിനെ ദൃശ്യവൽക്കരിച്ചുകൊണ്ടാണ് 'അന്തിവെളിച്ചം' എന്ന കഥ അവസാനിക്കുന്നത്. കറുപ്പും ചുവപ്പും കലർന്ന മേഘശകലമാണ് ഇരുട്ടിന്റെ ആത്മാവിലെ ഭ്രാന്തൻ വേലായുധനു കിട്ടുന്ന ദൃശ്യരൂപം. നട്ടുച്ചയ്ക്കും രാവുകൾ പതിയിരിക്കുന്ന കൂറ്റൻ വൃക്ഷങ്ങളുടെ ഇടതൂർന്ന ശിരസ്സുകളുണ്ട് ചിലയിടങ്ങളിൽ. തടാകത്തിലെ ജലംപോലെ തളംകെട്ടിക്കിടക്കുന്ന കാലത്തിന്റെ നിശ്ചലതയാണ് മഞ്ഞിലെ കേന്ദ്രഭാവം. ചലനവും വെളിച്ചവുമില്ലാത്ത ഒരു ലോകത്തിന്റെ മദ്ധ്യത്തിൽ ഒരു നരച്ച ബിന്ദുവായി താൻ ഇരിക്കുന്നു എന്ന ദുഃഖത്തിന്റെ താഴ്വരകളിലെ കഥാപാത്രം ചിന്തിക്കുന്നുണ്ട്. ഈ ഇരുണ്ട അന്തരീക്ഷത്തിൽ കടന്നു വരുന്ന നിലാവുപോലും വേദനമൂടിയ ഒരു നേർത്ത മന്ദഹാസം പോലെയാണ്. ശിശിരത്തിന്റെ ഓർമ്മക്കുറിപ്പുകൾപോലെ മേഘങ്ങളും ഇന്നലെയുടെ കണ്ണീർച്ചോലകൾപ്പോലെ മഞ്ഞുരുകിയ വെള്ളിയൊഴുക്കുകളും 'മഞ്ഞിൽ എഴുതപ്പെടുന്നു. ഒരു ശവകുടീരംപോലെയാണ് മഞ്ഞിലെ നായികയ്ക്ക് തന്റെ ലോകം. അതിന്റെ മരിച്ച ഭിത്തികളെ സംഗീതം കൊണ്ട് സർദാർജിയാണ് സ്പന്ദിപ്പിക്കുന്നത്. ബന്ധിതരുടെ ഇരുണ്ട ആത്മാവുകൾ എത്തിപ്പിടിക്കുന്ന ഈ ഭൂമിയിലും ആകാശത്തിലുമെല്ലാം ഇമേജറികൾ ഇരുളായിരിക്കുന്നു. നിശ്ചലമായിരിക്കുന്നു. ഇരമ്പങ്ങൾ ഏറെയില്ലാത്ത തന്റെ കാർഷികപ്രകൃതിയിൽ നിന്നും ആയിരം പൽച്ചക്രങ്ങളുമായി കറങ്ങുന്ന നാഗരികതയിലേയ്ക്കാണ് എം.ടിയുടെ കഥകൾ പിന്നീട് എത്തിച്ചേരുന്നത്. അടിസ്ഥാനപരമായി താനൊരു കർഷകനാണെന്ന് എം.ടി. വാസുദേവൻനായർ പറയാറുണ്ട്. കർഷകഗൃഹത്തിൽനിന്നു വന്ന രചനാഭൂമിയിലെ ഈ കർഷകൻ മലയാളക്കരയിൽനിന്നു വാരിയെടുത്ത കാർഷികബിംബങ്ങൾ സമൃദ്ധമായി തന്റെ രചനകൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. കാർഷികകേരളത്തിന്റെ പഴയ ചിഹ്നങ്ങൾ ഇടശ്ശേരിയുടേയും പി. കുഞ്ഞിരാമൻനായരുടേയും കവിതകളിൽ എന്നപോലെ എം. ടിയുടെ കഥകളിലും നോവലുകളിലും സ്ഫുരിച്ചുനിൽപ്പുണ്ട്. വിശദാംശങ്ങളാലേ നിർമ്മിതമാകുന്ന സ്ഥലരൂപങ്ങൾക്കകത്ത് ഈ മലയാളസംസ്കാരഘടകങ്ങൾ സസ്യപ്രകൃതിക്ക് വർണ്ണവും സുഗന്ധവും നൽകുന്നു. ശരീരത്തോടും ആത്മാവിനോടും ചേർന്നുനിൽക്കുന്ന നാട്ടുമ്പുറത്തിന്റെ അന്തരീക്ഷത്തിൽ നിന്നു സ്വാഭാവികമായി വാർന്നു വീഴുകയാണ് സസ്യരാശിയിൽ നിന്നുള്ള എം.ടിയുടെ ഉപമാനങ്ങൾ. ആ സസ്യപ്രകൃതിയെ ലാളിക്കുകയും ഭരിക്കുകയും ചെയ്യുന്ന മനുഷ്യനെ ആരാധിക്കാനാണ് 'ദുഃഖത്തിന്റെ താഴ്വരകൾ' എന്ന കഥയിലെ കഥാപാത്രം വിളിച്ചു പറയാനൊരുങ്ങുന്നത്. എം.ടിയുടെ സസ്യശാലയിൽ നിന്നുള്ള ഉപമാനങ്ങൾ അനേകമാണ്. 'നാലുകെട്ടി'ൽ പൂത്ത അലരിപോലെയാണ് പടിഞ്ഞാറൻ മാനം. നിലവിളക്കിന്റെ നാളം പോലെ തിളങ്ങുന്ന പെൺകിടാവിന് കവുങ്ങിൻപൂക്കുലയുടെ നിറം. അമ്മിണിയേടത്തി വാഴക്കുമ്പുപോലുള്ള പെണ്ണാണ്. വയറിന് കുമ്പാളയുടെ നിറം. ഉലക്കമുറികൾ പോലെ പിട്ട്. കൊന്നത്തെങ്ങുപോലെ നിവർന്ന മനുഷ്യൻ എന്നിങ്ങനെയെല്ലാം താരതമ്യങ്ങൾ സസ്യപ്രകൃതിയുമായി സമ്മേളിക്കുന്നു. സ്ത്രീയും സസ്യവുമായി തന്മയീഭവിക്കുന്ന കാഴ്ചയും കാണാം. ഒളോർമാങ്ങയുടെ നിറമുള്ള കവിളുകളും കൈതപ്പൂവിന്റെ മണവുമുള്ള അമ്മുക്കുട്ടി 'ഇരുട്ടിന്റെ ആത്മാവിൽ'. ചടച്ച പൂവൻവാഴപോലെ കണ്ട്യേപ്പോള് 'അസുരവിത്തിൽ'. കവുങ്ങിൻ തലപ്പുക



ളെ ഒരവസരത്തിൽ 'അസുരവിത്തി'ൽ ഗർഭമലസിയ പെൺകിടാങ്ങളെപ്പോലെയാണ് കാണുന്നത്. 'ദുഃഖത്തിന്റെ താഴ്വര'കളിൽ കവുങ്ങിൻതലപ്പുകൾ നരച്ച ആകാശത്തിന്റെ പശ്ചാത്തലത്തിൽ തലകുനിച്ച യുവവിധവകളെപ്പോലെ നിൽക്കുന്നു. കേരളീയ സംസ്കാരത്തിന്റെ മുന്നോട്ടുള്ള ഗതിയിൽ സാഹിത്യത്തിൽ ഇത്തരം കാർഷിക ബിംബങ്ങൾ തീർത്തും തിരോഭവിക്കുകയാണ്. സമർത്ഥമായി ഇവയെ കണ്ടെടുക്കാനും മാനുഷിക ഭാവാരോപം സാധിക്കാനും കഥയിൽ അനായാസം എം.ടിക്കു സാധിച്ചു. അങ്ങനെയൊരു ഭാവദീപ്തി പിന്നീട് മലയാളകഥയിൽ നാം കാണുന്നില്ല. കേരളീയ പ്രകൃതിയോടൊപ്പം കഥയും മാറുകയായിരുന്നല്ലോ. പരിസ്ഥിതിയുടെ ഉടലും ആത്മാവും സൂക്ഷിക്കേണ്ട ബാധ്യത വെല്ലുവിളിപോലെ നാം നേരിടുകയാണല്ലോ. പഴയ കേരളീയ പ്രകൃതിയുടെ ആർക്കൈവ്സ് ആണ് ഈ രചനകളെല്ലാം. കുറേക്കാലത്തെ നിശ്ശബ്ദതയ്ക്കുശേഷം എം.ടി എഴുതിയ കഥകളിൽ ഇത്തരം ഇമേജറികൾ അപ്രത്യക്ഷമാകുന്നതു കാണാം. പകരം അവ നാഗരികമാകുന്നു. ക്ലൂറ്റൻ ക്രെയിനിനു താഴെ മനുഷ്യരൂപങ്ങൾ ഉറുമ്പുകളുടെ വലുപ്പത്തിൽ പണിയെടുക്കുന്ന മഹാനഗരത്തിന്റെ ചിത്രം 'വില്പന' എന്ന കഥയിൽ കടന്നുവരുന്നു. എവിടേയ്ക്കോ ഒരുവഴി, ഹോരാ, പെരുമഴയുടെ പിറ്റേന്ന്, ഷെർലക്ക് എന്നീ കഥകളിലെല്ലാമുള്ളത് നഗരസ്വത്വങ്ങൾ തന്നെ. അഭയം, പുരാവൃത്തം, സ്വർഗം തുറക്കുന്ന സമയം, സുകൃതം തുടങ്ങിയ നിശ്ശബ്ദകാലത്തിനുശേഷമുള്ള കഥകളിൽ പഴയ മലയാളപ്രകൃതിയുടെ ഈടുവെപ്പുകൾ ഇടയ്ക്ക് ഓമനിക്കപ്പെടുന്നുമുണ്ട്. ഷെർലക്കിൽ അമേരിക്കയിലെ ചേച്ചിയുടെ വീട്ടിലിരുന്ന് ബാലു പൂച്ചയുടെ മുന്നിൽ ചോറ് വെച്ച് പറയുന്നു.

"തിന്നുനോക്ക്... ചോറ്.. ചോറിനു വേണ്ടിയാണ് ഇന്ത്യക്കാരൻ ദൈവത്തോട് പ്രാർത്ഥിക്കുന്നത്... അറിയാമോ?"

കഥാകാരനിലെ കർഷകൻ ഉണരുകയും പഴയ കാർഷിക പ്രകൃതിയെ ആതുരതയോടെ ഓർമിക്കുകയും ചെയ്യുന്ന സമയമാണത്. എല്ലാ ധ്വംസിക്കപ്പെട്ട് ഋജുരേഖകൾ വക്രരേഖകളായിത്തീർന്നു. സകലനീതികളെയും വെടിഞ്ഞ് ഉപഭോഗസമൂഹത്തിന്റെ പുതിയനഗരപാളയങ്ങളിൽ വന്നു നിൽക്കുന്ന ഇന്ത്യക്കാരനിലെ മലയാളിയെക്കുറിച്ച് ഇങ്ങനെയും പ്രസ്താവമുണ്ട്.

"നിനക്കും കൈമ്പുളിയുടെ സ്വാദ് കിട്ടിക്കഴിഞ്ഞു. അതാണ് ഞങ്ങൾ ഇന്ത്യക്കാരുടെ മിടുക്ക്."

വ്യക്തിമനസ്സിന്റെ പാളയങ്ങൾക്കു പുറത്ത് സാമൂഹ്യവിശാലതകളെ തേടുന്ന കഥകളാണ് സമീപകാലത്ത് എം.ടി. എഴുതിയത്. ഹോരാ, ഷെർലക്ക് തുടങ്ങിയ കഥകൾക്ക് സമൂഹരാഷ്ട്രീയപ്രത്യയശാസ്ത്രത്തിന്റെയും ചരിത്രാവബോധത്തിന്റെയും അപൂർവ്വമായ പിൻബലവുമുണ്ട്.

വിശദാംശങ്ങളുടെ സൂക്ഷ്മതയിലാണ് എം.ടി. വാസുദേവൻനായരുടെ ക്രാഫ്റ്റ് പൂർണ്ണമാകുന്നത്. കഥയുടെ സമഗ്രസത്ത രൂപപ്പെടുത്തുന്നതിൽ വലിയൊരു പങ്ക് ഈ സൂഷ്മാംശങ്ങൾക്കുണ്ട്. കഥയിലെ അന്തരീക്ഷത്തെയും കഥാപാത്രങ്ങളുടെ ആഭ്യന്തരപ്രകൃതിയെയും ഈ വിശദീകരണം ചൈതന്യവത്താക്കുന്നു. മലയാള കഥയിൽ ഈ രീതി തൊട്ടുമുമ്പുള്ള തലമുറകളിലെ ഒരു കഥാകാരനും ഉപയോഗിച്ചിട്ടില്ല. എം.ടി.യുടെ തലമുറകളിലെ ഇതര കലാകാരന്മാരിലും ഇത്രയും സമ്പന്നമായ വിപുലീകരണമില്ല. സൂക്ഷ്മത്തിലെ സമഗ്രത എം.ടി.ക്ക് മാത്രം അവകാശപ്പെട്ടതാണ്. മലയാളകഥയിൽ എം.ടി. നടത്തിയ പരീക്ഷണവും പരിവർത്തനവുമാണ് അത്. സാഹിത്യചരിത്രം അത് ശ്രദ്ധിച്ചിട്ടുണ്ടോ എന്ന് സംശയമാണ്. നാലോ അഞ്ചോ പേരെ ഒന്നിച്ചുകൂട്ടി തലമുറ ഉണ്ടാക്കി പുതിയ പ്രസ്ഥാനത്തിന്റെ കിരീടംവെച്ചു കൊടുക്കുമ്പോൾ ഏകാകിയുടെ നിഷേധശബ്ദം അവഗണിക്കപ്പെട്ടുപോയി. അയാൾ അവിടെ നിൽക്കുകയായിരുന്നു. അയാൾ ഒന്നും സംസാരിക്കുന്നുണ്ടായിരുന്നില്ല. അയാൾ ഒന്നും കേൾക്കുന്നുണ്ടായിരുന്നില്ല. അയാൾ എന്തൊക്കെയോ ആലോചിക്കുകയായിരുന്നു. എന്ന മട്ടിൽ കുറേ വാക്യങ്ങളെഴുതി കള്ളികളുമിട്ട് ബധിരരും മൂകരുമായ കഥാപാത്രങ്ങളെ സൃഷ്ടിച്ചവർ കഥയിൽ ഭാവഗാനപ്രസ്ഥാന സ്രഷ്ടാക്കളായത് സാഹിത്യചരിത്രത്തിലെ അത്ഭുതകരമായ വിരോധാഭാസമാണ്. ലളിതവത്കരിച്ചുകൊണ്ടുള്ള എളുപ്പവിദ്യയാണത്. ആ മട്ടിൽ കഥയെഴുതാൻ ഒട്ടും പ്രയാസമില്ല. വാക്കിന്റെ അടിത്തട്ടുകളോ വാല്മയങ്ങളിലെ അടരുകളോ അവിടെ കാണാൻ

കഴിയില്ല. ക്രാഫ്റ്റാകട്ടെ എങ്ങനെയും അഴിച്ചു പണിയാവുന്നതും മാറ്റിത്തീർക്കാവുന്നതും. കുത്തുകളിട്ട അപൂർണ്ണതയിൽ വിരമിക്കുന്ന വാചകങ്ങൾ പരീക്ഷണമെന്ന് ആദ്യം തോന്നിയേക്കാമെങ്കിലും പിന്നീടത് ഭാഷയുടെ അപര്യാപ്തതയായും കൈക്കരുത്തില്ലായ്മയായും ഒളിച്ചോട്ടമായുമൊക്കെ നമുക്ക് തിരിച്ചറിയാവുന്നതാണ്. തന്നെത്തന്നെ അനുകരിച്ച് ചരമമടഞ്ഞവരുടെ കൂട്ടത്തിൽനിന്ന് എം.ടി മാറുന്ന രൂപങ്ങളിലൂടെ പുതിയ സ്ഥലകാലങ്ങളിലേക്കു വന്നു. 'പള്ളിവാളും കാൽച്ചിലമ്പും' എന്ന പ്രശസ്തമായ ആദ്യകാലകഥ തൊട്ട് ഷെർലക്ക് വരെയുള്ള പുനർവായനയിൽ നമുക്കത് ബോദ്ധ്യപ്പെടും. കൃത്യവും പൂർണവുമായ ഭൂപടത്തിനകത്താണ് എം.ടി കഥയെ നിവർത്തുന്നത്. അൻപതുകളിൽ ഈ എഴുത്തുകാരൻ അങ്ങനെയൊരു മാതൃക കൊണ്ടുവരുമ്പോൾ മലയാളകഥ വ്യത്യസ്തമായ ലാവണ്യസീമകളിൽച്ചെന്നു തൊടുകയായിരുന്നു. ഭാവഗാനരൂപം അതോടെയാണ് കഥയ്ക്കു കൈവന്നത്. ആത്മാവിൽനിന്ന് ഉറന്നൊഴുകുന്ന കഥ കവിതയായി പരിണമിച്ചു. അനുഭവപ്രധാനമായി മാറി. ദൃശ്യാംശങ്ങൾക്കു തിരശ്ശീലയിലെന്നപോലെ ഊന്നൽ കിട്ടി. നടപ്പുരയുടെ ഉത്തരത്തിൽനിന്നു കയറിൻതുമ്പത്തിൽ ആടുന്ന കുട്ട്യേടത്തിയുടെ ശരീരവും വേച്ചുവേച്ചു വന്ന് കോലായിൽ വീണ് തന്നെ ചങ്ങലക്കിടാൻ പറയുന്ന വേലായുധന്റെ ഭ്രാന്തു പിടിച്ച മനസ്സും വിഷ്വലുകളായി നമുക്ക് കഥയിൽനിന്നുതന്നെ ലഭിച്ചു. സൗകര്യത്തിനായി നമ്മുടെ നിരൂപകർ ചില സംഘനിർമ്മാണങ്ങൾ നടത്തിയപ്പോൾ സത്യങ്ങൾ പലതും ഒഴുകിപ്പോവുകയും അനർഹമായി ചിലർ നക്ഷത്രങ്ങളുടെ നായകന്മാരാവുകയും ചെയ്തു. എം.ടി കഥയിൽ കൊണ്ടുവരുന്ന സ്ഥലകാലത്തിന്റെ ചിത്രശാലയിൽ കഥാപാത്രം നടന്നുപോകുന്ന വഴിയും വഴിയിൽ വീണുകിടക്കുന്ന ഉറുപ്പിക വട്ടത്തിലുള്ള വെളിച്ചങ്ങളും ഇരുവശങ്ങളിലെ വേലിയും വേലിയിൽ എത്തിനോക്കുന്ന വള്ളിപ്പടർപ്പുകളും അന്തരീക്ഷത്തിലെ ഗന്ധവും ചേർന്നുകൊണ്ടുള്ള സാകല്യതയും കാണാം. താളബദ്ധമായി ഒഴുകിപ്പോകുന്ന ശൈലിയിൽ ഇത്തരം സ്ഥൂലസൂക്ഷ്മ സവിശേഷത ആ തലമുറയിൽ മറ്റേതു കഥാകാരന്മാരിലാണുള്ളത് എന്നു നാം ഓർത്തുനോക്കേണ്ടതാണ്. മാധവിക്കുട്ടിയുടെ രീതി വിഭിന്നമാണ്. സവിശേഷവുമാണ്. ഇന്ദ്രിയങ്ങളുടെ സംഘാടനം അവിടെയുണ്ടെങ്കിലും വിശദാംശങ്ങളിലൂടെ പൂർണ്ണതയെ തേടുന്ന രീതിയില്ല സ്ത്രൈണാത്മാവിന്റെ ആഴങ്ങളിലേയ്ക്ക് കിണർ കുഴിച്ചിറങ്ങുന്ന മാധവിക്കുട്ടിയുടെ കഥകളെ എം.ടി.യുടെ 'ചെറിയ ചെറിയ ഭൂകമ്പങ്ങൾ' എന്ന കഥയുമായി താരതമ്യം ചെയ്യുമ്പോൾ വ്യത്യസ്തമായ ഇരുസവിശേഷതകളും തിരിച്ചറിയും. കഥയുടെ പശ്ചാത്തലത്തിൽ ലയിച്ചുചേരുന്ന ഇമേജറികൾ എം.ടി.യുടെ കഥകളിലൂടെ കടന്നുപോകുമ്പോൾ കൗതുകം നൽകും. ദാരിദ്ര്യത്തിന്റെ കഥ പറയുന്ന 'കർക്കിടക'ത്തിൽ ഇല്ലായ്മയുടെ വൈരൂപ്യങ്ങളെ നായിന്റെ നാവുപോലെ, ചേർപോലെ തുടങ്ങിയ അധമബിംബങ്ങൾ കൊണ്ട് സന്നിവേശിപ്പിച്ചിരിക്കുന്നു. 'നായിന്റെ നാവുപോലെ തേഞ്ഞ സോപ്പ്' എന്ന പ്രയോഗം നമ്മെ ആലോചനകളിൽ ആനന്ദത്തോടെ കുടുക്കിയിടും. 'കാലം' എന്ന നോവലിൽ ചുവന്ന പാവാടത്തുമ്പുപോലെ ഇഴയുന്ന പുഴവെള്ളം കാണാം. വിനോദിനിയുടെ അടിപ്പാവാടയുടെ അറ്റത്തെ കീറിയ ലെയ്സിന്റെ ചിതറിയ അറ്റങ്ങൾ ചവിട്ടുപടിമേൽ കാലുറപ്പിക്കാൻ സാരിത്തുമ്പ് ഒതുക്കിപ്പിടിച്ചപ്പോൾ മാസ്റ്റർ കാണുന്നുണ്ട് വാനപ്രസ്ഥത്തിൽ. കുംഭക്കാറ്റുപോലെയാണ് 'മരണം' എന്ന കഥയിൽ ഒരാൾ അകത്തേക്ക് പായുന്നത്. ഇത്തരം രേഖീയപൂർണ്ണത എം.ടി.യുടെ രചനകളുടെ ഒരു നന്മയായിത്തീരുന്നു. പ്രാർത്ഥനയുടെ ആ ശൈലി പദസംഗീതത്തെ ഉണ്ടാക്കുന്നു. ഭാഷയുടെ ക്രമസംവിധാനത്തെ മറിച്ചിടുന്നു. വാക്യവിന്യാസങ്ങളിൽ തിരിച്ചിടലുകൾ നടത്തുന്നു. 'വളരും, വളർന്നു വലിയ ആളാവും. കൈകൾക്ക് നല്ല കരുത്തുണ്ടാകും...' (നാലുകെട്ട്), 'പേടിച്ചു പേടിച്ചുകൊണ്ടാണ് പുറത്തുവന്നത്. വാതിൽക്കൽ നിന്ന് ആദ്യം തളത്തിലേക്ക് നോക്കി...' (ഇരുട്ടിന്റെ ആത്മാവ്) തുടങ്ങിയ ആദ്യവാചകങ്ങൾ തന്നെ നോക്കുക. വാക്കുകളുടെ ചരണക്രമത്തിൽ താളം തുടങ്ങുന്നു. കാവ്യാത്മകമായി അത് മുറുകിനീങ്ങുന്നു. രണ്ടാമൂഴത്തിന്റെ ശൈലിയിൽ അതിന്റെ പ്രചണ്ഡാവസ്ഥയാണ് കൊണ്ടുവന്നത്. യുവത്വത്തിന്റെ ഒരു ചിത്രം വാനപ്രസ്ഥത്തിൽ ഇങ്ങനെ സാക്ഷാത്കരിക്കുന്നു.

'രണ്ടായി പിന്നിയിട്ട മുടി. ഒരുവശ



ത്ത് ഒരു കട്ടം ചുവപ്പുള്ള പനിനീർപ്പൂ. വെള്ളാരങ്കല്ലുകളിൽ കൺമഷിയുടെ കലക്കം. സ്വർണ്ണച്ചങ്ങല കടിച്ച മുഖംതാഴ്ത്തി നിൽക്കുമ്പോൾ മഞ്ഞ നിറമുള്ള ജാക്കറ്റലച്ച പ്രായത്തിന് നിരക്കാതെ ഉയരുന്ന അഹങ്കാരം'

പ്രത്യക്ഷതകൾക്കപ്പുറത്ത് സങ്കല്പത്തിന്റെയും അനുമാനത്തിന്റെയും സ്വപ്നയാഥാർത്ഥ്യങ്ങളുടെയും ഉടലുകൾ കൊണ്ട് തീർക്കുന്ന ആത്മാവുകൾ. മലയാളത്തിന്റെ റൊമാന്റിസിസം അവിടെ സാഫല്യമടയുന്നു.



പ്രണയത്തിന്റെയും മരണത്തിന്റെയും ശ്യാമവെളിച്ചങ്ങളും യുദ്ധത്തിന്റെ തീജ്ജ്വാലകളുമുണ്ട്. എം.ടി.യുടെ രചനകളിൽ. യുവത്വത്തിന്റെ ചട്ടുലഭേദങ്ങളെ രചനയിൽ ആഘോഷിക്കുന്നതിൽ എം.ടി.യുടെ കഥാമനസ്സ് ഏറെ ഉന്മുഖമാണ്. പ്രണയത്തിന്റെ പരാഗസുഗന്ധങ്ങൾ ഹൃദ്യമായി അനുഭവിച്ചിട്ടുള്ള നാലുകെട്ട്, കാലം, മഞ്ഞ് എന്നീ നോവലുകളും ദുഃഖത്തിന്റെ താഴ്വരകൾ, അയൽക്കാർ, വാനപ്രസ്ഥം തുടങ്ങിയ ചെറുകഥകളും. നിയതമായ പ്രണയകഥകൾ എന്ന് ഇവയെ പേരിട്ടുവിളിക്കാനാവില്ല. ലഹരിയായി പതയുന്ന, പതഞ്ഞുപൊന്തുന്ന യുവത്വത്തിന്റെ ഘോഷങ്ങൾ എം.ടി.യുടെ മിക്കവാറും രചനകൾ ഉയർത്തുന്നു. ഓരോ മലയാളിയുടെയും യൗവ്വന ഹൃദയങ്ങളിൽ അവ തുരന്നിറങ്ങുകയുണ്ടായി. മുൻപേ കടന്നുപോയ തലമുറകളുടെ ജീവസ്വപ്നമായി ആ കഥാപാത്രങ്ങൾ മാറി. അവരുടെ കൗമാരതാരുണ്യസങ്കല്പങ്ങളെ അവർ അഗാധമായി സ്പർശിച്ചു. കവിതയിൽ ഒരുകാലത്ത് ചങ്ങമ്പുഴയും പിൽക്കാലത്ത് കഞ്ഞിരാമൻനായരും ഗാനകലയിൽ പി. ഭാസ്കരനും സാധിച്ചത് കഥയിൽ എം.ടി. സഫലമാക്കി. മുൻപേ കടന്നുപോയവരുടെ മനസ്സിലെല്ലാം എം.ടി.യാണ്. അതുകൊണ്ടുതന്നെ എല്ലാവരിലും ഒരു എം.ടി. ഉണ്ടെന്നു കാണാം. എം.ടി.യുടെ വിജയരഹസ്യം അവിടെയാണ്. ഭിന്നമായ ഭാവുകത്വംകൊണ്ട് തെറ്റിപ്പിരിഞ്ഞാലും അതു എളുപ്പത്തിൽ തീർത്തും ആർക്കും തിരസ്കരിക്കാനാവാത്ത അവസ്ഥ. യാത്രപോവുകയോ, പോകുന്നിടത്തേയ്ക്ക് തിരിച്ചെത്തുകയോ ചെയ്യുന്ന, ഉള്ളിൽ ഒരു ശത്രുവിനെ കൊണ്ടുനടക്കുന്ന, ഊതിക്കത്തുന്ന പകയോടെ ശത്രുവിന്റെ മുന്നിലെത്തുമ്പോൾ ആ കരിമ്പാറക്കെട്ടിലെ നന്മയുടെ ജലാംശം കണ്ടു ശിരസ്സുതാഴ്ത്തുന്ന, തനിക്കുതന്നെത്തന്നെ മനസ്സിലാകാത്ത, തന്നെ മാത്രം സ്നേഹിക്കുന്ന, അപകർഷതയുള്ളവരോ ഉൽക്കർഷേച്ഛുക്കളോ ആയ, ആത്മനിന്ദയിൽ പുകയുന്ന, കൊല്ലണമെന്നോ മരിക്കണമെന്നോ തോന്നുന്ന, എല്ലാം പിടിച്ചടക്കി മുന്നേറുമ്പോഴും ഉള്ളിൽ അസംതൃപ്തനാകുന്ന, കടവുതോണി നഷ്ടപ്പെട്ട ഒരാൾ നമ്മുടെയെല്ലാം ഉള്ളിലുള്ളതുകൊണ്ട് എം.ടി. നമ്മുടെ ഇന്ദ്രിയങ്ങളെ ജയിക്കുന്നു. ജിതേന്ദ്രിയനാവാത്ത ഭീമന്റെ മാനുഷിക സന്ദർഭത്തിലേയ്ക്ക് എത്തിച്ചേരുന്നു. പഴയ മരുമക്കത്തായ തറവാടുകളിലെ യൗവ്വനദുരന്തങ്ങളിലേക്കും ബന്ധശൈഥില്യങ്ങളിലേയ്ക്കും ഇന്നലെയുടെ കണ്ണീർച്ചോലകളിലേയ്ക്കും നമ്മെ കൊണ്ടുപോകുന്നു. ശത്രു, മിത്രം, അടിമ, യജമാനൻ എന്നിങ്ങനെ ദ്വന്ദ്വസംഘർഷങ്ങളും ആവേശത്തോടെ ആവിഷ്കരിക്കപ്പെടുന്നതു കാണാം. ബാഹ്യമായും ആന്തരികമായും നിലയുറപ്പിക്കുന്ന ശത്രുവിന്റെ പ്രതിരൂപമാണ് എം. ടിയുടെ രചനകളിൽ ഇടയ്ക്ക് കടന്നുവരുന്ന യജമാനൻ, രാക്ഷസൻ, കിരാതൻ, തമ്പുരാൻ തുടങ്ങിയ പ്രയോഗരൂപങ്ങൾ. 'ഫ്യൂഡൽ കാലത്തൊഴുകിയ കയ്പുജലത്തിൽ നിന്നും ഈ യജമാനനും തമ്പുരാനും അബോധത്തിൽനിന്നും ഇറങ്ങി വരുന്നു. തനിക്കുള്ളിലെ സാഹസികന്റെ ഛായാപടങ്ങളാണ് ഇതരരൂപങ്ങൾ. ഈ ഛായ എം. ടിയുടെ നായകന്മാർക്കെല്ലാം കിട്ടിയിട്ടുണ്ട്. ഫലിതത്തിന്റെ വസ്ത്രം ധരിക്കാതെ അവർ നന്മയുടെയും തിന്മയുടെയും നായാട്ട് നടത്തുന്നു. യുദ്ധത്തോടെന്നപോലെ ചോരയോടും എം.ടിക്ക് വലിയ പ്രതിപത്തിയാണ്. ചോര വാർന്നുവീണ ശരീരം, ചോരപുരണ്ട വെളിച്ചത്തിന്റെ ശിരസ്സ് എന്നുള്ള 'കാലം' എന്ന നോവലിലെ പ്രയോഗങ്ങൾ മാത്രമല്ല ചോരയും ചോരയുടെ നിറവും യുവത്വത്തിന്റെ വീര്യത്തിൽ എം.ടിയുടെ രചനകളിൽ കലർന്നിരിക്കുന്നു. യൗവ്വനത്തിന്റെ വ്യാപകമായ ഈ രാസശാലയിൽ നിറവും സുഗന്ധവുമായി സ്ത്രീകഥാപാത്രങ്ങൾ തെളിഞ്ഞുനിൽക്കുന്നു. വാഴക്കുന്നുപോലെ, കവുങ്ങിൻപൂക്കുലപോലെ, നിലവിളക്കിന്റെ നാളംപോലെ വാസനസോപ്പിന്റെയും മട്ടിപ്പശയുടെയും എള്ളെണ്ണയുടെയും മണവുമായി വരുന്ന അവർക്ക് ദൈന്യതയുടെ ശിരോവസ്ത്രമുണ്ട്. പീഡിതസ്ത്രീത്വത്തോടുള്ള അനുഭാവം വൈരുദ്ധ്യാത്മകമായി ആവിഷ്കരിക്കപ്പെടുന്നു. യുവവിധവകളെപ്പോലെയാണല്ലോ കവുങ്ങിൻ തലപ്പുകൾ തലയുയർത്തി നിൽക്കുന്നത്. കുട്ട്യേടത്തിയെപ്പോലെ ഒറ്റപ്പെട്ടു നിൽക്കുന്ന കഥാപാത്രങ്ങൾക്കാണ് ഉള്ളുറപ്പും ധീരനിഷേധങ്ങളും ലഭിക്കുന്നത്. പുരുഷകഥാപാത്രങ്ങളെപ്പോലെ ഈ പെൺമനസ്സുകൾക്ക് ആത്മനിന്ദയോ പകയോ ഇല്ല. തങ്ങളുടെ ജീവിതകടിരങ്ങളിലിരുന്ന് അവരും പ്രാർത്ഥിക്കുകയാണ്. ഈഡിപ്പസ് മനോഭാവത്തിന്റെ ആന്തരികരണമോ മാതൃസത്തയിലുള്ള ദൃഢീകരണമോ സഹോദരികാമുകദ്വന്ദ്വങ്ങളുടെ അഭിമുഖീകരണമാണ് സ്ത്രീപക്ഷത്തുനിന്നു നോക്കുമ്പോൾ എം.ടി. എന്ന എഴുത്തുകാരനിൽ കാണുന്ന ജീവസത്ത. സുമിത്രയും വിമലയുമെല്ലാം പ്രാർത്ഥനയിലേയ്ക്ക് പിൻവാങ്ങുകയാണ്. പ്രണയരതിയുടെ ചഞ്ചലവെളിച്ചങ്ങൾ ഈ സ്ത്രീകഥാപാത്രങ്ങളുടെ ആത്മരേഖകളാകുന്നു. ഉന്മാദത്തിലും വൈധവ്യത്തിലും ഏകാന്തതയിലും വ്യാകുലതകളിലും അവർ ഇരകളായി പിടിക്കപ്പെട്ടിരിക്കുന്നു. ചിലർ സ്വാർത്ഥതയുടെ നിഗൂഢസ്നേഹങ്ങളിലും. രംഗബോധമില്ലാത്ത കോമാളിയായ വന്ന മരണം ഈ ജീവലോകത്തിൽ മരവിപ്പിന്റെ തണുത്ത അന്തരീക്ഷം ഒരുക്കുന്നുമുണ്ട്. മരണം, അവർ, സ്വർഗ്ഗം തുറക്കുന്ന സമയം തുടങ്ങിയ കഥകളിലും മഞ്ഞ്, വിലാപയാത്ര, രണ്ടാമൂഴം എന്നീ നോവലുകളിലും മരണം വിരുദ്ധമുഖങ്ങളുമായി കുപിതമായും ശാന്തമായും നോക്കുന്നു. മലയാളിയുടെ നൊസ്റ്റാൾജിയയുടെ ജീവിതചക്രം അങ്ങനെ എം.ടിയുടെ കഥാലോകത്തിൽ കത്തുന്ന വെളിച്ചവുമായി കറങ്ങുന്നു. യാത്രയും മടക്കയാത്രയും സഞ്ചാരപഥങ്ങളിലെ വഴിയമ്പലവാസങ്ങളും എം. ടി. വാസുദേവൻ നായരുടെ കഥാലോകത്തിലെ രീതിമുദ്രകളാണ്.



# കുറുങ്കഥകളുടെ കലാസൂത്രം

കെ.പി. രാമനുണ്ണി



തനിക്ക് സ്വായത്തമായതിനോട് അലസതയും തനിക്ക് സ്വായത്തമല്ലാത്തതിനോട് അത്ഭുതാദരങ്ങളും ഏത് കലാകാരന്റേയും പ്രകൃതമായിരിക്കും. അതുകൊണ്ടാണ് സഹപ്രവർത്തകരുടെ രചനകളിൽ അത്രയൊന്നും വിസ്മയം കൊള്ളാത്ത ഒരു സാഹിത്യകാരൻ സംഗീതജ്ഞരുടെ കഴിവിന് മുന്നിൽ സാഷ്ടാംഗം പ്രണമിക്കുന്നത്. പെൺകുട്ടികൾ മാത്രമുള്ള അച്ഛനമ്മമാർക്ക് ആൺകുട്ടികളുടെ മാതാപിതാക്കളോടുള്ള കൊച്ചുകന്നുഷം ഈ വികാരത്തിൽ അന്തർലീനമാണെന്ന് കരുതാം.

ഞാനും പി. കെ. പാറക്കടവും കഥാരചനയെന്ന ഒരേ കലാക്ഷേത്രത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരാണ്. എങ്കിലും മണമ്പൂർ രാജൻബാബുവിനെ നിരന്തരം മുഷിപ്പിക്കുന്ന കൊച്ചുകഥാരചനയിലുള്ള എന്റെ കഴിവുകേട് സംഗീതത്തിനോടോ ചിത്രകലയോടോ ഉള്ള ഭയഭക്തികളാണ് പാറക്കടവ് കൃതികളോട് എന്നും സൂക്ഷിക്കാറുള്ളത്. എന്താണ് നെടുനീളൻ കഥകൾ എഴുതുന്ന എന്നെ ആശ്ചര്യപ്പെടുത്തുന്ന പി. കെ. പാറക്കടവിന്റെ കുറുങ്കഥകളുടെ കലാസൂത്രം? കുറച്ചുവർഷങ്ങൾക്കുമുമ്പ് അത് തിരിച്ചറിയാൻ അവിചാരിതമായ അവസരമുണ്ടായി. ഞാനും സാഹിത്യവിദഗ്ധനായൊരു എഡിറ്ററും പ്രശസ്ത സാഹിത്യകൃതികളുടെ സാരസ്വതരഹസ്യം കണ്ടുപിടിക്കാനുള്ള ടെക്സ്റ്റ് പരിശോധനയിലായിരുന്നു. മാർത്താണ്ഡവർമ്മ, രണ്ടിടങ്ങഴി, ഉമ്മാച്ചു, അസുരവിത്ത്, ഖസാക്കിന്റെ

ഇതിഹാസം, പ്രകൃതിനിയമം, മറ്റൊരു മലയാള നോവലായ ഗോഡ് ഓഫ് സ്മോൾ തിങ്സ് എന്നിവ ഞങ്ങളുടെ മുന്നിൽ മലർക്കെ തുറന്നുകിടന്നു. വരികളിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ അതാ, വൈദ്യുതിയുള്ളിടത്ത് 'ടെസ്റ്റർ' ജ്വലിക്കുന്നപോലെ വായനക്കാരെ ത്രസിപ്പിക്കുകയും കമ്പിപ്പിക്കുകയും ചെയ്യുന്ന ചില പദവിന്യാസങ്ങളും പ്രയോഗചാതുരികളും – ഈ പവർപോയന്റുകളുടെ ശതമാനക്കണക്കാണ് കൃതികളുടെ പ്രധാനവശീകരണഘടകം എന്ന് ടെക്സ്റ്റ് പരിശോധനക്കൊടുവിൽ ഞങ്ങൾ കണ്ടുപിടിച്ചു. ഉടൻതന്നെ പ്രസ്തുത കണ്ടെത്തൽ പാറക്കടവിന്റെ കഥകളുടെ വിജയരഹസ്യത്തിലേക്കും എന്നെ എത്തിനോക്കിച്ചു. അതെ, കാടും പടലങ്ങളുമെല്ലാം വെട്ടിമാറ്റി സംവേദനത്വത്തിന്റെ ടെസ്റ്ററിനെ ജ്വലിപ്പിക്കുന്ന ബിന്ദുക്കൾ മാത്രം അടുക്കിയൊതുക്കുന്നതുകൊണ്ടായിരിക്കണം ആ കൊച്ചു കഥകൾ ആകർഷകമാകുന്നത്.

എന്നാൽ നോവൽസാഹിത്യത്തിന്റെ പ്രോദ്ഘാടനം യൂറോപ്പിനെ പാപവിമുക്തമാക്കിയെന്ന് മിലൻ കുന്ദേര നിരീക്ഷിച്ചതുപോലെ, പാറക്കടവിന്റെ ക്രോഡീകരണവിദ്യ മലയാളത്തിൽ പുതിയൊരു സാഹിത്യരൂപത്തെ സൃഷ്ടിച്ചു എന്നതാണ് പ്രധാനം. കഥക്കും കവിതക്കും ഇടയിലുള്ളൊരു സാഹിത്യരൂപം. അതായത് കഥയുടെ ആഖ്യാനപാടവവും കവിതയുടെ ഭാവസാന്ദ്രതയും ഒത്തിണങ്ങിയ സാഹിത്യഗണം. ഈ പുതിയ രൂപം പാമ്സ്റ്റോറീസ്ഷോർട്ട് ഷോർട്ടസ് ഉടങ്ങി വിവിധ ലോകഭാഷകളിലുള്ള കഥാപ്രപഞ്ചത്തിനൊപ്പം മലയാളത്തിന്റെ സംഭാവനയേയും എടുത്തുകാട്ടി. എന്നാൽ ചരിത്രനിരപേക്ഷമായൊരു ധ്യാനത്തിന്റെ വേരില്ലാ ഉൽപ്പന്നങ്ങളായിരുന്നില്ല പി. കെ. പാറക്കടവിന്റെ മിനിക്കഥകൾ. മലയാള കഥാപരിണാമത്തിലെ അത്യന്തം കാലബന്ധിയായൊരു സ്വത്വം അത് സ്വാംശീകരിക്കുന്നുണ്ട്. ശിൽപ്പത്തിലും ഭാവത്തിലും പ്രമേയത്തിലുമെല്ലാം മലയാളത്തിലെ ആധുനികതാ പ്രസ്ഥാനരീതികളുമായി കലഹിച്ച് പുറത്ത് വന്നവരാണല്ലോ ഞാനും പാറക്കടവുമെല്ലാം അടങ്ങുന്ന തലമുറ. ആധുനികതയുടെ വലിയൊരു പ്രത്യേകത അത് സർവ്വതിനേയും ഗണങ്ങളായും ശ്രേണികളായും തരംതിരിക്കമെന്നതാണ്. പ്രൊഫസർ തോമസ് മാത്യു വിലയിരുത്തിയ പോലെ ഈ സാമാന്യവൽക്കരണം മനുഷ്യമസ്തിഷ്കത്തിന്റെ സിദ്ധിയാണെങ്കിലും പലപ്പോഴുമത് പരിമിതിയായി ചുരുങ്ങാറുണ്ട്. സാമാന്യവൽക്കരണത്തിന്റെ മഴക്കോലുകൾക്ക് പുറത്തുള്ള സവിശേഷതകളെയെല്ലാം തിരസ്കരിക്കുന്ന പ്രവണത ആധുനികതക്ക് അതികഠിനമാണ്. ചെറുകഥയായാൽ ഇത്ര നീളത്തിലും വീതിയിലും ശിൽപ്പഭദ്രതയിലും അവതരിക്കണമെന്നതാണ് ആധുനിക സാഹിത്യം നൽകുന്ന തിട്ടൂരം. പാറക്കടവ് ആ ആജ്ഞയെ ധിക്കരിച്ചു അഞ്ചും ആറും വരികളിൽ കഥയോ കവിതയോ എന്ന് തിരിച്ചറിയാനാകാത്തവിധം തന്റെ രചന നിർവ്വഹിക്കുന്നു.

പ്രബന്ധരൂപത്തിലും മറ്റും കഥകൾ എഴുതി വി. . ശിവകുമാർ ആധുനികതയുടെ ശിൽപ്പഭദ്രതയെ തകർക്കാൻ ശ്രമിച്ചപ്പോൾ പുതിയൊരു സാഹിത്യ ഗണത്തിന്റെ ഉൽപ്പാദനത്തിലൂടെയാണ് പാറക്കടവ് ആധുനികതയെ അതിവർത്തിച്ചത്.

ആധുനികസാഹിത്യത്തിന്റെ മറ്റൊരു മുഖമുദ്ര ഒത്തുതീർപ്പില്ലാത്ത കാൽപനികതാവിരുദ്ധതയാണ്. വർണ്ണനകളും അലങ്കാരങ്ങളും വെട്ടിച്ചു നിർത്തി ഇരുണ്ട് ഋജുവായ ഭാഷയിലാണ് വിജയനും മുകുന്ദനും മറ്റും തങ്ങളുടെ കഥകൾ പറഞ്ഞിരുന്നത്. അതിന് വിപരീതമായി തന്റെ കൊച്ചു കഥകളിൽപോലും കാൽപ്പനികമായ ബിംബസമൃദ്ധി ലക്ഷ്യവ്യക്തതയോട് പാറക്കടവ് സന്നിവേ ശിപ്പിക്കുന്നത് കാണാം. മഴയുടെ മുതപ്പെടുത്തുന്ന ദീർഘമൗനം കണ്ണുകൾക്ക് മുകളിൽ ഒരുവന്റെ സ്പർശത്താൽ തുറക്കുന്നു. ചെമ്പരത്തിയിതളുകളിൽ ഊഞ്ഞാലാടുന്ന ചുവന്ന പാവാടയുടുത്ത കന്യാമഴകളെപ്പറ്റി നമ്മുടെ സച്ചിദാനന്ദൻ പാടിയിട്ടുണ്ട് എന്നിങ്ങനെ ഇതൊന്നും വെറുതെ ചെയ്യുന്നതല്ല. വിപ്ലവോന്മുഖവും ജീവിതോന്മുഖവുമായ കാൽപ്പനികഭാഷ ആധുനികതക്ക ചതുർത്ഥിയായതുകൊണ്ടാണ് രചനകളിൽ കുത്തിക്കുട്ടി കൊണ്ടുവന്നിരിക്കുന്നത്. അതേപോലെ തന്നെ ആധുനിക ചെറുകഥകളുടെ ഭാവച്ചോരുക്കിനോട് തെറ്റിപ്പിരിയുന്നതാണ് പാറക്കടവിന്റെ കൃതികളുടെ മുഖലക്ഷണവും. നൈരാശ്യവും അശുഭചിന്തയും മരണോന്മുഖതയു മാണല്ലോ ആധുനികർ അവരുടെ അടയാളചിഹ്നങ്ങളായി ഉയർത്തിപ്പിടിച്ചിരുന്നത്. മരണത്താൽ ആത്യന്തികമായി അർത്ഥശൂന്യ മാക്കപ്പെട്ടത് എന്ന് തലതിരിച്ചാണ് ജീവിതത്തെ അവർ വായിച്ചിരുന്നത്. ചുരുക്കത്തിൽ ജീവിതം ജീവിത യോഗ്യമല്ലെന്ന സന്ദേശം നിരന്തരം ഉത്ഘോഷിക്കപ്പെടുകയായിരുന്നു. ജീവിതം ജീവിതയോഗ്യമാകുന്നില്ലെങ്കിൽ അതിൽ മോഹഭംഗപ്പെടുകയല്ല, ജീവിതത്തെ ജീവിതയോഗ്യമല്ലാതാക്കുന്ന രാഷ്ട്രീയ ഹേതുക്കളെ അഭിസംബോധന ചെയ്യുകയാണ് വേണ്ടതെന്ന നിലപാട് പാറക്കടവ് അടങ്ങുന്ന ഞങ്ങളുടെ തലമുറ അപ്പോൾ മുന്നോട്ടുവെച്ചു. അതുകൊണ്ടുതന്നെ രചനകളുടെ ഭാവകേന്ദ്രമായി വ്യർത്ഥതാ ബോധമല്ല, പ്രതികരണക്ഷമതയാണ് പാറക്കടവ് കഥകളിൽ എപ്പോഴും വിങ്ങിനിൽക്കുന്നതെന്ന് കാണാം. പരവശതയ്ക്ക് പകരം പ്രതിഷേധം, അടിയറവിന് പകരം ഉപരോധം – അതാണ് ആ കുറുകഥകളുടെ മൗലികസത്ത.

തന്റെ കൃതികളുടെ സമരോന്മുഖ സഞ്ചാരത്തിൽ കാലത്തിന്റെയും ദേശത്തിന്റെയും സകലമാന പ്രമേയങ്ങളെയും പാറക്കടവ് കൃത്യമായി സന്നിവേശിപ്പിച്ചിട്ടുണ്ട്. എന്നാലും പരിശോധനാസൗകര്യത്തിനായി ആ കഥാപ്രപഞ്ചത്തെ മനുഷ്യപ്രകൃതി, പ്രണയം, സ്ത്രീ, അധിനിവേശം എന്നീ വിഷയമണ്ഡലങ്ങളായി വേർതിരിക്കാമെന്ന് തോന്നുന്നു. ഇതിൽ ഏത് വിഷയമണ്ഡലത്തിലായാലും വിധിനിശ്ചയങ്ങൾക്കെതിരെ കലാപമുയർത്തലാണ് കഥാകൃത്തിന്റെ ദൗത്യമെന്ന് അദ്ദേഹം തെളിയിച്ചുകൊണ്ടേയിരിക്കുന്നു.

## മനുഷ്യപ്രകൃതി

മനുഷ്യപ്രകൃതിക്ക് അതിന്റേതായ ദൗർബ്ബല്യതകളും പരിമിതികളുമുണ്ടെന്ന് തിരിച്ചറിയുന്നുണ്ടെങ്കിലും അതിനെ ആത്മബലത്തോടെയും ഫലിതത്തോടെയും നേരിടുകയാണ് തന്റെ കൃതികളിൽ പാറക്കടവ് ചെയ്യുന്നത്. ഉദാഹരണമായി പ്രത്യാശ എന്ന രചനയിലൂടെ സഞ്ചരിച്ചുനോക്കാം.

'അവൾ പറഞ്ഞു തല നിറയെ മുല്ലപ്പൂക്കൾ വിരിഞ്ഞല്ലോ. സാരല്യാട്ടോ. ഞാൻ ചായം തേച്ച് തരാം. കവിളൊട്ടി കണ്ണുകളുന്തി പേക്കോലമായല്ലോ. സാരല്യാട്ടോ. ഞാൻ തടിപ്പിച്ചുതരാം. നിനച്ചിരിക്കാതെ ഇതുപെട്ടെന്ന് കണ്ണുകളടഞ്ഞു പോയല്ലോ. സാരല്യാട്ടോ ഞാൻ ജീവിപ്പിച്ചു തരാം.

മനുഷ്യായുസ്സ് ഹ്രസ്വമാണെന്നും അതിനെ ജരാനരകളും മരണവും കീഴടക്കുമെന്നും അംഗീകരിക്കുമ്പോഴും പുനർജനിയാണ് കഥാകാരന്റെ



ലക്ഷ്യം. പുനർജനിക്കുള്ള ഉപാധിയോ പ്രണയിനിയുടെ നിസ്സംശയസ്നേഹവും.

വിസ എന്ന കഥയാകട്ടെ വടക്കൻ മലബാറിലെ കറുവഞ്ചേരി എന്ന ഗൾഫുകാരുടെ ഗ്രാമത്തിലെ ഒരു മരണവീടിന്റെ ചിത്രീകരണത്തോടെയാണ് തുടങ്ങുന്നത്. രാഷ്ട്രീയകാര്യങ്ങളും ഗൾഫ് വിശേഷങ്ങളും ഒച്ചയില്ലാത്ത ശബ്ദത്തിൽ ചർച്ച ചെയ്യുന്ന നാട്ടുകാർ. അന്തരീക്ഷത്തിൽ നിറയുന്ന റോത്ത്മാൻസ് സിഗരറ്റിന്റെ പുകച്ചുരുളുകൾ. പെർഫ്യൂമിന്റെ ഗന്ധം. ഖുർആനിന്റെ ഉ[illegible]ണവും ചന്ദനത്തിരിയുടെ മണവും. പള്ളിയിലേക്ക് കൊണ്ടുപോകാൻ മൃതദേഹം എടുത്തു വെക്കുന്നതിനിടയിൽ നീണ്ടുവളഞ്ഞ കാലുള്ള കുടയുമായി പോസ്റ്റ്മാൻ അവിടെയെത്തുന്നു. ഉടനെ മയ്യത്തായി കിടക്കുന്ന ആൾ എന്റെ വിസയെത്തിയോ എന്ന് ചോദിച്ചുകൊണ്ട് പിടഞ്ഞെഴുന്നേൽക്കുന്നു.

മരിച്ചാലും തീരാത്ത ജീവിതാർത്തി മരണത്തേക്കാൾ വലിയ മനുഷ്യന്റെ ദയനീയതയാണ് ഗൾഫ് സ്വപ്നത്തിലേക്കുള്ള വിസ കിട്ടിയാൽ മൃത്യുവിന്റെ പിടിയിൽനിന്ന് പോലും അവൻ കുതറിപ്പോരുമെന്ന് സൂചിപ്പിക്കുമ്പോൾ സഹതാപാർഹമായ മനുഷ്യപ്രകൃതത്തെ ഹാസ്യംകൊണ്ട് പാറക്കടവ് പ്രസന്നമാക്കുകയാണ്.

നിർവൃതി എന്ന മറ്റൊരു രചനയിൽ മരണത്തെ അദ്വൈതത്തിന്റെ ആശയപ്രപഞ്ചം കൊണ്ടാണ് കഥാകൃത്ത് നേരിടുന്നത്. കഥ ഇങ്ങനെ:–അവസാനം സമുദ്രം പുഴയോട് ചോദിച്ചു. 'നീ വന്നു അല്ലേ' പുഴ കണങ്ങിച്ചിരിക്കുമെന്നും കഥ പറയുമെന്നും കടലാശിച്ചു. പക്ഷെ പുഴയൊന്നും മിണ്ടിയില്ല. കാരണം പുഴ അപ്പോഴേക്കും സമുദ്രത്തിൽ ലയിച്ചു കഴിഞ്ഞിരുന്നു.'

തടവറ, അഹം എന്നീ പാറക്കടവിന്റെ സൃഷ്ടികളും മനുഷ്യാവസ്ഥയോടുള്ള ദാർശനികപ്രതികരണങ്ങളാണ്. എന്നാൽ അവയിലെല്ലാം അസ്തിത്വസങ്കടത്തിന് പകരം വിമോചന ത്വരയും യാഥാർത്ഥ്യബോധവുമാണ് തുടിച്ചു നിൽക്കുന്നതെന്ന് മാത്രം.

ശരീരം ഒരു തടവറയാണ്. പെരുവിരൽ മുതൽ തലയോട്ടിവരെ നീണ്ടു കിടക്കുന്ന ചലിക്കുന്ന തടവറ. ശരീരത്തിലെ രോമകൂപങ്ങളിലെ ചെറുതെ ചെറു സുഷിരങ്ങളിലൂടെ ഞാൻ തടവറ ഭേദിച്ചു പുറത്തു കടക്കാൻ ശ്രമിക്കുന്നു.

പൊക്കിൾക്കൊടി മുതൽ പള്ളിക്കാട്ടുവരെ നീളുന്ന യാത്രയിൽ തടവറയോടൊപ്പം ഞാനും സഞ്ചരിക്കുന്നു. ഏത് തടവുകാരന്റെയും കിനാവ് തടവറ തകർക്കുക എന്നതാണല്ലോ.' എന്ന് വിളംബരം ചെയ്യുന്ന കൊച്ചു കഥ ശരീരത്തിന്റെ പരിമിതികളോട് കലഹിക്കുന്ന/കലഹിക്കേണ്ട മനുഷ്യസത്തയുടെ വിമോചനസ്വപ്നമാണ് രേഖപ്പെടുത്തുന്നത്. അസ്തിത്വത്തിന്റെ ചില ദുർഘടങ്ങളെ ഒട്ടും തന്നെ നിരാശയിലേക്ക് വഴുതി വീഴാതെ യാഥാർത്ഥ്യബോധത്തോടെ സമീപിക്കുന്ന അഹം എന്ന കഥയിങ്ങനെ:–

'നടക്കുമ്പോഴും നിൽക്കുമ്പോഴും ഇരിക്കുമ്പോഴും കിടക്കുമ്പോഴും നിഴൽ മുന്നിൽ. അല്ലെങ്കിൽ പിന്നിൽ.

അയാൾക്ക് മടുത്തിരുന്നു. അയാൾ നിഴലിനോട് പറഞ്ഞു. 'ഒറ്റയാവുന്നതാണെനിക്കിഷ്ടം. ഒരു നിഴൽ പോലുമില്ലാതെ.'

നിഴൽ പറഞ്ഞു: 'നിന്റെയൊക്കെ നിഴലായ എന്നെപ്പറയണം.'

വലിയൊരു കലഹത്തിനൊടുവിൽ അയാൾക്ക് മോചനം കിട്ടി.

'നോക്കൂ. ഇപ്പോൾ നിഴലില്ല. അയാളുമില്ല.'

മനുഷ്യാസ്തിത്വത്തിന്റെ പ്രശ്നങ്ങളോട് ആധുനിക സാഹിത്യത്തിന്റേതിൽ നിന്ന് തീർത്തും വിഭിന്നമായൊരു സമീപനമാണ് പാറക്കടവ് പുലർത്തുന്നതെന്ന് മേൽപ്പറഞ്ഞ കഥകൾ സംശയലേശമന്യേ പ്രഖ്യാപിക്കുന്നുണ്ട്.

## പ്രണയം

പ്രണയം പി. കെ. പാറക്കടവിന്റെ കഥകളിലെ ബൃഹത്തായൊരു പ്രമേയ മണ്ഡലമാണ്. ഉദാത്തമായ മനോവികാരമായി പ്രണയത്തെ മുൻകൂർ വരിച്ച് അതിന്റെ സർവ്വവിധ അപചയ–പരാധീനതകളോടുള്ള പോരാട്ടങ്ങളായാണ് ഈ ഗണത്തിൽപ്പെടുന്ന മിക്ക കഥകളും പ്ര



**വാൻഗോഗ് കാതറുത്ത് അവൾക്ക് നൽകി. എന്നിട്ട് ചോരയിറ്റുന്ന ആ കത്തികൊണ്ടു തന്നെ അവളുടെ തലയറുത്ത് നടന്നു മറഞ്ഞു. തല പോയ പെണ്ണ് കഴുത്തിലെ താലി ആ കഴുത്തിലായിപ്പോയല്ലോ എന്ന് ദുഃഖിക്കുന്നു. ഇത് പ്രണയത്തിന്റെ തലവിധി**

ത്യക്ഷപ്പെടുന്നത്. ജീർണ്ണമാകുന്ന പ്രണയം, ഉന്മാദപ്പെടുന്ന പ്രണയം, ഗതികെടുന്ന പ്രണയം എല്ലാം ഇവിടെ വരിവരിയായി ഹാജർ പറയുന്നു.

പ്രണയത്തിന്റെ തലവിധി എന്ന കഥയുടെ ഗതി കാണുക:- 'വാൻഗോഗ് കാതറുത്ത് അവൾക്ക് നൽകി. എന്നിട്ട് ചോരയിറ്റുന്ന ആ കത്തികൊണ്ടു തന്നെ അവളുടെ തലയറുത്ത് നടന്നുമറഞ്ഞു. തല പോയ പെണ്ണ് കഴുത്തിലെ താലി ആ കഴുത്തിലായിപ്പോയല്ലോ എന്ന് ദുഃഖിക്കുന്നു. ഇത് പ്രണയത്തിന്റെ തലവിധി.

തല പോയാലും താലിസ്വർണ്ണം തിരയുന്ന സ്ത്രീകളുടെ കാലത്ത് വാൻഗോഗിന്റെ പ്രണയോന്മാദം, എത്ര ഹിസാത്മകമാകുമെന്നാണ് മേൽപ്പറഞ്ഞ കുറുങ്കഥ സൂചിപ്പിക്കുന്നത്.

'ഒരു ബോംബ് സ്ഫോടനത്തിന്റെ വെളിച്ചത്തിലാണ് ഞാൻ നിന്റെ മുഖം ആദ്യമായി കാണുന്നത്. സ്ഫോടനത്തിന്റെ ശബ്ദത്തിലാണ് ഞെട്ടിത്തെറിച്ച് നാം പരസ്പരം കെട്ടിപ്പിടിക്കുന്നത്. ശബ്ദവും വെളിച്ചവും നമ്മെ തേടിയെത്തിയപ്പോഴാണ് നമ്മൾ ഒന്നായി കിടന്നുരുണ്ട് പ്രണയത്തിൻ തീവ്രതയിൽ പൊട്ടിച്ചിതറി ഇല്ലാതാകുന്നത്."

'പ്രണയകഥ'യെന്ന് നാമകരണം ചെയ്തിരിക്കുന്ന ഇക്കഥയാകട്ടെ മൃദുലമായൊരു മാനുഷിക വികാരത്തിന് പുലരാൻ കിട്ടിയിരിക്കുന്ന നിഷ്ഠുരലോകത്തെ അതിനിഷ്ഠുരമായ ഹാസ്യത്തോടെ അവതരിപ്പിക്കുന്നു.

ഇതേപോലെതന്നെ ക്രൗര്യവും ഹിംസയും പ്രണയത്തെ പുനർനിർവചിക്കുന്ന രചനയാണ് ഒന്നും ഒന്നും ഒന്ന് – ആ കഥയിൽ തിരിയിട്ട് പ്രണയിനിക്ക് തീ കൊളുത്തുമ്പോൾ കാമുകൻ ഇങ്ങനെ പറയുന്നു. 'കത്തുമ്പോൾ മാത്രമാണ് നീ പ്രകാശം പരത്തുന്നത്. ഒടുവിൽ അവൾ ചാരമായപ്പോൾ അവൻ മൊഴിയുന്നു. പ്രണയത്തിന്റെ അറയിൽ രണ്ടുപേർക്കിടമില്ല. നീ ഇല്ലാതായി നമ്മളൊന്നായി ചേർന്നിരിക്കുകയാണ്.'

ഓഷോയെപ്പോലും കിടുക്കിക്കളയുന്ന അഹത്തിന്റെ (സ്ത്രീയുടെ അഹത്തിന്റെ) ഉന്മൂലനം കലികാലത്തിന്റെ പ്രണയസായൂജ്യം തന്നെ!

ഏത് പ്രണയബന്ധത്തിലും പതുങ്ങിയിരിക്കുന്ന പുരുഷാധിപത്യത്തിന്റെ ദ്രംഷ്ടകളെ പുറത്തുകൊണ്ടുവരുന്നതാണ് ചുവപ്പ് ഒരു നിറമല്ല എന്ന രചന. ആ കഥയിൽ അവൻ അവൾക്കൊരു പൂവ് സമ്മാനിക്കുകയാണ്. അവൻ പറയുന്നു:- ഇപ്പോൾ നീയേത് പൂവേത് എന്ന് തിരിച്ചറിയാൻ വയ്യ. അവൾ ഒന്നും ഉരിയാടുന്നില്ല. പകരം എന്തോ പ്രതികാരം പോലെ പൂവിന്റെ ഇതളുകൾ നുള്ളി എറിയാൻ തുടങ്ങുന്നു. പൊടുന്നനെ ഇതളുകൾക്കുള്ളിൽ നിന്ന് ഒരു കാട്ടുമൃഗം പ്രത്യക്ഷപ്പെടുകയും അവളെ മാന്തിക്കീറുകയും ചെയ്യുന്നു. ചോരയിറ്റി വീണ് പൂവിനിപ്പോൾ കടും ചുവപ്പുനിറം കൈവരുന്നു.

## സ്ത്രീ

ദാമ്പത്യത്തിന് അകത്തും പുറത്തുമുള്ള സ്ത്രീയെ കാരുണ്യ വിസ്ഫോടനത്തോടെ പരിചരിക്കുന്ന രചനകളാണ് പാറക്കടവിന്റെ മിനിക്കഥാ പ്രപഞ്ചത്തിലെ മറ്റൊരു പ്രബലപ്രമേയം. എങ്ങനെ പുരുഷാധിപത്യവ്യവസ്ഥിതി സ്നേഹപൂർവ്വം സ്ത്രീയെ ചങ്ങലക്കിടുന്നു എന്ന് പാദസരം എന്ന കഥയിൽ ഇങ്ങനെ വായിക്കാം:-

'വിവാഹസമയത്ത് രക്ഷിതാക്കൾ പെണ്ണിന് കൊടുത്തത് നൂറുപവൻ. കഴുത്തിലും കാതിലും അരയിലും നിറയെ ആഭരണങ്ങൾ. അവരൊന്ന് മറന്നുപോയിരുന്നു. പാദസരം. നഗ്നമായ കാൽത്തണ്ടുകൾ നോക്കി വരൻ ചോദിച്ചു. 'കാലിലിടാൻ ഒന്നും തന്നില്ലേ? നാണത്തിൽ വിരിഞ്ഞ ചിരിയോടെ അവൾ ഓതി: 'ഇല്ല.' അയാൾ പറഞ്ഞു. 'സാരമില്ല'. എന്നിട്ട് കരുതിവെച്ച വലിയ ചങ്ങലയിട്ട് അവളെ തളച്ചു. പെണ്ണായാൽ സർവ്വാഭരണവിഭൂഷിതയായിരിക്കണമല്ലോ.'

വീട്ടിനകത്ത് സ്ത്രീ ബന്ധിതയാണെങ്കിൽ വീട്ടിന് പുറത്ത് അവൾ അരക്ഷിതയുമാണെന്ന് യാത്ര എന്ന കഥ സരസമായി ആവിഷ്കരിക്കുന്നത് നോക്കൂ:

'വീട്ടിൽ വന്ന് കയറിയപ്പോൾ അവൾക്ക് കൈകളില്ല. കാലുകളും കണ്ണും മൂക്കും ഉടലും ഒന്നുമില്ല. അവൾ പറഞ്ഞു– യാത്രയിലായിരുന്നു.'

ആർഭാട വിവാഹങ്ങളിലൂടെ വേൾക്കുന്ന നവവധുവിന്റെ ചിത്രം പുരുഷന്റെ വാക്കുകളിലൂടെ തന്നെയാണ് പൊന്ന് എന്ന കഥയിൽ കഥാകൃത്ത് ആവിഷ്കരിച്ചിരിക്കുന്നത്. കേൾക്കുക:

'എനിക്ക് പൊന്നുപോലെ ഇഷ്ടമാണവളെ കുറേ സ്വർണ്ണത്തോടൊപ്പമാണ് അവളുടെ അച്ഛൻ എനിക്ക് അവളെ നൽകിയത്. ഞാനവളെ പൊന്നേയെന്നും എന്റെ തങ്കക്കുടമേയെന്നും വിളിച്ചു. കുറേ കഴിഞ്ഞപ്പോഴാണ് എനിക്ക് സംശയം വന്നത്. ഇവൾക്ക് എത്ര

കാരറ്റ്.

അങ്ങനെയാണ് ഞാനവളെ ഉരുക്കി മറ്റൊരാളായി പണിയാൻ തീരുമാനിച്ചത്. (അല്ലാതെ നിങ്ങൾ പറയും പോലെ വേറൊരുത്തിയെ കല്യാണം കഴിക്കാനൊന്നുമല്ല)

ആളിപ്പടരുന്ന തീജ്വാലയിൽ കിടന്ന് ഉരുകം നേരം അവൾ വിളിച്ചുപറഞ്ഞു: 'തൊള്ളായിരത്തി പതിനാറിന്റെ പരിശുദ്ധി'. തിനാളങ്ങൾക്കും സ്വർണ്ണ വർണ്ണമായിരുന്നു. ബാഹ്യാലങ്കാരങ്ങളിൽ മുക്കിപ്പൊരിക്കുമ്പോഴും സ്ത്രീയുടെ മനസ്സ് പുരുഷസമൂഹം അറിയുന്നില്ലെന്നും, അതെങ്ങാനും അറിയുന്ന പക്ഷം അവൻ ചുട്ടുപൊള്ളുമെന്നുമുള്ള ആശയമാണ് ആദ്യരാത്രി എന്ന രചനയിൽ ആവിഷ്ക്കരിക്കപ്പെടുന്നത്. സിനിമയിലും മറ്റും കാണുന്നപോലെയുള്ള മണിയറയാണ് ആഖ്യാനത്തിന്റെ ആദ്യപാദം. പിന്നെ മുല്ലപ്പൂവിന്റെ ഗന്ധം. സുന്ദരനും സുന്ദരിയുമായ വരനും വധുവും. മണിയറയുടെ കതകടയുന്നു. ഇനി മനസ്സിന്റെ കതകുകളാണ് തുറക്കേണ്ടത്. നാണത്തിന്റെ ഒരു പൂക്കുലയുമായി മെത്തയിൽ ഇരിക്കുന്ന അവളുടെ തുടുത്ത കവിളിൽ വിരലുകൾ നീട്ടി ഒന്നു തൊടുന്നതിന് പകരം അയാൾ അവളുടെ മനസ്സ് തൊടുന്നു. വിരലഞ്ചും പൊള്ളി. കൈ മുഴുവൻ പൊള്ളി. ദേഹമാസകലം പൊള്ളി. നവവരൻ ഇപ്പോൾ ആശുപത്രിയിൽ അത്യാസന്ന നിലയിലാണ്. അറിഞ്ഞാൽ പൊള്ളിപ്പോകുംവിധം അന്യമാണ് പുരുഷന് സ്ത്രീയുടെ മനസ്സെന്നതിന്റെ മറ്റൊരു പരാവർത്തനമാണ് അവളിൽനിന്ന് അവനിലേക്കുള്ള അകലമായി പെറ്റെഴുത്ത് എന്ന കഥയിൽ പ്രത്യക്ഷപ്പെടുന്നത്. 'അടുപ്പിലെ വേവുന്ന ചെമ്പിൽ കിടന്ന് അവൾ വിളിച്ചു പറയുന്നു– ഞാൻ കഥയെഴുതുകയാണ്. ഭർത്താവും മക്കളും തീൻമേശയിൽ കാത്തിരിക്കുന്നു. തീൻ മേശയിൽ നിന്ന് അടുക്കളയിലേക്ക് ഭൂമിയിൽനിന്ന് ചൊവ്വയിലേക്കുള്ളതി നേക്കാൾ ദൂരവുമുണ്ട്.' പാറക്കടവ് കഥകളിലെ സ്ത്രീപ്രമേയങ്ങളുടെ ആവിഷ്ക്കാരമെന്ന് പറഞ്ഞാൽ പുരുഷലോകത്തിന്റെ കുറ്റവിചാരണ തന്നെയാണ്. സ്ത്രീയുടെ വേദനകളും വിഷമതകളും ഉപ്പുരസത്തിൽ രുചിപ്പിക്കുന്നതിന് പകരം അവ ദൂരീകരിക്കാനുള്ള വിമ്മിഷ്ടമാണ് ഈ രചനകൾ വായനക്കാരിൽ സൃഷ്ടിക്കുക.

## അധിനിവേശം

കുറുങ്കഥാകാരന്റെ അധിനിവേശസംബന്ധമായ സൃഷ്ടികളിൽ സാമ്രാജ്യത്വത്തിന്റെയും കച്ചവടത്തിന്റെയും കപടതയുടെയും കടന്നേറ്റ പ്രശ്നങ്ങൾ നമുക്ക് കണ്ടെടുക്കാം. കേരളം എന്ന കഥയിൽ ശങ്കരൻ വീണ്ടും തെങ്ങിന്മേൽ കയറി, രണ്ട് പെപ്സി, ഒരു സെവൻ അപ്, മൂന്ന് കൊക്കോ കോള ഇത്രയും താഴേക്കെറിഞ്ഞു എന്ന് പരിഹസിച്ചു കൊണ്ടും അമേരിക്ക എന്ന കഥയിൽ ചോര കുടിച്ചു പോകാൻ നേരം കൊതുക് മൂളിയ പാട്ടിന്റെ വില ഡോളറിൽ ആവശ്യപ്പെടുന്നത് ചിത്രീകരിച്ചു കൊണ്ടും സാമ്രാജ്യത്വാധിനിവേശത്തിന്റെ സ്വഭാവം ഉന്മൂലനം ചെയ്യുന്നു. പുഴയും മഴയും വിൽക്കുന്ന വിൽപ്പന എന്ന രചനയും ശ്വസിച്ച വായുവിന് ബില്ല് നൽകുന്ന വരദാനം എന്ന സൃഷ്ടിയും കച്ചവടധിനിവേശത്തിന്റെ നിദർശനങ്ങളാണ്. ഇനി ഇന്നത്തെ സംസ്കാരത്തെ അടക്കിവാഴുന്ന കപടതകളെ തരിപ്പണമാക്കുന്ന അഗ്നി എന്ന കഥ കാണുക: 'അക്ഷരം അഗ്നിയാണ്. നാട്ടിൻപുറത്തെ നടന്നു നീങ്ങുന്ന ഒരു എല്ലിൻ കൂടിനോ





ട് ഞാൻ പറഞ്ഞു. അയാൾ ബീഡി നീട്ടിപ്പറഞ്ഞു. നിന്റെ അച്ചരം കൊണ്ട് ഇതൊന്ന് കത്തിക്ക്. ഞാൻ നോക്കി നിൽക്കേ അയാൾ സ്വന്തം കണ്ണിൽനിന്ന് ബീഡി കത്തിച്ചുവലിച്ചു. പിന്നെ ഒന്നും മിണ്ടാതെ നടന്ന നീങ്ങി.'

വിവിധ പ്രമേയങ്ങളെ ആവിഷ്കരിക്കുന്ന പാറക്കടവ് സൃഷ്ടികളിൽ അവയുടെ വിമർശന കർക്കശതക്കൊപ്പം പ്രതിഷേധത്തിന്റെയും കത്തിയൊഴുക്കിൽ ഹൃദയവേദനകൾ പരിഗണിക്കാതെ പോകുന്നില്ല എന്നതിന് സദ്യ എന്ന ഒരൊറ്റക്കഥയുടെ ഉദാഹരണം ധാരാളമായിരിക്കും. വയറ് പപ്പ് പപ്പ് കഷ്ടപ്പെടുന്ന കുട്ടി ഉപ്പ മരിച്ച അടിയന്തിരത്തിന് പള്ള നിറച്ച് നെയ്ച്ചോറ് കിട്ടിയപ്പോൾ വീണ്ടും അങ്ങനെയൊരു തീറ്റ മോഹിച്ച് ഉമ്മ ങ്ങള് ഇനി എന്നാ മരിക്യാ എന്ന് ചോദിച്ച് പോകുന്ന രംഗം ആരുടേയും കരളലിയിക്കുന്നതാണ്. അതുകൊണ്ടാണ് സദ്യയെന്ന രചന വായിച്ച് ഇതൊക്കെയാണ് കഥ, എന്തിന് മഹാഭാരതം എഴുതിക്കൂട്ടണമെന്ന് മുണ്ടൂർ കൃഷ്ണൻകുട്ടി വർഷങ്ങൾക്ക് മുമ്പ് ചോദിച്ചത്. പാറക്കടവിന്റെ പുസ്തകങ്ങൾ വായിക്കുമ്പോഴുള്ള അനുഭവം താളുകളിൽ നിന്ന് സൃഷ്ടികൾ ഒരുമ്പെട്ടിറങ്ങി പുറത്തേക്ക് പോകുന്നു എന്ന പ്രതീതിയാണ്. വീടുകളിലേക്കും പണിയിടങ്ങളിലേക്കും തീവണ്ടികളിലേക്കും ചന്തകളിലേക്കും സ്കൂളുകളിലേക്കും മറ്റുമാണ് അവ പോയിക്കൊണ്ടിരിക്കുന്നത്. എഴുത്ത് പ്രവർത്തിയാകുന്ന ആ പ്രതിഭാസത്തിന്റെ പ്രത്യാഘാതങ്ങൾ പിന്നീട് സമൂഹത്തിൽ കാണാം. അധിനിവേശതന്ത്രക്കാരുടെ അന്തഃപുരങ്ങളിൽ ചില കഴിബോംബുകൾ പൊട്ടലായി. ഭർത്താക്കന്മാരുടെ തോന്ന്യാസങ്ങൾക്കെതിരെ ഭാര്യമാരുടെ പ്രതിഷേധങ്ങളായി. പൊന്നിന് ഞാനെന്നെ വിൽക്കാൻ തയ്യാറല്ലാ എന്ന ആൺമക്കളുടെ ചീറിച്ചകളായി. വല്ലാത്ത കളികളിൽ കപടനാട്യക്കാരുടെ മുഖംമൂടി പൊഴിഞ്ഞുവീഴലായി. ഓട്ടപ്പാച്ചിലുകൾക്കിടയിലും പാവപ്പെട്ടവനെ പ്രതി നമ്മുടെ കണ്ണുകളിൽ വെള്ളമൂറലായി. എല്ലാമെല്ലാം....



മുണ്ടൂർ കൃഷ്ണൻകുട്ടി



# ഒരിക്കലുപേക്ഷിച്ചത്

**മ്യൂസ്മേരി**
യു.സി. കോളേജ്, ആലുവ





ചിത്രം: ധനരാജ് കീഴറ

ഒരിക്കലുപേക്ഷിച്ച
നാടിനെ കാണാനതിന്റെ
നാഥൻ തിരികെയെത്തുമെന്നത്
പ്രിയതരമേതോ ജീവിതം
കളഞ്ഞുപോയ പാവം
മനുഷ്യരുപേക്ഷിച്ച സ്വപ്നമല്ലയോ
ഒരിക്കലണച്ചുപിടിക്കുമീ
കൈയ്യുകൾ വിടർത്തിയകലേക്കു
പോകാത്തവരാരുലകിൽ
മുറിഞ്ഞ മണ്ണിര പിടഞ്ഞു
വളരുന്നപോലെത്ര തവണ
മുറിഞ്ഞുമാറിയ അടുപ്പങ്ങളിൽ
നിന്ന് പിടഞ്ഞുനീർന്നു നടക്കുന്നു നാം
പിന്നെയും വളരുന്ന നടപ്പാത
ഇങ്ങനെയൊരു തിരിച്ചുവരവിന്റെ
സ്വപ്നം പകരുന്നു തിരുവോണം
ഒരുമയൊരാൾപ്പൊക്ക
ത്തിലൊപ്പം നടക്കുന്ന നിഴലി
ലാണെന്നു നിനച്ചു വീണ്ടും
സമതയെന്ന മന്ത്രം ജപിച്ച്
അതിവിദൂരമേതോ നാളിൽ
നിന്നൊരുടയോൻ ഉയിർക്കു
മെന്ന വിഭ്രമം പകരുന്ന
നാളിതു തിരുവോണമല്ലയോ


# നിഴൽ ജീവിതത്തോട് പറയുന്നത്


ഞങ്ങൾ യാത്ര തുടങ്ങുമ്പോൾ നഗരം ചൂട് പിടിച്ചുവരുന്നതേ ഉണ്ടായിരുന്നുള്ളൂ. ചരിത്രത്തിന്റെ ആലസ്യവുമായി നിരത്തുകൾ വിളറികിടക്കുന്നത് കാറിന്റെ സൈഡ് ഗ്ലാസിലൂടെ ഞാൻ നോക്കിയിരുന്നു. നഗരങ്ങൾ ക്രമാനുഗതമായിട്ടല്ല വളരുന്നത്. ചില ഇടങ്ങൾ പെട്ടെന്നും, ചിലയിടങ്ങൾ മുരടിച്ചും വളരുന്നതിനാൽ യൗവനത്തിൽ തന്നെ അവ വികൃതമാക്കപ്പെടുന്നു എന്നു ഞാൻ ഓർത്തു. പിന്നിലേക്കു പായുന്ന പുളി മരങ്ങളും, വേപ്പും, ഞാവൽ മരങ്ങളും ചൂട് പിടിച്ച നഗരഹൃദയത്തിലേയ്ക്കു കുളിർക്കാറ്റു വീശാൻ പാകത്തിൽ നിന്നു.

കാറിൽ എന്നെ കൂടാതെ ഡോളി ബിസ്വാസ് എന്ന ഫോട്ടോഗ്രാഫറും, രോഹിണി അഗർവാൾ എന്ന റിപ്പോർട്ടറുമാണ് ഉണ്ടായിരുന്നത്. ഒരാൾ ബ്രഹ്മപുത്രയുടെ തീരത്തുനിന്നും, മറ്റയാൾ ദൂഷിച്ചു തുടങ്ങിയ യമുനയുടെ തീരത്തുനിന്നും ഉള്ളവർ. ഞാനാകട്ടെ പമ്പയുടെ വിശുദ്ധമായ തീരങ്ങളിലെ കാറ്റു നുണഞ്ഞവൻ. ഇരുപതുവർഷമായി പമ്പാനദി കണ്ടിട്ടില്ലെങ്കിലും, ഓർമ്മയുടെ തണലും, ആഹ്ളാദവുമായി എന്റെ ഹൃദയത്തിലൂടെ അതിപ്പോഴും ഒഴുകുന്നുണ്ട്. ഇങ്ങനെ നദിയുടെ ആദിമമായ സൗഹൃദം കൊണ്ടാവാം എന്റെ പ്രധാന അസൈൻമെന്റുകളിലൊക്കെ ഡോളിയും, രോഹിണിയും പങ്കുചേരും. ദില്ലി-ആഗ്ര ഹൈവേയുടെ ധാരാളിത്തം പിന്നിട്ട് കാർ ഹരിയാനയിലെ സംസ്ഥാന ഹൈവേയിലേക്കു കയറി. ഒപ്പം പൊടി നിറഞ്ഞ ചൂട് കാറ്റും. ഹരിയാനയിലെ പൽവൽ ജില്ലയിൽ ഏതോ വിദേശകമ്പനിക്കു അനുവദിച്ച ഐ. ടി. പാർക്കിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട സ്വാമിക എന്ന ഗ്രാമത്തിലെ ഗ്രാമീണരുടെ വേദനയെക്കുറിച്ചൊരു ഞായർ ഫീച്ചറായിരുന്നു ഞങ്ങളുടെ യാത്രയുടെ ലക്ഷ്യം. ഷെഡ്യൂൾ അനുസരിച്ച് മെയ് മാസത്തിലെ രണ്ടാം ഞായറാഴ്ച മൾട്ടികളറിൽ ഗ്രാമീണവേദന തിളങ്ങണം. അതായിരുന്നു ഫീച്ചർ എഡിറ്ററുടെ നിർദ്ദേശം.

ദില്ലിയിൽനിന്നു യാത്ര തുടങ്ങിയിട്ട് ഒന്നരമണിക്കൂർ. ഈ നേരമത്രയും സംസാരിച്ചുകൊണ്ടിരുന്നവൾ രോഹിണി അഗർവാൾ. അവൾ അങ്ങനെയാണ്. ഒരു ഇംഗ്ലീഷ് ഹൊറർ ചിത്രം പോലെയാണ് ജീവിതവും പ്രവർത്തികളും. അതവൾ ഉച്ചത്തിൽ

ഐസക് ഈപ്പൻ





വിളിച്ചു പറയും. കണ്ട കാലം മുതൽ എന്നോട് എന്തോ ഒരു പ്രത്യേകത ഉള്ളതിനാലാവാം, ഞാൻ അടുത്തുണ്ടെങ്കിൽ ഒരു ഷാർപ്പ് ഷൂട്ടറെ പോലെ സംസാരിക്കും. വെറുതെ ഒരു മൂളൽ, ചെറുചിരി, ചില സന്ദേഹചിഹ്നങ്ങൾ........ ഇങ്ങനെ പ്രതികരണത്തിന്റെ ഒരു അന്തരീക്ഷം നാം കാത്തു സൂക്ഷിച്ചാൽ മതി, രോഹിണി സംസാരിച്ചുകൊണ്ടിരുന്നുകൊള്ളും.

യാത്രയിലുടനീളം അവൾ പറഞ്ഞത് അവൾ വെറുക്കുന്ന അവളുടെ ഭർത്താവിനെക്കുറിച്ചായിരുന്നു. അയാളുടെ എപ്പോഴും പൊളിഞ്ഞുപോകുന്ന ഗാർമെന്റ് ബിസിനസ്സ്. അതിന്റെ കാരണവും അവൾക്കറിയാം ഇടയ്ക്കിടെ ബിസിനസ്സിനെ ഇടവഴിയിൽ അലയാൻ വിട്ടിട്ട് അയാൾ തിയറ്റർ ആർട്ടിസ്റ്റാകാൻ പോകും. അയാൾ നല്ല അഭിനേതാവായിരുന്നു. ഒന്നു രണ്ടു തവണ സഞ്ജയ് അഗർവാളെന്ന അയാളുടെ പെർഫോർമൻസ് ഞാൻ കണ്ടിട്ടുണ്ട്. ഒന്ന് കാലിഗുല എന്ന നാടകത്തിന്റെ ഹിന്ദി ആവിഷ്കാരമായിരുന്നു. മറ്റൊന്ന് ഒഥല്ലോ. അതിൽ അതിമനോഹരമായിരുന്നു അയാളുടെ ഒഥല്ലോ വേഷം. രണ്ടും കണ്ടത് ഇന്ദിരാ ഗാന്ധി ആർട്ട് ഗാലറിയുടെ ആഡിറ്റോറിയത്തിൽവെച്ച്.

പത്രത്തിൽ ട്രയിനിയായി ചേർന്നപ്പോൾ ആർട്സ് പേജിനുവേണ്ടി നാടകം റിപ്പോർട്ട് ചെയ്യാൻ പോയപ്പോഴാണ് രോഹിണി അയാളെ പരിചയപ്പെടുന്നത്. അയാളെക്കുറിച്ചുള്ള അവളുടെ റിപ്പോർട്ടുകൾ മനോഹരമായിരുന്നു. ജോലി സ്ഥിരപ്പെടാൻ ആ ഹൃദയത്തിന്റെ ഭാഷ അവളെ സഹായിച്ചു. അന്നൊക്കെ അവൾ അയാളുടെ ഗുണങ്ങളെക്കുറിച്ചും, നാടകത്തെ കുറിച്ചുമായിരുന്നു വാചാലയായത്. ഒടുവിൽ ദില്ലി മഴയിൽ നനഞ്ഞുനിന്ന ഒരു തിങ്കളാഴ്ച, എന്നെയും എഡിറ്റോറിയൽ ഡസ്കിലെ തമിഴനായ വേൽമുരുകനേയും സാക്ഷി നിർത്തി രോഹിണി സഞ്ജയ് അഗർവാളിന്റെ മണവാട്ടിയായി. നിയമത്തിന്റെ അനുവാദമില്ലാത്ത വെറുമൊരു അനൗദ്യോഗികച്ചടങ്ങ്. ധാരിയാഗഞ്ചിലെ ഒരു പഴയ കെട്ടിടത്തിൽ അവർ ജീവിതം ആരംഭിച്ചപ്പോൾ ഞങ്ങൾ സന്തോഷിച്ചു. വിവാഹസമ്മാനമെന്നപോലെ മാനേജ്മെന്റ് അവളുടെ ജോലി സ്ഥിര

പ്പെടുത്തി. എന്റെ ജൂനിയറായ സിറ്റി റിപ്പോർട്ടറാക്കി കൊടുത്തു. സഞ്ജയ് ആകട്ടെ നാടകം കൊണ്ട് ദില്ലിപോലൊരു നഗരത്തിൽ ജീവിക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കി ഗാർമെന്റ് കച്ചവടത്തിലേയ്ക്ക് തിരിഞ്ഞു. ശുഭപര്യവസായി ആകേണ്ട കഥ. പക്ഷേ ദില്ലിയിലെ ഋതുഭേദങ്ങളുടെ കഠിനതപോലെ ചൂടിലും തണുപ്പിലും അവർ ഉലയുകയായിരുന്നു എന്നറിഞ്ഞപ്പോൾ വിഷമം തോന്നി.

കാർ യാത്രയിൽ ഹൃദയചിന്തകൾക്ക് സ്പർശനീയത അനുഭവപ്പെടുന്നു. ഞങ്ങൾ സ്വാമികയുടെ നൈസർഗ്ഗികമായ ഗോതമ്പു വയലുകൾക്കു നടുവിലൂടെ യാത്രചെയ്യാൻ തുടങ്ങിയിരുന്നു. കാഴ്ചയുടെ അതിരുകൾക്കപ്പുറത്തോളം നീളുന്ന വയലിന്റെ വന്യത. പച്ചപ്പ്.. ഗോതമ്പു ചെടികളുടെ പൊൻ തലപ്പുകൾക്കു മീതെക്കൂടി പ്രതിഷേധത്തിന്റെയും. സങ്കടങ്ങളുടേതുമായ ഒരു ഗ്രാമം തെളിഞ്ഞു വരുന്നുണ്ടായിരുന്നു. സ്വാമികാഗ്രാമത്തിന്റെ തുടക്കമായിരുന്നു.

രോഹിണിയാവട്ടെ അപ്പോഴും ഭർത്താവിനെ ഭത്സിച്ചുകൊണ്ടിരുന്നു. അയാൾ ജീവിതത്തെ ഗൗരവമായി കാണാത്തവനും, ഭാര്യയെ സ്നേഹിക്കാത്തവനുമാണെന്നു തിരിച്ചറിഞ്ഞതായി പറഞ്ഞു. നാടകത്തിന്റെയും ബിസിനസ്സിന്റെയും തുലാസിൽ എപ്പോഴും തൂക്കക്കൂടുതൽ നാടകത്തിനായിരുന്നു. അവളെ അയാൾ അംഗീകരിക്കുന്നില്ല. അയാളുടെ മദ്യപാനം അവളെ വിഷമിപ്പിക്കുന്നില്ല. പക്ഷേ, കാശുണ്ടാക്കാൻ അറിയാത്ത അയാളുടെ നിർഗ്ഗുണസ്വഭാവം അവൾ വെറുക്കുന്നു. ഒപ്പം അവളെ മനസ്സിലാക്കാത്ത അവസ്ഥയും . ഇങ്ങനെ പരാതിയുടെ പട്ടികയുമായി രോഹിണി വാചാലയായി. കേൾക്കാൻ താല്പര്യം ഇല്ലാതിരുന്നിട്ടും ഞാനും, ഡോളി ബിസ്വാസും വെറുതെ എല്ലാം കേട്ടിരുന്നു.

ഒടുവിൽ അവൾ പറഞ്ഞു "ഞങ്ങൾ പിരിയുകയാണ് സർ. നിയമപ്രകാരമുള്ള വിവാഹമല്ലാത്തതിനാൽ പിരിയാൻ എളുപ്പമാണ്....."

ഞാൻ മുൻസീറ്റിൽനിന്ന് തിരിഞ്ഞ് രോഹിണിയെ അപ്പോഴൊന്ന് നോക്കി. വിവാഹം കഴിഞ്ഞിട്ട് ഒരു വർഷമാകുന്നതിനുമുമ്പ് ജീവിതത്തെ ലാഘവത്തോടെ തള്ളിപ്പറയുന്ന ആധുനികതയുടെ മുഖം. "എന്റെ സ്വാതന്ത്ര്യങ്ങളുടെമേലുള്ള ഒരു കുതിരകയറ്റവും ഞാൻ അംഗീകരിക്കില്ല...." അവൾ വീണ്ടും പറയുകയാണ്.

പെട്ടെന്ന് ഉപേക്ഷിക്കാൻ പറ്റുന്നതാണോ കുടുംബജീവിതം. ഭർത്താവ്, ഭാര്യ എന്നൊക്കെയുള്ള പദങ്ങൾക്ക് ജീവിതത്തിനപ്പുറവും അർത്ഥങ്ങളുണ്ട് കുട്ടി എന്നൊരു ഉപദേശത്തിന്റെ തൊണ്ടപ്പുറവാചകം എന്നിൽ തികട്ടി വന്നെങ്കിലും ഞാൻ പറഞ്ഞില്ല. ഉപദേശം ചിലപ്പോൾ ഭീകരമായ അരസികത്വം ഉണ്ടാക്കും എന്നതിനാൽ ഞാൻ വെറുതെയിരുന്നു. കാർ വേഗത കുറഞ്ഞായിരുന്നു ഓടിയിരുന്നത്. ഇടിഞ്ഞുപൊളിഞ്ഞ വീടുകൾ ക്ഷിതവശവും ഓലയും, പുല്ലുംകൊണ്ടു മേഞ്ഞ കൂരകൾ. എരുമയുടെയും ചാണകത്തിന്റെയും അസ്വാഭാവിക ഗന്ധം. വഴിയുടെ വശങ്ങളിലായി കോർത്തിട്ടിരിക്കുന്ന ഫ്ളക്സ് ബോർഡുകളിൽ ഗ്രാമത്തിന്റെ പ്രതിഷേധം അലയടിച്ചു.

പെട്ടെന്ന് ഡോളി ബിസ്വാസ് തന്റെ പുതിയ സൂം ക്യാമറയുമായി ചാടിയിറങ്ങി. വിശാലമായ ഗോതമ്പു പാടത്തിന്റെ സ്വർണ്ണ ഭംഗി. നടുവിലൂടെ നാണിച്ച് ഒഴുകുന്ന അരുവി.. വയൽ വരമ്പിൽ കാത്തുനിന്ന മുന്നാല് വെള്ളകൊറ്റികളുടെ ക്ഷമ, അരുവിയിൽ മുങ്ങിപൊങ്ങുന്ന നീർകാക്കയുടെ ആഹ്ലാദം.. ഈ കാഴ്ചയിലാണ് ഡോളിയുടെ ക്യാമറ വീണുപോയത്. ദാഹാർത്തയായ അയാളുടെ ക്യാമറ നിറചിരിയോടെ കാഴ്ചയുടെ ആ വിരുന്നിനെ ഹൃദയത്തിലേയ്ക്ക് ചേർത്തു പകർത്തി..

അവിടവിടെയായി തലപൊന്തിനിന്ന കോട്ടാർ എന്ന ധാന്യപ്പുരകളെ നോക്കി ഡോളി വാചാലനായതോടെ രോഹിണി അസ്വസ്ഥതയോടെ മൊഴിയുന്നു.

"സർ ഫീച്ചറിനു വേണ്ടതൊക്കെ എടുത്തിട്ട് വേഗം പോകണം. ഇന്നെനിക്ക് വക്കീലിനെ കണ്ട് ഡൈവോഴ്സ് കേസിനെക്കുറിച്ച് ചർച്ചചെയ്യാനുണ്ട്".

എന്തിന് നിങ്ങൾ നിയമപ്രകാരം വിവാഹിതരല്ലല്ലോ. എന്ന തെല്ല ദേഷ്യത്തോടെ ഞാൻ തിരക്കി "അതെ, അതെ.. പക്ഷെ പിന്നീട് അയാൾ വല്ല പൊല്ലാപ്പും ഉണ്ടാക്കിയാലോ എന്ന പേടി.."

ഈശ്വരാ ! പ്രണയം എവിടെയാണ് തുടങ്ങുന്നത്. എവിടെയാണ് അവസാനിക്കുന്നത് ആർക്കറിയാം ?

അപ്പോഴേക്കും ഡോളി ബിസ്വാസിനൊപ്പം ഞങ്ങളും കാറിൽ നിന്നിറങ്ങി നടന്നു കഴിഞ്ഞിരുന്നു. ഏകദേശം പത്തു നിമിഷങ്ങൾക്കകം നിർവ്വിഘ്ന

ഐ. ടി പാർക്കിന്റെ സ്ഥലത്തു ഞങ്ങൾ എത്തി. കൃഷിയില്ലാത്ത അനാഥത്വത്തിൽ കിടന്ന ഒരു വയലായിരുന്നു അത്. കണ്ണുകളുടെ കാഴ്ചയ്ക്കുപ്പുറത്തേക്ക് നീളുന്ന വന്യത. ചുറ്റിനും ഓലയും, പുല്ലും മേഞ്ഞ കുടിലുകൾ. അവിടവിടെയായി മേയുന്ന എരുമകൾ.


എത്രയോ വർഷങ്ങളായി ഒരു ഗ്രാമം മുഴുവൻ ഈ വയലിനെ ആശ്രയിച്ച് ഇവിടെ ജീവിച്ചതാവാം. ഇപ്പോൾ ബഹുരാഷ്ട്രകുത്തകകൾക്കുവേണ്ടി സർക്കാർ അതേറ്റെടുക്കുകയായിരുന്നു. ഓരോ ദിനവും ഉറങ്ങിയുണരുമ്പോൾ നഷ്ടപ്പെടുന്നതെന്തോ അതാണോ ജീവിതവും അസ്തിത്വവും എന്നോർത്തുകൊണ്ട് ഞാൻ നടന്നു. ഒപ്പം ഗ്രാമീണരെ സഹായിക്കുന്ന ഒരു ഫീച്ചറായിരിക്കണം എഴുതേണ്ടത് എന്നൊരു കർത്തവ്യബോധവും എന്നിലേക്കു പടർന്നു.

ഇടതുവശത്തെ ഉണങ്ങിയ നിലത്തിൽ കുടിൽ കെട്ടി ചില ഗ്രാമീണസ്ത്രീകൾ സമരം ചെയ്യുന്നു. കൂട്ടത്തിൽ ചെറുപ്പക്കാരും വൃദ്ധകളുമുണ്ട്. നിശബ്ദരായിരുന്ന അവരെങ്കിലും ഞങ്ങളെ കണ്ടപ്പോൾ മുദ്രാവാക്യം വിളിക്കാൻ തുടങ്ങി. ദില്ലിയിൽ നിന്നുള്ള ഏതോ അധികാരികളാവാം ഞങ്ങളെന്ന് അവർക്ക് തോന്നിയിട്ടുണ്ടാവാം.

ഇവരിൽ ചിലരെ ഇന്റർവ്യൂ ചെയ്താൽ ഫീച്ചറിന് ഒരു ഹ്യൂമാനിറ്റേറിയൻ വ്യൂ കിട്ടും എന്ന് ഞാൻ രോഹിണിയോട് പറഞ്ഞു. ഡോളി പല ആംഗിളുകളിൽ നിന്നുകൊണ്ട് അവരുടെ നിരാശയേയും, വിശപ്പിനേയും, ദുഃഖങ്ങളേയും ക്യാമറയിൽ പകർത്തി- ഫീച്ചറിന് ഒരു നല്ല തലക്കെട്ടുപോലും ഞാൻ മനസ്സിൽ തയ്യാറാക്കി വെച്ചു.

പക്ഷെ പലപ്പോഴും വന്ന കാര്യങ്ങൾ കൈവിട്ടു പോവുകയാണ് പലരും ആവർത്തിച്ചു പറഞ്ഞത്. വർഷങ്ങളായി അവർ കൃഷി ചെയ്ത സ്ഥലം... ആഹാരം ..... നഷ്ടപ്പെടുന്ന മണ്ണ് ... സ്വകാര്യത. ഗ്രാമീണ സൗന്ദര്യം ഉള്ള സുന്ദര ഒരു ഇടം.... ഇങ്ങനെ ആവർത്തനങ്ങളിലൂടെ ഫീച്ചർ തകർക്കപ്പെടുമല്ലോ എന്ന വേദനയോടെ ഞാൻ തിരിഞ്ഞപ്പോഴാണ് സമരപ്പന്തലിൽ നിന്ന് കറുപ്പുകലർ ഹുക്കാ വലിച്ച് രസിച്ച്. വിഷാദത്തിലായ കണ്ണുമായി ചുരുണ്ടുകൂടിയിരിക്കുന്ന ഒരു വൃദ്ധയെ ഞാൻ കണ്ടത്. പെട്ടെന്ന് ഞാൻ അവരുടെ അരികിലേയ്ക്ക് ചെന്നു.

ഹുക്കയുടെ നീല പുക അവരുടെ



ആത്മാവിലൂടെ സഞ്ചരിച്ച് പുറത്തേയ്ക്ക് വന്നുകൊണ്ടിരുന്നു. അവരുടെ ശരീരമാകെ ചുക്കിച്ചുളിഞ്ഞിരുന്നു. കണ്ണുകളിൽ കാലത്തിന്റെ തീവ്രമായ ഖേദങ്ങൾ. പുരാതനമായൊരു ഹുക്കയായിരുന്നു അതെന്ന് എനിക്കു തോന്നി. ചരിത്രത്തിൽ നിന്ന് ഇറങ്ങിവന്നതുപോലെ ഒന്ന്.

ഞാനും രോഹിണിയും അടുത്തു ചെന്നപ്പോൾ അവർ തലപൊക്കി നോക്കി. വീണ്ടും ഹുക്കായിലേക്ക് ചുണ്ടമർത്തി. സമരപ്പന്തലിൽ അപ്പോഴും സർക്കാരിനെതിരായ മുദ്രാവാക്യങ്ങൾ മുഴങ്ങിനിന്നു. ചരിത്രത്തിൽനിന്ന് ഒരു ഗ്രാമത്തെ മുഴുവൻ കുടിയിറക്കിയിട്ട് എന്തു വികസനമാണ് എന്ന രോഷത്തോടെ ഞാൻ വൃദ്ധയുടെ അരികിലിരുന്നു.

"പേരെന്താ" എന്ന ചോദ്യത്തിലൂടെ ഞാൻ അവരെ പരിചയപ്പെടാൻ ശ്രമിച്ചു. പക്ഷേ, അവർ പ്രതികരിച്ചില്ല. ഹരിയാനയിലെ ഭാഷയായ ഹിന്ദിയിലൂടെ രോഹിണി ചോദ്യം ആവർത്തിക്കുകയും അവരിലേയ്ക്ക് പാലമായി പ്രവർത്തിക്കുവാനും ശ്രമിച്ചു. അവരുടെ പേര് കമല എന്നായിരുന്നു. വയസ്സ് ഓർമ്മയില്ല. ഓർമ്മയുള്ളത് ഗോതമ്പുവയലുകൾ നെഞ്ചിലേറ്റിയ ഗ്രാമവും, ഒരു ജോലിയും ചെയ്യാതെ എപ്പോഴും മദ്യപിച്ചുനടക്കുന്ന ഭർത്താവുമായിരുന്നു. അതിനാൽ അവർ അതിനെക്കുറിച്ചൊക്കെ പറഞ്ഞു. ഭർത്താവ് മഖൻലാൽ കഴിമടിയനായിരുന്നു. എപ്പോഴും ചൂതുകളിയും, നാടൻ ചാരായ സേവയും. എരുമകളെ നോക്കില്ല. ധാന്യപ്പുരകൾ വൃത്തിയാക്കില്ല. കൂരയിൽ അന്തിയുറങ്ങാനും വരില്ല. അഥവാ വീട്ടിലെത്തിയാൽ ഹുക്കാവലിച്ചിരിക്കും. എന്നാലും കമല അയാളെ സ്നേഹിച്ചിരുന്നു. അയാളുടെ ഓർമ്മ ഹൃദയത്തിൽനിന്നു മായാതിരിക്കാനാണ് അവർ അയാളുടെ ഹുക്ക ഇപ്പോൾ വലിക്കുന്നത്. അതിന്റെ പിടിയിൽ അയാളുടെ ഗന്ധമുണ്ട്. ഹുക്കയുടെ പുകയിലൂടെ കമല, അയാളുടെ മുഖത്തെ, ചുവന്ന തുടുത്ത കണ്ണുകളെയൊക്കെ സ്പർശിക്കുന്നു. അനാദിയായ സ്പർശം.

മഖൻലാൽ മരിച്ചിട്ട് എത്രവർഷമായെന്ന് കമലയ്ക്ക് അറിയില്ല. വർഷങ്ങളുടെ കണക്കുകൾ അവരുടെ തലച്ചോറിന് വഴങ്ങാറില്ല. പക്ഷേ അവരുടെ ഹൃദയത്തിന് അയാളുടെ മുഴുവൻ ഓർമകളെയും ഉൾക്കൊള്ളാൻ കഴിയുന്നുണ്ട്.

സർക്കാർ വന്ന് കുടിയിറക്കിയാൽ മഖൻലാലിന്റെ ഓർമകളുടെ ഈ ചുവന്നഭൂമി അന്യപ്പെടുമെന്ന വേദനയിൽ അവർ കരഞ്ഞു. പെട്ടെന്നു കണ്ണുതുടച്ച് വികൃതമായി ചിരിച്ച് ഹുക്കായുടെ അനന്തമായ സാന്ത്വനത്തിലേയ്ക്ക് അവർ ചേർന്നിരുന്നു. അപ്പോൾ ഒരുപാട് വർഷങ്ങൾക്കുമുമ്പ് മരിച്ചുപോയ ഭർത്താവിനെ അവർ സ്പർശിക്കുന്നതായി ഞാൻ അറിഞ്ഞു.

ഡോളി ബിസ്വാസ് കമലയുടെ മങ്ങിയ ജീവിതത്തെ ക്യാമറയുടെ മനസ്സിലേയ്ക്ക് വലിച്ചെടുത്തു. പല ആംഗിളുകളിൽ നിന്നുള്ള അവരുടെ ചിത്രമായിരിക്കണം ഫീച്ചറിന്റെ മുഖചിത്രമെന്ന് ഞാൻ തീരുമാനിച്ചു. ചൂടിനു ശക്തിയേറിയിരുന്നു. ഒപ്പം ശിരസ്സു പൊള്ളിക്കുന്ന കാറ്റും. ഞങ്ങൾ അത്യാവശ്യംവേണ്ട വിവരങ്ങൾ ശേഖരിച്ച് കാറിൽ തിരിച്ചെത്തി. കാറിന്റെ എ.സി ആക്ടിവേറ്റ് ആവുന്നതുവരെ ചൂടിലും, അതിനുശേഷം മെല്ലെ തണുപ്പിലും ഞങ്ങൾ യാത്രചെയ്തു. പതിവിനു വിപരീതമായി രോഹിണി നിശബ്ദമായിരുന്നു. അപൂർവ്വമായൊരു നിശബ്ദത. ഞാൻ തിരിഞ്ഞുനോക്കി, അവൾ എന്നെ നോക്കി ഖേദത്തിൽ പൊതിഞ്ഞ ഒരു ചെറുചിരി പകർന്നു. പിന്നെ പതുക്കെ, വളരെ പതുക്കെ എന്നോടു പറഞ്ഞു.

"സർ സഞ്ജയുമായി കുറച്ചുകൂടി അഡ്ജസ്റ്റ് ചെയ്യാൻ പറ്റുമോ എന്നു നോക്കാൻ പോകുകയാണു ഞാൻ. എന്തോ, എനിക്കവനോടൊരു സ്നേഹം. കാണണമെന്ന് തോന്നൽ. ജീവിതത്തിന്റെ നടുവിൽനിന്നു കൊണ്ടു പൊള്ളുന്ന ഒരു ഹൃദയത്തിന്റെ സ്പന്ദനം എന്നിൽ സങ്കടങ്ങളുണ്ടാക്കുന്നു...."

ഞാൻ ചിരിച്ചു. ചരിത്രത്തിന്റെ കൈപ്പിടിയായ ഒരു പഴഞ്ചൻ ഹുക്കായിൽ പിടിച്ചുകൊണ്ട് ഭർത്താവിന്റെ ആത്മാവിന്റെ ഗന്ധം ആസ്വദിക്കുന്ന കമല എന്ന വൃദ്ധ ജീവിതത്തിന്റെ മഹത്തായ പാഠശാല തന്നെയാണല്ലോ എന്നു ഞാൻ ഓർത്തു.

കാർ വെയിലിലൂടെ പാഞ്ഞു. ഫീച്ചർ എന്റെ മനസ്സിൽ പൂർണ്ണ രൂപത്തിൽ വന്നു കഴിഞ്ഞിരുന്നു അപ്പോൾ.



# ഓണക്കമ്പോളത്തിന്റെ

ആര്യ ഗോപി
സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്



ഓണസങ്കല്പങ്ങളിൽ സ്വയം മുങ്ങിനിവരാത്ത മലയാളി മനസ്സുകൾ വിരളമായിരിക്കും. ഓർമ്മയുടെ ഏതറ്റംവരെയും ചെന്ന് തിരുവോണത്തിന്റെ ആതിരനിലാവിനെ ഊഞ്ഞാലാട്ടി പൂക്കളമുറ്റത്ത് നമ്മൾ കൊണ്ടുവന്നു നിർത്തും. ഗൃഹാതുരമായ കൂട്ടുചേരലുകൾ അത്രയ്ക്കു പഴകിയിട്ടില്ലാത്തതിനാൽ 'പണ്ടത്തെ ഓണമാണ് ഓണം' എന്ന് ഓരോ ശ്വാസത്തിലും മലയാളി നെടുവീർപ്പെടും. ഒരുപക്ഷേ, നശ്വരമായ ഈ നിരാനന്ദ ജീവിതത്തിൽ ഉത്സവാഹ്ലാദം നിറയ്ക്കാൻ ഹൃദയത്തിന്റെ പറയെടുത്തു നിറയ്ക്കുക ഓണക്കാലത്തല്ലാതെ പിന്നെയെപ്പോഴാണ്.

അടിമുടി മനുഷ്യനെ കബളിപ്പിക്കുന്ന കപടനിറങ്ങൾ വാരിപ്പൂശിയ പുതിയകാലത്തെ ഓണത്തിന് കമ്പോളത്തിന്റെ ലാഭനഷ്ടങ്ങളുടെ രുചിയും മണവുമാണ്. കച്ചവടമാമാങ്കത്തിന്റെ ഉടൽപ്പുളപ്പിൽ നാട്ടുനന്മയുടെ പൊലിമനിറഞ്ഞ ഓണം എവിടേയ്ക്കാണ് പോയിമറഞ്ഞത്?! വീണ്ടെടുപ്പിന് ഇടംതരാത്തവണ്ണം അതിഭീകരമായി ആരാണ് ആ നൈർമല്യങ്ങളെ ചവിട്ടിത്താഴ്ത്തിയത്. നവവാമനന്മാർ അരയും കച്ചയും മുറുക്കി പണത്തിന്റെ ലാഭപങ്കിനായി കടിപിടികൂടുന്നു. തുമ്പപ്പൂവിന്റെ ധവളവിശുദ്ധിയേയും കാക്കപ്പൂവിന്റെ ഇരുൾസൗന്ദര്യത്തെയും ചിങ്ങനിലാവിന്റെ കുളിർമയെയും വില്പനച്ചരക്കാക്കി വിലയിട്ടു വിലപേശിപ്പേശി അവർ ലാഭം കൊയ്യുന്നു. മഹാബലിക്കൊപ്പമെങ്കിലും ആഴങ്ങളുടെ ആഴങ്ങളിൽ നിന്ന് പാതാളക്കരണ്ടിയിൽ കോരിയെടുക്കാനാകുമോ നമ്മൾ കൈവിട്ടുകളഞ്ഞ ഗ്രാമചിന്തയെ!

കച്ചവടത്തിന്റെ കതന്ത്രങ്ങൾക്ക് ഗ്രാമത്തിന്റെ നീതിന്യായങ്ങൾ കൊണ്ടാണ് വ്യാപാരികൾ ചുട്ടികുത്താറ്. ഓണത്തിനായാലും ചക്രാന്തിക്കായാലും ആവർത്തിച്ചാവർത്തിച്ച് പകലന്തിയോളം പരസ്യങ്ങൾ കാണിച്ച് ആവശ്യകതയ്ക്കുമേൽ ഇല്ലാത്ത സമ്മർദ്ദം ചെലുത്തി നമ്മെ കഴയ്ക്കുന്നു. വേണ്ടതിനും വേണ്ടാത്തതിനും തമ്മിൽ തമ്മിൽ അതിദൂരം നിശ്ചയിക്കാനാവാത്ത മായാലോകത്തിൽ നമ്മളെ കൊണ്ടുചെന്നെത്തിക്കുന്നു. നമ്മെ കമ്പോളത്തിന്റെ കാഞ്ചനക്കൂട്ടിൽ ഈ ഉപഭോക്തൃസമൂഹം തന്ത്രപരമായി തടവിലാക്കുന്നു. മനുഷ്യർ എന്നത് ഒരു 'ഉപഭോക്താവ്' എന്ന് മാത്രമായി ചുരുങ്ങിച്ചുരുങ്ങി പരിണമിക്കുന്നു. സാമാന്യമായ കൊടുക്കൽവാങ്ങലുകൾ സ്നേഹനിലാവിന്റെ തണലിലല്ല മറിച്ച് ലാഭനഷ്ടങ്ങളുടെ പണക്കൊഴുപ്പിൽ ശ്വാസംമുട്ടി മരിക്കുന്നു.



# ഇല്ലംനിറകൾ

പൊള്ളയായ വിലക്കിഴിവുകളുടെയും വിലക്കുറവുകളുടെയും കുത്തൊഴുക്കിൽപെട്ട് ഒരു ശരാശരി മലയാളി ഓണവ്യാപാരത്തിന്റെ ഇര മാത്രമാകുന്നുണ്ട് ഈ കാലത്ത്. ചിങ്ങമാസത്തിന്റെ പൊൻപരൽ മീൻവെട്ടത്തിന്റെ തിളക്കങ്ങൾ ഒരു മലയാളിയുടെയും കണ്ണിനെയോ മനസ്സിനെയോ ഇതുവരെ വഞ്ചിച്ചിട്ടുണ്ടാകാൻ ഇടയില്ല. എന്നാൽ കണ്ണും കാതും സർവ്വ ഇന്ദ്രിയങ്ങളും മഞ്ഞളിപ്പിക്കുന്ന വില്പനമാമാങ്കത്തിന്റെ പൊലിവചനങ്ങൾ ഓരോ നിമിഷവും നമ്മെ കുഴപ്പത്തിലാക്കുന്നു. ഓണച്ചന്തയും ഓണക്കിറ്റും ഓണക്കാലത്തെ പ്രത്യേക പാക്കേജ്ഡ് കുടുംബ ഉല്ലാസയാത്രകളും മലയാളിയെ അടിമുടി പരിഷ്കൃതനാക്കിക്കളഞ്ഞല്ലോ.

ഓണക്കളത്തിന്റെ പൂക്കൾ മുതൽ സദ്യയ്ക്കിടുന്ന നാക്കിലവരെ നീളുന്ന കച്ചവടത്തിന്റെ വിനിമയസാധ്യതകൾ. തമിഴ് മണ്ണ് ഉഴുതുമറിച്ച് വിതെറിഞ്ഞ് ഞാറ്നട്ട് വിളവെടുത്ത് കേരളത്തിലേക്ക് തമിഴൻ കയറ്റുമതി ചെയ്തയയ്ക്കുന്ന നമ്മുടെ ഓണസമൃദ്ധി. കാണം വിറ്റും ഓണം ഉണ്ടുനടക്കുന്ന മലയാളികൾക്കുവേണ്ടി ഇല്ലം നിറയ്ക്കുന്നതും വല്ലം നിറയ്ക്കുന്നതും മലയാളിപ്പെരുമയല്ല, തമിഴന്റെ അദ്ധ്വാനമാണല്ലോ. അരിയും പച്ചക്കറിയും എന്തിന് മുറ്റത്തെ കളത്തിലിടാൻ പൂക്കൾ വരെ കമ്പോളത്തിന്റെ ഭാഗമായിട്ട് വിനിമയം കാത്തുകിടക്കുന്നു. ഓണനിലാവും തിരുവോണനന്മയും മതേതര ആഘോഷമൂല്യവും കച്ചവടച്ചന്തയിൽ നിരത്തിവെക്കുന്ന കാലം അത്ര അകലെയാകാനിടയില്ല.

സിനിമയിലെ മട്ടുപ്പാവ് കൃഷിരീതികൾ വെറും ഒരു ഫാഷനായി കൊണ്ടുനടക്കുന്ന ഉപരിവർഗമലയാളിയുടെ ചിഞ്ഞളിഞ്ഞ പ്രകൃതിസ്നേഹം കൊണ്ടൊന്നും ഇവിടെ ഓണം വെളുക്കില്ല. 'ദൈവത്തിന്റെ സ്വന്തം നാട്' ഒരിക്കൽ കൃഷിയുടെയും കലയുടെയുമൊക്കെ സ്വന്തം തട്ടകമായിരുന്നു. കലയുടെയൊക്കെ അടിസ്ഥാനമായ വൈവിധ്യസൗന്ദര്യനിരീക്ഷണവും മനുഷ്യത്വവും കാലഹരണപ്പെട്ടു എന്ന് പറയാനാണ് തോന്നുന്നത്. ഓണപ്പാട്ടുമുതൽ ഓണത്തല്ല വരെ റെഡിമെയ്ഡ് ആയി ഓൺലൈനിൽ വിട്ടിലെത്തുന്നു. 'ജനാധിപത്യ സോഷ്യലിസ്റ്റ് ക്ഷേമസംസ്ഥാനം' എന്ന ഖ്യാതി നേടിയ കേരളത്തിന്റെ സാമ്പത്തികരംഗം 'ലാഭം' എന്ന ഒറ്റക്കാലിൽ തപസ്സുചെയ്യാൻ തുടങ്ങിയിട്ട് അധികകാലമായിട്ടില്ല. കള്ളപ്പറയും ചെറുനാഴിയും നിത്യവും കമ്പോളം കള്ളത്തരങ്ങൾകൊണ്ട് നിറയ്ക്കുന്നു.

അടിസ്ഥാനപരമായി ഓണം വെറും ഒരാഘോഷമല്ല, സ്വയം തിരിച്ചറിവാണ് എന്നു നാം മനസ്സിലാക്കണം. പ്രകൃതിയെയും മണ്ണിനെയും മനുഷ്യനെയും തൊട്ടറിയാൻ കാലം കാത്തുവെച്ചിരിക്കുന്ന നിധിയാണ് ഓരോ ഓണക്കാലവും. നെൽക്കതിരിന്റെ പ്രാണന്റെ കരുതലും ഇളംപൂവിന്റെ സൂക്ഷ്മലാവണ്യവും ഓണം കാട്ടിത്തരുന്നു. ആർഭാടങ്ങൾക്കപ്പുറത്ത് വിശപ്പിന്റെ രുചിതൊട്ടറിഞ്ഞ ഓണസമൃദ്ധിയുടെ നിറപറകൾ പുത്തൻ തലമുറയ്ക്ക് പകരാൻ നമുക്കാകണം.

മതജാതികൾ ഗ്രസിക്കാതെ അതിന്റെ നന്മയെയെങ്കിലും നമ്മൾ സംരക്ഷിക്കണം. വ്യാപാരികളുടെ കൈയ്യിലെ ഇരയായി സ്വയം അധഃപതിച്ച് കമ്പോളത്തിന്റെ ചതിക്കുഴികളിൽ വീണുപോകാതിരിക്കാനുള്ള വിവേകം സ്വയം ആർജ്ജിക്കേണ്ടത് തീർച്ചയായും അത്യാവശ്യമാണ്. ഓണമെന്ന സുകൃതചിന്തയ്ക്കപ്പുറം ഒരു കൗതുകം ഇന്നോളം മലയാളിയുടെ ബാല്യകൗമാരങ്ങളെ ത്രസിപ്പിച്ചിട്ടുണ്ടാവില്ല. ആ പൈതൃകത്തിന്റെ ധന്യതയെങ്കിലും കമ്പോളത്തിനടിയറവു വെയ്ക്കാതിരിക്കാൻ നമ്മൾ ശ്രദ്ധിച്ചേ പറ്റൂ എന്ന് പറയാൻ മാത്രമീ കുറിപ്പ്.



# സ്വാതന്ത്ര്യത്തിന്റെ എഴുപത് വർഷങ്ങൾ

**ടി.കെ. സന്തോഷ് കുമാർ**
സെന്റ് സേവ്യേഴ്സ് കോളേജ്, തുമ്പ




അർദ്ധരാത്രി വെളുത്തപ്പോൾ
ത്രിവർണ്ണപതാകയുമായി വന്ന അർദ്ധനഗ്നൻ
നമ്മുടെ സ്വാതന്ത്ര്യം
ഉയരത്തിൽ പാറിക്കളിക്കുവാൻ
വഴിയരികിൽ ഒരു തൈ നട്ടു.
എഴുപതുവർഷം
പെയ്തും തോർന്നും
വേനലുകളിൽ കൊഴിയാതെ
ആഗസ്റ്റ് പതിനഞ്ചിന്റെ
ഉയർന്ന കൊടികളുമായി
ആകാശത്തോളം വളരാൻ കൊതിച്ച്
തലമുറകൾക്ക് തണലായി
കിളികൾക്ക് അണ്ണാറക്കണ്ണന്മാർക്ക്
മഴവില്ലുകൾക്ക് പൂക്കൾക്ക് കരിവണ്ടുകൾക്ക്
കനികൾ പെറുക്കാനെത്തിയ കുഞ്ഞോമനകൾക്ക്
കൂട്ടായി സാക്ഷിയായി
മഹാസ്വപ്നത്തിന്റെ പാതവക്കത്ത്
വടവൃക്ഷമായി.
തണുപ്പിൽ ഇലകൾ കൊഴിഞ്ഞു
വേനലിൽ വസന്തത്തിന്റെ ഇടിമുഴക്കം സ്വപ്നം കണ്ടു
സ്വപ്നങ്ങൾ വലുതായിരുന്നു.
എനിക്കരികിലൂടെ ഒരു നദി ഒഴുകിയിരുന്നു
പതുക്കെ അത് കൊതുകുകൾ മൂളുന്ന ഓടയായി
കൊതുകുകളുടെ ചിറകിൽക്കയറി
ആകാശം കണ്ട ഒരു രാജകുമാരൻ
അമ്മയുടെ തോളിൽ ചവിട്ടി നിന്ന്
ചില്ലകളിൽ കരിങ്കൊടികൾ നാട്ടി
ഓടയ്ക്കുമീതെ കറുത്ത പാത വളർന്നു
ചീഞ്ഞ സ്വപ്നങ്ങളിൽത്തട്ടി
വേരുകൾ വിറങ്ങലിച്ചു.
കൊതുകുകളുടെ ചിറകുകളിൽ പിടഞ്ഞ്
രാജകുമാരനും അമ്മയും നാടുനീങ്ങി



# ഓണം
# മിത്ത് ചരിത്രം വർത്തമാനം

**കെ.പി. ജയകുമാർ**
എൻ.എസ്.എസ്. കോളേജ്, ചേർത്തല



ഓണംകേറാമൂലകളിലേക്ക് ഓണമെത്തിയിട്ട് കാലമെത്രയായിട്ടുണ്ടാവും? ഓണംവന്നിട്ടും ഉണ്ണി പിറന്നിട്ടും കോരന് കമ്പിളിൽ തന്നെ എന്ന അവസ്ഥയിൽ നിന്ന് കാണം വിറ്റും ആളുകൾ ഓണമുണ്ടു തുടങ്ങിയിട്ട് എത്രകാലം? ഈ പഴമൊഴികൾ ഓണച്ചൊല്ല് എന്നതിനെക്കാൾ സാമൂഹികജീവിതത്തിന്റെ വ്യത്യസ്തകാലങ്ങളെ ഓർമപ്പെടുത്തുന്നു. ജീവിതത്തിന്റെ അവികസിതമായ സാമൂഹിക, സാമ്പത്തിക, ജാതിനിലയെയാണ് ഓണംകേറാമൂലയും കോരന്റെ നിസ്സഹായതയും വരഞ്ഞിടുന്നത്. അവിടെനിന്ന് കാണംവിറ്റും ഓണമുണ്ണണം എന്ന ഒഴിച്ചുകൂടാനാവാത്ത ആഘോഷാവസ്ഥയിലേക്കുള്ള മാറ്റത്തിൽ കേരളത്തിന്റെ സാമൂഹിക സാമ്പത്തികവർഗ പരിണാമത്തിന്റെ ചരിത്രമുണ്ട്. പലകാലങ്ങളിലൂടെ കൊരുത്തെടുത്ത് ഇന്നും തുടരുന്ന ഒരുപാട് അടരുകളുള്ള അനവധി ഓണങ്ങളുടെ സാമൂഹികവും സാംസ്കാരികവും വാണിജ്യപരവുമായ ഏകത്വമാണ് ഇന്നത്തെ ഓണം. ഓണാഘോഷങ്ങളുടെ നാനാത്വത്തിൽ അലിഞ്ഞുചേർന്നുനിൽക്കുന്ന പൗരാണിക/പ്രാചീനബിംബങ്ങളാണ് മഹാബലിയും വാമനനും.

ഓണം എന്ന ഏകമുഖാഘോഷത്തിന്റെ ബഹുമുഖ ചരിത്രം എങ്ങനെയാവും രൂപപ്പെട്ടുവന്നിട്ടുണ്ടാവുക? ഓണം പ്രാചീനമായ ഒരാഘോഷമാണെന്നാണ് പറഞ്ഞുപോരുന്നത്. ഈ പ്രാചീനതസ്സ് ഏതറ്റം വരെ നീളുമുണ്ടാകും എന്ന് കണ്ടെത്തിയിട്ടില്ല. വാമൊഴിയുടെ പ്രാചീനതയോളം, അല്ലെങ്കിൽ പുരാണങ്ങളുടെ, ഇതിഹാസങ്ങളുടെ കുറെക്കൂടി സമീപ പ്രാചീനതയോളം, അല്ലെങ്കിൽ അതിനുമപ്പുറത്തേക്ക്. ഇവിടെ പ്രാചീനത എന്നത് പാരമ്പര്യത്തിന്റെ അഭിമാനകല്പനയാണ്. പ്രാചീനതയുടെ അറ്റമേറും തോറും പാരമ്പര്യത്തിന്റെ അഭിമാനപരത ഉയരും. പാരമ്പര്യമുള്ള ഒരു സമൂഹമായി തലയുയർത്തിപ്പിടിച്ച് നിൽക്കാൻ

സമൂഹമനസ്സ് നടത്തുന്ന സ്വപ്നാടനമാണ് പ്രാചീനതയുടെ അറ്റം. പലകാലങ്ങളിലായി കൊരുത്തുചേർത്ത അതിൽ വിശ്വാസത്തിന്റെയും അനുഷ്ഠാനങ്ങളുടെയും ആഘോഷങ്ങളുടെയും ശീലങ്ങളുടെയും രുചികളുടെയും അഭിരുചികളുടെയും പരമ്പരകളുണ്ടാകും. സ്വാതന്ത്ര്യാനന്തരം മലയാളികൾ വാഴുന്നിടമായി കേരളം സങ്കല്പിക്കപ്പെടുകയും മലയാളിയുടെ 'പൊതു' ആഘോഷമായി, ദേശീയോത്സവമായി ഓണം മാറുകയും ചെയ്യുന്നത് സമീപകാലത്താണ്.

## ചരിത്രത്തിലെ ഓണം

സംഘകാലം മുതൽ മലയാളക്കരയിൽ ഓണം ആഘോഷിച്ചിരുന്നതായി ചില പണ്ഡിതർ പറയുന്നു. എന്നാൽ, സംഘകാലം എന്ന കാലം തന്നെ പിൽക്കാല ചരിത്രം ചോദ്യം ചെയ്യുന്നു. പഴന്തമിഴ് പാട്ടുകളിലെ പത്തുപാട്ടിൽപെടുന്ന മധുരൈകാഞ്ചി എന്ന പാട്ടിൽ ഓണം എന്നൊരു പദമുണ്ട്. മായോൻ എന്ന ദേവന്റെ ജന്മനാളായ ഓണം എന്നാണ് പരാമർശം. ഇന്ന് നാം ആഘോഷിക്കുന്ന ഓണത്തിന്റെ പുരാവൃത്തവുമായി ഇതിന് ബന്ധമൊന്നുമില്ല.

എട്ടാം ശതകത്തിലെ ആഴ്വാർ കൃതികളിലാണ് തിരുവോണത്തെക്കുറിച്ച് പരാമർശമുള്ളത്. പെരിയാഴ്വാർ പാടുന്ന പാട്ടിൽ താൻ തിരുമാളിന്റെ (വിഷ്ണു) ജന്മനാളാഘോഷിക്കുകയാണെന്ന് ഒരു പരാമർശമുണ്ട്. മറ്റൊന്ന് തിരുമങ്കൈ ആഴ്വാരുടെ പരാമർശമാണ്. അതും വിഷ്ണുവിന്റെ തിരുനാൾ കൊണ്ടാടിയതിനെപ്പറ്റിയാണ്.

ആഴ്വാന്മാർ വൈഷ്ണവരായിരുന്നു. ഒമ്പതാം ശതകത്തിൽ സ്ഥാണുരവി പെരുമാളിന്റെ പതിനേഴാം ഭരണവർഷത്തിൽ ഓണത്തിന് ഊരുടയോരെ (ഊരാളർ) ഊട്ടുന്നതിന്റെ പരാമർശം തിരുവാറ്റുവായ് ക്ഷേത്രലിഖിതത്തിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്. പുഞ്ചപ്പാടാകാരത്ത് ചേന്നൻ ചങ്കരൻ ആവണി ഓണമാടാൻ കൊടുത്ത ഭൂമിയുമായി ബന്ധപ്പെട്ട പ്രമാണമാണ് ഈ ലിഖിതം. ഊരുറയനുസരിച്ച് ഓണത്തിന് ഊരാളരെ ഊട്ടണമെന്ന് ലിഖിതം നിഷ്കർഷിക്കുന്നു' (രാജൻ ഗുരുക്കൾ- ഓണത്തിന്റെ ചരിത്രവത്കരണം, ദേശാഭിമാനി 1992 സെപ്റ്റംബർ 9) സാമൂഹിക സാമ്പത്തിക ജാതി അധികാരവുമായി ബന്ധപ്പെടുത്തി കാണാവുന്നൊന്നാണ് ഈ ലിഖിതം. സാമൂഹിക ആരാധനാലയങ്ങളിൽ ബ്രാഹ്മണ്യം ആധിപത്യം നേടുന്നതിന്റെ മറ്റൊരു തെളിവാണ് തൃക്കാക്കരയിൽ നിന്ന് ലഭിച്ച ലിഖിതം. ഭാസ്കരരവി പെരുമാളിന്റെ നാല്പത്തിരണ്ടാം ഭരണവർഷത്തിൽ എ.ഡി. 1004 ഇരുപത്തിയെട്ടു ദിവസം നിണ്ടുനിന്ന ഓണാഘോഷത്തിന്റെ പരാമർശമുണ്ട്. ഇതിൽ പൂരാടം മുതൽ ഉത്രാടം വരെയുള്ള നാളുകളിൽ ബ്രാഹ്മണരെയും ശ്രീ വൈഷ്ണവരെയും ഊട്ടാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്.




കഥയിൽ നിന്ന് കാര്യത്തിലേക്ക്

മഹാബലി കഥയാണ് ഓണത്തിന്റെ ഐതിഹ്യം.

വിഭവസമൃദ്ധമായ ഒരു കാലത്തിന്റെ സ്മരണകൾക്കൊപ്പം ക്ഷാമകാലത്തിന്റെ അന്ത്യവും മഹാബലിയുടെ ഐതിഹ്യത്തിലുണ്ട്. കാർഷിക ഭൂമിശാസ്ത്രപ്രധാനമായ ദേശത്തിന്റെ അനുഭവത്തെയാണ് ഈ ഐതിഹ്യം വിശദീകരിക്കുന്നത്. ദാരിദ്ര്യവും കഷ്ടപ്പാടും നിറഞ്ഞ കർക്കടകത്തിന്റെ അന്ത്യവും ചിങ്ങത്തിന്റെ കാർഷിക സമൃദ്ധമായ വരവുമാണ് അതിന്റെ അനുഭവം. നമ്മുടെ കാലാവസ്ഥയിലും പരിസ്ഥിതിയിലും കാർഷികജീവിതത്തിലും ചാക്രികമായി ആവർത്തിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെയാണ് ഓണത്തിന്റെ ഐതിഹ്യം വിശദീകരിക്കുന്നത്. മിഥുനം, കർക്കടകമാസത്തിലെ കോരിച്ചൊരിയുന്ന മഴയും വിളവില്ലാക്കാലവും തൊഴിൽനഷ്ടവും സൃഷ്ടിക്കുന്ന വറുതിയുടെ നീണ്ട കാലത്തിന്റെ സങ്കടങ്ങളെ കഴുകിക്കളഞ്ഞുകൊണ്ടാണ് ചിങ്ങത്തിന്റെ വരവ്. കാർഷികക്ഷേത്ര കേന്ദ്രിതമായിരുന്ന സാമൂഹികവ്യവസ്ഥയിൽ അത് ഉണർവ്വിന്റെ കാലമായി. ജന്മി കുടിയാൻ ബന്ധങ്ങളിൽ

അധിഷ്ഠിതമായിരുന്ന കാർഷിക വ്യവസ്ഥയിൽ വിളവെടുപ്പിന്റെ ഈ ഉത്സവവും ജന്മിയിലും കുടിയാനിലും വ്യത്യസ്തമെങ്കിലും സന്തോഷം നിറച്ചു. ഭൂ ഉടമകൾക്കും കൃഷിനടത്തിക്കൊടുത്തിരുന്ന കാരാളർക്കും പാട്ടക്കാർക്കും ആണ്ടോടാണ്ട് പൊലിച്ചുവരുന്ന ഉത്സവമായിരുന്നു ഓണം. ജന്മിക്ക് ഓണം സമൃദ്ധിയുടേതെങ്കിൽ കുടിയാന്റെ




ഓണം വിശപ്പാറ്റലിന്റെയും തൊഴിൽദിനങ്ങളുടെ വീണ്ടെടുപ്പിന്റേതുമായിരുന്നു. നാടോടിവാങ്മയങ്ങളിലും അനുഷ്ഠാനങ്ങളിലും കടന്നുവരുന്ന ഓണത്തിന്റെ അംശങ്ങൾ ഏറെക്കുറെ പ്രാദേശികമായിരുന്നു.

ഓണംകൊള്ളൽ, ഓണപ്പൊട്ടൻ, കുമ്മാട്ടി എന്നിങ്ങനെ ഓരോരോ ദേശത്തിന്റെയും ഭൂതകാലത്തിന്റെ ഓർമകൾ കൊണ്ടാടുന്ന നാടോടിവഴക്കങ്ങൾ.

പഴന്തമിഴ്പ്പാട്ടിൽ മായോന്റെ ജന്മദിനമായ ഓണത്തെ പരാമർശിക്കുന്നതിനെ തുടർന്ന് ഓണം പലമാതിരി ആഘോഷിക്കപ്പെട്ടു. പിൽക്കാല പഴന്തമിഴ് പാട്ടുകാലത്തെ മറവന്മാർ ന്യത്തം ചവിട്ടിയാണ് ഓണമാഘോഷിച്ചത്. ആഴ്‌വാർ സന്ന്യാസിമാർ പ്രാർത്ഥനകളും കീർത്തനങ്ങളുമായി പിറന്നാൾ ആഘോഷിച്ചു. നാടോടി ഓണത്തിന്റെ മറ്റൊരു തലമാണ് ആഴ്‌വാന്മാരുടെ ഓണം. അതിൽ തന്നെ ആഘോഷത്തിന്റെയും അനുഷ്ഠാനത്തിന്റെയും വ്യത്യസ്ത തലങ്ങൾ നിലനിൽക്കുന്നു.

നാടോടി വാങ്മയ ചരിത്രത്തിൽ നിന്ന് ലിഖിതചരിത്രത്തിലേക്ക് പ്രവേശിക്കുമ്പോൾ ഓണാഘോഷത്തിന്റെ കേന്ദ്രസ്ഥാനത്തുനിന്ന് ബ്രാഹ്മണർ കടന്നുവരുന്നു. ക്ഷേത്രസമൂഹം ബ്രാഹ്മണരെ ഊട്ടിയും അവർക്ക് കുത്ത് നടത്തിയുമാണ് ഓണം കൊണ്ടാടിയത്. കീഴാളജനതയുടെ ജീവിതത്തിൽ ഓണത്തിന് സ്ഥാനമുണ്ടായിരുന്നതായി കരുതാനാവില്ല. മാത്രവുമല്ല. നാടുവാഴി വ്യവസ്ഥയിൽ അവർ അവരുടെ അദ്ധ്വാനമിച്ചം ജന്മിക്കോ ക്ഷേത്രത്തിനോ കാഴ്ചവെച്ചോ ബ്രാഹ്മണർക്ക് സദ്യകൊടുത്തോ ആണ് ഓണം ആഘോഷിച്ചത്.

"വാസ്തവത്തിൽ അടുത്തകാലം വരെ സമൂഹത്തിന്റെ താഴേത്തട്ടുകളിൽ ഓണം ഉണ്ടായിരുന്നില്ല. ഏതെങ്കിലും ഭൂഉടമയുടെ പടിക്കൽ കാത്തുകെട്ടിക്കിടന്ന് എച്ചിലെടുക്കാതെ സ്വന്തമായി സദ്യവെച്ചുണ്ടിരുന്നില്ല. കാണം വിറ്റും ഓണമുണ്ണണം എന്ന ചൊല്ലൊക്കെ ശരി. സത്യത്തിൽ കാണക്കാർക്കും ഏതെങ്കിലും പടിക്കൽ സർവ്വാണി കൂടാതെ നിർവ്വാഹമുണ്ടായിരുന്നുള്ളൂ. അന്തരാള ജാതിക്കാർ അമ്പലങ്ങളിൽ ഊട്ടിന്റെ ബാക്കികൊണ്ട് തൃപ്തിപ്പെട്ടു. സാധാരണ നായന്മാർ ഇല്ലങ്ങളിലെ ബാക്കികൊണ്ടും" (രാജൻ ഗുരുക്കൾ) അപ്പോഴും ഭൂതകാലത്തെവിടെയോ സമൃദ്ധമായിരുന്ന ഒരു നഷ്ടകാലത്തെ വർത്തമാനകാലത്തിലേക്ക് ആവാഹിച്ചുകൊണ്ടുവന്ന ജനം വറുതിമറന്നു. മഹാബലിയുടെ വരവ് പോയ കാലത്തിന്റെ സ്മരണകൾ ഉണർത്തുന്ന ഒരു സൂചനമാത്രമാണ്. മാവേലിയും വാമനനും ഐതിഹ്യങ്ങളിൽ നിന്ന് പലമാതിരി മാറിമറിഞ്ഞു. നിരവധി സ്വഗതാഖ്യാനങ്ങളിലൂടെയും വ്യാഖ്യാനങ്ങളിലൂടെയും കഥകൾ തലമുറകളിലേക്ക് പകരുന്നു. ഓരോ പറച്ചിലും അതത് കാലത്തിന്റെ ജീവിതാവസ്ഥയോട് ബന്ധപ്പെട്ടിരിക്കും. സാമൂഹിക താല്പര്യങ്ങൾ, സാമൂഹിക ബന്ധങ്ങൾ, ചുറ്റുപാടുകൾ, ഇതര സമുദായങ്ങളുമായുള്ള ഇടപാടുകൾ, ബന്ധുത്വം തുടങ്ങി ഓരോ കാലത്തെയും അത് പ്രതിഫലിപ്പിക്കും. അങ്ങനെ ഭൂമിയിൽ സ്വർഗം നിർമിക്കാൻ ശ്രമിച്ച അസുരനായ മഹാബലിയെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തിയ വൈഷ്ണവനായ വാമനനെ പിന്നീട് ആരാധിച്ചു തുടങ്ങുന്നു. തൃക്കാക്കര വാമനമൂർത്തിയെ ആരാധിക്കുന്ന സമ്പ്രദായത്തിൽ ഈ വൈരുദ്ധ്യമാണുള്ളത്.

ഈ ലിഖിതവും അലിഖിതവുമായ ചരിത്രവും മിത്തും പുനരാനയിക്കപ്പെടുമ്പോൾ അവയിൽ പൊതുവായ ഭൂതകാല/പാരമ്പര്യ/ചരിത്രമുള്ള ഒരു ഹിന്ദുസമൂഹമാണ് ദൃശ്യമാകുന്നത്. ചെറുദേശീയതകൾ, സംസ്കാരങ്ങൾ,

ന്യൂനപക്ഷ മതജാതികൾ, കീഴാളർ, സ്ത്രീകൾ തുടങ്ങി നിരവധി മേഖലകൾ ഈ സമീപനങ്ങൾക്ക് പുറത്താണ്. അവരുടെ ആദർശങ്ങളും ത്യാഗങ്ങളും അവഗണിക്കപ്പെടുകയോ വരേണ്യപാരമ്പര്യങ്ങളുടെ നിഴലായി സങ്കല്പിക്കപ്പെടുകയോ ചെയ്യുന്നു.

വാമനൻ എന്ന വൈഷ്ണവ മിത്തിന്റെ ദയാവായ്പിൽ ആണ്ടോടാണ്ട് നാട് സന്ദർശിക്കുന്ന വിനീതദാസനായി മഹാബലി മാറുന്നതിന്റെ വൈരുദ്ധ്യം പാരമ്പര്യവത്കരണവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ബ്രാഹ്മണാരാധനയുടെ മാത്രം ഭാഗമായിരുന്ന വാമനമൂർത്തി വിശ്വാസത്തിന്റെ പൊതുബിംബമായി മാറുന്നതിൽ ഈ പാരമ്പര്യപ്പെടലുണ്ട്. ഇത് ദേശീയതയുടെ സ്വത്വനിർമിതിയുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്. പൗരാണികവും പാവനവുമായ ഒരിന്ത്യൻ ബൃഹത് പാരമ്പര്യത്തെ, അതിന്റെ സനാതന പുനഃരുത്ഥാനവുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. പലതിനെയും ഒഴിവാക്കിയും പലതും പെരുപ്പിച്ചുകാട്ടിയുമാണ് ഇത് സാധ്യമാക്കിയത്. ഇന്ത്യയെ രാമരാജ്യവുമായി (വൈഷ്ണവ) സങ്കല്പിക്കുന്ന മതകേന്ദ്രീകൃത ദേശമായല്ല ഇവിടെ രാഷ്ട്രം സങ്കല്പിക്കപ്പെടുന്നത്. മറിച്ച്, മതത്തെ പുതിയ കാലത്തിന് അനുരൂപമായി വ്യാഖ്യാനിക്കാനുള്ള ശ്രമങ്ങളായിരുന്നു അത്. ദാസ്യമനോഭാവം സ്വാംശീകരിച്ച മാവേലി ശരീരങ്ങളായാണ് സമകാലിക പൗരസമൂഹം സങ്കല്പിക്കപ്പെട്ടത്. ബ്രാഹ്മണ്യവും അധികാരരാഷ്ട്രീയവും തമ്മിൽ സാധ്യമാക്കേണ്ട കൊടുക്കൽ വാങ്ങലുകളുടെ പ്രതീകാത്മകമായ ആവിഷ്കാരമായും വാമനപുനരുത്ഥാനത്തെ വായിക്കാം.

## മലയാളി ദേശീയതയും ഓണവും

ആണ്ടോടാണ്ട് കൊയ്ത്തുകഴിഞ്ഞ പാടം കടന്നുവരുന്ന കമ്മാട്ടിയും ഓണപ്പൊട്ടനും കുമ്മിയും പുലിക്കളിയുമെല്ലാം അതത് പ്രദേശത്തിന്റെ കാർഷിക, തൊഴിൽ ജീവിതവുമായി ബന്ധപ്പെട്ടതായിരുന്നു. ചിങ്ങമാസത്തിലാണ് ഇവയെല്ലാം നടന്നുവന്നിരുന്നത്. ഓണത്തോടനുബന്ധിച്ച് അതിലപ്പുറം ഇന്നും മഹാബലി വാമന ആഘോഷങ്ങൾക്കോ ഐതിഹ്യവുമായി ബന്ധമുണ്ടായിരുന്നില്ല. ജനതയുടെ മറ്റനവധി അനുഷ്ഠാനങ്ങളിൽ ഒന്നായി തിരുവോണനാളിൽ മാവേലിയെ വരവേറ്റു. ജന്മിനാടുവാഴി ബ്രാഹ്മണ ഭൂപ്രഭുക്കളെ സംബന്ധിച്ചിടത്തോളം അവർക്ക് മറ്റനേകം ആഘോഷസന്ദർഭങ്ങൾ ഉണ്ടായിരുന്നു. ഒന്നുമാത്രമായി അവരും അതിൽ ഓണം ആഘോഷിച്ചു.

പിന്നീട് എപ്പോഴാണ് ഓണം ഒരു ജനകീയ ആഘോഷമായി രൂപം മാറുന്നത്? അത് പൊതുദേശ നിർമിതയുമായും പൊതുഭൂതകാലവുമായും ബന്ധപ്പെട്ടതാണ്. സാമൂഹിക പരിണാമത്തിന്റെ വ്യത്യസ്ത ബലതന്ത്രങ്ങളുടെ സംഘർഷം ഇതിൽ പ്രധാനപ്പെട്ടതാണ്. അധിനിവേശഭരണകൂടത്തിന്റെ സാമ്പത്തിക/സാമൂഹിക നയങ്ങളുടെ ഫലമായുണ്ടായ കാർഷികനീതി ഒരേ ജാതി സമൂഹത്തിലെതന്നെ ഇടത്തട്ടുകാരായ കുടിയാന്മാരുടെ ഒരു സമ്പന്നവർഗത്തെ സൃഷ്ടിച്ചു. ഈ സമ്പന്നവർഗമാണ് പിന്നീട് ഇംഗ്ലീഷ് വിദ്യാഭ്യാസം നേടി മുന്നോട്ടുവരുന്നത്. നായർതറവാടുകളിലെ ഇളമുറക്കാർക്കും വിദ്യാഭ്യാസം നേടിയവർക്കും പുതിയ അവസരങ്ങൾ ലഭിച്ചുതുടങ്ങുന്നതും കാരണവന്മാരും ഇളയതലമുറയും തമ്മിലുള്ള സംഘർഷവും തറവാടുകളുടെ ശൈഥില്യവും ചെറുകുടുംബങ്ങളുടെ രൂപപ്പെടലുകളും ഈ പരിണാമത്തിന്റെ സൃഷ്ടിയാണ്.

വിദ്യാഭ്യാസം നേടി മറ്റ തൊഴിൽ ജീവിതസാഹചര്യത്തിൽ





പുലരാൻ അവസരം ലഭിച്ച അവരുടെ സാമൂഹികവീക്ഷണവും ജീവിതരീതികളും വ്യത്യസ്തമാകുന്നു. നിലനിൽക്കുന്ന സാമൂഹികസ്ഥാപനങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും ആത്മവിമർശപരമായി പുനഃപരിശോധിക്കാൻ പാശ്ചാത്യചിന്തകളുമായുള്ള അടുപ്പം അവരെ പ്രേരിപ്പിച്ചു. ഉപരിശ്രേണിയിലേക്കുള്ള തങ്ങളുടെ മുന്നേറ്റത്തെ തടയുന്ന സാമൂഹിക, ഗാർഹിക ബന്ധങ്ങളെ ഉടച്ചുവാർക്കുന്ന വ്യക്തിസ്വാതന്ത്ര്യത്തിലാണ് ഈ നവീകരണങ്ങൾ കേന്ദ്രീകരിച്ചത്. ഒമ്പതാം ശതകംമുതൽ നായർസമുദായം പിന്തുടർന്നുവന്ന മാതൃദായക്രമത്തിൽ അധിഷ്ഠിതമായ കുടുംബഘടനയും വിവാഹസമ്പ്രദായവും അവ ഉയർത്തിയ അസ്വസ്ഥതകളുടെയും ഫലമായി നായർ തറവാടുകളുടെ ശൈഥില്യം സംഭവിക്കുന്നു. ഇത് ഭൂബന്ധങ്ങളിലും കാർഷിക സാമ്പത്തികഘടനയിലും വലിയ മാറ്റങ്ങളുണ്ടാക്കി. പുതിയ തൊഴിൽ സാമ്പത്തിക കുടുംബ ജാതി നിലയുമായി ചേർന്ന ഒരു മധ്യവർഗത്തിന്റെ ഉദയമായിരുന്നു അത്. തറവാടുകൾ ചെറുകുടുംബങ്ങളായി. ഇത് പൊതു ആഘോഷങ്ങളുടെയും കൂടിച്ചേരലുകളുടെയും സന്ദർഭങ്ങൾ അനിവാര്യമാക്കി. എല്ലാവർക്കും. ഒരുമിച്ച് പങ്കിടാൻ കഴിയുന്ന ആഘോഷങ്ങൾ വളർത്തിയെടുക്കുന്നതിൽ ഈ ചെറു കുടുംബവ്യവസ്ഥ വലിയ പങ്കുവഹിച്ചു.

ബ്രാഹ്മണ നാടുവാഴിത്ത വ്യവസ്ഥയിൽനിന്ന് വ്യത്യസ്തമായി മധ്യവർഗ ചെറുകുടുംബങ്ങളുടെ ആഘോഷമായി ഓണം മാറുന്നത് ഈ കാലംമുതലായിരിക്കണം. കുടുംബങ്ങളിൽ ഒതുങ്ങിനിന്നിരുന്ന സ്വകാര്യ ആഘോഷങ്ങൾക്ക് പുറത്തേക്ക് ഓണത്തെ ജനകീയ ഉത്സവമാക്കി മാറ്റുന്നതിൽ ഈ പുതിയ മധ്യവർഗത്തിന് വന്നുചേർന്ന തുറന്ന സാമൂഹിക ജീവിതം വലിയ പങ്കുവഹിച്ചു. ഇതിന് സമാന്തരമായി കേരളത്തിലെ ജാതിബന്ധങ്ങളിലും ഭൂബന്ധങ്ങളിലും മാറ്റം സംഭവിക്കുന്നുണ്ട്. ജന്മികുടിയാൻ കെട്ടുപാടുകളിൽനിന്ന് കർഷകർ മുക്തരായിത്തുടങ്ങുകയും അവർക്ക് ജാതീയമായ തൊഴിൽസമ്പ്രദായത്തിന് പുറത്ത് മറ്റ് തൊഴിലിടങ്ങളും കൂലിവേലകളും ലഭ്യമാവുകയും ചെയ്യുന്നു. ഭൂ ഉടമയുടെ കൃഷിയിടത്തെ മാത്രം ആശ്രയിച്ച് കഴിഞ്ഞവരും ജാതിത്തൊഴിൽ മാത്രം ചെയ്തിരുന്നവരും ഈ പുതിയ തൊഴിൽസാമ്പത്തികമേഖലയിൽ എത്തിപ്പെടുന്നു. ചെറുകിട തൊഴിൽമേഖലകളുടെ വികാസത്തോടെ സ്വതന്ത്ര കൂലിവേലക്കാരുടെ എണ്ണം പെരുകി. ജാതികളുടെ കലരൽ ഇതിൽ ഒരു പ്രധാനഘടകമാണ്. പലഭൂതകാലങ്ങളുടെ, പലപല ഓർമകളുടെ, അനുഭവങ്ങളുടെ, അനുഷ്ഠാനങ്ങളുടെ, ആഘോഷങ്ങളുടെ, ശീലങ്ങളുടെ, രുചികളുടെ, അഭിരുചികളുടെ കലരൽ ജാതിതൊഴിൽ ശ്രേണിയിൽ അടിത്തട്ടിൽ കഴിഞ്ഞിരുന്നവർക്കും സാമൂഹികമായ പുതിയ ഉറപ്പുകൾ സാധ്യമാക്കി. ഈ പുതിയ സാമൂഹികാന്തരീക്ഷത്തിൽ എല്ലാവർക്കും പൊതുവായുള്ള ആഘോഷങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പ്രസക്തിയേറി. ഓണം ജനകീയവത്കരിക്കപ്പെട്ടുതുടങ്ങിയത് അങ്ങനെയാണ്. ഈ ജനകീയതയിൽ മാവേലിക്ക് അഥവാ ഓണത്തിന്റെ പുരാവൃത്തത്തിന് ഒരു ചിഹ്നത്തിൽ കവിഞ്ഞ അർഥവ്യാപ്തിയോ യുക്തിയോ ഇല്ല. എല്ലാവർക്കും ഒരുമിച്ച് പങ്കിടാൻ കഴിയുന്ന ഭൂതകാലമായി, പൊതുപാരമ്പര്യമായി, പൈതൃകമായി സാർവത്രികമായി അത് സ്വാംശീകരിക്കപ്പെട്ടു. ജനാധിപത്യ രാഷ്ട്രീയ സംവിധാനത്തിലൂടെ കേരള സംസ്ഥാനം രൂപപ്പെടുന്നതിനൊപ്പം, മലയാളി പൊതുബോധത്തിന്റെ നിർമിതിക്കൊപ്പം ഓണം മലയാളി സ്വത്വത്തിന്റെ തനിമയുടെ ഭാഗമായി. ക്രമേണ ഭരണകൂടത്തിന്റെ മുൻകൈയിൽ ഓണം ദേശീയോത്സവമായിത്തീരുന്നു. ജാതിമത ബന്ധങ്ങളുടെ



ഘടനയെ പൂർണമായി പിന്തുള്ളുന്ന ജനകീയതയൊന്നും അനുഷ്ഠാനതലത്തിൽ ഓണത്തിന് അവകാശപ്പെടാനില്ല. ഹൈന്ദവമിത്തിന്റെയും അനുഷ്ഠാനങ്ങളുടെയും സാംസ്കാരികമുദ്രകൾ പതിഞ്ഞതാണവ. എന്നാൽ, ഐതിഹ്യവും അനുഷ്ഠാനങ്ങളും ജനകീയ ആഘോഷങ്ങളുടെ പശ്ചാത്തലം മാത്രമാണ്. ഓരോ ദേശത്തിന്റെയും സാംസ്കാരികവും സാമൂഹികവും ഭൂമിശാസ്ത്രപരവും സാമ്പത്തികവുമായ നിലകളനുസരിച്ച് ഓണം പലതാണ്.

ഇന്ന് ദേശിയോത്സവമായും ടൂറിസം വാരാഘോഷമായും പ്രവാസി കൂട്ടായ്മകളായും ജലോത്സവങ്ങളായും ഓണങ്ങൾ കൊണ്ടാടുന്നു. എല്ലാവർക്കും പലതാണ് ഓണം. മാവേലി, തൃക്കാക്കരയപ്പൻ, പൂക്കളം, ഓണപ്പാട്ടുകൾ, ഓണക്കോടി, ഓണസദ്യ എന്നിങ്ങനെ ആവർത്തിക്കുന്ന കുറെ ചിഹ്നങ്ങൾക്കുമേൽ പലനിലകളിൽ പടുത്തുയർത്തിയ പരസ്പരം ബന്ധമില്ലാത്ത അനേക ആഘോഷങ്ങളുടെ സഞ്ചയമെന്ന് ഓണത്തെ വിശേഷിപ്പിക്കാം. ഓണവും മാവേലിയുടെ ഐതിഹ്യവും കേരളം എന്ന ഉപദേശീയതക്ക് പൊതുവായ ഭൂതകാലം സങ്കൽപിക്കുകയായിരുന്നു. സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സന്ദിഗ്ധതകളെയും അത് സാധ്യമാക്കുന്ന പുത്തൻ ഉണർവുകളെയും ഇടങ്ങളെയും പിടിച്ചെടുക്കുന്ന ദേശസ്വത്വത്തിന്റെ അടയാളമായി അത് കൊണ്ടാടപ്പെടുന്നു. കേരളം എന്ന പ്രാദേശിക വൈരുധ്യങ്ങളും നാനാത്വവും ഈ ആഘോഷങ്ങളിൽ ഏകീകരിക്കപ്പെടുന്നു. ഒരു പൊതു ഭൂതകാലത്തെ സ്വാംശീകരിക്കുന്നതിലൂടെ പൗരാണികവും പാവനവുമായ പാരമ്പര്യത്തിലേക്ക് മലയാളി ജനത കണ്ണിചേർക്കപ്പെടുക കൂടിയാണ്. അതിനാൽ പാരമ്പര്യത്തിന്റെ അഭിമാനബോധവും ഇതിൽ കലർന്നിരിക്കുന്നുണ്ടാവാം. പിൽക്കാല മലയാളി ജീവിതത്തിൽ കേരളം എന്ന ദേശസ്വത്വം കൂടുതൽ അനിവാര്യമായിത്തീർന്ന സന്ദർഭങ്ങൾ നിരവധിയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കടിയേറ്റവും പ്രവാസവുമാണ്. ഒരുപക്ഷേ, കേരളത്തിലേതിനെക്കാൾ വൈകാരിക തീവ്രതയോടെയാണ് ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള മലയാളി സമൂഹം ഓണം ആഘോഷിക്കുന്നത്. കേരളീയ സ്വത്വബോധത്തിന്റെ ഒരു മൗലികാംശമായി ഓണം മാറിക്കഴിഞ്ഞു. കടിയേറ്റവും പ്രവാസവും സൃഷ്ടിച്ച ദേശസ്വത്വപ്രതിസന്ധിയെ ഇത്തരം ജനകീയാഘോഷത്തിലൂടെ അവർ മറികടക്കുന്നു. അങ്ങനെ ഓണത്തെ സ്വത്വത്തിന്റെയും ദേശസ്വത്വത്തിന്റെയും ദേശീയതയുടെയും ചിഹ്നമായി മലയാളി സ്വാംശീകരിച്ചു.

ഓണത്തിനിമകൾ കായലും പുഴകളും സമൃദ്ധമാക്കിയ സമതലകേരളത്തിന്റെ ഓണസ്മൃതികൾ ജലയാത്രകളും വള്ളംകളിയും വൈവിധ്യമാർന്ന ഭക്ഷണശീലങ്ങളും ചേർന്നതാണ്. ഓണപ്പെടവയും മുണ്ടും നേര്യതുമൊക്കെ കേരളത്തിന്റെ ഓണത്തിന്റെ തനിമയായി കടന്നുവരുന്നുണ്ട്. കസവുമുണ്ടും പുളിയിലക്കരമുണ്ടും ചുറ്റി ഒരുനൂറ്റാ

ങ്ങിനപ്പുറം ഒരോണക്കാലത്തേയ്ക്ക് മലയാളിക്ക് പോകാനാവില്ല. തെക്കൻ തിരുവിതാംകൂറിലെ നാടാർ സ്ത്രീകൾ മാറ് മറയ്ക്കാനുള്ള അവകാശത്തിനായി സമരം ചെയ്തത് ഒന്നര നൂറ്റാണ്ടിനപ്പുറമാണ്. 1859 ജൂലൈ 26ന് അന്നത്തെ തിരുവിതാംകൂർ രാജാവായിരുന്ന ആയില്യം തിരുനാൾ കീഴ്ജാതിയിൽപ്പെട്ട മാറ് മറയ്ക്കാനുള്ള അവകാശം അനുവദിച്ചുകൊണ്ട് ഉത്തരവിറക്കി. പുരുഷന്മാർ മേൽവസ്ത്രം വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയിട്ട് അനു ഉ വർഷംപോലുമായിട്ടില്ല. മുണ്ടും ജുബ്ബയും പുളിയിലക്കരമുണ്ടും നേര്യതും കസവുപുടവയുമൊക്കെ തനിമയിലേയ്ക്ക് കൂട്ടിച്ചേർക്കപ്പെട്ടതാണ്. കായലും പുഴകളും സമൃദ്ധമാക്കിയ കേരളത്തിന്റെ ഭക്ഷണം പച്ചക്കറിയും മീൻവിഭവങ്ങളും ചേർന്നതായിരുന്നു. പിന്നീടത് പച്ചക്കറിക്ക് വഴിമാറി. ഉപ്പേരിച്ചോറും അവിയൽ, കാളൻ, പച്ചടി, കിച്ചടി, ഇഞ്ചി എന്നിങ്ങനെ അത് 'കേരളീയ'വും പാരമ്പര്യവും അഭിമാനചിഹ്നവുമൊക്കെയായി. കേരളീയ ഭക്ഷണം എന്നൊന്നുണ്ടോ? കേരളത്തിൽ മാത്രമുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും നാട്യരൂപങ്ങളും നാടൻകലകളും വള്ളംകളിയും കഥകളിയും ഇതുപ്പുഴക്കിന്റെ പഴയരിച്ചോറും ഇലസദ്യയും പുളിയിലക്കരമുണ്ടും കസവുവേഷ്ടിയും നാലുംകൂട്ടിയുള്ള മുറുക്കലുമൊക്കെയാണ് കേരളീയതയായി അവതരിപ്പിക്കാറുള്ളത്. കെട്ടുവള്ളവും കയറ്റുപായും കള്ളും കരിമീൻ കറിയും കേരളീയതയുടെ അടയാളങ്ങളായി വിനോദസഞ്ചാരകാലത്ത് പ്രചാരം നേടിയിട്ടുണ്ട്. കേരളത്തിൽ നെൽകൃഷി ആരംഭിച്ചിട്ട് നൂറ്റാണ്ടുകളായെങ്കിലും എല്ലാ വിഭാഗം ജനങ്ങളുടെയും പ്രധാനഭക്ഷണം അരിയായിരുന്നില്ല. ഉയർന്ന ജാതിയിൽപ്പെട്ട നമ്പൂതിരി, അമ്പലവാസികൾ, നായർ തുടങ്ങിയവർക്കിടയിലായിരുന്നു അരിഭക്ഷണം പതിവായിരുന്നത്. 19-ാം ശതകത്തിന്റെ അന്ത്യംവരെ കേരളത്തിലെ സാധാരണ ജനങ്ങൾക്കിടയിൽ രണ്ടു നേരത്തേ ഭക്ഷണം മാത്രമായിരുന്നു പതിവ്. സാമ്പത്തികമായി പിന്നാക്കംനിന്ന നായന്മാർക്കും അവർണജാതിക്കാർക്കും ചോറ് അപൂർവ ഭക്ഷണമായിരുന്നുവെന്ന് ചരിത്രകാരന്മാർ പറയുന്നു. ചാമ, തെന, മുതിര, പയർ തുടങ്ങിയ കിഴങ്ങുവർഗങ്ങളുമായിരുന്നു സാധാരണ ജനങ്ങളുടെ ഭക്ഷണം. ഊട്ടുകളും ഊട്ടുപുരകളും ബ്രാഹ്മണർക്ക് വിരുന്നുനൽകുന്നതുമായി ബന്ധപ്പെട്ടാണ് വികസിച്ചുവന്നത്. ഇന്നത്തെ ഓണസദ്യയുടെ വിഭവങ്ങളും അനുഷ്ഠാനങ്ങളും ബ്രാഹ്മണരിൽനിന്നും കടംകൊണ്ടതാണ്. ഓണത്തിനു മീൻ വിളമ്പുന്ന രീതി മധ്യകേരളത്തിലെ പടിഞ്ഞാറൻ തീരപ്രദേശങ്ങളിലുണ്ട്. കോട്ടയം ജില്ലയിലെ ഒരു നാടൻപാട്ടിന്റെ ഉള്ളടക്കം തന്നെ ഓണക്കാലത്ത് പെയ്യുന്ന അതിശക്തമായ മഴയിൽ പാടത്തേയ്ക്കും തോട്ടിലേയ്ക്കും പുഴയിൽനിന്നും വെള്ളം കയറുന്നതും അതിലൂടെ കൂരി തള്ളിക്കയറിവരുന്നതും കീഴ്ജാതിയിൽപ്പെട്ട മനുഷ്യർ കൂട്ടത്തോടെ മീൻപിടിക്കുന്നതുമാണ്.

കഞ്ഞാണ്ടേ കഞ്ഞാണ്ടേ
തിരിയോണം വന്നല്ലോ കഞ്ഞാ ണേ.
കൂരിക്കറി, കൂരിക്കറി
തിരിയോണത്തിന്കൂരിക്കറി.'

ആ ഓണം അവർ ഉത്സവമാക്കിമാറ്റുന്നത് കൂരിക്കറി പാകംചെയ്തുകൊണ്ടാണ്. എന്നിട്ടും ഓണവിഭവങ്ങളെക്കുറിച്ചുള്ള ഒരു പാചകപരിപാടിയിലും മീൻകറി ഇടംനേടുന്നില്ല.

ആഘോഷങ്ങളിലെ ചിഹ്നങ്ങൾക്കൊന്നിനും രണ്ടോ മൂന്നോ നൂറ്റാണ്ടിനപ്പുറത്തേക്ക് ചരിത്രമില്ല. ഓണക്കാലത്ത് മധ്യകേരളത്തിലെ ആഘോഷം ജലവുമായി ബന്ധപ്പെട്ടതാണ്. ഓണം ജലഘോഷങ്ങളുടേതുകൂടിയാണ്. ചുണ്ടൻവള്ളങ്ങളുടെ ചരിത്രത്തിന് മാർത്താണ്ഡവർമയോളം മാത്രമേ പഴക്കമുള്ളൂ. മാർത്താണ്ഡവർമ ഡച്ചുകാരുമായി യുദ്ധം ചെയ്യുമ്പോൾ നായന്മാരുടെ പടനീക്കത്തിന് കണ്ടുപിടിച്ച വാഹനമാണ് ചുണ്ടൻ വള്ളം. പടയാളികൾക്ക് ഭക്ഷണം പാകംചെയ്യുന്നതിനായി വെട്ടുകാർ സഞ്ചരിച്ച വള്ളമായിരുന്നു വെപ്പുവള്ളം. ചുണ്ടൻവള്ളവും വെപ്പുവള്ളവും ഇന്ന് ഓണാഘോഷത്തിന്റെ അവിഭാജ്യഘടകമാണ്. ഈ അർഥത്തിൽ നിരന്തരം നിർമിച്ചുകൊണ്ടിരിക്കുന്ന നിരവധി ദേശത്തിനിമയുടെ ആഘോഷംകൂടിയാണ് നമുക്ക് ഓണം. പ്രാചീനതയുടെ പാരമ്പര്യത്തിന്റെ ഭാരമിറക്കിവെച്ച് ഓരോരോ കാലത്തിന്റെ ജീവിതായോധനത്തിന്റെ സാമൂഹികസാംസ്കാരിക സാമ്പത്തിക നിലയുടെ അനിവാര്യതകളെക്കൂടി സമന്വയിപ്പിച്ചുകൊണ്ടാണ് അത് വളരുന്നത്. ഓണം അനവധി ഉത്സവങ്ങളുടെ സാംസ്കാരിക സങ്കരമാണ്. ദേശത്തെ ഉദരത്തിലും അവ വ്യത്യസ്തമായിരിക്കുന്നു. സംസ്കൃതിയിൽനിന്ന് അറബിക്കടലിലേക്ക് പരന്നിറങ്ങുന്ന ഭൂവിതാനങ്ങളിലൂടെ അനവധി ആഘോഷങ്ങളുടെ ഓർമകളും വർത്തമാനവും കൂടിക്കലർന്ന് കാലം എന്നും പുതിയ ഓണങ്ങൾ സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു.



# ഗിരിസുത




ഗിരിസുത,
ഹിമവാന്റെ മകൾ
ഗൗരി.....
തിരുജടയിലൊളിച്ചവൾ നീ...
തിളയ്ക്കും മസ്തിഷ്കം.
പൊട്ടിയൊലിച്ച രോഷത്തിൻ ലാവ
ഒഴുകിപ്പരന്നി.താരുടെ സ്വാസ്ഥ്യം കെടുത്തി?
ഏതു മേടകളിലാവിയായെത്തി,യതാ-
രുടെ സ്ഥൈര്യം ചോർത്തി?
ആവിയാൽ തൊലി പൊള്ളിയ,
മതതിമിരാന്ധ നേത്രങ്ങൾ.
കാഴ്ച മറഞ്ഞ പിശാചുക്കൾ
തോക്കിൻ നാളം ശരിയാക്കി
വെടിയുണ്ട നിറച്ചു.
നിറ തിര കനം തൂക്കിയ പിസ്റ്റൾ.....
എഴുപതാണ്ടുകൾക്കപ്പുറത്തായ്
ഗണിത തുല്യമായസ്ഥിപെറുക്കിയെടു
ത്തിടാമൊരർധനഗ്നന്റെ
മാറിടം തുളച്ചലഞ്ഞ......
അതേ വെടിയുണ്ടകൾ.....
പാതകളേറെ താണ്ടിത്താണ്ടി......
കൂർത്തു മൂർത്തൊരു പേനയെ
ലക്ഷ്യം വച്ചു....
മാംസദ്വാരങ്ങളുതു തീർത്തു
പച്ച മാംസം കരിഞ്ഞൊരാഗന്ധം...
ഇറ്റുവീണ ചോരത്തുള്ളി....
മാംസം തുളച്ചോരായുണ്ടകൾ
പേനതൻ മുനമ്പിൽ തട്ടിത്തെറിച്ചു!
ഒന്നിരു പത്താ,യാപേനമുനകൾ

തിരയൊഴിഞ്ഞ തോക്കിനെ നോക്കി മന്ദഹസിക്കുന്നു.
'ഉറങ്ങാത്ത മനീഷ
മഷിയുണങ്ങിടാത്ത പേന'....
ഉറക്കമൊഴിഞ്ഞേയിരിക്കുന്നു.
നിൻ നാമം... നിന്നോർമ്മ
തൂലികത്തുമ്പിലായുയിർക്കും,
നാദകണ്ഠമായുണരും,
നിവർന്ന നെഞ്ചായ് വിരിയും,
കനിയാശിരസ്സായ് നിവരും!

എൻ.കെ. സുനിൽ കുമാർ
മഹാത്മാഗാന്ധി കോളേജ്
തിരുവനന്തപുരം





# ബോർഹെസ്സിന്റെ പ്രണയകഥ

**എസ്. കെ. പ്രതാപ്**
എസ്.എൻ. കോളേജ്, കൊല്ലം



പ്രശസ്ത അർജന്റീനിയൻ സാഹിത്യകാരൻ ഹോർഹെ ലൂയി ബോർഹെസ്സിന്റെ (1899–1986) ഒരേയൊരു പ്രണയകഥയാണ് 'അൾറിക്.' ബൗദ്ധികതയുടെ അതിസ്പർശമാണ് ബോർഹെസ് കഥകളുടെ സവിശേഷത. അയഥാർഥ ലോകങ്ങളുടെ അതിഭൗതികാവിഷ്കാരങ്ങളാണവ. കഥയ്ക്കുള്ളിലെ കഥകൾ, യഹൂദരുടെ ഗൂഢശാസ്ത്രമായ കബാലയിലെ ആശയങ്ങൾ തുടങ്ങി നൂതനങ്ങളായ രചനാ സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള കുറ്റാന്വേഷണ കഥകൾ, ലാറ്റിനമേരിക്കയിലെ കൗബോയ്കളായ 'ഗോച്ചോ'മാർക്കിടയിലുണ്ടായിരുന്ന കത്തിയുദ്ധത്തിന്റെ ഉദ്വേഗജനകങ്ങളായ കഥകൾ, എന്നിങ്ങനെയാണ് അദ്ദേഹം എഴുതിയിട്ടുള്ളത്. സ്ഥലം, കാലം, മരണം, ഭാഷയുടെ പ്രതിനിധീകരണപരിമിതികൾ, സ്വത്വത്തിന്റെ മായികത എന്നിങ്ങനെ പോകുന്നു ബോർഹെസ്സിന്റെ പ്രമേയങ്ങൾ. പ്രസിദ്ധ അമേരിക്കൻ നിരൂപകൻ ഹാരോൾഡ് ബ്ലൂം തിരഞ്ഞെടുത്തിട്ടുള്ള ബോർഹെസ്സിന്റെ ഏറ്റവും മികച്ച അമ്പ

കഥകൾ എല്ലാം തന്നെ മേൽപ്പറഞ്ഞ തരത്തിലുള്ളവയാണ്. 'ഡെത്ത് ഓഫ് എ കോമ്പസ്', 'റ്റ്ലോൺ ഉക്ബർ, ഓർബിസ് ടെർഷ്യസ്', 'ദ് ഇമ്മോർട്ടൽ', 'ദി അലെഫ്', 'ദ് സൗത്ത്' എന്നിവയാണവ. ഇതിൽ 'ഡെത്ത് ഓഫ് എ കോമ്പസ്' കബാലയിലെ ആശയങ്ങൾ കാതലായ ഉള്ളടക്കമായി വരുന്ന കുറ്റാന്വേഷണകഥയാണ്. 'റ്റ്ലോൺ' ഒരു ആശയലോകത്തെ സംബന്ധിക്കുന്ന പാഠമാണ്. ആംഗ്ലോ അമേരിക്കൻ വിജ്ഞാനകോശത്തിന്റെ ഒരു പ്രത്യേകപതിപ്പിൽ നിന്നും കഥയിലെ കഥാപാത്രങ്ങൾ കണ്ടെത്തുന്ന പാഠമാണത്. മെറ്റാഫിക്ഷൻ അഥവാ കഥയ്ക്കുള്ളിലെ കഥയാണ് 'ദ് ഇമ്മോർട്ടൽ'. സാങ്കല്പിക രാജ്യമായ ല്യസിഞ്ഞിലെ രാജകുമാരിക്ക് കിട്ടുന്ന ഹോമറുടെ ഇലിയഡിന്റെ ആറാം വോള്യത്തിൽ നിന്നും അവർ കണ്ടെടുക്കുന്ന ഒരു കയ്യെഴുത്തുപ്രതിയാണ് കഥയ്ക്കാധാരം. റോമാ ചക്രവർത്തിയായിരുന്ന ഡയോക്ലിറ്റിയന്റെ കാലത്തെ ഒരു റോമൻ ട്രിബ്യൂൺ എത്തിച്ചേരുന്ന അമരന്മാരുടെ നഗരത്തെ പറ്റിയാണ് ഈ കഥ. ബേം തെരഞ്ഞെടുക്കുന്ന നാലാമത്തെ മികച്ച ബോർഹെസ് കഥയാണ് 'ദ് അലെഫ്'. ഒരു പക്ഷേ ബോർഹെസ്സിന്റെ ഏറ്റവും പ്രശസ്തി നേടിയ കഥകളിലൊന്നാണിത്. എല്ലാ ബിന്ദുക്കളെയും ഉൾക്കൊള്ളുന്ന ഒരു ബിന്ദു ആണ് അലെഫ്. അത് കഥയിലെ പ്രധാന കഥാപാത്രമായ ഡാനെറിയുടെ വീടിന്റെ സെല്ലാറിലാണുള്ളത്. ഡാനെറി ഒരു ഭ്രാന്തനാണെന്ന് കഥ പറയുന്നയാൾ കരുതുന്നെങ്കിലും ഒടുവിൽ അയാളും അലെഫ് എന്ന മാന്ത്രികമായ അനുഭവം എന്തെന്നറിയുന്നു. അത് ഒരുതരം വിശ്വദർശനം അയാൾക്കേകുന്നെന്ന് പറയാം. സ്വന്തം അർജന്റീനിയൻ വേരുകൾ തേടി പോകുന്ന പരിഷ്കാരിയായ ഡാൽമാൻ (ഇത് ഒരുപക്ഷേ ബോർഹെസ് തന്നെയാണ്) അർജന്റീനിയൻ പാരമ്പര്യമായ ഒരു ഗോച്ചോ കത്തിയുദ്ധത്തിൽ കൊല്ലപ്പെടുന്ന കഥയാണ് 'ദ് സൗത്ത്'. ഇവയൊന്നും തന്നെ പ്രണയമില്ല. ബോർഹെസ്സിന്റെ മറ്റ കഥകളിലും, 'അൾറിക്കി'ൽ ഒഴിച്ച്.

ഒരു രാത്രിയും ഒരു പ്രഭാതവും മാത്രം നീണ്ടു നിൽക്കുന്ന തീവ്രപ്രണയത്തിന്റെ കഥ പറയുന്ന 'അൾറിക്'. 1975ൽ പ്രസിദ്ധീകരിച്ച 'ദ് ബുക്ക് ഓഫ് സാന്റ്' എന്ന തന്റെ അവസാന കാല പുസ്തകത്തിലാണ് ബോർഹെസ് ഈ രചന ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രണയകഥയായിരിക്കുമ്പോൾ തന്നെ ബോർഹെസ്സിന്റെ തനത് ശൈലിയുടെ സവിശേഷതകൾ ഈ കഥയിൽ കാണാം. തന്റെ കഥയെ ലോകസാഹിത്യത്തിലെ മറ്റൊരു കഥാസന്ദർഭവുമായി കൂട്ടിയിണക്കലാണ് അദ്ദേഹം കഥയുടെ തുടക്കത്തിൽ തന്നെ ചെയ്യുന്നത്. അധികം പ്രചാരത്തില്ലാത്ത കൃതികളിൽ അഭിരമിക്കുകയും അവയിലെ ഉള്ളടക്കത്തെ തന്റെ കഥാരചനയ്ക്ക് അനുയോജ്യമാം വണ്ണം പ്രയോജനപ്പെടുത്തുകയും ചെയ്യുക ബോർഹെസ്സിന്റെ ശീലമായിരുന്നു. പതിമൂന്നാം നൂറ്റാണ്ടിലെ ഐസ്ലാന്റിക് ഇതിഹാസമായ വോൾസുംഗ സാഗയിലെ ഒരു ഉദ്ധരണിയിലൂടെ 'അൾറിക്കി'ൽ അത് സാധിച്ചിരിക്കുന്നു. 'അവൻ ഗ്രാം എന്ന വാൾ എടുത്ത് നഗ്നമാക്കി അവർക്കിടയിൽ അതിനെ കിടത്തുന്നു' എന്നതാണ് ആ ഉദ്ധരണി.

വോൾസുംഗ സാഗയിലെ രണ്ടു പ്രധാന കഥാപാത്രങ്ങളാണ് കമിതാക്കളായ സിഗർഡും ബ്രൺഹിൽഡും. അവരുടെ ബന്ധത്തിന്റെ ആദ്യനാളുകളിൽ തന്നെ ബ്രൻഹിൽഡ് ആ ബന്ധം അല്പായുസ്സായിരിക്കുമെന്ന് പ്രവചിക്കുന്നുണ്ട്. പിന്നീട് സിഗർഡ് തന്റെ കാമുകിയെ ഒരുതരം മദ്യം കഴിക്കുന്നതിലൂടെ മറക്കുന്നു. അയാളെക്കൊണ്ട് മറ്റുചിലർ അത് മനഃപൂർവം കുടിപ്പിക്കുന്നതാണ്. അയാൾ മറ്റൊരു സ്ത്രീയെ, ഗുഡ്രുണെ, വിവാഹം കഴിക്കുന്നു. ഗുഡ്രുണിന്റെ സഹോദരൻ ഗണ്ണർ ബ്രൻഹിൽഡിൽ അനുരക്തനാകുന്നു. എന്നാൽ തന്റെ കൂടാരത്തിനു പുറമായി കത്തുന്ന തീയിലൂടെ അപകടം കൂടാതെ കടന്നു വരുന്ന ആളെ മാത്രമേ അവൾ സ്വീകരിക്കൂ. അതിലൂടെ കടക്കാൻ സിഗർഡിന്റെ കുതിരയായ ഗ്രാനിക്ക് മാത്രമേ സാധിക്കുകയുള്ളു. അതും സിഗർഡ് പുറത്തിരിക്കുമ്പോൾ മാത്രം. ഗണ്ണറെ സഹായിക്കാനായി സിഗർഡ് അയാളുടെ രൂപം സ്വീകരിച്ച് കൃത്യം നിർവഹിക്കുന്നു. തുടർന്ന് അയാളും ബ്രൺഹിൽഡും കിടക്ക പങ്കിടുന്നു. അവൾക്ക് അത് തന്റെ പൂർവകാമുകനാണെന്ന് മനസ്സിലാകുന്നില്ല. അയാൾക്ക് ഗണ്ണറുടെ വധുവാകാൻ പോകുന്ന അവളെ പ്രാപിക്കാനും കഴിയുന്നില്ല. അതിനാൽ ബന്ധപ്പെടൽ ഒഴിവാക്കാനായി സിഗർഡ് അവർക്കിടയിൽ അയാളുടെ വാളായ ഗ്രാം വയ്ക്കുന്നു. ഇതാണ് ബോർഹെസ് ഉദ്ധരിക്കുന്ന കഥാസന്ദർഭം.

നാലു പേജുകളിൽ ഒതുങ്ങുന്ന ചെറുകഥയായ 'അൾറിക്' നടക്കുന്നത് ഇംഗ്ലണ്ടിലെ യോർക് സിറ്റിയിലാണ്. നായകന്റെ ആത്മഗതമാണ് ആഖ്യാനം. അയാൾ ജാവിയർ ഓട്ടറോല എന്ന ഒരു അവിവാഹിതനായ മദ്ധ്യവയസ്കനാണ്. യോർക്കിലെ ഒരു സത്രത്തിലെ തീൻമുറിയിൽ വെച്ചാണ് അയാൾ നായികയായ അൾറിക്കിനെ ആദ്യമായി കാണുന്നത്. അവിടെ കുറച്ചുപേർ മാത്രമേയുള്ളു. ആരോ അവൾക്ക് ഒരു ഗ്ലാസ് ഷെറി (ഒരുതരം വീഞ്ഞ്) നീട്ടിയപ്പോൾ അവൾ അത് നിരസിച്ചുകൊണ്ട് താനൊരു ഫെമിനിസ്റ്റാണെന്ന് പ്രഖ്യാപിക്കുന്നു. തനിക്ക് പുരുഷന്മാരെ അനുകരിക്കാൻ ആഗ്രഹമില്ലെന്നും അവരുടെ പുകയിലയും മദ്യവും താൻ വെറുക്കുന്നുവെന്നും അവൾ കൂട്ടിച്ചേർക്കുന്നു. അവളുടെ തുടർന്നുള്ള സംഭാഷണത്തിലൂടെ അവൾ നോർവേക്കാരിയാണെന്നും അയാൾ മനസ്സിലാക്കി. അയാൾ അപ്പോൾ മുതൽ അവളെ ശ്രദ്ധാപൂർവം നിരീക്ഷി

ച്ചു. കാവ്യാത്മകമാണ് അയാളുടെ അവളെപ്പറ്റിയുള്ള നിരീക്ഷണങ്ങൾ. അൾറിക്കിൽ പൊന്നും മാർദ്ദവവും സമ്മേളിച്ചിരിക്കുന്നു. അവൾ ഉയരമുള്ളവളും കൃശഗാത്രയും ചാരക്കണ്ണുകളും വടിവൊത്ത മുഖലക്ഷണങ്ങൾ ഉള്ളവളുമാണ്. എന്നാൽ അവളുടെ മുഖത്തെക്കാൾ അയാളെ ആകർഷിക്കുന്നത് അവളെ ചൂഴ്ന്നു നിൽക്കുന്ന ശാന്തിയുടെ നിഗൂഢപരിവേഷമാണ്. എളുപ്പത്തിൽ പുഞ്ചിരിക്കുന്ന അവളുടെ പുഞ്ചിരി അവളെ അകലങ്ങളിലേക്ക് കൊണ്ടുപോകുന്നതു പോലെ. സാധാരണ വടക്കരിൽ നിന്നും വ്യത്യസ്തമായി കറുത്ത വസ്ത്രങ്ങൾ അണിഞ്ഞിരിക്കുന്ന അവളുടെ ഇംഗ്ലീഷ് മനോഹരമാണ്.

തുടർന്ന് അവർ പരിചയപ്പെടുത്തപ്പെട്ടു. താൻ കൊളമ്പിയയിലെ ബൊഗോട്ട സർവകലാശാലയിലെ പ്രൊഫസറാണെന്ന് അയാൾ അവളോട് പറഞ്ഞു. ആ രാത്രി അവിടെ അവസാനിച്ചു. അടുത്ത ദിവസം അതിരാവിലെ തന്നെ അയാൾ തീൻമുറിയിൽ എത്തി. പുറത്ത് മഞ്ഞു വീണിരുന്നു. അവിടെ അൾറിക് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവൾ അയാളെ തന്റെ മേശ പങ്കിടാൻ ക്ഷണിച്ചു. പുറത്തേക്ക് നടക്കാൻ പോകാൻ അവൾ ആഗ്രഹം പ്രകടിപ്പിച്ചു. അവർ ഒപ്പം നടന്നു തുടങ്ങി. കറുപ്പു വെളുപ്പുകൾക്കപ്പുറമുള്ള തോർ ഗേറ്റിലേക്കാണ് അവർ പുറമതിലൂടെ നടന്നത്. അവൾ തുടർന്ന് ലണ്ടനിലേക്കും അയാൾ എഡിൻബറോയിലേക്കും പോകാനിരിക്കുന്നവരാണ്. അവരുടെ ജീവിതത്തിലെ ഹ്രസ്വവും ഇനി ആവർത്തിക്കാൻ ഇടയില്ലാത്തതുമായ ഒരു കൂട്ടിമുട്ടൽ മാത്രമാണത്. എങ്കിലും അയാൾ അവളിൽ അനുരക്തനാകുന്നു. (ഈ നശ്വരമായ ബന്ധത്തിലൂടെയാണ് കഥയെ വോൾസുംഗ സാഗയുമായി സാമ്യപ്പെടുത്തുന്നത്.) സാഹിത്യം സം



സാരിച്ചു നടന്ന അവർ വളരെ സ്വാഭാവികമായി പരസ്പരം അടുക്കുന്നു. അയാൾക്ക് അവളെ അനായാസം ചുംബിക്കാനാകുന്നു. തോർഗേറ്റിൽ വെച്ച് താൻ അയാളുടേതാകുമെന്നും അതുവരെ തന്നെ സ്പർശിക്കരുതെന്നും അവൾ അയാളോട് പറയുന്നു. ഒരു ബ്രഹ്മചാരിയും മധ്യവയസ്കനുമായ അയാൾക്ക് ആ വാഗ്ദത്ത പ്രണയം ഒരു സമ്മാനമോ അത്ഭുതമോ ആണ്. അവർ കൈകൾ കോർത്തു നടന്നു. എല്ലാം ഒരു സ്വപ്നം പോലിരിക്കുന്നെന്ന് അയാൾ പറയുന്നു. താൻ മരിക്കാൻ പോകുകയാണെന്ന അവളുടെ വാക്കുകൾ അയാളെ ഒരുവേള സ്തബ്ധനാക്കുന്നു. ആ മുഹൂർത്തം എക്കാലവും നിലനിന്നിരുന്നെങ്കിൽ എന്നയാൾ മോഹിക്കുന്നു. 'എക്കാലവും' എന്നത് മനുഷ്യനു നിഷിദ്ധമാണെന്ന് അവൾ പറയുന്നു. അയാളുടെ പേര്, ജാവിയർ ഓട്ടറോള. അവൾക്ക് ഉച്ചരിക്കാൻ പ്രയാസമാകുന്നു. അയാൾക്ക് 'അൾറിക്ക്'ം. അതുകൊണ്ട് അവൾ അയാളെ സിഗർഡ് എന്നു വിളിക്കാമെന്ന് പറയുന്നു. അങ്ങനെയെങ്കിൽ അയാൾ അവളെ ബ്രൻഹിൽഡ് എന്നും വിളിക്കും. 'ബ്രൻഹിൽഡ്, നമുക്കിടയിൽ ഒരു വാൾ കിടക്കണമെന്ന് ആഗ്രഹിക്കുന്നതുപോലെയാണല്ലോ നീ നടക്കുന്നത് അയാൾ പറയുന്നു. എന്നാൽ തോർഗേറ്റ് സത്രത്തിൽ അവൾ വിവസ്ത്രയാകുകയും അയാളെ



ജാവിയർ എന്നുതന്നെ വിളിക്കുകയും ചെയ്യു. സിഗർഡ് ബ്രൻഹിൽഡ് കഥയിലെ പോലെ അവർക്കിടയിൽ ആ 'വാൾ' ഒരു പ്രതിബന്ധമാകുന്നില്ല. അവർ ആനന്ദപൂർവം സംയോഗിക്കുന്നു. ആദ്യമായും അവസാനമായും താൻ അൾറിക്കിന്റെ 'ബിംബത്തെ' പ്രാപിച്ചു എന്നാണ് അയാൾ പറയുന്നത്. ആ ബന്ധപ്പെടൽ യാഥാർഥ്യമാണോ എന്ന അയാളുടെ സംശയമാണ് അയാളെക്കൊണ്ട് അങ്ങനെ പറയിക്കുന്നത്. ലൈംഗികതയുടെയോ സ്ത്രീയുടെയോ സാന്നിധ്യമില്ലാത്ത ജീവിതത്തിന്റെ ഉടമയായ നായകൻ അങ്ങനെ കരുതുന്നതിൽ അതിശയമില്ലതാനും. അൾറിക്ക് തന്റെ ജീവിതത്തിൽ സംഭവിച്ച ഒരു യാഥാർഥ്യമാണെന്ന് അംഗീകരിക്കാൻ ജാവിയറിനു പ്രയാസമാകും. ലൈംഗിക പ്രണയത്തെ അനുഭാവപൂർവവും ആനന്ദപൂർണവുമായി അവതരിപ്പിക്കുന്ന ബോർഹെസ്സിന്റെ ഏക കഥ ഇവിടെ അവസാനിക്കുന്നു.

എന്തുകൊണ്ടാണ് ബോർഹെസ്സിന്റെ കഥകളിൽ പ്രണയവും ലൈംഗികതയും ഈയൊരു സന്ദർഭത്തിലൊഴിച്ച് തീർത്തും അവഗണിക്കപ്പെട്ടത്? ഈ ചോദ്യത്തിന് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർക്ക് ചില ഉത്തരങ്ങൾ നൽകാനുണ്ട്. ജീവിതത്തിന്റെ മുക്കാൽ പങ്കും ബോർഹെസ് അവിവാഹിതനായിട്ടാണ് ജീവിച്ചത്. ഇത് സംബന്ധിച്ച് പല ഊഹാപോഹങ്ങളും നിലനിന്നിരുന്നു. അദ്ദേഹം ശാരീരികമായി ദാമ്പത്യത്തിനു അയോഗ്യനാണെന്നും അദ്ദേഹം ഒരു സ്വയംഭോഗിയാണെന്നും ആളുകൾ പറഞ്ഞു നടന്നു. എന്നാൽ 1986ൽ അദ്ദേഹം മരിച്ചതിനു ശേഷം പുറത്തുവന്ന ചില ജീവചരിത്രങ്ങൾ ഈ വിഷയത്തിൽ ചില നിർണായക വസ്തുതകൾ പുറത്തു കൊണ്ടുവന്നിട്ടുണ്ട്.


1967ൽ തന്റെ അറുപത്തിയെട്ടാമത്തെ വയസ്സിൽ ആദ്യ വിവാഹം കഴിക്കുന്നതിനകം ബോർഹെസ് ഏകദേശം രണ്ടു ഡസനോളം സ്ത്രീകളുമായി പ്രണയത്തിലായിട്ടുണ്ടത്രെ. എന്നാൽ ഇവരിലാരും തന്നെ അദ്ദേഹത്തിന്റെ വിവാഹാഭ്യർഥന സ്വീകരിച്ചില്ല എന്നതാണ് വസ്തുത. ചിലർ പ്രണയാഭ്യർഥനയും. ഇവരിൽ ബോർഹെസ് ഏറ്റവും ഇഷ്ടപ്പെടുകയും വിവാഹത്തിന്റെ വക്കോളം എത്തുകയും ചെയ്ത സ്ത്രീയാണ് എസ്റ്റെലോ കാമ്പോ. ഉറുഗ്വായ്ക്കാരിയായ എസ്റ്റെലയെ 1944ലാണ് അദ്ദേഹം പരിചയപ്പെട്ടന്നത്. അന്നവൾക്ക് 28 വയസ്സാണ്

പ്രായം. ബോർഹെസ്സിനു 45ഉം. 'ദി അലെഫ്' എന്ന ഉജ്ജ്വലമായ കഥ അദ്ദേഹം എഴുതുന്ന കാലമായിരുന്നു അത്. വളരെ പക്വമതിയും ബുദ്ധിശാലിയും സ്വതന്ത്രചിന്താഗതിക്കാരിയുമായിരുന്ന അവളിൽ അദ്ദേഹം അനുരക്തനായി. ഒരു വർഷത്തോളം അവർ നിരന്തരം കാണുകയും സാഹിത്യം സംസാരിക്കുകയും ചെയ്തു. പരിശുദ്ധമായിരുന്നു അവരുടെ ബന്ധം. 'അലെഫിന്റെ' എഴുത്തുകാലത്ത് അവൾ അദ്ദേഹത്തിന്റെ പ്രചോദനമായിരുന്നു. ഇറ്റാലിയൻ കവി ഡാന്റേയുടെ പ്രചോദനമായിരുന്ന പ്രണയിനി ബിയാട്രിസിനെ പോലെയാണ് എസ്റ്റെല തനിക്കെന്ന് അദ്ദേഹം അവളോട് പറയുമായിരുന്നത്രെ. 'ദി അലെഫ്' പ്രസിദ്ധീകരിച്ചപ്പോൾ എസ്റ്റെല കാമ്പോയ്ക്കാണ് കഥ ബോർഹെസ് സമർപ്പിച്ചത്.

1989ൽ ബോർഹെസിന്റെ മരണാനന്തരം ഏസ്റ്റെല കാമ്പോ പ്രസിദ്ധീകരിച്ച ഓർമക്കുറിപ്പിൽ ബോർഹെസ്സുമായുള്ള തന്റെ സ്വകാര്യ ജീവിതത്തെപറ്റി അവർ ചില വെളിപ്പെടുത്തലുകൾ നടത്തി. സെക്സിനോടുള്ള അദ്ദേഹത്തിന്റെ സമീപനം ഭയഭീതി നിറഞ്ഞതായിരുന്നുവത്രെ. സാധാരണ പുരുഷനെപ്പോലെ ലൈംഗികമായി ഉണരുമായിരുന്നെങ്കിലും ലൈംഗികബന്ധത്തിന്റെ പരിസമാപ്തി അദ്ദേഹത്തിന് ഭീതിജനകമായിരുന്നു. അദ്ദേഹത്തിന്റെ ലൈംഗിക ചേഷ്ടകൾ താളഭംഗപൂരിതമായിരുന്നു. ഉദാഹരണത്തിന് അദ്ദേഹത്തിന്റെ ചുംബനങ്ങൾ അസമയത്തുള്ളതും ധൃതിപൂണ്ടതും മയമില്ലാത്തവയുമായിരുന്നുവെന്ന് എസ്റ്റെല സാക്ഷ്യപ്പെടുത്തുന്നു. അദ്ദേഹത്തോട് ഏറെ ആദരവും ആരാധനയും ഉണ്ടായിരുന്നുവെങ്കിലും താനദ്ദേഹത്തെ ഒരിക്കലും പ്രണയിച്ചിരുന്നില്ലെന്ന് അവർ പറയുന്നു. ഒരിക്കൽ ബോർഹെസ് എസ്റ്റെലയോട് വിവാഹാഭ്യർത്ഥന നടത്തി. വിവാഹത്തിനുമുമ്പ് ഒരിക്കലെങ്കിലും ലൈംഗികമായി ബന്ധപ്പെടാതെ താൻ അതിനൊരുക്കമല്ലെന്നായിരുന്നു എസ്റ്റെലയുടെ പ്രതികരണം. ആ വിവാഹം അങ്ങനെ നടക്കാതെ പോയി. മാത്രമല്ല ദിവസവും അമ്മയെ ഫോൺ ചെയ്ത് അന്നന്നത്തെ വിശേഷങ്ങൾ അറിയിക്കുന്ന ബോർഹെസ്സിന്റെ ശീലവും അവർക്ക് ഇഷ്ടമല്ലായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് എസ്റ്റെല തന്റെ മകന് പറ്റിയ പെണ്ണാണെന്ന് കരുതിയുമില്ലത്രെ.

ലൈംഗികതയോടുള്ള ബോർഹെസ്സിന്റെ അസ്വാസ്ഥ്യത്തെപ്പറ്റി ഒരു ജീവചരിത്രകാരൻ പറയുന്നത് ഇപ്രകാരം. കൗമാരകാലത്ത് അച്ഛനമ്മമാരോടൊത്ത് സ്വിറ്റ്സർലന്റിലായിരുന്നു അദ്ദേഹം കഴിഞ്ഞത്. അക്കാലത്ത് സമപ്രായത്തിലുള്ള പെൺകുട്ടിയുമായി ബന്ധപ്പെടാൻ സ്പാനിഷ് ആൺകുട്ടികൾക്ക് സമൂഹ്യമായ വിലക്കുണ്ടായിരുന്നു. ആൺകുട്ടികൾ ലൈംഗിതയിലേക്ക് ആനയിക്കപ്പെട്ടത് കുടുംബത്തിന്റെ അനുവാദത്തോടുകൂടി ഏതെങ്കിലും വേശ്യഗൃഹത്തിലായിരുന്നു. ബോർഹെസ്സിന്റെ പിതാവും ആചാരപ്രകാരം അദ്ദേഹത്തെ അക്കാലത്തൊരിക്കൽ ഒരു വേശ്യയുടെ അടുക്കലേക്കയച്ചു. എന്നാൽ അവിടെവെച്ച് ആ സ്ത്രീ തന്റെ പിതാവിന്റേയും വെപ്പാട്ടിയായിരിക്കുമോ എന്ന ഭയം അദ്ദേഹത്തെ ഗ്രസിച്ചുവത്രെ. കുറ്റബോധം കാരണം കൗമാരക്കാരനും സ്ത്രീയെ അറിയാത്തവനുമായ ബോർഹെസ്സിന് അവരെ പ്രാപിക്കാൻ കഴിഞ്ഞില്ല. പിന്നീട് ഒരു സ്ത്രീയേയും. പിൽക്കാലത്ത് അദ്ദേഹത്തിന്റെ വീട്ടുകാർ അദ്ദേഹത്തിന് ശാരീകമായ 'കുഴപ്പം'







ആയിരിക്കാം എന്ന് വിചാരിച്ച് മരുന്നുകളും മറ്റും നൽകിയിരുന്നത്രെ. എന്നാൽ 1946ൽ അദ്ദേഹത്തിന്റെ മനശ്ശാസ്ത്രജ്ഞൻ ഡോ. ഫോഹറൻ മില്ലർ അദ്ദേഹത്തിന് ശാരിരികമായ യാതൊരു ശേഷിക്കുറവും ഇല്ലെന്ന് പരിശോധനയിലൂടെ സ്ഥിരീകരിച്ചു. മറിച്ച് പ്രശ്നം മാനസികമാണെന്നും. സെക്സിനെ സംബന്ധിച്ചുള്ള ഭീതിയും കുറ്റബോധവും.

1967ൽ എൽസാ എസ്റ്റിറ്റ് മിലാൻ എന്ന ഒരു യുവതിയായ വിധവയെ അദ്ദേഹം തന്റെ അറുപത്തിയെട്ടാം വയസ്സിൽ വിവാഹം കഴിച്ചു. എന്നാൽ ആ വിവാഹം ഒരു വർഷം മാത്രമേ നീണ്ടുനിന്നുള്ളൂ. സാഹിത്യവുമായി യാതൊരു ബന്ധവുമില്ലാത്ത ഉപരിപ്ലവവും ചപലവുമായ സ്വഭാവക്കാരിയായിരുന്ന അവരെ അദ്ദേഹത്തിനു പെട്ടെന്നു മടുത്തു. അക്കാലത്ത് വിവാഹമോചനം അർജന്റീനയിൽ നിയമവിരുദ്ധമായിരുന്നതിനാൽ അദ്ദേഹം ചില സുഹൃത്തുക്കളുടെ സഹായത്തോടെ അവരിൽ നിന്നും അക്ഷരാർത്ഥത്തിൽ ഒളിച്ചോടി രക്ഷപ്പെടുകയായിരുന്നുവെന്നാണ് കഥ.

ഒടുവിൽ 1975ൽ തന്റെ വാർദ്ധക്യത്തിലാണ് പുരുഷനെന്ന നിലയിൽ ഉള്ള തന്റെ ജീവിതത്തിന് ശുഭകരവും സന്തോഷകരവുമായ ഒരു പരിവർത്തനം ബോർഹെസ്സിനുണ്ടായത്. ആ വർഷം മറിയ കൊഡാമ എന്ന ഒരു മുപ്പതുകാരിയെ അദ്ദേഹം തന്റെ സെക്രട്ടറിയായി നിയമിച്ചു. വളരെ ബുദ്ധിമതിയും സാഹിത്യതത്പരയുമായിരുന്ന കൊഡാമ അദ്ദേഹത്തിന് അനുയോജ്യയായ ഒരു കൂട്ടായിരുന്നു. അവർ തമ്മിലുള്ള പ്രായത്തിന്റെ അന്തരം അവൾക്ക് ഒരു പ്രശ്നമായതേയില്ല. മാത്രമല്ല, അവൾ വളരെ പാവപ്പെട്ട സാമ്പത്തിക പശ്ചാത്തലമുള്ളവളുമായിരുന്നു. ബോർഹെസ് വാഗ്ദാനം ചെയ്ത ഭൗതികമായ സുരക്ഷിതത്വം മറിയയ്ക്ക് വളരെ അഭിലഷണീയമായിരുന്നിരിക്കണം. 1986ൽ അദ്ദേഹം അർബുദബാധിതനായതനായി. ശേഷകാലം താൻ കൗമാരം ചിലവഴിച്ച ജെനീവയിൽ പാർക്കാൻ അദ്ദേഹം ആഗ്രഹിച്ചു. അങ്ങനെ 1986 ഏപ്രിലിൽ ജെനീവയിൽ വെച്ച് ബോർഹെസ്സും മറിയ കൊഡാമയും വിവാഹിതരായി. അതുകഴിഞ്ഞ് ഏറേ താമസിയാതെ ജൂൺ 14നു അദ്ദേഹം അന്തരിക്കുകയും ചെയ്തു. തന്റെ അവസാന ദിവസങ്ങൾ മറിയയുമായി സന്തോഷത്തോടെയാണ് ബോർഹെസ്സ് ജീവിച്ചതെന്ന് പറയപ്പെടുന്നു. 'അൾറിക്' എന്ന പ്രണയകഥയുടെ അടിസ്ഥാനം തങ്ങളുടെ ബന്ധമാണെന്നാണ് അദ്ദേഹത്തിന്റെ എല്ലാ സ്വത്തുക്കളുടെയും അവകാശിയായിത്തീർന്ന മറിയ കൊഡാമ അവകാശപ്പെടുന്നത്. അദ്ദേഹത്തിന്റെ ശവക്കല്ലറയിൽ അവർ ഇങ്ങനെ ആലേഖനം ചെയ്യിച്ചിരിക്കുന്നു: 'അൾറിക്കിൽ നിന്നും ജാവിയർ ഓട്ടറോലയ്ക്ക്.'



# അണുകുടുംബഘടിതങ്ങളുടെ കുമാരസംഭവം: പാഠ്യങ്ങളും സിനിമയും

ദിവ്യ കെ. മണിക്കുട്ടി
ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി



പ്രമേയങ്ങളും പ്രയോഗങ്ങളും വിക്ഷണങ്ങളും കൈമാറുന്ന സന്ദർഭങ്ങളിൽ വിശ്വാസ്യത, മൗലികത തുടങ്ങിയവയ്ക്കായുള്ള കടുംപിടുത്തങ്ങളൊന്നുംതന്നെ ഇല്ലാത്ത, മൂലകൃതി എന്ന സങ്കല്പനത്തെതന്നെ അതിവർത്തിക്കുന്ന ഒരു വ്യാഖ്യാനാത്മകസങ്കല്പമാണ് ഭാരതീയ വിവർത്തകർ മുന്നോട്ട് വെച്ചത്. രാമായണത്തിന്റെയും മഹാഭാരതത്തിന്റെയും സ്വരവൈവിധ്യങ്ങൾ അതിനു സാക്ഷ്യം വഹിക്കുന്നു. ഇന്ത്യൻ വിവർത്തനത്തെക്കുറിച്ച് പറയുന്ന സന്ദർഭത്തിൽ വേദാന്തത്തിലെ 'വിവർത്ത്' പദത്തിൽ നിന്നാണ് വിവർത്തനം എന്ന പദം ജന്മമെടുക്കുന്നതെന്ന് അയ്യപ്പപ്പണിക്കർ നിരീക്ഷിക്കുന്നു. 'ലോകം ബ്രഹ്മത്തിന്റെ വിവർത്തനമാണ്. ഒരു സ്ഥിരസത്തയുടെ പല പ്രതിഭാസങ്ങൾ ആണ് പ്രപഞ്ചവസ്തുക്കൾ എന്നർത്ഥം. അപ്പോൾ മൂലവും വിവർത്തനവും തുല്യമല്ല, ഒന്നിനു സാധ്യമായ അനേകം പ്രതിഭാസങ്ങളിൽ, അവതാരങ്ങളിൽ, ഒന്നുമാത്രമാണ് ഒരു വിവർത്തനം' (സച്ചിദാനന്ദൻ:2012,പു.12). പുരാണേതിഹാസങ്ങളുടെ ഈ വിവർത്തന/വ്യാഖ്യാനാത്മക



പാരമ്പര്യത്തിൽ കൂടിയാട്ടം, കഥകളി, യക്ഷഗാനം, ചിത്രകല തുടങ്ങിയവ യെപ്പോലെതന്നെ ആധുനിക കല യായ സിനിമയും കണ്ണിചേരുകയാണ് ചെയ്യുന്നത്. എന്നാൽ കുറേക്കൂടി സങ്കീർണ്ണമായ ഒരു പാഠരൂപീകര ണമാണ് സിനിമയുടെ സന്ദർഭത്തിൽ പുരാണേതിഹാസങ്ങൾക്കാവുന്നത്. കൂടുതൽ ബൃഹത്തും വൈവിധ്യാത്മ കവുമായ പാഠരൂപീകരണങ്ങളുടെ സാധ്യതകൾ മുമ്പിലുള്ളപ്പോൾതന്നെ അവയിൽനിന്നു വഴുതിമാറി ഏകീകര ണത്തിന്റെ കാർക്കശ്യങ്ങളെ ആത്യ ന്തികവൽക്കരിക്കുകയാണ് സിനിമ ചെയ്യുന്നത്. സാമൂഹികബോധ്യങ്ങ ളിൽ മുമ്പേതന്നെ നിലനിൽക്കുന്ന ലഘുപാഠങ്ങൾ അവയുടെ സ്വാഭാവി കസന്ദർഭങ്ങളിൽനിന്നു പരിവർത്തിത മാവുക മാത്രമല്ല അവയെ തിരസ്ക്ക രിക്കുകയോ അപ്രസക്തമാക്കുകയോ ചെയ്യുന്ന ഉള്ളടക്കം സിനിമയുടെ ബൃഹത്ഘടനയിൽ രൂപീകരിക്കപ്പെട്ടു കയാണ് ചെയ്യുന്നത്. ജനപ്രിയമെന്നു പറയാവുന്ന അവയുടെ ഘടകങ്ങൾ സിനിമയുടെ മാധ്യമപരമായ ഭേദ ങ്ങളിൽ അഥവാ അനുകല്പനങ്ങളിൽ മുദ്രിതമാകുന്നത് അതിനാൽ കേവലം യാദൃച്ഛികവുമല്ല. ശിവപാർവ്വതീപുത്ര നായ കുമാരന്റെ ജനനവും ജീവിതല ക്ഷ്യവും പ്രതിപാദിക്കുന്ന പുരാണകഥ യുടെ അനുകല്പനമായ കുമാരസംഭവം എന്ന സിനിമ പിറവിയെടുത്ത കാ ലത്തെ രാഷ്ട്രീയ, സാമൂഹികാവസ്ഥ കളോട് സംവദിച്ചതെങ്ങനെയെന്ന് അന്വേഷിക്കുകയാണ് ഈ പഠനത്തി ലൂടെ ചെയ്യുന്നത്.


ദാദാസാഹിബ് ഫാൽക്കെ സം വിധാനം ചെയ്ത രാജാ ഹരിശ്ചന്ദ്ര (1913)യിലൂടെ ആരംഭം കുറിക്കുന്ന ഇന്ത്യൻസിനിമ പുരാണേതിഹാസ ങ്ങളുടെ അനുകല്പനങ്ങളിലൂടെയാണ് വികാസം പ്രാപിക്കുന്നത്. അനുകല്പ നം ചെയ്ത കാലത്തിന്റെ സാമൂഹിക സാംസ്കാരികരാഷ്ട്രീയാവസ്ഥകൾ അനുകല്പനത്തെ സ്വാധീനിക്കുന്നുണ്ട്. പുരാണേതിഹാസങ്ങളേയും സാഹി ത്യകൃതികളെയും ഉപജീവിച്ച് നിർമ്മി ച്ച ആദ്യകാല ഇന്ത്യൻ സിനിമകളിൽ സ്വാതന്ത്ര്യസമരപ്രസ്ഥാനങ്ങളുടേയും ഗാന്ധിയൻ ആശയങ്ങളുടേയും സ്വാ ധീനമുണ്ടെന്ന് നിരീക്ഷിക്കുന്ന പി. എസ്. രാധാകൃഷ്ണൻ സാവിത്രി (1914), ലങ്കാദഹൻ(1917) ശ്രീകൃഷ്ണജന്മ് (1918) കാളിയമർദ്ദൻ (1918), ഭക്തപ്രഹ്ലാദ (1926 തുടങ്ങിയ ഫാൽക്കെ ചിത്രങ്ങളു ടെയെല്ലാം മുഖമുദ്ര ഭക്തിസാന്ദ്രതയേ ക്കാൾ സാമ്രാജ്യത്വവിരുദ്ധതയായിരു ന്നു എന്നും നിരീക്ഷിക്കുന്നുണ്ട് (രാധാ കൃഷ്ണൻ, 2013, 22). സ്വദേശി സിനിമ, സിനിമയുടെ ദേശീയവത്ക്കരണം തു ടങ്ങിയ ആശയങ്ങൾ ഫാൽക്കെയിൽ രൂപപ്പെടുന്നത് സ്വദേശീപ്രസ്ഥാനം ശക്തമായകാലത്താണ്. റൗളത്ത് നിയമം ഉൾപ്പെടെയുള്ള ബ്രിട്ടീഷ്രാ ജ്നയങ്ങൾ പ്രച്ഛന്നമായി ചോദ്യം ചെയ്ത ചിത്രമായിരുന്നു കാഞ്ചീഭായ് റാത്തോഡിന്റെ ഭക്തവിദുരർ (1921). സ്വരാജിനും സ്വാതന്ത്ര്യത്തിനുമായുള്ള കാംക്ഷകൾ വെള്ളിത്തിരയിലെ മുദ്രാവാക്യങ്ങളായതോടെ ചിത്രം വിവാദത്തിൽപ്പെട്ടു. ആദ്യം കൽക്ക ത്തയിലും പിന്നീട് മദ്രാസ്സിലും ചിത്രം നിരോധിച്ചു. നിസ്സഹകരണസമരത്തി ലേക്ക് ജനതയെ പ്രകോപിപ്പിച്ചു എന്നതായിരുന്നുകാരണം. മാത്രമല്ല.

വിദുരനെ ഗാന്ധിയാക്കി രൂപാന്തര പ്പെടുത്തിയതും പ്രശ്നമായി. ഗാന്ധി ത്തൊപ്പിയും ഖദർഷർട്ടും അണിഞ്ഞ സമ്പത്തിന്റെ വിദുരവേഷം ജനസ്വാ ധീനമുള്ള രാഷ്ട്രീയനേതാവിനെ ഓർ മ്മിപ്പിക്കുന്നതാണെന്നും സെൻസർ ബോർഡ് വിലയിരുത്തി. (രാധാകൃ ഷ്ണൻ,2013:22). ആ കാലഘട്ടത്തിലെ സാമൂഹികാന്തരീക്ഷത്തിൽ നിറഞ്ഞു നിന്ന സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അഭിവാഞ്ഛയും ബ്രിട്ടീഷ് വിരുദ്ധതയും അനുകല്പനപ്രക്രിയയെ സ്വാധീനിക്കു കയായിരുന്നു. എന്നാൽ ജെ.സി.ഡാ നിയേൽ സംവിധാനം ചെയ്ത വിഗത കുമാരൻ(1928), ആർ.സുന്ദരരാജിന്റെ (നിർമ്മാണം) മാർത്താണ്ഡവർമ്മ(1933) തുടങ്ങി സാമൂഹികപ്രാധാന്യമുള്ള വിഷയങ്ങളെ ഉപജീവിച്ചുണ്ടായ സി നിമകളിലൂടെയാണ് മലയാളസിനിമ അസ്തിത്വപ്രഖ്യാപനം നടത്തുന്നത്. എങ്കിലും പുരാണസിനിമകളേയും അതിന്റെ വികാസപ്രക്രിയയിൽ ഭാഗ ഭാക്കാക്കാൻ തുടക്കത്തിൽതന്നെ മല യാളസിനിമ പരിശ്രമിച്ചിട്ടുണ്ട്. മൂന്നാ മത്തെ ശബ്ദചിത്രമായ പ്രഹ്ലാദ (കെ. സുബ്രഹ്മണ്യൻ) യിലൂടെ 1941ലാണ് മലയാളസിനിമയിൽ പുരാണസിനി മകളുടെ ആരംഭം. 1941 മുതൽ 1993 വരെ മറ്റ് ഭാഷകളിൽനിന്ന് മൊഴിമാ റ്റം ചെയ്തതുൾപ്പെടെ അമ്പത്തിയെട്ട് പുരാണസിനിമകളാണ് മലയാള ത്തിൽ ഉണ്ടായിട്ടുള്ളത് (ബാലചന്ദ്രൻ നായർ, 2009).

ഒരേ കഥ തന്നെ മിക്ക പുരാണ ങ്ങളിലും ആവർത്തിക്കുന്നുണ്ട്. സ്കന്ദപുരാണത്തിൽ പറയുന്ന കുമാരജനനവും താരകാസുരവധവും ശിവപുരാണത്തിലും വിഷ്ണുപുരാണ ത്തിലും കാലികപുരാണത്തിലുമെല്ലാം കാണുന്നുണ്ട്. കുമാരസംഭവം (1969), ശ്രീമുരുകൻ (1977) എന്നീ സിനിമകൾ സ്കന്ദപുരാണം, ശിവപുരാണം, വിഷ്ണുപുരാണം, കാലികപുരാണം എന്നിവയോട് ചേർത്തുവെയ്ക്കാം. 1981 ൽ ഇറങ്ങിയ ശിവമഹിമ എന്ന സിനിമ ശിവപുരാണത്തോട് ബന്ധ പ്പെടുമ്പോൾ, കൃഷ്ണകുചേല (1961) ശ്രീ കൃഷ്ണലീല (1971) എന്നിവ വിഷ്ണുപുരാ ണത്തോടും, ഭക്തധ്രുവമാർക്കണ്ഡേയ (1984) മാർക്കണ്ഡേയപുരാണത്തോടും ബന്ധപ്പെടുന്നു. അതുകൊണ്ട് ഈ ഗണത്തിൽ വരുന്ന സിനിമകളെ സാ മാന്യേന പുരാണസിനിമകൾ എന്ന് വിശേഷിപ്പിക്കാമെങ്കിലും അവ ഹിന്ദു പുരാണസിനിമകളുടെ പട്ടികയിലാണ് കള്ളിപ്പെടുന്നത്. അൽഫോൺസ (1952) ജ്ഞാനസുന്ദരി (1961) സ്നാപകയോഹന്നാൻ (1963), കടമറ്റത്തച്ചൻ (1966), വേളാങ്കണ്ണി മാതാവ് (1977) തു ടങ്ങിയ ക്രിസ്തീയപുരാണസിനിമകളും ലൈലാ മജ്നു (1962), അനാർക്കലി (1966), അല്ലാഹു അക്ബർ (1977),മുഹ മ്മദും മുസ്തഫയും (1978) തുടങ്ങി മുസ്ലിം പുരാണസിനിമകൾ വേറെയുമുണ്ട്. പ്രഹ്ലാദ (1941) ശ്രീമദ് ഭഗവത്ഗീത (1977) സത്യവാൻ സാവിത്രി (1977) യശോദകൃഷ്ണ (1975), സീത (1960), സീതാരാമകല്യാണം(1961), ശ്രീരാമപ ട്ടാഭിഷേകം(1962) സീതാസ്വയംവരം (1976) ഭക്തഹനുമാൻ (1980) തുടങ്ങി ഇതിഹാസങ്ങളെ ആധാരമാക്കിയു ള്ള സിനിമകൾ മഹാഭാരതത്തോടും രാമായണത്തോടുമാണ് ബന്ധപ്പെടു ന്നത്. എന്നാൽ ബൃഹത്കഥാപാര മ്പര്യത്തെ പ്രാദേശികവൽക്കരിക്കുന്ന ശ്രീഗുരുവായൂരപ്പൻ(1964) ശബരിമല ശ്രീ ധർമ്മശാസ്താ (1970), കൃഷ്ണഗുരു വായൂരപ്പാ (1984), കൊടുങ്ങല്ലൂരമ്മ (1968), ചോറ്റാനിക്കര അമ്മ (1976), അമ്മേ നാരായണ (1984) തുടങ്ങിയ മിത്തിക്കൽ സിനിമകളുമുണ്ട്. അവ പലപ്രകാരത്തിൽ ക്ഷേത്രങ്ങളുടെ ഉൽപ്പത്തിചരിത്രവുമായും അമ്മ/ദേവി സങ്കല്പങ്ങളുമായും ചുറ്റപ്പെട്ടുകിടക്കു ന്നവയാണ്. ചുരുക്കത്തിൽ പുരാണ സിനിമകൾ എന്ന ഗണം അനേകം അടരുകളുള്ള സൂക്ഷ്മഭേദങ്ങളുടെ ഒരു ശൃംഖലയാണ്.

കുഞ്ചാക്കോയുടെ ഉദയാസ്റ്റുഡിയോ യുടേയും പി.സുബ്രഹ്മണ്യത്തിന്റെ മേരിലാന്റ് സ്റ്റുഡിയോയും കടന്നുവരവ് മലയാളസിനിമയുടെ ചരിത്രത്തിലെ നാഴികക്കല്ലാണ്. പുരാണസിനിമകൾ, വടക്കൻപാട്ടുസിനിമകൾ, ചരിത്രാഖ്യാ യികകൾ, കുറ്റാന്വേഷണചിത്രങ്ങൾ, രാഷ്ട്രീയസംഭവങ്ങളെ ആധാരമാക്കി യുള്ള സിനിമകൾ എന്നിങ്ങനെയുള്ള വൈവിധ്യമാർന്ന ജനുസ്സുകൾ നിർമ്മി ച്ചുകൊണ്ട് ഇവർ മലയാളസിനിമയെ സമ്പന്നമാക്കി. വ്യവസായത്തെയും സർഗാത്മകതയെയും സമന്വയിപ്പിച്ചു കൊണ്ടുള്ള മത്സരബുദ്ധിയോടുകൂടിയ ഇവരുടെ സിനിമാനിർമ്മാണമാണ് വ്യത്യസ്തമായ ജനുസ്സുകളുടെ പിറവി ക്കുകാരണമായത്.

'പുരാണങ്ങളെ ആധാരമാക്കിയുള്ള സിനിമകൾ' എന്ന വിഭാഗത്തിൽ ഉൾ പ്പെടുത്താവുന്ന സിനിമയാണ് 1969 ൽ പി. സുബ്രമണ്യത്തിന്റെ സംവിധാന ത്തിൽ മേരിലാന്റിൽ നിന്നും പുറത്തിറ ങ്ങിയ കുമാരസംഭവം. ശിവപാർവ്വതി പുത്രനായ കുമാരനെക്കുറിച്ചുള്ള പുരാ ണസിനിമകൾ ശബ്ദസിനിമയുടെ തു ടക്കം മുതൽ തന്നെ ദക്ഷിണേന്ത്യൻ ഭാഷാചിത്രങ്ങളിൽ വിശിഷ്യാ തമിഴ് സിനിമകളിൽ ധാരാളമായി നിർമ്മി ക്കപ്പെട്ടിരുന്നു. ആദിവാസി ഗോത്ര ത്തിലെ വള്ളി എന്ന പെൺകുട്ടിയുമാ യുള്ള സുബ്രഹ്മണ്യന്റെ വിവാഹമാണ്





മിക്കസിനിമകളിലും പ്രമേയമായത്. ഒരുപക്ഷേ, 1938ൽ തമിഴിൽ പുറത്തിറങ്ങിയ 'ശ്രീസ്കന്ദലീല'യായിരിക്കും സുബ്രഹ്മണ്യന്റെ ജൻമോദ്ദേശ്യം പ്രമേയമാകുന്ന ആദ്യസിനിമ. എ.പി നാഗരാജൻ സംവിധാനം ചെയ്ത 'കന്ദൻ കരുണൈ' (1967) സുബ്രഹ്മണ്യന്റെ ജന്മകഥ പറയുന്ന സിനിമയാണ്. (വിജയകുമാർ ബി, 2012)

പുരാണങ്ങളിലെ കഥകളിലൂടെയും പ്രാദേശികമായി നിലനിൽക്കുന്ന ഐതിഹ്യങ്ങളിലൂടെയും വിശ്വാസങ്ങളിലൂടെയും കേരളീയമനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയ ദൈവീകസങ്കല്പമാണ് കുമാരൻ. സുബ്രഹ്മണ്യൻ, മുരുകൻ, കാർത്തികേയൻ തുടങ്ങി ധാരാളം അപരനാമധേയങ്ങളിൽ കുമാരൻ അറിയപ്പെടുന്നു. പുരാണങ്ങളെ കൂടാതെ കുമാരസംഭവകഥ വാല്മീകി രാമായണത്തിലെ ബാലകാണ്ഡത്തിലു്. കുമാരസംഭവം എന്ന പദം തന്നെ ഉപയോഗിച്ചിരിക്കുന്നു. കാമദഹന കഥയും സ്കന്ദന്റെ ആഗ്നേയതയും മറ്റും രാമായണത്തിൽ വേറെ ചില സന്ദർഭങ്ങളിലും കാണാവുന്നതാണ്. (ശങ്കുണ്ണി നായർ, 2004, 117) കേരളത്തിന്റെ ബൗദ്ധികവ്യവഹാരങ്ങളിൽ കുമാരകഥയ്ക്ക് ഇടം ലഭിക്കുന്നത് ഏ. ആർ. രാജരാജ വർമ്മയുടെ കാളിദാസകൃതിയായ കുമാരസംഭവത്തിന്റെ വിവർത്തനത്തോടുകൂടിയാണ്.। 1897ലാണ് ഏ.ആർ കുമാരസംഭവം 'ഭാഷാകുമാരസംഭവം' എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നത്. അതിനുശേഷം കുട്ടികൃഷ്ണമാരാർ (ഗദ്യവിവർത്തനം,1974), കെ.എം. പണിക്കർ (1953) എന്നിവരുടേതടക്കം നിരവധി വിവർത്തനങ്ങൾ കുമാരസംഭവത്തിനുായിട്ട്. കുമാരസംഭവം എന്ന സിനിമയുടെ തിരക്കഥയെഴുതിയത് നാഗവള്ളി ആർ. എസ് കുറുപ്പാണ്. കേരളത്തിൽ പ്രചാരത്തിലിരുന്ന കഥകളെ കൂടാതെ കാളിദാസകുമാരസംഭവവും തിരക്കഥാരചയെ സ്വാധീനിച്ചിട്ടുണ്ടെന്ന് പറയാവുന്നതാണ്. 1969 ലാണ് സിനിമ പുറത്തിറങ്ങുന്നത്. അപ്പോഴേയ്ക്കും വിവർത്തനങ്ങളിലൂടെ കുമാരസംഭവം മലയാളികളുടെ ജീവിതത്തൊക്കുറിച്ചെട്ടുത്ത ആ ധീരമായ നിലപാടിന് തന്റെ ജീവൻ തന്നെ ബലികഴിക്കേണ്ടിവന്നു. സതിയുടെ പുനർജന്മമായ പാർവ്വതി കഠിനതപസ്സനുഷ്ഠിച്ചാണ് ശിവന്റെ പ്രണായിനിയാവുന്നത്. ഇഷ്ടപ്രാണേശ്വരനായ ശിവന്റെ പ്രണയം സ്വന്തമാക്കിയശേഷവും എന്നെ നൽകാനുള്ള അവകാശം അച്ഛനുള്ളതാണ് എന്ന് സഖി മുഖേന ശിവനെ അറിയിക്കുകയാണ് പാർവ്വതി ചെയ്യുന്നത് എന്നാണ് കാളിദാസകുമാരസംഭവത്തിൽ പറയുന്നത്. സ്കന്ദപുരാണത്തിൽ, എന്തു വരമാണ് വേണ്ടത് എന്നു ശിവൻ ചോദിക്കുമ്പോൾ 'താരകാസുരനെ വധിക്കുന്ന പുത്രനുണ്ടാകാൻ എന്നെ അനുഗ്രഹിക്കണം. ആദ്യം അങ്ങ് എന്റെ അച്ഛനായ ഹിമവാനോട് എന്നെ യാചിക്കണം' എന്നാണ് പാർവ്വതി മറുപടി പറയുന്നത്. (കെ. ജി. പൗലോസ്, 2014, പു. 121) സിനിമയിൽ, ഇതേ സന്ദർഭത്തിൽ 'പ്രഭോ ഞാൻ കന്യക. മാതാപിതാക്കളുടെ അനുമതി വാങ്ങിയശേഷമേ വിവാഹം കഴിക്കയുള്ളൂ' എന്നാണ് പാർവ്വതി (പത്മിനി) പറയുന്നത്. വിവാഹസമയത്ത് സ്ത്രീ കന്യകയാവേണ്ടതു് എന്ന കാഴ്ചപ്പാടിന് അടിവരയിടുകയാണ് പാർവ്വതിയുടെ ഈ പ്രസ്താവനയിലൂടെ. കൂടാതെ, സ്വന്തം ഇഷ്ടപ്രകാരം വിവാഹം കഴിച്ച മുൻജന്മത്തിലെ തെറ്റ് തിരുത്തിക്കുകയായിരുന്നോ പാർവ്വതിയെക്കൊണ്ട് എന്ന് ന്യായമായും സംശയിക്കാവുന്നതാണ്.

നവോത്ഥാനഘട്ടത്തിൽ നടന്ന സാമുദായികസമരങ്ങളുടെ ഭാഗമായിക്കൂടി ഉരുത്തിരിഞ്ഞുവന്ന പ്രണയം സ്ത്രീയെ വളരെയധികം മാറ്റിത്തീർത്തതായി കാണാം. ജാതി, മതം, വർഗം എന്നിവകളിലെ മാമൂലുകളെ വെല്ലുവിളിക്കാൻ അവൾക്കുള്ള ഊർജമായി മാറിയത് പ്രണയമെന്ന സങ്കല്പനമായിരുന്നു. നിലനിന്നിരുന്ന സ്ത്രീപുരുഷ ബന്ധങ്ങളെ പ്രശ്നവത്ക്കരിക്കാനും

നവീകരിക്കാനും ഈ പ്രണയം ഒരു പരിധിവരെ അവൾക്കുസഹായകവുമായിരുന്നു എന്നു പി.ഗീത നിരീക്ഷിക്കുന്നുണ്ട്. (2011, 966). എന്നാൽ നവോത്ഥാനാനന്തരകാലഘട്ടത്തിലുള്ള ഈ സിനിമയിൽ പക്ഷേ പ്രണയത്തിന്, സ്ത്രീക്ക് ഇത്തരമൊരു വിപ്ലവകരമായ നിലപാടെടുക്കാൻ കഴിയുന്നില്ലെന്നുമാത്രമല്ല, ചാരിത്ര്യം, കന്യകാത്വം, പാതിവ്രത്യം തുടങ്ങിയ പുരുഷകേന്ദ്രീകൃത, ഫ്യൂഡൽ കൊളോണിയൽ മൂല്യങ്ങളെ പുനരുത്പാദിപ്പിക്കുകയും ചെയ്യുന്നു.

പാർവ്വതീസുരതത്തിൽ മതിവരാത്ത ശിവനെയാണ് കാളിദാസകുമാരസംഭവം അവതരിപ്പിക്കുന്നത്: പാർവ്വതീസുരതത്തിൽ അദ്ദേഹത്തിന് മതിവന്നതേയില്ല. 'ചന്ദ്രൻ മാഞ്ഞപ്പോൾ മാത്രം ഒന്നു മയങ്ങി. ഉഷസ്സിൽ ശിവൻ പൊൽത്താമരപ്പൊയ്കകളോടൊപ്പം കിന്നരമംഗളഗീതം കേട്ട് ഉണർന്നു. വസ്ത്രം ഉടുക്കുന്ന പ്രിയയെ വീണ്ടും ഹരൻ തടഞ്ഞുനിർത്തുകയായി. കീഴ്ചുണ്ടുമുറിഞ്ഞും പൊട്ടു മാഞ്ഞും കുറുനിരച്ചിതറിയും കണ്ണു കലങ്ങിയും ഉള്ള ഉമാമുഖം നോക്കി, രാഗവാനായ ശിവൻ രസിച്ചു. നേരം വെളുത്തിട്ടും അദ്ദേഹം ശയ്യ വെടിഞ്ഞില്ല. കാണാൻ എത്തിയവർക്ക് ദർശനവും നൽകിയില്ല. പാർവ്വതീസക്തനായ ശംഭു നൂറ്റമ്പത് ഋതുക്കൾ



ഒറ്റ രാത്രിപോലെ പിന്നിട്ടു' ( രാജരാജവർമ്മ, 2004, 834). എന്നാൽ ഇവിടെ ശ്രദ്ധിക്കേണ്ടുന്ന ഒരു കാര്യം ഈ ഇണചേരൽ നടക്കുന്നത് വിവാഹത്തിന് ശേഷമാണ്. വിവാഹപൂർവ്വരതിയല്ല മറിച്ച്, വിവാഹാനന്തരരതിയാണ്. സിനിമ പക്ഷേ ഇതു രണ്ടും നിഷിദ്ധമാണ് എന്ന നിലയാണ് സ്വീകരിച്ചിട്ടുള്ളത്. പാർവ്വതീശിവൻമാരുടെ പ്രണയരംഗങ്ങളിൽനിന്നെല്ലാം രതിയുടെ ചെറിയ ലാഞ്ഛന പോലും ഒഴിവാക്കിയിരിക്കുന്നു.

നവോത്ഥാനം, ആധുനികത, തുടങ്ങിയ ആശയധാരകൾ കേരളീയസാമൂഹ്യമണ്ഡലത്തെയാകെ മാറ്റി മറിച്ച കാലഘട്ടത്തിലാണ് മലയാളത്തിൽ പുരാണസിനിമകൾ എന്ന ജനുസ്സിന്റെ പിറവി. ഐക്യകേരളത്തിനുവേണ്ടിയുള്ള വാദപ്രതിവാദങ്ങൾ ഉച്ചസ്ഥായിയിൽ നിൽക്കുന്ന സമയത്ത് പിറവികൊള്ളുകയും ഐക്യകേരളം യാഥാർത്ഥ്യമായതിനുശേഷം വികാസം പ്രാപിക്കുകയും ചെയ്ത ഒന്നാണ് പുരാണസിനിമകൾ. മലയാളി കുടുംബം, മലയാളി സ്ത്രീ എന്നിവയെ രൂപപ്പെടുത്തുന്ന കാലം കൂടിയാണത്. അതുവരെ കേരളത്തിൽ നിലനിന്നിരുന്ന ദായക്രമത്തേയും കുടുംബവ്യവസ്ഥയേയും സ്ത്രീപുരുഷബന്ധങ്ങളേയും മാറ്റി പുതിയ, ആധുനികമായ ഒന്നിനെ സ്ഥാപിച്ചെടുക്കുകയായിരുന്നു. ആ സ്ഥാപിക്കൽ പ്രക്രിയയിൽ സാഹിത്യം, കലകൾ എന്നിവയെപ്പോലെ സിനിമയും പങ്കാളിയാവുകയാണ് ചെയ്യുന്നത്. കുമാരസംഭവം എന്ന സിനിമയുടെ ഭാഗധേയവും അതുതന്നെയായിരുന്നു എന്നു സൂക്ഷ്മവിശകലനത്തിൽ കാണാവുന്നതാണ്. കുടുംബം, സ്ത്രീപുരുഷബന്ധങ്ങൾ എന്നിവയെക്കുറിച്ച് കൊളോണിയൽ ആധുനികത മുന്നോട്ട് വെച്ച വിക്ടോറിയൻ സദാചാരമൂല്യങ്ങളെ രൂപപ്പെടുത്തുന്ന ഘടകങ്ങൾ: അണുകുടുംബം, ഏകദാമ്പത്യം, വിവാഹപൂർവ്വരതിയുടെ അഭാവം, കന്യകാത്വപ്രഘോഷണം, അനുസര



ണനുള്ള, ത്യാഗധനയായ സ്ത്രീ എന്നിവയെല്ലാം കുമാരസംഭവകഥയിലുണ്ട്. സിനിമ ഈ കാഴ്ചപ്പാടുകളെ അതിനേക്കാൾ തീവ്രമായ രീതിയിൽ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്.

മധ്യകാലകേരളത്തിൽ കുടുംബം കൂട്ടുകുടുംബത്തിലധിഷ്ഠിതമായിരുന്നു. ദായക്രമം അമ്മവഴിയുള്ള മരുമക്കത്തായവും. പുടമുറി, ഊഴം പൊറുക്കൽ, ഒലവിലമുറി, കല്യാണം, താലികെട്ടുകല്യാണം, (വടക്കൻപാട്ടുകളിൽ കാണുന്നത്), സംബന്ധം എന്നിങ്ങനെ വ്യത്യസ്തമായ വിവാഹരീതികൾ നിലവിലുണ്ടായിരുന്നു. നമ്പൂതിരി, നായർ, മുസ്ലീം സമുദായങ്ങളിൽ ബഹുഭാര്യാത്വവും ജാതിഭേദമന്യേ .ബഹുഭർതൃത്വവും നിലനിന്നിരുന്നു. നായർ സമുദായങ്ങളിലായിരുന്ന വിവാഹരീതിയെ സംബന്ധം എന്നാണ് വിശേഷിപ്പിച്ചിരുന്നത്. വിദേശസഞ്ചാരികളായ നിക്കോളോ കോണ്ടി (15-ാം നൂറ്റാണ്ട് ), ബാർബോസ (16-ാംനൂറ്റാണ്ട്) എന്നിവരുടെ കുറിപ്പുകളിൽ കേരളത്തിലെ സ്ത്രീ-പുരുഷബന്ധങ്ങളിലെ സവിശേഷതകളെ കുറിച്ച് പറയുന്നു. നിക്കോളകോണ്ടി പറയുന്നു: 'ബഹുഭർതൃത്വത്തിൽ യാതൊരു അസാധാരണത്വവും ഇവർ കാണുന്നില്ല. ഓരോ ഭർത്താവും സ്ത്രീകളുടെ ആവശ്യങ്ങൾക്ക് വേണ്ടുന്നതുകൊടുക്കും. ഊഴമിട്ട് ഭാര്യയുടെ ഗൃഹത്തിൽ പോകുന്ന ഭർത്താക്കൻമാർ തമ്മിൽ യാതൊരു സ്പർദ്ധയും ഉണ്ടാകാറില്ല. ഒരാൾ അകത്തുള്ളപ്പോൾ മറ്റൊരാൾ ചെല്ലാതിരിക്കാനായി എന്തെങ്കിലും അടയാളം വാതിൽക്കൽ വെച്ചിരിക്കും. അത് കാരൽ രണ്ടാമത് വന്നയാൾ മടങ്ങിപ്പോകും. കുട്ടികളുണ്ടായാൽ ഇന്നയാളുടേതെന്ന് ഭാര്യ തീർച്ചപ്പെടുത്തും.' (2012,183-184). മരുമക്കത്തായം, താലികെട്ടുകല്യാണം, സംബന്ധം എന്നിവയെക്കുറിച്ച് ബാർബോസയും വിവരിച്ചിട്ടുണ്ട്. (2012,242,243,254). ഇങ്ങനെ, സ്വതന്ത്രമെന്നോ, അയഞ്ഞതെന്നോ പറയാനാവില്ലെങ്കിലും ഒരു വ്യക്തിയിൽ മാത്രം കേന്ദ്രികരിച്ചുകൊുള്ള ലൈംഗികസങ്കല്പമല്ല കേരളത്തിൽ നിലനിന്നിരുന്നത്.

ഏകദാമ്പത്യത്തിലധിഷ്ഠിതമായ, അണുകുടുംബവ്യവസ്ഥയിലേയ്ക്ക് കേരളസമൂഹം മാറുന്നത് കൊളോണിയലിസത്തിന് ശേഷമാണ്. പ്രണയം, രതി തുടങ്ങിയ സ്ത്രീ-പുരുഷബന്ധങ്ങളെ വിവാഹത്തിന്റെയും കുടുംബത്തിന്റെയും ചട്ടക്കൂടിലേക്ക് ഒതുക്കി നിർത്തപ്പെട്ടു. വിദ്യാഭ്യാസപ്രവർത്തനങ്ങളും മറ്റും കരുവാക്കിക്കൊണ്ട് മിഷണറിമാരും ബ്രിട്ടീഷ് ഭരണകൂടവുമാണ് ആധുനികതയുടേയും പാശ്ചാത്യാനുകരണത്തിന്റെയും പുതുവഴികൾ നടപ്പിലാക്കി വിജ്ഞാനരൂപങ്ങളുടെ പൊതിയിൽ പൊതിഞ്ഞ് ആശയങ്ങൾ പലതും സമൂഹമനസ്സിലേക്ക് വിക്ഷേപിച്ചതെന്ന് എം. ആർ. രാഘവവാരിയർ അഭിപ്രായപ്പെടുന്നുണ്ട്. (2006, പു.69) കേരളജനത ഒരു അസ്സാൻമാർഗിക ജീവിതമാണ് നയിച്ചിരുന്നത് എന്നും വിക്ടോറിയൻ സദാചാരമൂല്യങ്ങൾക്കനുസരിച്ചാണ് ജീവിക്കേണ്ടതെന്നുമുള്ള കാഴ്ചപ്പാട് പ്രചരിപ്പിക്കുന്നു. മരുമക്കത്തായം ഒരു ശാപമാണെന്നും വിവാഹവ്യവസ്ഥയിൽ വെടിപ്പില്ലായ്മകൊണ്ടാണ് അതുണ്ടാകുന്നതെന്നും ഹെർമൻ ഗുണ്ടർട്ട് 'മലയാളത്തിന്റെ ഭൂമിശാസ്ത്രത്തോടുകൂടിയ ചരിത്രം' എന്ന പുസ്തകത്തിൽ പറയുന്നത് അതിന്റെ ഭാഗമാണ് (ഉദ്ധ. 2006, 16). ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന പരിഷ്ക്കരണസംരംഭങ്ങളുടെ ഭാഗമായുണ്ടായ ചില കമ്മറ്റി റിപ്പോർട്ടുകളിൽ മരുമക്കത്തായം, കൂട്ടുകുടുംബം, സംബന്ധം എന്നിങ്ങനെയുള്ള ഏർപ്പാടുകളെ നിശിതമായി വിമർശിക്കുന്നു. കേരളത്തിലെ സ്ത്രീകൾ അഴിഞ്ഞാട്ടക്കാരികളോ, വേശ്യകളോ ആണെന്നും പുരുഷൻമാർ ബഹുഭർതൃത്വത്തിലെ പങ്കാളികളും സ്ത്രീലമ്പടൻമാരും ആണെന്നും ഉള്ള ആശയഗതികളെ പ്രമാണമായി സ്വീകരിക്കുന്നവയാണ് ആ റിപ്പോർട്ടുകൾ. മലബാർ മാര്യേജ് കമ്മീഷൻ, തിരുവിതാംകൂർ മരുമക്കത്തായ കമ്മറ്റി എന്നിവയുടെ റിപ്പോർട്ടുകളിൽ കേരളീയ സമൂഹ



ത്തെ പാശ്ചാത്യാധുനികതയുടെ ആദർശങ്ങൾക്കൊപ്പിച്ച് ഉതകി വാർക്കാനുള്ള തിടുക്കം പ്രകടമാണ് (എം. ആർ.രാഘവവാരിയർ, 2006, പു.17) അതിനായി മരുമക്കത്തായം നിരോധിക്കുന്നു. സംബന്ധം നിരോധിക്കുന്നു. അങ്ങനെ ഏകദാമ്പത്യത്തിലേയ്ക്കും കൂട്ടുകുടുംബത്തിൽ നിന്നും അണുകുടുംബത്തിലേയ്ക്കും മരുമക്കത്തായത്തിൽ നിന്ന് മക്കത്തായത്തിലേയ്ക്കും സമൂഹം പരിണമിക്കപ്പെടുന്നു.

സ്ത്രീപുരുഷസമത്വത്തിന്റെയും കുടുംബ സംവിധാനങ്ങളുടേയും ദായക്രമത്തിന്റെയും പ്രശ്നരഹിതമായ, വിവേചനരഹിതമായ ഉദാത്തമാതൃകകളാണ് കേരളത്തിൽ നിലനിന്നിരുന്നത് എന്ന വാദഗതി മുന്നോട്ടുവെക്കുകയല്ല മറിച്ച്, കൊളോണിയൽ ആധുനികതയുടെ അന്തർധാരകളുൾക്കൊണ്ടു കൊണ്ട് കേരളത്തിൽ വളർന്നുവന്ന നവോത്ഥാനം വിക്ടോറിയൻ സദാചാരമൂല്യങ്ങളെ വിമർശനവിധേയമാക്കാതെ സ്വാംശീകരിച്ചപ്പോൾ കൂടുതൽ സങ്കുചിതവും വിവേചനപരവും മനുഷ്യത്വവിരുദ്ധവുമായ കാഴ്ചപ്പാടുകളാണ് സ്ത്രീ, കുടുംബം, ലൈംഗികത എന്നിവയെക്കുറിച്ച് ഉരുത്തിരിഞ്ഞു വന്നത് എന്നാണ്. ഇത്തരമൊരു നിലപാട് അധീശപ്രത്യശാസ്ത്രമായി നിൽക്കുന്ന സാമൂഹികസാഹചര്യത്തിലാണ് കുമാരസംഭവം സിനിമയാകുന്നത്. ഈ പ്രത്യശാസ്ത്രത്തിന്റെ സ്വാധീനത്താൽ അതിന്റെ പ്രചരണം സിനിമ അബോധപൂർവ്വമായി ഏറ്റെടുക്കുകയായിരുന്നു.

അക്കാലത്തെ മറ്റ് സിനിമകളെടുത്താൽ സീത (1960) ശകുന്തള (1965) സത്യവാൻ സാവിത്രി (1977) തുടങ്ങിയ സിനിമകൾക്കെല്ലാം നിറവേറ്റാനുണ്ടായിരുന്നത് ഇതേ ദൗത്യമായിരുന്നു. പാതിവ്രത്യത്തിന്റെ പ്രതീകങ്ങളാണ് സിനിമയിൽ സീതയും സാവിത്രിയും. പൂർണ്ണഗർഭിണിയായപ്പോൾ പരിത്യജിച്ചതടക്കം എല്ലാ തെറ്റുകളും ക്ഷമിച്ച് ഭർത്താവായ രാമനെ മാത്രം മനസ്സിൽ ധ്യാനിച്ച് പാദസേവ ചെയ്യുന്ന സീതയെ സിനിമയിലും കാണാം. തന്റെ പാതിവ്രത്യത്തിന്റെ മഹനീയതയും വിശുദ്ധിയുംകൊണ്ട്.

---

*1 കുമാരസംഭവത്തിന്റെ ഭാഷാന്തരീകരണം 1069-ാം ആണ്ട് ആരംഭിച്ച്, 1070 ൽ പൂർത്തിയാക്കി,1072 ൽ പ്രസിദ്ധീകരിച്ചു. (എം. ഭാഗീരഥി അമ്മതമ്പുരാൻ,1963, പു.189)*

*2 കുമാരസംഭവത്തിന്റെ തിരക്കഥ രചിക്കാൻ സുബ്രഹ്മണ്യം ആവശ്യപ്പെട്ടപ്പോൾ നാഗവള്ളി ആർ. എസ്. കുറുപ്പ് ആദ്യം വായിച്ചത് കുമാരസംഭവം എന്ന മഹാകാവ്യമാണ്. ഇതിൽ പാർവ്വതി-പരമശിവൻമാരുടെ വിവാഹം വരെയുള്ള കാര്യങ്ങളെയുള്ളൂ. കുമാരനെക്കുറിച്ച് വളരെ കുറച്ചേ ഇതിൽ എഴുതിയിട്ടുള്ളൂ. ശിവപുരാണം, പുരാണനിഘണ്ടു എന്നിവയായിരുന്നു നാഗവള്ളി പരിശോധിച്ച മറ്റു പുസ്തകങ്ങൾ. (ബീന രഞ്ജിനി, 2015)*

*3 നറ്റിണയിലെ ഒരു പാട്ടിൽ (82) മുരുകൻ കുറവത്തരുണിയായ വള്ളിയെ വിവാഹം ചെയ്യുതായി കീർത്തിച്ചിട്ട്. (ശങ്കുണ്ണിനായർ, 2004, പു. 119)*

*ഭർത്താവിന്റെ ജീവൻ യമനിൽ നിന്നും തിരിച്ചുവാങ്ങിച്ച പുണ്യവതിയാണല്ലോ സാവിത്രി. രാമനും സത്യവാനും, ശിവനും, ദുഷ്യന്തനുമെല്ലാം ഏകപത്നീവ്രതത്തിന്റെ ഉത്തമമാതൃകകളാണ്. കൃഷ്ണകഥ പറയുന്ന സിനിമകളിൽ ഭക്തിക്കാണ് പ്രാധാന്യം. കൃഷ്ണകുചേലയിലും ഭക്തകുചേലയിലും കൃഷ്ണനും കുചേലനും തമ്മിലുള്ള ആത്മബന്ധത്തിന്റെ കഥയാണ്. കൃഷ്ണനും രാധയും തമ്മിലുള്ള പ്രണയമോ രതിയോ ഒന്നുമല്ല. നാട്ടിലെ പെണ്ണുങ്ങളെയൊക്കെയും ബലമായും അല്ലാതെയും സ്വന്തമാക്കിയ തച്ചോളി ഒതേനൻ സിനിമയിൽ ഏകഭാര്യനായ നല്ലവനായ നായകനാകുന്നു. അതുപോലെതന്നെ അമ്പത്തിയെട്ട് പുരാണസിനിമകളിലൊന്നിലും തന്നെ ദ്രൗപദി, കുന്തി തുടങ്ങിയവർ മുഖ്യകഥാപാത്രമായ സിനിമകൾ ഇല്ല എന്നത് ചിന്തോദ്ദീപകമായ കാര്യമാണ്.*

*അനുവർത്തനം നടന്ന കാലത്തിന്റെ പ്രത്യയശാസ്ത്രമായ കൊളോണിയലിസം മുന്നോട്ടുവെച്ച വിക്ടോറിയൻ സദാചാരമൂല്യസങ്കല്പങ്ങളുടെ സ്വാധീനത്താൽ കേരളസമൂഹത്തെ ഏകദാമ്പത്യത്തിലേക്കും, അണുകുടുംബത്തിലേക്കും ഒതുക്കി നിർത്തിക്കൊണ്ടുള്ള ഒരു ആധുനിക മലയാളികുടുംബനിർമ്മിതിയിൽ, ആധുനിക കേരള/മലയാളിസമൂഹ നിർമ്മിതിയിൽ ഇടപെടുകയാണ് കുമാരസംഭവം ചെയ്യുന്നത്. ബഹുഭാര്യത്വവും, സംബന്ധവും, ബഹുഭർത്തൃത്വവുമെല്ലാം നിലനിന്ന പുരുഷകേന്ദ്രീകൃതമായ ഫ്യൂഡൽവ്യവസ്ഥയിൽനിന്നും കേരളത്തെ പരിഷ്ക്കരിച്ച നവോത്ഥാനത്തിന് ആ സങ്കേതങ്ങളെ മാത്രമേ പൊളിക്കാനായുള്ളൂ. സ്ത്രീയെക്കുറിച്ചോ സ്ത്രീപുരുഷബന്ധങ്ങളെക്കുറിച്ചോ ഉള്ള പുരുഷകേന്ദ്രീകൃതമൂല്യങ്ങളെ പരിഷ്ക്കരിക്കാനോ അതുവഴി സ്ത്രീപുരുഷബന്ധങ്ങളെ കൂടുതൽ സർഗാത്മകമാക്കുവാനും ജനാധിപത്യപരവുമാക്കുവാനോ കഴിഞ്ഞില്ല. നവോത്ഥാനാശയങ്ങൾക്ക് സംഭവിച്ച ഈ പരാജയംകൂടിയാണ് കുമാരസംഭവമടക്കമുള്ള സിനിമകളുടെ ഉള്ളടക്കത്തെ നിർണ്ണയിച്ചത്. അതുകൊണ്ടുതന്നെ കുമാരസംഭവം എന്ന സിനിമയുടെ പിറവി ഒരു യാദൃച്ഛികതയല്ല.*

## ഗ്രന്ഥസൂചി


ജോർജ് കെ. ജി. സമ്പാ. (2004). സ്കന്ദപുരാണം. കോട്ടയം: ഡി. സി. ബുക്സ്

ഗീത പി.(2011) സ്ത്രീത്വം ഒരു ചരിത്രാന്വേഷണം. കേരളസംസ്കാരപഠനങ്ങൾ (എഡി) പൻമന രാമചന്ദ്രൻ നായർ.കോട്ടയം:കറന്റ് ബുക്സ്

ബാലചന്ദ്രൻ നായർ പെരുന്താന്നി (2009). മലയാള സിനിമ ഇന്നലെ ഇന്ന്. തിരുവനന്തപുരം: യവനിക പബ്ലിക്കേഷൻ & ഡിസ്ട്രിബ്യൂഷൻ ട്രസ്റ്റ്.

ബീന രഞ്ജിനി. 2015. ഹിറ്റുകളുടെ കഥ. കോട്ടയം : മാതൃഭൂമി ബുക്സ്

ഭാഗീരഥി അമ്മതമ്പുരാൻ എം. (1963). ഏ.ആർ. രാജരാജവർമ്മ. കോട്ടയം: നാഷണൽ ബുക്സ് സ്റ്റാൾ

മധു ഇറവങ്കര (1999). മലയാളസിനിമയും സാഹിത്യവും. കോട്ടയം: ഡി.സി ബുക്സ്

രാഘവവാരിയർ എം.ആർ. (2006) അമ്മവഴിക്കേരളം. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി

രാജരാജവർമ്മ ഏ. ആർ. (2004) ഭാഷാകുമാരസംഭവം. കാളിദാസകൃതികൾ സമ്പൂർണ്ണം. കോട്ടയം: ഡി.സി. ബുക്സ്

രാധാകൃഷ്ണൻ പി. എസ്. (2013) ദൃശ്യഹർഷത്തിന്റെ സമയരേഖകൾ. കോട്ടയം: സാഹിത്യപ്രവർത്തകസംഘം

വേലായുധൻ പണിക്കശ്ശേരി. (2012) സഞ്ചാരികൾ കണ്ട കേരളം. കോട്ടയം: കറന്റ് ബുക്സ്

ശങ്കുണ്ണിനായർ എം. പി.(2004). ഛത്രവും ചാമരവും. കോട്ടയം: ഡി. സി. ബുക്സ്


സച്ചിദാനന്ദൻ. (2012) വിവർത്തനം, സംസ്കാരം, അധികാരം. വിവർത്തനവും, സംസ്കാരപഠനവും (എഡി. എ. എം. ശ്രീധരമേനോൻ). പയ്യന്നൂർ: സാഹിതി

വിജയകുമാർ ബി. (2012) ദ ഹിന്ദു. ജനുവരി 1

ഫിലിമോഗ്രഫി
കുമാരസംഭവം (1969).സംവി: പി.സുബ്രഹ്മണ്യൻ.ബാനർ: നീലാപ്രൊഡക്ഷൻസ്. അഭി: പത്മിനി,ജമിനി ഗണേശൻ,കുമാരി ശ്രീദേവി

# Indian Ideology: critiquing the idea of India

## A review of British Marxist historian Perry Anderson's book on India titled *Indian Ideology*




**Shine P S**
BPC College, Piravom



Perry Anderson's trenchant critique of Indian nationalism locates major strands of nationalist discourse in the writings of leading liberal historians of the country. The ideologyis woven around the dichotomous myths of massivity-democracy, antiquity-unity and confessionality-secularism.He traces the dominant ideas ofthe nation in to the conditions and events which preceded nation's independence. His enterprise lies also in analyzing how the prevailing national ideas reflect or distort conditions that enabled them. Anderson does not argue that the ideology has no correspondence at all to reality but his case is that dominant idea of the nation is more founded on selective representation of facts from the past.Hence honest stock taking of the past or present is precluded.

Since there is no external enemy and national movement now, the ideology is harnessed by the ruling elite to justify internal hegemonies and state-sponsored terror in the country. The fact is that official rhetoric and mainstream intellectual imaginaries about the nation in general, subscribe to the major tropes of the discourse and enjoy an overlapping consensus .

Anderson's contention is that in imposing a common infrastructural,juridical and cultural grid on the subcontinent, British unified it as an ideological and administrative reality for the first time in itshistory.Hence facts gainsay dominant couplet of Indian ideology:antiquity-unity.

In the first chapter titled independence Anderson shows how Gandhi,when he became the undisputed leader of nationalist movement, realigned the core of the national movement to Hindu specifications.His treatise Hind Swaraj fixed the narrative frame of the prospectivenation.His moral law was primarily hinged on VarshnasramaDharma.Gandhi as an apologist of caste system believed that caste system prevented India from disintegrating.Gandhi spearheaded three major uprisings in the history of the national movement: non-Cooperation movement in 1919, Civil Disobedience in 1930 and Quit India in 1941.Anderson undertakes a searing critique of all these movements .Non cooperation movement for its unceremonious letting down of muslims receives flak from the author. He argues that Raj quelled other two resistances without much difficulty and Gandhi imposed Quit India on a reluctant congress leadership which had already settled the terms of power transfer with Great Britain

Anderson also dwells at some length on Gandhi's face off with Ambedkar on Communal Award.Against granting separate electorate and double voting rights to depressed classes ,Gandhi started

fasting in Poona Jail. Fearing caste Hindu backlash against his constituency, Ambedkar was put up in an impossible condition and he eventually signed Poona Pact relinquishing demand of separate electorate and double voting rights

In the second chapter-Partition- Anderson is in his critical best while discussing Nehru's role in partition and in scripting perennial flashpoints in Kashmir and North East

His major thesis is that Indian National Congress' lure of monopolistic power singularly culminated in partition, a calamity of massive proportions. He vehemently criticizes the role played by Mount Batten, Lord Radcliffe and some top Indian bureaucrats like B.N.Kaul in this affair.

In the final chapter named Republic he demolishes the myths of Indian national discourse one by one. In dominant nationalist discourses, Indian democracy's stability is portrayed as a miracle considering largely illiterate,impoverished electorate. Anderson challenges this claim showing that Indian republic largely kept in place the colonial administrative machinery and repressive apparatus of the Raj without much changes. Most importantly,for perpetuating monopoly of political power, Indian National Congress adopted British machinery of representation-first past the post system instead of proportional representation .Apart from the institutional restrictions on citizens inherent in liberal democracies ,historic peculiarities of India's system of social stratification -caste act as the social anchorage of Indian democracy. For the author,impassable trenches of caste system makes any possibility of collective action nonexistent.

Indian state's preservation of the unity of the country is celebrated as another achievement. Anderson challenges this notion by chronicling history of the still continuing unrest in Kashmir and North East.How Indian state's chicanery and territorial ambitions created emergencies in the peripheries is narrated in the book.



Secular nationalist claims of the state is thrown into pieces by Anderson's longer historical account of Congress' engagement with Muslim league and larger minority questions during freedom struggle. For him Indian secularism is Hindu confessionalism by another name and reflecting on the insurgencies in North East he postulates that arms of repressive laws like AFSPA, a draconian law which bestows impunity on military officers in strife-stricken regions to use arms ,has fallen where the Indian ideology (Hinduism) has failed to take roots.

Another crucial thesis advanced in the book is that in all countries where national movement for liberation had a religious genetic code such as Ireland, India and Israel, political parties espousing extreme variants of the confessional undertow of the movement outflanked the nationalist party which had led the national movement.BJP's ascendancy in Indian politics testifies this argument.

Though receiving flaks from Marxist historians like PrabhatPatnaik for desisting economic critique of the state,Indian Ideology's seminal achievement is that it exposes for the first time someinconvenient truths silenced in mainstream Indian historiography and State literature as part of Nationalist myth making. Major among them are violence unleashed during the accession of Hyderabad and chicanery involved in the furnishing of forged documents of accession in the Kashmir issue .

ഓണം ഒരു കാർഷിക ഉത്സവമാണ്. കൊയ്ത്തുകാലത്ത് തന്റെ പഴയ പ്രജകളെ കാണാൻ തികച്ചും നീതിമാനായ ഒരു ഭരണാധികാരി വരുന്നതിന്റെ ഓർമ്മ പുതുക്കലാണ് ഓണം. ഓണത്തിനു പുറകിലുള്ള ഈ പുരാവൃത്തത്തിൽ രാഷ്ട്രീയ സാമ്പത്തിക ശാസ്ത്ര കുതുകികൾക്ക് താൽപര്യമുള്ള മറ്റൊരു വസ്തുത കാണാനാകും. നീതിമാനായ ഈ ഭരണാധികാരി അദ്ദേഹത്തിന്റെ രാജ്യത്ത് ലഭ്യമായ വിഭവങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഗുണകരമാകുന്ന വിധത്തിൽ എങ്ങനെ വിനിയോഗിക്കണം എന്നും പൂർണ്ണ ബോധ്യം ഉള്ള ആളായിരുന്നു. മനുഷ്യരെ എല്ലാവരെയും ഒന്നുപോലെ ആക്കിതീർത്ത ഒരു വലിയ സ്ഥിതി സമത്വഭരണം ആയിരുന്നു അദ്ദേഹത്തിന്റേതും എന്നാണ് ഐതിഹ്യം. അങ്ങിനെയൊരു ഭരണാധികാരിയുടെ പുനഃസമാഗമം ഓണം എന്ന കാർഷിക ഉത്സവം ആയി ആഘോഷിക്കുന്ന ഒരു അവസരത്തിൽ രാജ്യത്തെ 60 ശതമാനത്തോളം വരുന്ന കർഷക ജനതയുടെ ഇന്നത്തെ ജീവിതം എന്തെന്നു നാം പരിശോധിക്കേണ്ടിയിരിക്കുന്നു. അതിനുള്ള ഉദ്യമമാണ് ഈ ലേഖനം.

രാജ്യത്തെ 60 ശതമാനത്തോളം വരുന്ന ജനങ്ങൾ ജീവിതോപാധിയായി ആശ്രയിക്കുന്നതു കാർഷിക രംഗത്തെ ആണ്. ഇന്ത്യയിലെ കാർഷിക രംഗത്ത് നാമമാത്ര-ചെറുകിട കർഷകരുടെ എണ്ണം മറ്റ് കർഷക വർഗ്ഗങ്ങളെ അപേക്ഷിച്ച് ഏറെ കൂടുതലാണ്. ഇന്ത്യയിൽ 1953- 54ൽ 38 ശതമാനം ആയിരുന്ന നാമമാത്ര കർഷകർ എങ്കിൽ 2014ൽ അത് 80ശതമാനം ആയി വർദ്ധിച്ചു (കേന്ദ്ര കൃഷി മന്ത്രാലയം, 2014). മൊത്തം തൊഴിൽ സേനയുടെ 58 ശതമാനവും ജോലി ചെയ്യുന്നത് കാർഷിക മേഖലയിലാണ്. എന്നാൽ മൊത്തം ആഭ്യന്തര ഉത്പാദനത്തിലേക്കുള്ള കാർഷിക മേഖലയുടെ സംഭാവന ആകട്ടെ 13.7 ശതമാനം മാത്രമാണ്. കുറഞ്ഞ ഉത്പാദനവും വരൾച്ചയും മൂലം കാർഷിക രംഗത്തെ തൊഴിൽ നഷ്ടപ്പെട്ടുന്നവർ കാർഷികേതര മേഖലകളിലേക്ക് ചേക്കേറുകയാണ് ചെയ്യുന്നത്. അതുമൂലം കാർഷിക രംഗത്തെ തൊഴിൽ പങ്കാളിത്തം കാലക്രമേണ കുറയുകയും മറ്റ് മേഖലകളിലേത് ഉയരുകയും ചെയ്യും. ഇന്ത്യയിൽ മൊത്തം ആഭ്യന്തര കാർഷിക ഉത്പാദനം അതിവേഗം കുറയുമ്പോഴും കാർഷിക മേഖലയിൽ നിന്ന് ഇതര മേഖലയിലേക്കുള്ള തൊഴിൽ മാറ്റം താരതമ്യേന കുറഞ്ഞ വേഗത്തിലാണ് നടക്കുന്നത്. അതായത് കാർഷിക മേഖലയിൽ പ്രച്ഛന്ന രീതിയിലുള്ള ഒരു തൊഴിലില്ലായ്മ നിലനിൽക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ കാർഷിക മേഖലയിൽ നിന്ന് ഏറെ തൊഴിലാളികൾ വേറെ മേഖലയിലേയ്ക്ക് പോയാലും ഉത്പാദനത്തിൽ ഒട്ടും കുറവുണ്ടാവുകയില്ല എന്നർത്ഥം.

പ്രച്ഛന്നതൊഴിലില്ലായ്മ നിലനിൽക്കുന്ന കാർഷിക മേഖല ഇന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധി പ്രത്യേകം പരിശോധനാവിധേയമാക്കണം. കാർഷികവൃത്തി തീർത്തും മുന്നോട്ട് കൊണ്ടുപോകാനാവാത്ത വിധത്തിലുള്ള വരുമാന ശോഷണവും ഉത്പാദന പ്രതിസന്ധിയുമാണ് ഇന്ന് ഈ രംഗത്ത് നിലനിൽക്കുന്നത്. ചോദനരംഗത്തും പ്രദാനരംഗത്തും വികസിച്ചു വരുന്ന ഒരു പ്രതിസന്ധി ആയി ഇന്ത്യയിൽ കാർഷിക പ്രതിസന്ധി രൂപാന്തരപ്പെട്ടു. ഭരണ നേതൃത്വത്തിന്റെ നിഷേധാത്മക നിലപാടും തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ പാലിക്കപ്പെടാത്ത അവസ്ഥയും ഇതിന് മൂർച്ചകൂട്ടി. 2016 നവംബർ 8നു

**അനിൽവർമ്മ**
ഗുരുവായൂരപ്പൻ കോളേജ്
കോഴിക്കോട്



# ഇന്ത്യയുടെ കാർഷിക പ്രതിസന്ധി

സർക്കാർ പ്രഖ്യാപിച്ച നോട്ട് നിരോധനം കാർഷിക പ്രതിസന്ധി രൂക്ഷമാക്കുകയാണ് ചെയ്തത്. ദുരിതത്തിലായ കർഷകർ ക്രമേണ പ്രക്ഷോഭത്തിന്റെ പാതയിലേയ്ക്ക് തിരിഞ്ഞു. ഇന്ത്യയുടെ വിവിധ ഗ്രാമീണ മേഖലയിൽ നിന്നും സമീപകാലത്ത് ഉയർന്നുവരുന്ന കർഷക പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും അങ്ങിനെ ഉണ്ടായതാണ്. അത്തരം ഒരു പ്രതിസന്ധിയുടെ സ്വഭാവം താഴെപ്പറയും പ്രകാരം സംഗ്രഹിക്കാം.

■ ഏറെക്കുറെ മുതലാളിത്ത ഉത്പാദന സ്വഭാവമുള്ള ഇന്ത്യയുടെ കാർഷികമേഖല ഉത്പാദന മുരടിപ്പിലൂടെ ആണ് കടന്നുപോകുന്നത്. ഇത് പ്രതിസന്ധിയുടെ പ്രധാന വശമാണ്. കുത്തനെ ഇടിയുന്ന കാർഷികോൽപന്ന വിലയും അതുപോലെ ഉയരുന്ന ഉത്പാദനച്ചെലവും ഈ അവസ്ഥ കൂടുതൽ ദുരിതമയമാക്കുന്നു. കമ്പോളത്തിന്റെ അസ്ഥിരത, കൈവശഭൂമിയുടെ തുണ്ടുവൽക്കരണം, ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും വരുന്ന കുറവ്, തുടങ്ങിയവയും കാർഷികരംഗത്തെ പ്രധാന പ്രതിസന്ധികളാണ്. കഴിഞ്ഞ [illegible] ദശകങ്ങളിൽ സാങ്കേതിക വിദ്യയും നിക്ഷേപവും ഏറെ വർദ്ധിച്ചു എങ്കിലും ഇന്ത്യയുടെ ശരാശരി കാർഷിക വളർച്ചാ നിരക്ക് 2.5 ശതമാനത്തിനു മുകളിലും താഴെയുമായി ചുറ്റിക്കറങ്ങുകയാണ്.

■ രാജ്യത്തെ കർഷകർ വലിയ വരുമാനശോഷണം നേരിടുന്നുണ്ട്. ഇത് പ്രതിസന്ധിയുടെ ചോദന വശമാണ്. വിളകൾക്ക് ആദായ വില ലഭിക്കാത്ത അവസ്ഥ, ഇടത്തരക്കാരുടെ ഇടപെടൽ, വാണിജ്യ കരാറുകൾ 1990 ലെ സാമ്പത്തിക പരിഷ്കാരനടപടികൾ, മുതലാളിത്ത കാർഷിക ഉത്പാദന രീതി തുടങ്ങിയ ഒരുപാട് കാരണങ്ങൾ ഈ വരുമാന ശോഷണത്തിനു കാരണമാകുന്നുണ്ട്.

■ രാജ്യത്തെ കർഷകരിലെ 52 ശതമാനം കർഷകരും കടമെടുത്താണ് കാർഷികവൃത്തി മുന്നോട്ട് കൊണ്ടുപോകുന്നത്. ഈ വായ്പ തിരിച്ചടക്കാൻ ആവാത്ത അവസ്ഥ കർഷക ആത്മഹത്യകളിലേക്കും കാർഷിക ജീവിത പ്രതിസന്ധിയിലേക്കും നയിക്കുന്നു.

■ ഭൂമിയുടെ ഉപയോഗത്തിൽ വലിയ മാറ്റം ഇന്ന് സംഭവിച്ചിട്ടുണ്ട്. ഇന്ന് ഭൂമി ഒരു ചരക്കെന്ന നിലയിൽ വിൽപന ചെയ്യപ്പെടുന്ന വസ്തുവാണ്. ഈ രംഗത്ത് ഒരു വലിയ റിയൽ എസ്റ്റേറ്റ് കമ്പോളം വികസിച്ചു വരുന്നു. സർക്കാരുകൾ കാർഷികഭൂമി ഏറ്റെടുത്തു സ്വകാര്യ പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കുന്നതിനായി വിതരണം ചെയ്യുന്ന ഏജൻസിയായി മാറിയിരിക്കുന്നു. ഭൂമിയുടെ വിതരണത്തിലുള്ള അസമത്വം ഭൂപരിഷ്കരണത്തിലൂടെ പരിഹരിക്കുന്നതിൽ നിന്നും സർക്കാരുകൾ പിന്നോട്ട് പോകുന്നു.

കർഷകർ നേരിടുന്ന ജീവിത പ്രതിസന്ധിയിലേയ്ക്ക് രാജ്യത്തെ 60 ശതമാനത്തിലധികം വരുന്ന ജനതയെ നയിച്ച സാഹചര്യങ്ങൾ, കർഷകർ ഇന്ന് നേരിടുന്ന വരുമാന ശോഷണവും വാങ്ങൽ ശേഷിയിൽ സംഭവിക്കുന്ന കുറവും, ഇന്ത്യയിൽ വ്യാപകമായ കാർഷിക കലാപങ്ങളിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്നിവ വിശദമായി വിശകലനം ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്. അതിനായി ഇന്ത്യയുടെ കാർഷിക രംഗത്തിന്റെ ഒരു സമഗ്ര വീക്ഷണം അനിവാര്യമാണ്.

## ഇന്ത്യയുടെ കാർഷിക രംഗത്തിന്റെ ഇപ്പോഴത്തെ അവസ്ഥ: മുതലാളിത്ത വികാസവും സാമ്പത്തിക പരിഷ്കാരവും

ഇന്ത്യയിലെ കാർഷികരംഗത്ത് മുതലാളിത്ത ഉൽപാദനരീതി വളരെ



വേഗം വികസിച്ചുകൊണ്ടിരിക്കുകയാണ്. കർഷകൻ സ്വന്തം ആവശ്യത്തിനായി ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന ഉപജീവനകൃഷിരീതി പാടെ ഒഴിവാക്കപ്പെട്ടിരിക്കുന്നു. കാർഷികരംഗത്തെ ഈ മുതലാളിത്ത ഉത്പാദനരീതി അതിജീവനത്തിനായുള്ള കാർഷികരീതികളെ അപ്പാടെ തുടച്ചു നീക്കും. വിത്ത്, വളം, കീടനാശിനികൾ എന്നിവയെ സംബന്ധിച്ച പാരമ്പരാഗത രീതികൾ ഏറെക്കുറെ ഇല്ലാതെയായിരിക്കുന്നു. പകരം ഇവക്കെല്ലാം പുതിയ കമ്പോളങ്ങൾ വികസിച്ചു വന്നിരിക്കുന്നു. കർഷകരെയൊക്കെ ഈ കമ്പോളത്തിന്റെ ഭാഗമാക്കുന്ന പ്രവർത്തനമാണ് ഇന്ന് നടക്കുന്നത്. കർഷകർ ഉത്പാദിപ്പിക്കുന്നത് എന്തും കമ്പോളത്തിനായി മാത്രം എന്ന രീതി ഇന്നു നിലവിൽ വന്നിരിക്കുന്നു. കമ്പോളത്തിലാകട്ടെ പ്രാഥമിക ഉൽപന്നങ്ങൾ സ്വീകരിച്ചു അന്തിമ ഉൽപന്നങ്ങൾ നിർമിക്കുന്ന വൻകിട ഉത്പാദകരുടെ കിടമത്സരവും നടക്കുന്നുണ്ട്. ഈ കിടമത്സരം ഏറ്റവും കുറഞ്ഞ വിലയിൽ കാർഷിക ഉൽപന്നങ്ങൾ കൈക്കലാക്കാനുള്ള ഉത്പാദകരുടെ വാസനയ്ക്ക് കരുത്തേകുന്നു. കാർഷിക ഉൽപന്നങ്ങളുടെ വിലത്തകർച്ചക്കുള്ള ഏറ്റവും പ്രധാന കാരണമായി സൂചിപ്പിക്കപ്പെടുന്നത് കമ്പോളത്തിലെ ഇടത്തരക്കാർ തമ്മിലുള്ള ഈ കിടമത്സരമാണ്. രാജ്യത്തെ വലിയ തൊഴിൽ വിഭാഗമായ നാമമാത്ര കർഷകരിൽ വലിയ വരുമാന ശോഷണം ഉണ്ടാക്കുന്നതാണ് ഈ വിലത്തകർച്ച. മുതലാളിത്ത ഉത്പാദന വ്യവസ്ഥ വികസിക്കുന്നതോടുകൂടി കാർഷിക രംഗത്തെ നാമമാത്ര കർഷകർ വലിയതോതിൽ അവരുടെ അധ്വാനം മാത്രം കൈമുതലായുള്ള കർഷക തൊഴിലാളികളായി മാറാൻ സാധ്യത ഉണ്ട്. ഉൽപന്നങ്ങൾ വിപണിയിൽ വിറ്റ്കിട്ടുന്ന വരുമാനംകൊണ്ട് വിപണിയിൽനിന്ന് ഉൽപന്നങ്ങൾ വാങ്ങി ഉപയോഗിക്കേണ്ട സ്ഥിതിവിശേഷം മുതലാളിത്ത ഉത്പാദനവികാസത്തോടെ സംഭവിക്കും. അതായത് കാർഷിക രംഗം പൂർണ്ണമായും കമ്പോളത്തിൻ അടിമപ്പെടും എന്നർത്ഥം. ഇന്ത്യൻ കാർഷിക രംഗത്ത് ഉണ്ടായ മുതലാളിത്ത വികാസമാണ് ഇന്ന് ഇന്ത്യ കടന്നുപോകുന്ന കാർഷികകലാപങ്ങൾക്ക് മൂലകാരണം എന്നാണ് വിലയിരുത്തപ്പെട്ടിരിക്കുന്നത്. (കെ എൻ ഗണേഷ്, 2017)

1990കളിലെ സാമ്പത്തിക പരിഷ്കാരമാണ് ഇന്ത്യൻ കർഷകർ ഇന്ന് അനുഭവിക്കുന്ന പ്രതിസന്ധിക്കു ആക്കം കൂട്ടിയത്. 1990കൾ വരെയുള്ള കാർഷിക നയങ്ങൾ കർഷകരെ കമ്പോളത്തിന്റെ അടിമകൾ ആക്കുന്ന തരത്തിലുള്ളവ ആയിരുന്നില്ല. കാർഷികവിഭവങ്ങളെ സാമൂഹികമായ നിയന്ത്രണത്തിൽ കൊണ്ടുവരികയും ഈ രംഗത്ത് സമത്വാധിഷ്ഠിതമായ ഒരു ഉത്പാദന പ്രക്രിയ നിർമ്മിക്കുക എന്നതുമായിരുന്നു ആ നയങ്ങളുടെ പ്രാഥമികലക്ഷ്യം. വലിയ മുതൽമുടക്കുള്ള വൻകിട ജലസേചനപദ്ധതികൾ നിർമ്മിച്ചതും, മെച്ചപ്പെട്ട സാമൂഹിക സുരക്ഷപദ്ധതികൾ കർഷകർക്കായി ഒരുക്കിയതും, മുൻഗണനമേഖലകൾ നിശ്ചയിച്ചു വായ്പാപദ്ധതികൾ ആവിഷ്കരിച്ചതും, ഒക്കെ ഈ നയങ്ങളുടെ പ്രത്യേകത ആയിരുന്നു. എന്നാൽ 90 കൾക്ക് ശേഷം നടപ്പിലാക്കുന്ന നയങ്ങൾ തീർച്ചയായും ഒരു തിരിച്ചുപോക്കാണ്. മാത്രമല്ല, ഈ നയങ്ങൾ ഇന്ത്യയിലെ കർഷകരിൽ വലിയ വരുമാനശോഷണം സൃഷ്ടിക്കുന്നതുമാണ്. ജലസേചനരംഗത്തെ പശ്ചാത്തല സൌകര്യങ്ങൾ വികസിപ്പിക്കാനുള്ള ഒരു സമഗ്രപദ്ധതിപോലും 90കൾക്ക് ശേഷം ഇന്ത്യയിൽ നടപ്പാക്കിയിട്ടില്ല. കൂടാതെ കർഷകർക്കുള്ള വളം, വിത്ത്, കീട നിയന്ത്രണ സംവിധാനങ്ങൾ എന്നിവയ്ക്കുള്ള സബ്സിഡികൾ വെട്ടിക്കുറയ്ക്കുക കർഷക തൊഴിലാളിപെൻഷൻ പോലെയുള്ള സാമൂഹിക സുരക്ഷാസംവിധാനങ്ങൾ ചിലവു നിയന്ത്രണത്തിന്റെ പേരിൽ എടുത്തുകളയുക. വിലസ്ഥിരത ഉറപ്പുവരുത്തുന്ന സ്ഥാപനസംവിധാനങ്ങളെ ദുർബലമാക്കുക തുടങ്ങിയ നയങ്ങൾ ആണ് 90കൾക്ക് ശേഷം പിന്തുടരുന്നത്. അതായത് കാർഷികരംഗത്തെ ഇന്നത്തെ പ്രതിസന്ധിക്കു പ്രധാന കാരണങ്ങളിൽ ഒന്ന് 90കളിലെ സാമ്പത്തിക പരിഷ്കാര നടപടികൾ മുന്നോട്ടു വച്ച നയവ്യതിയാനങ്ങൾ കൂടിയാണ് എന്നർത്ഥം.



## ഗ്രാമീണ വരുമാന ശോഷണം

നാഷണൽ സാമ്പിൾ സർവ്വേയുടെ 70-ാം വട്ട റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ഒരു ശരാശരി കർഷകകുടുംബത്തിനു എല്ലാ സ്രോതസ്സിൽ നിന്നും ഒരു മാസം ലഭിക്കുന്ന വരുമാനം 6500 രൂപയിൽ താഴെയാണ്. ബഹുഭൂരിപക്ഷം



കുടുംബങ്ങൾക്കും കാർഷികവൃത്തിയിൽ നിന്നും നഷ്ടം മാത്രമാണ് ഉണ്ടാവുന്നത്. 2013–14 മുതൽ 2016–17 കാലയളവിലെ കർഷകരുടെ യഥാർത്ഥ വരുമാനം (നോമിനൽ വരുമാനം / വിലനിലവാരം) കുറയുകയാണ് ചെയ്തത് എന്നാണ് കണക്കുകൾ കാണിക്കുന്നത്. 2013–14 സാമ്പത്തികവർഷം ഉയർന്ന കാർഷിക ഉത്പാദനം നടന്ന വർഷം ആയിരുന്നു. നല്ല മഴയും മെച്ചപ്പെട്ട സാഹചര്യങ്ങളും 2016–17 സാമ്പത്തിക വർഷത്തിൽ ഉയർന്ന വിളവു പ്രദാനം ചെയ്തു. 2014 –15 നും 2016 17 ഇടയിൽ തനതു വർഷത്തെ പ്രതിശീർഷ വരുമാനത്തിൽ 16 ശതമാനത്തോളം വർധനവ് ആണ് ഉണ്ടായത്. എന്നാൽ ഗ്രാമീണ വില നിലവാര സൂചിക 16.8 ശതമാനമാണ് വർധിച്ചത്. രാജ്യത്തെ 60 ശതമാനത്തോളം വരുന്ന സാധാരണ ജനങ്ങളുടെ വരുമാനം വില നിലവാരത്തിലുണ്ടായ വർധനവിനെക്കാൾ കുറഞ്ഞ തോതിലാണ് വർധിച്ചിരിക്കുന്നത് എന്നർത്ഥം. യഥാർത്ഥ വരുമാനം കുറഞ്ഞു എന്നാൽ ജനങ്ങളുടെ ഉപഭോഗം കുറഞ്ഞു എന്നുതന്നെയാണ് അർത്ഥമാക്കേണ്ടത്. മറ്റൊരു അർഥത്തിൽ പറഞ്ഞാൽ വരുമാന ശോഷണം കാരണം അവരുടെ വാങ്ങൽ ശേഷി കുറഞ്ഞിരിക്കുന്നു. അന്നന്നത്തെ ജീവിതത്തിനുള്ള ഉപഭോഗം നടത്താൻ പോലും കഷ്ടത അനുഭവിക്കുന്ന ഗ്രാമീണ കർഷകർ ഉൽപാദനത്തിനായി വിത്തും വളവും മറ്റ ഉൽപന്നങ്ങളും വാങ്ങാൻ ഗതിയില്ലാതെയായി.

എന്തുകൊണ്ടാണ് കർഷകരുടെ വരുമാനത്തിൽ കുറവ് സംഭവിക്കുന്നത് എന്നു കുറച്ചുകൂടി വിശദമായി പരിശോധിക്കാം. ഒന്നാമതായി 90 കളിലെ സാമ്പത്തിക പരിഷ്കാരനടപടികളുടെ ഭാഗമായി വിദേശ വ്യാപാര നിബന്ധനകൾ ഉദാരമാക്കിയതിലൂടെ ഇറക്കുമതി ഉയർന്നത് കർഷകവാണിജ്യ വിളകൾക്ക് മതിയായ വില ലഭിക്കാത്ത അവസ്ഥ ഉണ്ടാക്കി. വിവിധങ്ങളായ വ്യാപാര കരാറുകളിൽ കാർഷിക ഉൽപന്നങ്ങളുടെ ഇറക്കുമതിക്ക് മുകളിൽ ചുമത്തുന്ന കരം– താരിഫ്– ക്രമമായി എടുത്തുകളയുന്നത് വിദേശ ഉൽപന്നങ്ങളുടെ ഇറക്കുമതി കൂടാൻ ഇടയാക്കിയിട്ടുണ്ട്. ഇതുമൂലം നമ്മുടെ പല ഉൽപന്നങ്ങളും കമ്പോളത്തിൽ പിടിച്ചുനിൽക്കാനാവാത്ത വിധം വിലത്തകർച്ച നേരിട്ടു.

രണ്ടാമതായി കാർഷിക ഉൽപന്നങ്ങൾ കമ്പോളത്തിൽ നേരിടുന്ന വിലത്തകർച്ച ആണ്. നവലിബറൽ പരിഷ്കാരങ്ങൾ രാജ്യത്തെ മുഴുവൻ ഒറ്റ വിപണിയായി മാറ്റിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ ധനകാര്യ രംഗത്തും ആസൂത്രണ രംഗത്തും വളരെ വിപുലവും അപകടകരവുമായ ഒരു കേന്ദ്രീകരണ പ്രവണത നിലനിൽക്കുന്നുണ്ട്. എന്നാൽ രാജ്യത്തെ കർഷകർ ഉത്പാദനം നടത്തുന്നത് വ്യത്യസ്തമായ സാഹചര്യങ്ങളിൽ നിന്നാണ്. ഭൂപരിഷ്കരണം ഫലപ്രദമായി നടന്ന സംസ്ഥാനങ്ങളും തീരെ നടക്കാത്ത സംസ്ഥാനങ്ങളും ഇന്ത്യയിൽ ഉണ്ട്. ജലസേചന സൗകര്യങ്ങളുടെ കടുത്ത അപര്യാപ്തത ഉള്ള ഇടങ്ങളും മെച്ചപ്പെട്ട മഴയും ജലസേചന പദ്ധതികളും ഉള്ള ഇടങ്ങളും ഉണ്ട്. ഈ വ്യത്യസ്തതകൾക്കെല്ലാം അതീതമായി ഒരു കേന്ദ്രീകൃത വിപണി ഇന്ത്യയുടെ കാർഷിക രംഗത്ത് ഉയർന്നുവരുന്നു. ആ കേന്ദ്രീകൃതവിപണി ആണ് ഇന്നു കർഷകർ നേരിടുന്ന ചൂഷണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉപാധി.

മൂന്നാമതായി യഥാർത്ഥത്തിൽ വിപണിയിൽനിന്നും കർഷകൻ ന്യായമായി കിട്ടേണ്ട വിലയുടെ മെച്ചം ഇടനില പ്രവർത്തനങ്ങൾ നടത്തുന്ന സ്വകാര്യ സാമ്പത്തികശക്തികൾ തട്ടിയെടുക്കുകയാണ് ചെയ്യുന്നത്. കാർഷിക ഉത്പന്നങ്ങളിൽനിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളുടെ മൊത്തം വിലയുടെ 10 ശതമാനത്തിൽ താഴെ മാത്രമാണ് കർഷകന് ലഭിക്കുന്നത് എന്ന് പഠനങ്ങൾ തെളിയിക്കുന്നു. ശേഷിക്കുന്ന മൂല്യം ഇടനില പ്രവർത്തകർ പങ്കിട്ടെടുക്കുന്നു. എന്തുകൊണ്ടാണ് ഈ അവസ്ഥ ഉണ്ടായത്? കേന്ദ്ര സർക്കാരിന്റെ കീഴിൽ വിവിധ കാർഷിക ഉത്പന്ന ബോർഡുകൾ ഇന്ത്യയിൽ പ്രവർത്തിച്ചിരുന്നു. വാണിജ്യ വിളകൾക്ക് കർഷകന് ന്യായമായ വിലയും വിലസ്ഥിരതയും ഈ ബോർഡുകൾ ഉറപ്പുവരുത്തിയിരുന്നു. എന്നാൽ സാമ്പത്തിക പരിഷ്കാര നടപടികളുടെ ഭാഗമായി ഈ ബോർഡുകളെ ദുർബലമാക്കുന്ന നടപടികൾ ആണ് സർക്കാർ സ്വീകരിച്ചത്. ഈ ബോർഡുകൾക്ക് വിപണിയിൽ ഇടപെടാനുള്ള അധികാരം പരിമിതപ്പെടുത്തുകയാണ് പരിഷ്കാര നടപടികൾ ചെയ്തത്. കർഷകർക്ക് ന്യായമായി ലഭിക്കേണ്ട പ്രതിഫലത്തെ ഈ നടപടി പ്രതികൂലമായി ബാധിച്ചു. മാർക്കറ്റിംഗ് രംഗത്ത് ഇന്ന് ഈ ബോർഡുകൾ ഒന്നും ചെയ്യുന്നില്ല. മറ്റുള്ള 22 ഭക്ഷ്യ വിളകളുടെ താങ്ങുവില ഫുഡ് കോർപ്പറേഷൻ ഇന്ത്യ പ്രഖ്യാപിച്ചിരുന്നു. ഇന്ന് എഫ് സി ഐ സംഭരിക്കുന്ന ഉൽപന്നങ്ങളുടെ അളവ് തുലോം കുറവാണ്. അതായത് കർഷകർ അവരുടെ ഉൽപന്നങ്ങൾ വളരെ കുറഞ്ഞവിലയ്ക്ക് കമ്പോളത്തിലെ സ്വകാര്യസാമ്പത്തികശക്തികൾക്കു വിൽക്കാൻ നിർബന്ധിതരായിരിക്കുന്നു. കാർഷിക ഉൽപന്നങ്ങൾ ഉപയോഗിച്ചു ഉൽപന്നങ്ങൾ നിർമിക്കുന്ന വ്യവസായങ്ങൾ കുറഞ്ഞ വിലക്ക് ഉൽപന്നങ്ങൾ കരസ്ഥമാക്കാനുള്ള മത്സരം ഒരു വശത്ത്. ഇടനില പ്രവർത്തനങ്ങൾ കൊണ്ടു ലാഭം ഉണ്ടാക്കാനുള്ള ശ്രമം മറുഭാഗത്ത്. ഇതിനിടയിൽ കർഷകന് ന്യായമായ വില ഉറപ്പുവരുത്തേണ്ട സ്ഥാപനസംവിധാനങ്ങൾ ആകട്ടെ കാര്യക്ഷമമല്ലതാനും. ഇതാണ് കാർഷികവിപണനപ്രതിസന്ധിയുടെ മൂലകാരണം.

നാലാമതായി 2014 ൽ അധികാരമേറിയ എൻ ഡി എ സർക്കാർ കൈക്കൊണ്ട ചില കർഷക വിരുദ്ധ നടപടികൾ ഈ അവസരത്തിൽ വിശകലനം ചെയ്യേണ്ടതായിട്ടുണ്ട്. 2014 ൽ ഈ സർക്കാർ പുറപ്പെടുവിച്ച ഭൂമി ഏറ്റെടുക്കൽ ഓർഡിനൻസ് സർക്കാരിന്റെ കർഷകവിരുദ്ധ നടപടികൾക്ക് ഉദാഹരണമാണ്. രാജ്യസഭയിൽ മതിയായ ഭൂരിപക്ഷം ഇല്ലാത്തതിനാൽ ഓർഡിനൻസ് നിയമമായില്ല എന്ന് സമാശ്വസിക്കാം. എങ്കിലും ഈ സർ

ക്കാരിന്റെ കോർപ്പറേറ്റുകളോടുള്ള വർഗ്ഗതാൽപര്യവും വിധേയത്വവും തുറന്നുകാട്ടുന്നതായിരുന്നു നടപടി. 2015-16 ലെ കേന്ദ്ര ബജറ്റിൽ ചില്ലറ കൃഷിവ്യാപാരമേഖലയിൽ സർക്കാർ 100 ശതമാനം നേരിട്ടുള്ള വിദേശ നിക്ഷേപം അംഗീകരിച്ചു. ഇത് വിദേശ കമ്പനികൾക്ക് കാർഷിക സംസ്കരണം, വെയർഹൗസിംഗ്, കോൾഡ് സ്റ്റോറേജ് എന്നി സൗകര്യങ്ങൾ ഒരുക്കുന്നതിന് സഹായകമായി. ഇത്തരം കമ്പനികൾക്ക് ഇന്ത്യയുടെ കാർഷികരംഗത്ത് ഇടനില പ്രവർത്തനം നടത്തുന്നതിനും താരതമ്യേന കുറഞ്ഞ സംഘടിത വിലപേശൽ ശേഷിയുള്ള ഇന്ത്യൻ കർഷകരുടെ ഉൽപന്നങ്ങൾ കുറഞ്ഞ വിലയ്ക്കു ശേഖരിക്കാനുമുള്ള അവസരം ഒരുക്കിനൽകുന്നു. പാവപ്പെട്ട കർഷകരെ വൻകിട കാർഷിക വ്യാവസായിക യൂനിറ്റുകളുടെ കരാറുകാരാക്കുന്ന കാർഷിക ഉത്പന്ന മാർക്കറ്റുകളുടെ ഇലക്ട്രോണിക് വിപണനവും കൃഷി മാതൃക നിയമവും ഈ സർക്കാരിന്റെ മറ്റ് കർഷകദ്രോഹ നയങ്ങൾക്ക് ഉദാഹരണം ആണ്. അതായത് ഇന്ന് കാർഷികവിപണന രംഗത്ത് വളരെ വിപുലമായ ഒരു പ്രാകൃത മൂലധന സമാഹരണം ആണ് നടന്നുകൊണ്ടിരിക്കുന്നത്.

അഞ്ചാമതായി മൊത്തം ഗ്രാമീണ മേഖലകളിലേക്കുമുള്ള നിക്ഷേപങ്ങളിൽ വലിയ കുറവാണ് സർക്കാർ വരുത്തിയിട്ടുള്ളത്. ഗ്രാമീണമേഖലയിലെ വരുമാനശോഷണത്തിന് തടയിടുന്ന തൊഴിലുറപ്പപദ്ധതിക്കും മറ്റും വളരെ കുറഞ്ഞ വിഹിതമാണ് സർക്കാർ വകയിരുത്തുന്നത്. ധനകാര്യ അച്ചടക്കം പാലിക്കാനായി വലതുപക്ഷ സർക്കാരുകൾ നടത്തുന്ന ഈ ചിലവുചുരുക്കൽ നടപടി സ്വതവേ വരുമാനം കുറവും അസ്ഥിരവും ആയ കാർഷികമേഖലയിൽ വലിയ വരുമാന ശോഷണം ഉണ്ടാക്കും എന്ന കാര്യത്തിൽ സംശയമില്ല.


ആറാമതായി മുപ്പതു ശതമാനം വരുന്ന ദരിദ്രരിൽ ദരിദ്രരായ ഇന്ത്യൻ കർഷകരുടെ വരുമാനത്തിന്റെ പകുതിയിലധികം സംഭാവന ചെയ്യുന്നതാണ് കന്നുകാലി വളർത്തൽ. വൻകിട കേന്ദ്രീകൃത കന്നുകാലിപരിപാലന സംരംഭങ്ങൾ വിദേശരാജ്യങ്ങളിൽനിന്നു വ്യത്യസ്തമായി വീടുകളിൽ കന്നുകാലികളെ വളർത്തുന്ന ചെറുകിട വികേന്ദ്രീകൃത കന്നുകാലി പരിപാലന രീതിയാണ് ഇന്ത്യയിൽ പിന്തുടർന്നു വരുന്നത്. ഈ രീതി ദരിദ്രകർഷകരുടെ വരുമാനം ഒരു പരിധിവരെ ഉറപ്പവരുത്താൻ സഹായകരമാണ്. ബീഫ് അടക്കമുള്ള കന്നുകാലി ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിൽ മുൻപന്തിയിലുള്ള ഒരു രാജ്യമാണ് ഇന്ത്യ. രാജ്യത്തെ വിപണികളിൽ കന്നുകാലികളെ കശാപ്പിനായി വിൽപന നടത്തരുത് എന്ന നിബന്ധന സർക്കാർ കൊണ്ടുവന്നിരുന്നു. രാജ്യത്തെ മുപ്പതു ശതമാനം കർഷകരുടെ വരുമാനം ഇല്ലാതാക്കുന്നതായിരുന്നു ഈ നടപടി. എന്നാൽ ഈ നിബന്ധന വൻകിട കമ്പനികൾക്ക് ബാധകമായിരുന്നില്ല താനും. ഇത് പാവപ്പെട്ട കർഷകവരുമാന ശോഷണത്തിനു മറ്റൊരു കാരണമായി.

## കാർഷിക കടം


സാമൂഹികമായ ദീർഘവീക്ഷണം ഉള്ള ബാങ്കിംഗ് നയങ്ങൾക്ക് പകരം ബാങ്കുകളുടെ ലാഭത്തിനും മത്സരാധിഷ്ഠിത സ്വഭാവത്തിനും 1990കളിലെ പരിഷ്കാരത്തിനു ശേഷം കൂടുതൽ പ്രാമുഖ്യം ലഭിക്കുകയുണ്ടായി. ഇതുമൂലം കാർഷിക മേഖലയെപ്പോലെ ഉയർന്ന ലാഭം ലഭിക്കാത്ത മേഖലകളിൽ നിക്ഷേപം നടത്താൻ ബാങ്കുകൾ പൊതുവേ വിമുഖത കാണിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായി. ബാങ്കുകൾ ആവശ്യപ്പെടുന്ന അളവിലും തരത്തിലുമുള്ള ഈടുകൾ നൽകാൻ ഒരു വലിയവിഭാഗം കർഷകർക്ക് സാധിക്കുന്നില്ല എന്ന അവസ്ഥയും നിലനിൽക്കുന്നുണ്ട്. മതിയായ അളവിൽ ഔദ്യോഗിക സംവിധാനങ്ങളിൽനിന്ന് പണം കടമായി ലഭിക്കാത്ത അവസ്ഥ ഒരു വലിയ വിഭാഗം കർഷകരെ പണം പലിശയ്ക്ക് നൽകുന്ന അനൗദ്യോഗിക പണമിടപാടുകാരിലേക്ക് എത്തിക്കുന്നു.

നബാർഡിന്റെ ഒരു റിപ്പോർട്ട് പ്രകാരം (2015) ഇന്ത്യയിൽ 52 ശതമാനം കർഷകരും വായ്പ എടുത്ത് ഉത്പാദനം നടത്തുന്നവരാണ്. ഈ വായ്പയുടെ 60 ശതമാനവും ബ്ലേഡ് പലിശക്കാരിൽ നിന്നാണ്. ഔദ്യോഗിക പണമിടപാട് സ്ഥാപനങ്ങളുടെ അപര്യാപ്തതയോ, കർഷകർക്ക് പണം നൽകാനുള്ള വിമുഖതയോ ആണ് ഈ അവസ്ഥയ്ക്ക് കാരണം. 14.8 ശതമാനം വായ്പ മാത്രമാണ് സഹകരണ സ്ഥാപനങ്ങൾ നൽകിയിരിക്കുന്നത്. കാർഷിക രംഗത്തേയ്ക്കുള്ള വായ്പയിൽ 2000നു ശേഷം പത്ത് മടങ്ങിലധികം വർദ്ധന ഉണ്ടായിട്ടുണ്ട് എങ്കിലും അനൗദ്യോഗിക സ്ഥാപനങ്ങൾ ആണ് വായ്പ നൽകുന്നതിൽ ഇന്നും മുന്നിൽ നിൽക്കുന്നത്. ചെറുകിട കർഷകർക്ക് വായ്പ ലഭിക്കാനുള്ള ഈട് നൽകാൻ ഒന്നുമില്ലാത്ത അവസ്ഥ, മതിയായ സ്ഥാപനസംവിധാനങ്ങൾ ഗ്രാമീണ മേഖലയിൽ ഇല്ലാത്ത അവസ്ഥ തുടങ്ങിയ കാരണങ്ങളാലാണ് കർഷകർ അനൗദ്യോഗിക സ്ഥാപനങ്ങളിലേക്ക് പോകാൻ നിർബന്ധിതരാകുന്നത്. 2014ലെ നബാർഡിന്റെ മറ്റൊരു റിപ്പോർട്ട് പ്രകാരം രാജ്യത്തെ വൻകിട/ഇടത്തരം കർഷകർക്ക് വായ്പ ലഭിക്കുന്നതിനു താരതമ്യേന എളുപ്പമാണ് എന്ന സ്ഥിതിയും നിലനിൽക്കുന്നു.

കാർഷിക രംഗത്ത് എങ്ങിനെ ആണ് ഒരു തിരിച്ചടവ് പ്രതിസന്ധി ഉണ്ടാകുന്നത് എന്ന് ഡോ. പ്രഭാത് പട്നായിക് വിശദീകരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വിശദീകരണത്തെ അടിസ്ഥാനമാക്കിയാണ് താഴെ കൊടുത്തിരിക്കുന്ന ചിത്രം രൂപകൽപന ചെയ്തിരിക്കുന്നത്.




ചിത്രം 2




കർഷകർ ബാങ്കിൽനിന്ന് 100 രൂപ വായ്പയെടുത്ത് ഉത്പാദനം നടത്തുന്നു എന്ന് വെയ്ക്കുക. വിത്ത് വളം കീടനാശിനികൾ തുടങ്ങിയവയ്ക്കും ഉത്പാദന ചിലവുകൾക്കുമാണ് ഈ വായ്പ തുക വിനിയോഗിക്കപ്പെടുന്നത്. അങ്ങിനെ ഉണ്ടാകുന്ന കാർഷിക ഉൽപ്പന്നങ്ങൾ കമ്പോളത്തിൽ വിറ്റ് കിട്ടുന്ന പണം കർഷകർ ബാങ്കിൽ തിരിച്ച് അടയ്ക്കുകയും ചെയ്യുന്നു. കമ്പോളത്തിൽനിന്നും ഇടനില പ്രവർത്തനങ്ങൾ നടത്തുന്നവരും കാർഷിക വ്യവസായികളും കാർഷിക ഉൽപന്നങ്ങൾ കമ്പോളത്തിൽനിന്നു വാങ്ങാൻ ബാങ്കുകളിൽ നിന്നും 100 രൂപ വായ്പ എടുക്കുന്നു. ആ കാർഷിക ഉൽപന്നങ്ങൾ



ഉപയോഗിച്ച് അവർ അന്തിമ ഉൽപന്നങ്ങൾ ഉണ്ടാക്കി കമ്പോളത്തിൽ കൂടിയ വിലയ്ക്ക് വിൽക്കുന്നു (130 രൂപ). അങ്ങിനെ കാർഷികവ്യവസായികളും ഇടനിലക്കാരുംകൂടി 30 രൂപയുടെ ലാഭം ഉണ്ടാക്കുന്നുണ്ട്. ഈ ക്രയവിക്രയത്തിൽ ബാങ്കുകൾക്ക് യാതൊരു വിധ നഷ്ടവും സംഭവിക്കുന്നില്ല. ഉത്പാദന പ്രക്രിയയുടെ ആദ്യഘട്ടത്തിൽ പ്രാഥമിക ഉത്പാദകൻ നൽകിയത് കൂടുതൽ നഷ്ടസാധ്യത ഉള്ള വായ്പ യാണ്. എന്നാൽ രണ്ടാം ഘട്ടത്തിൽ താരതമ്യേന നഷ്ട സാധ്യത കുറഞ്ഞ കാർഷിക വ്യവസായികൾക്കും ഇടനിലക്കാർക്കുമാണ് ബാങ്ക് വായ്പ നൽകുന്നത്. വായ്പയുടെ ബാധ്യത ഏറെ നഷ്ട സാധ്യത ഉള്ള ഉപഭോക്താക്കളായ കർഷകരിൽ നിന്നും നഷ്ടസാധ്യത കുറഞ്ഞ ഉപഭോക്താക്കളായ കാർഷിക വ്യവസായികളിലേയ്ക്കും ഇടനിലക്കാരിലേക്കും മാറുന്നു എന്ന് മാത്രം.

എന്നാൽ രണ്ടാമത്തെ ചിത്രം നോക്കുക. ഇവിടെ ബാങ്കിൽനിന്നും കർഷകൻ എടുത്ത 100 രൂപ യുടെ വായ്പ തുക വിത്ത് വളം കീടനാശിനികൾ തുടങ്ങിയവയ്ക്കും ഉത്പാദന ചിലവുകൾക്കുമായി ഉപയോഗിക്കുന്നു. പതിവിൽ നിന്ന് വിരുദ്ധമായി ഉയർന്ന ഉത്പാദനം മൂലം കമ്പോളത്തിൽ കുറഞ്ഞ വിലയ്ക്ക് ഉൽപന്നങ്ങൾ വിൽക്കാൻ കർഷകർ നിർബന്ധിതരാകുന്നു. ആർ ബി ഐ സൂചിപ്പിച്ചതുപോലെ ഉൽപ്പന്നങ്ങൾ കിട്ടിയ വിലയ്ക്ക് വിറ്റഴിവാക്കുന്ന കർഷകരുടെ അവസ്ഥ ഇവിടെയാണ് പ്രസക്തമാവുന്നത്. ഇവിടെ 70 രൂപയ്ക്ക് കർഷകർ ഉൽപന്നങ്ങൾ വിൽക്കാൻ നിർബന്ധിതരാകുന്നു എന്നിരിക്കട്ടെ. ഈ എഴുപതു രൂപയാണ് എടുത്ത 100 രൂപ വായ്പയുടെ തിരിച്ചടവായി കർഷകർ ബാങ്കിൽ അടയ്ക്കാൻ സാധിക്കുന്നത്. ബാക്കിയുള്ള 30 രൂപയാകട്ടെ ബാങ്കുകളുടെ കിട്ടാക്കടമായി മാറുന്നു. ബാങ്കിന് നഷ്ടമായ 30 രൂപ ഇടനിലക്കാരിൽ നിന്നോ കാർഷിക ഉത്പന്ന നിർമ്മാതാക്കളിൽ നിന്നോ പിടിച്ചെടുക്കാൻ ബാങ്കിന് സാധിക്കുകയുമില്ല. ഇടനിലക്കാരാകട്ടെ ഏറ്റവും കുറഞ്ഞ കമ്പോളവിലയിൽ കരസ്ഥമാക്കിയ കാർഷിക ഉൽപന്നങ്ങൾ അന്തിമ സാധനങ്ങളാക്കി മൂല്യവർദ്ധന നടത്തി നേരത്തെ നിശയിച്ച് ഉയർന്ന കമ്പോള വിലയിൽ (130 രൂപ) തന്നെ വിറ്റഴിച്ച് ആദ്യത്തെ സാഹചര്യത്തെക്കാൾ ഉയർന്ന ലാഭം നേടുകയും ചെയ്യും. കാരണം അന്തിമ ഉത്പന്നവില ഉയരുന്നതുപോലെ താഴുകയില്ല എന്നതുതന്നെ കാരണം. ഉദാഹരണത്തിന് കാപ്പിക്കുരുവോ തേയില കൊളുന്തോ കാർഷികകമ്പോളത്തിൽ വിൽക്കുമ്പോൾ കർഷകന് ലഭിക്കുന്ന വിലയിലുണ്ടാവുന്ന കുറവ് അവയുടെ അന്തിമ ഉൽപന്നങ്ങളായ കാപ്പിപ്പൊടിയുടെയോ ചായപ്പൊടിയുടെയോ വിലയിൽ കുറവ് ഉണ്ടാക്കുന്നില്ല .ഉൽപന്നങ്ങൾ കമ്പോളത്തിൽ വിറ്റ 130 രൂപയിൽ നിന്നും 100 രൂപ ബാങ്കിൽ അടച്ചാൽ ബാക്കി മുപ്പതുരൂപ ഇവർക്ക് ലാഭമായി ലഭിക്കുന്നു. അതുകൂടാതെ പ്രാഥമിക കമ്പോളത്തിലെ വിലക്കുറവു മൂലം കൈക്കലാക്കിയ മിച്ചം (30 രൂപ) യും ലാഭമാണ്. അതായത് ഇവിടെ ഇവരുടെ ലാഭം 60 രൂപയാണ്. ഈ ഉയർന്ന ലാഭത്തിന്റെ ഒരു വിഹിതം കമ്പോളമെന്ന മാധ്യമം ഉപയോഗിച്ച് കാർഷിക രംഗത്തെ ധനികവർഗ്ഗങ്ങളായ ഇടനിലക്കാരും കാർഷിക


വ്യവസായികളും കാർഷിക രംഗത്തെ അടിസ്ഥാനവർഗ്ഗമായ ചെറുകിട നാമമാത്രകർഷകരിലും കർഷക തൊഴിലാളികളിലും നടത്തിയ ചൂഷണം കൊണ്ട് നേടിയെടുത്തതാണ്. ഈ ചൂഷണങ്ങൾക്കെതിരെ കർഷകരും തൊഴിലാളികളും അടങ്ങിയ അടിസ്ഥാന വർഗ്ഗം സംഘടിതമായ പ്രക്ഷോഭങ്ങൾക്ക് ഒരുമിക്കുന്നത് ആ അർത്ഥത്തിൽ ഒരു വർഗ്ഗസമരം തന്നെയാണ്.

ഇങ്ങനെ കമ്പോളത്തിൽനിന്നും ലഭിച്ച അധിക ലാഭത്തിൽനിന്നും ബാങ്കിലെ വായ്പയായ തുറ്റുക തന്നെ തിരിച്ചടക്കുന്നതിനാൽ ബാങ്കിനെ സംബന്ധിച്ച് എപ്പോഴും ഈ ഇടനിലക്കാരും കാർഷിക വ്യവസായികളും നല്ല വായ്പാ-ഉപഭോക്താക്കളുടെ പട്ടികയിൽ ആയിരിക്കും. എന്നാൽ കർഷകൻ ആകട്ടെ 100 രൂപയുടെ വായ്പയിൽ 70 രൂപ മാത്രമേ തിരിച്ചടക്കുന്നുള്ളു. അതുകൊണ്ടുതന്നെ ഇവർ ബാങ്കിന്റെ കരിമ്പട്ടികയിൽ ആയിരിക്കും. അങ്ങിനെ കരിമ്പട്ടികയിലായ കർഷകർക്ക് പിന്നീട് വായ്പ നൽകുന്നതിനു ബാങ്കുകൾ വിമുഖത കാണിക്കുന്നു. ഇന്ത്യയിലെ കടമെടുത്ത് ഉത്പാദനം നടത്തുന്ന കർഷകരിലെ 70 ശതമാനത്തോളം കർഷകരും ഇത്തരത്തിൽ ഔദ്യോഗിക വായ്പാവസരങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിക്കഴിഞ്ഞവരാണ്. അതുകൊണ്ടാണ് ഇവർക്ക് അനൗദ്യോഗിക സംവിധാനങ്ങളെ ആശ്രയിക്കേണ്ടതായി വരുന്നത്.

കാർഷികരംഗത്ത് വായ്പ എടുത്തു ഉത്പാദനം നടത്തുന്ന ഒരു വലിയ വിഭാഗം ചെറുകിട കർഷകർക്ക് അവരുടെ വായ്പാബാധ്യത തീർക്കാൻ പറ്റാത്ത വിധത്തിലുള്ള സാഹചര്യമാണ് നിലനിൽക്കുന്നത്. കർഷക തൊഴിലാളികളും ഭൂമി സ്വന്തമായി ഇല്ലാത്തവരും ഭൂവുടമകളിൽനിന്ന് പാട്ടത്തിനു ഭൂമിയെടുത്ത് ഉത്പാദനം നടത്തുന്നുണ്ട്. ഇവർ ഈ പാട്ടത്തുക കണ്ടെത്തുന്നതും ആറു മാസം കാലാവധിയുള്ള ഹ്രസ്വകാല വായ്പ എടുത്താണ്. ഉത്പന്നങ്ങൾക്ക് ആദായവില ലഭിക്കാത്ത അവസ്ഥ, മഴലഭ്യതയുടെ കുറവ് ഉത്പാദനത്തിൽ വരുത്തുന്ന ഇടിവ്, കൂടുതൽ സംഘടിതരായ കാർഷികവ്യവസായികളോട് വിലപേശാനുള്ള സംഘടിതസ്വഭാവം ഇല്ലായ്മ തുടങ്ങിയ കാരണങ്ങൾ കൊണ്ടും ബാങ്കുകളുടെ കിട്ടാക്കടം വർധിക്കാൻ ഇടയുണ്ട്. ബാങ്കുകളിൽ നിന്നോ പണപ്പലിശക്കാരിൽ നിന്നോ എടുത്ത വായ്പ തിരികെ അടയ്ക്കാൻ സാധിക്കാതെ വരുന്നത് കർഷകരെ സംബന്ധിച്ച വലിയ സാമ്പത്തികബാധ്യതയും സാമൂഹികമായ ഒറ്റപ്പെടലും ഉണ്ടാക്കാനിടയുണ്ട്. ഈ സാമൂഹിക ഒറ്റപ്പെടൽ ആണ് പ്രധാനമായും കർഷക ആത്മഹത്യയിലേയ്ക്ക് നയിക്കുന്നത്.

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയ്ക്ക് മൂന്നുലക്ഷം കർഷകരാണ് ഇന്ത്യയിൽ ആത്മഹത്യ ചെയ്തത്. കാർഷിക കടബാധ്യത തന്നെയാണ് ആത്മഹത്യയുടെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നത്. കുറഞ്ഞ മഴ ലഭിക്കുന്ന, ഔദ്യോഗിക ജലസേചനസൗകര്യങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ നിന്നാണ് ആത്മഹത്യകളുടെ വാർത്തകൾ ഏറെയും പുറത്തു വന്നിരുന്നത്. മധ്യപ്രദേശിലെ വിദർഭ, ആന്ധ്രപ്രദേശ്, തെലുങ്കാന, മഹാരാഷ്ട്ര കർണാടക, തമിഴ്നാട്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും കർഷക ആത്മഹത്യകളുടെ വിവരങ്ങൾ പുറത്തുവന്നു. എന്നാൽ ഈ അടുത്ത കാലത്ത് മേൽസൂചിപ്പിച്ചതുപോലെ രാജ്യത്തെ മെച്ചപ്പെട്ട സാമ്പത്തിക പശ്ചാത്തലമുള്ള കാർഷിക പ്രദേശങ്ങളിൽ നിന്നുപോലും ആത്മഹത്യകളുടെ വിവരങ്ങൾ പുറത്തുവരുന്നുണ്ട്. കാർഷിക ഉൽപന്നങ്ങളുടെ വിലത്തകർച്ച, കട ബാധ്യത, അടുത്ത വർഷത്തെ ഉത്പാദനം തുടങ്ങി കർഷക സ്വയംഹത്യകളുടെ സ്വഭാവം ഏറെക്കുറെ ഒരേ രീതിയിലുള്ളതാണ്. ആത്മഹത്യ ചെയ്താലും കുടുംബത്തിന്റെമേലിൽ ആഭാരം നിലനിൽക്കുന്ന ദുരിതപൂർണ്ണമായ സ്ഥിതിവിശേഷവും നിലനിൽക്കുന്നു.

രാജ്യത്തെ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കണക്കുകൾ ശേഖരിക്കുന്ന നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ 2015 മുതൽ രാജ്യത്തെ ആത്മഹത്യകളുടെ കാരണം തിരിച്ചുള്ള കണ



ക്കുകൾ നൽകുന്നുണ്ട്. പ്രസ്തുത കണക്കുകളിൽനിന്ന് കണ്ടെത്താനാകുന്ന ഒരു പ്രധാനവസ്തുത കർഷക ആത്മഹത്യകളുടെ ഒരു മൂലകാരണം സാമ്പത്തിക പരാധീനത ആണ് എന്നതാണ്. ദാരിദ്ര്യം പാപ്പരത്വം കാർഷിക വൃത്തിയിലുള്ള പരാജയം തുടങ്ങിയവയാണ് ഈ സാമ്പത്തികകാരണങ്ങൾ. മുന്നോട്ടുള്ള ജീവിതത്തിനു കാർഷികവൃത്തി ആദായകരമായിരിക്കില്ല എന്ന ഈ തിരിച്ചറിവാണ് രാജ്യത്തിന്റെ പല പ്രദേശങ്ങളിലും കാർഷിക കലാപങ്ങൾ ഉയർന്നു വരാനുണ്ടായ സാഹചര്യം.

## കർഷക പ്രക്ഷോഭങ്ങൾ

ലോണെടുത്ത് കൃഷി ചെയ്യു കർഷകർക്ക് തിരിച്ചടവ് മുടങ്ങി. സബ്സിഡികൾ വൻതോതിൽ വെട്ടിച്ചുരുക്കുന്നത്, കാർഷിക ഉത്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത് തുടങ്ങി ഇന്ത്യയുടെ ഗ്രാമീണ സാമ്പത്തികമേഖലയെ പ്രതിസന്ധിയിലാക്കുന്ന അനവധി സാഹചര്യങ്ങൾ ഉന്നു വിവരിക്കുന്നു. ഇതാണ് കർഷകർ അവരുടെ കടം എഴുതിതള്ളണമെന്ന് നിരന്തരം ആവശ്യപ്പെടുന്ന ഒരു സ്ഥിതിവിശേഷം സംജാതമാകാനുള്ള കാരണം. സർക്കാരുകൾ ഇതിനു വിസമ്മതിച്ചപ്പോൾ വലിയ കർഷകപ്രക്ഷോഭങ്ങൾ ആണ് ഉയർന്നു വന്നത്. എൻ ഡി എ അധികാരത്തിലിരുന്ന മൂന്നു വർഷംകൊണ്ട് വാഗ്ദാനങ്ങൾ വെറും പാഴ്വാക്കെന്നു കർഷകർ മനസ്സിലാക്കിയതിനാൽ മധ്യപ്രദേശിലും മഹാരാഷ്ട്രയിലും തമിഴ്നാട്ടിലും രാജ്യത്തിന്റെ ഇതര പ്രദേശങ്ങളിലും ഈ പ്രക്ഷോഭങ്ങൾ അനുദിനം കരുത്താർജ്ജിച്ചു വരികയാണ്.

2014ൽ അധികാരത്തിലേറിയ എൻ ഡി എ സർക്കാർ കർഷകർക്ക് നൽകിയ വാഗ്ദാനങ്ങൾ ഏറെ പ്രതീക്ഷ ഉണർത്തുന്നത് ആയിരുന്നു. കർഷകരുടെ വരുമാനം 2022 ഓടു കൂടി ഇരട്ടിയാക്കുമെന്ന തിരഞ്ഞെടുപ്പ് വാഗ്ദാനവും ഈ ഗവൺമെന്റിന്റെ ആദ്യ ബഡ്ജറ്റിലെ ധനമന്ത്രിയുടെ പ്രഖ്യാപനവും ഏറെ പ്രതീക്ഷയാണ് കർഷകരിൽ ഉണർത്തിയത്. നീതി ആയോഗും ഇത് തന്നെയാണ് പറയുന്നത്. കാർഷിക ഉത്പന്നങ്ങൾക്ക് ആദായവില ലഭിക്കുന്നതിനു സ്വാമിനാഥൻ കമ്മീഷൻ ഒരു ഫോർമുല നിശ്ചയിച്ചിട്ടുണ്ട്. ഉത്പാദന ച്ചെലവിനു പുറമേ പകുതി ലാഭവും കൂട്ടിലഭിക്കുന്ന തുക വിലയായി നൽകുന്നമെന്ന ആ നിർദേശം നടപ്പിലാക്കുമെന്നത് ബി ജെ പി യുടെ മറ്റൊരു തിരഞ്ഞെടുപ്പ് വാഗ്ദാനം ആയിരുന്നു.

എന്നാൽ ഈ വാഗ്ദാനങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന് മനസ്സിലാക്കിയ തമിഴ്നാട്ടിലെയും, മഹാരാഷ്ട്രയിലെയും മധ്യപ്രദേശിലെയും കർഷകർ പ്രക്ഷോഭങ്ങളിലേക്ക് തിരിഞ്ഞു. കാർഷിക ഉത്പന്നങ്ങൾക്ക് ആദായവില ലഭിക്കുന്നതിനു നിർദേശിക്കപ്പെട്ട സ്വാമിനാഥൻ കമ്മീഷൻ ഫോർമുല ഉടൻ നടപ്പിലാക്കണമെന്നും കാർഷികകടങ്ങൾ എഴുതിത്തള്ളണമെന്നും പ്രക്ഷോഭകർ ആവശ്യപ്പെട്ടു. ഉയർന്ന ഉത്പാദനം വിപണിയിൽ വിറ്റഴിക്കാനാവാത്തതു മൂലവും നോട്ട് നിരോധനം മൂലവും ഉണ്ടായ നഷ്ടം പരിഹരിക്കാൻ സർക്കാർ ഇടപെടണമെന്ന ആവശ്യവും അവർ മുന്നോട്ട് വയ്ക്കുകയുണ്ടായി. പ്രക്ഷോഭങ്ങളുടെ ഭാഗമായി അഞ്ചു കർഷകർ വെടിയേറ്റ് മരിക്കുന്ന സാഹചര്യം ഉണ്ടായി. മാത്രമല്ല രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നും കർഷക ആത്മഹത്യകളുടെ വിവരങ്ങൾ പുറത്തുവന്നുതുടങ്ങി.



2013-14, 2014- 15 എന്നീ സാമ്പത്തിക വർഷങ്ങൾ കർഷകരെ സംബന്ധിച്ച് കടുത്തവരൾച്ച നേരിട്ട വർഷങ്ങൾ ആയിരുന്നു. എന്നാൽ 2016-17 സാമ്പത്തികവർഷത്തെ മെച്ചപ്പെട്ട മഴലഭ്യത ഉത്പാദനം ഏറെ ഉയരുന്നതിനു കാരണമായി. പക്ഷെ ഉയർന്ന ഉത്പാദനത്തിൽനിന്നുള്ള മെച്ചം കർഷകർക്ക് ലഭിക്കണമെങ്കിൽ വിപണി കാര്യക്ഷമമാകണമല്ലോ. എന്നാൽ നോട്ട് നിരോധനത്തെ തുടർന്ന് ഉടലെടുത്ത നോട്ട് ദൗർലഭ്യത്തെ നേരിടാൻ, 2017 ജനുവരിയിൽ ചില കർഷകർ അവരുടെ ഉത്പന്നങ്ങൾ കിട്ടിയ വിലയ്ക്ക് വിറ്റഴിവാക്കിയ സംഭവം ഫയർ സെയിൽസ് എന്നാണ് ആർ. ബി. ഐ. ഇതിനെ വിശേഷിപ്പിച്ചത് കാർഷിക ഉത്പന്ന വിലയെ താഴോട്ട് പിടിച്ചു താഴ്ത്തിയിട്ടുണ്ട് എന്നാണ് റിസർവ്വ് ബാങ്ക് രേഖപ്പെടുത്തുന്നത്. ഇതുമൂലം മഴക്കാലത്തിനു തൊട്ടുമുൻപ് കാർഷികഉത്പന്നങ്ങൾക്ക് വിപണിയിൽ ഉണ്ടാവാറുള്ള നേരിയ വിലക്കയറ്റം ഇത്തവണ ദൃശ്യമായില്ല എന്നും റിസർവ്വ് ബാങ്ക് കണ്ടെത്തുന്നു (ജൂൺ7). ഉത്പന്നങ്ങളുടെ നിർമാണച്ചെലവുപോലും വിപണിയിൽ നിന്നും ലഭിക്കാതെ വന്നപ്പോൾ കർഷകർ പ്രക്ഷോഭങ്ങളിലേക്ക് തിരിഞ്ഞു. അതുകൊണ്ടാണ് രാജ്യത്തെ മെച്ചപ്പെട്ട ജലസേചനസൗകര്യങ്ങൾ നിലനിൽക്കുന്ന മഹാരാഷ്ട്രയിലെ പൂനെ, നാസിക് എന്നീ പ്രദേശങ്ങളിൽ നിന്നും മഹാരാഷ്ട്രയിലെ ഉജ്ജെയിനിൽ നിന്നും കാർഷിക പ്രക്ഷോഭങ്ങൾ ഉയർന്നു വന്നത്. അതീവ വരൾച്ച നേരിടുന്ന മറാത്-വാട, വിദർഭ, ചമ്പൽ ബുന്ദേൽഖണ്ഡ് പ്രദേശങ്ങളിലെ കർഷകർ ആകട്ടെ മുൻപുതന്നെ കടുത്ത പ്രതിസന്ധിയിലാണ്.

## ഭൂമിയുടെ ഉപയോഗ രീതിയും അസമത്വവും

ഇന്ത്യയിലെ പ്രതിശീർഷ കാർഷികഭൂമിയുടെ അളവ് 2002 ൽ .725 ഹെക്ടർ ആയിരുന്നത് 2013 ൽ .592 ഹെക്ടർ ആയി കുറഞ്ഞിട്ടുണ്ട്. 85 ശതമാനം ഗ്രാമീണകർഷകരും ഒരു ഹെക്ടറിൽ താഴെമാത്രം ഭൂമി ഉള്ളവരാണ്. അതായത് ഭൂമിയുടെ വിതരണത്തിൽ വലിയ അസമത്വം നിലനിൽക്കുന്നുണ്ട്. ഗ്രാമീണമേഖലയിലെ അതീവ ധനികരായ 7 ശതമാനം കൃഷിക്കാരാണ് 47ശതമാനം ഭൂമിയും കൈവശം വച്ചിരിക്കുന്നത് എന്നും ഈ അവസരത്തിൽ നമ്മൾ ഓർക്കണം.


കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമിയെ സംബന്ധിച്ച കാഴ്ചപ്പാടിൽ തന്നെ ആഗോളീകരണാ

ന്നാര കാലഘട്ടത്തിൽ വലിയ മാറ്റം സംഭവിച്ചിട്ടുണ്ട്. ഭൂമി ഒരു ചരക്ക് എന്ന നിലയിലാണ് ഇന്ന് കൈമാറ്റം ചെയ്യപ്പെടുന്നത്. മണ്ണിന്റെ ഉത്പാദിപ്പിക്കാനുള്ള കഴിവിന് ഉള്ള പ്രാധാന്യം തീരെ ഇല്ലാതെയായിരിക്കുന്നു. പശ്ചാത്തല സൗകര്യ വികസനത്തിനും, വ്യാപകമായ വ്യാവസായിക വൽകരണത്തിനും, പ്രത്യേക സാമ്പത്തിക മേഖലകളുടെ നിർമാണത്തിനും, സമ്പന്നരുടെ പാർപ്പിട നിർമാണത്തിനും കൃഷിഭൂമി വ്യാപകമായി ഉപയോഗപ്പെടുത്തുന്നു. റിയൽഎസ്റ്റേറ്റ് മേഖല തന്നെ ഒരു വലിയ വ്യാപാര മേഖലയായി വികസിച്ചിരിക്കുന്നു. ഈ മേഖലകളിലെല്ലാം ഉള്ള ധനികവിഭാഗങ്ങൾക്കും ഊഹക്കച്ചവടക്കാർക്കും കർഷകരുടെ ഭൂമി ഏറ്റെടുത്തു നൽകുന്ന ഏജൻസികൾ ആയി സർക്കാരുകൾ ഇക്കാലത്ത് മാറിയിട്ടുണ്ട്. ഉദാഹരണമായി മഹാരാഷ്ട്രയിലെ നാഗ്പൂരിനെ മുംബൈയുമായി ബന്ധിപ്പിക്കുന്ന 46000 കോടി രൂപയുടെ പദ്ധതിയായ എട്ടുവരിപ്പാതയ്ക്ക് വേണ്ടി 20820 ഹെക്ടർ ഭൂമിയാണ് ആവശ്യമായി വരുന്നത്. ഇതിൽ 384 ഗ്രാമങ്ങളിലായി പരന്നു കിടക്കുന്ന എൺപതു ശതമാനം ഭൂമിയും കാർഷികഭൂമിയാണ്. സമാഹരിക്കുന്ന ഭൂമിയിൽ 12000 ഹെക്ടർ ഭൂമി ടൗൺഷിപ്പ് വികസിപ്പിക്കാനുള്ളതാണ്. അതായത് 8520 ഹെക്ടർ ഭൂമി മാത്രമാണ് റോഡിനു ആവശ്യമായി വരിക. മധ്യപ്രദേശിലെ നിമുച്ച് ജില്ലയിൽ രാജ്യത്തെ ഏറ്റവും വലിയ സോളാർ വൈദ്യുത പദ്ധതിക്കായി എഴുപതിലധികം കർഷകരുടെ 1600 ബിഗാ ഭൂമിയാണ് ഏറ്റെടുത്തിരിക്കുന്നത്. ഒറീസ്സയിലും ഝാർഖണ്ഡിലും തെലുങ്കാനയിലും ആന്ധ്രപ്രദേശിലും പശ്ചിമ ബംഗാളിലും മധ്യപ്രദേശിലും ഒറീസ്സയിലും മറ്റും ഒട്ടനവധി പദ്ധതികൾ ഈ രീതിയിലുള്ള നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

ഭൂമിയുടെ വിതരണത്തിൽ ചരിത്രപരമായി സംഭവിച്ച അസമത്വം ദൂരീകരിക്കാൻ പരിമിതമായ തോതിലെങ്കിലും ഭൂപരിഷ്കരണം നടപ്പിലാക്കാൻ പരിഷ്കാരത്തിനു മുൻപ് സർക്കാരുകൾ ശ്രമിച്ചിരുന്നു. ഭൂമി അധികമായി കൈവശം വച്ചവരിൽ നിന്ന് പിടിച്ചെടുത്തു ഭൂമി ഇല്ലാത്തവർക്ക് വിതരണം ചെയ്യുന്ന നയമാണ് അന്ന് സ്വീകരിച്ചിരുന്നത്. എന്നാൽ ഇന്ന് ഭൂമി കർഷകരിൽ നിന്ന് പിടിച്ചെടുത്തു വൻ വ്യവസായികൾക്ക് നൽകുന്ന തല തിരിഞ്ഞ നയമാണ് സർക്കാരുകൾ സ്വീകരിക്കുന്നത്. കുടിയൊഴിപ്പിക്കലിലൂടെയുള്ള സ്വത്ത് സംഭരിക്കലെന്നാണ് ഈ രീതിയെ വിദഗ്ധർ വിശേഷിപ്പിക്കുന്നത്. ഇന്ത്യയുടെ രാഷ്ട്രീയ സാമ്പത്തിക നയത്തിലെ ഏറ്റവും പ്രധാനമായ ഒരു മടങ്ങിപ്പോക്കാണ് ഇത് എന്നാണ് വിലയിരുത്തപ്പെടുന്നത്.

സ്വതവേ പ്രതിസന്ധിയിലായ ഇന്ത്യൻ കാർഷികരംഗത്തിനു ഏറ്റ കനത്ത പ്രഹരമായിരുന്നു 2016 നവംബറിൽ നടപ്പിലാക്കിയ നോട്ടു നിരോധനം. നോട്ടു നിരോധനത്തെ തുടർന്നു കാർഷികരംഗത്ത് ഉടലെടുത്ത പ്രതിസന്ധിയെ സംബന്ധിക്കുന്ന വിവരങ്ങൾ പുറത്തുകൊണ്ടുവരുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു സൂക്ഷ്മപഠനം ഡോ. എസ്. മോഹൻ കുമാർ നടത്തിയിട്ടുണ്ട്. രാജസ്ഥാനിലെ ശ്രീ ഗംഗാനഗർ ജില്ലയിലെ ബന്ന്യാവലി, അബോരിയ എന്നീ ഗ്രാമങ്ങളിൽ നടത്തിയ പഠനം ശ്രദ്ധേയമായ ചില നിഗമനങ്ങളിലാണ് എത്തിച്ചേരുന്നത്. നോട്ടു നിരോധനത്തെതുടർന്ന് പണലഭ്യത കുറഞ്ഞ ഒക്ടോബർ നവംബർ മാസങ്ങളിൽ ആണ് ഖാരിഫ് വിളവെടുപ്പ് നടന്നത്. സ്ഥിരമായി ഉൽപന്നങ്ങൾ നൽകുന്ന വ്യാപാരികളുടെ കയ്യിൽ പണമില്ലാതെ വന്നപ്പോൾ പണമുള്ള വ്യാപാരികൾ ഉൽപന്നങ്ങൾ കർഷകർക്ക് കിട്ടിയ വിലയ്ക്ക് വിൽക്കേണ്ടി വന്നു. ഖാരിഫ് ഉത്പാദനത്തിനുവേണ്ടി എടുത്ത വായ്പ തിരിച്ചടവ് മുടങ്ങുന്നതിനും, കർഷകരുടെ ജീവിതം പ്രതിസന്ധിയിലാകുന്നതിനും ഇത് കാരണമായി. ഇടനിലക്കാരാവട്ടെ ഇതൊരു അവസരമായികണ്ട് വലിയ ലാഭവും ഉണ്ടാക്കി.

എന്നാൽ റാബി ഉൽപന്നങ്ങളുടെ വിൽപനയ്ക്ക് ശേഷം കർഷകർക്ക് വ്യാപാരികൾ നൽകിയത് ചെക്ക് ആണ്. ബാങ്കിൽ നിന്ന് ഇത് എപ്പോൾ പണമായി ലഭിക്കുമെന്ന് ഉറപ്പില്ലാത്ത കർഷകർ രൊക്കം പണം തരാനാവുന്ന വ്യാപാരികളെ തിരഞ്ഞു. കിട്ടിയ വിലയ്ക്ക് ഉണ്ടായ ഉൽപന്നങ്ങൾ വിറ്റ് ഒഴിവാക്കുക എന്നതായിരുന്നു ഉദ്ദേശം. ബഹുഭൂരിപക്ഷം കർഷകർക്കും അവരുടെ പെട്ടെന്ന്




നശിച്ചുപോകുന്ന ഉൽപന്നങ്ങൾ ശേഖരിച്ചു വയ്ക്കാനുള്ള സംവിധാനങ്ങൾ ഇല്ല എന്ന് നമ്മൾ ഓർക്കണം. വ്യാപാരികളിൽനിന്നും രൊക്കംപണം വാങ്ങിനൽകാമെന്നു ചില കമ്മീഷൻ ഏജന്റ്മാർ ഉറപ്പുനൽകി. കുറഞ്ഞ വിലക്ക് റാബി സീസണിലെ മുഖ്യ ഉൽപന്നമായ കടുക് അടക്കമുള്ള ഉൽപന്നങ്ങൾ വിറ്റ് അതിന്റെ ഒരു ഭാഗം ഇടനിലക്കാർക്ക് നൽകേണ്ട ഗതികേട് മിക്ക കർഷകർക്കും ഉണ്ടായി. കാർഷിക ഉത്പാദനത്തിന്റെ നഷ്ടം മുഴുവനും കർഷകരും കർഷക തൊഴിലാളികളും അടങ്ങുന്ന അടിസ്ഥാനവർഗത്തിനു വഹിക്കേണ്ടതായി വന്നു. നേട്ടം മുഴുവനും കവർന്നെടുത്തതാവട്ടെ ഇടനിലക്കാരാണുതാനും.

സ്വന്തമായി കൃഷിഭൂമി ഇല്ലാത്തവരും കർഷകത്തൊഴിലാളികളും ഏപ്രിൽമാസത്തിൽ ഭൂമി പാട്ടത്തിനെടുത്ത് ഖാരിഫ് കൃഷി നടത്തുന്ന പതിവാണ് ഉത്തരേന്ത്യയിൽ ഉള്ളത്. വിളകൾക്ക് ഉദ്ദേശിച്ച വില ലഭിച്ചില്ലെങ്കിലും ഭൂവുടമയ്ക്ക് പാട്ടതുക കൃത്യമായി നൽകണം. ഇതിനായി വ്യാപാരികൾ തന്നെ പലിശക്ക് പണം നൽകുന്നുമുണ്ട്. കൊള്ള പലിശയ്ക്കുപുറമേ ഉൽപ്പന്നങ്ങൾ കടം നൽകിയ വ്യാപാരികൾക്കു തന്നെ വിൽക്കണമെന്ന നിബന്ധനയും ഉണ്ട്. പണം തിരികെ നൽകിയില്ലെങ്കിൽ പലിശ ഇരട്ടിയാകുമെന്ന് മാത്രമല്ല അടുത്ത കൃഷിക്കായി വായ്പ ലഭിക്കുകയുമില്ല. വലിയ തൊഴിൽ വൈദഗ്ധ്യം ഒന്നുമില്ലാത്ത കർഷകതൊഴിലാളികളിൽ ഒരു ചെറിയ വിഭാഗം ആകട്ടെ കാർഷികവൃത്തി ഉപേക്ഷിച്ചു നിർമാണതൊഴിലാളികൾ ആയി മാറിയിട്ടുണ്ട്. മറ്റുള്ളവർ തൊട്ടടുത്ത ജില്ലകളിലേക്കും സംസ്ഥാനങ്ങളിലേക്കും തൊഴിൽ അന്വേഷിച്ചു കുടിയേറ്റം നടത്തുന്നു.

## ഉപസംഹാരം

ഇന്ത്യയുടെ കാർഷിക രംഗത്ത് മുതലാളിത്ത ഉത്പാദനരീതി ഇന്ന് ഏറെ വികസിച്ചിട്ടുണ്ട്. കാർഷികരംഗത്തെ മുതലാളിത്ത ഉത്പാദനരീതി കർഷകരുടെ ഉപജീവനകൃഷി ഇല്ലാതാകുകയും അവരെ കമ്പോളത്തിന്റെ മത്സരനിയമത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നു. ഇതുമൂലം ഉയർന്ന് ഉത്പാദനം ഉണ്ടായ വർഷങ്ങളിൽപോലും അവർക്ക് നഷ്ടം സംഭവിക്കാൻ ഇടയുണ്ട്. 2017ൽ നല്ല മഴയും മെച്ചപ്പെട്ട വിളവും ലഭിച്ച അവസരത്തിൽ കാർഷിക ഉൽപന്നങ്ങളുടെ വില കുറയുകയാണ് ചെയ്തത്. മുൻപ് സൂചിപ്പിച്ച സംഭരണ സംവിധാനങ്ങൾ ഇല്ലാതായത്/ ശരിയായി പ്രവർത്തിക്കാത്തത് മൂലം ഉയർന്ന വിളവ് ലഭിച്ച വർഷങ്ങളിൽ പോലും കർഷകരുടെ യഥാർത്ഥ വരുമാനത്തിൽ കുറവാണ് രേഖപ്പെടുത്തിയത്. കാർഷികവ്യവസായികളും ഇടനിലക്കാരും കമ്പോളത്തിൽനിന്നും കുറഞ്ഞ വിലയ്ക്ക് ഉൽപന്നങ്ങൾ കരസ്ഥമാക്കാൻ നടത്തുന്ന കിടമത്സരവും കാർഷികോത്പന്ന വില ഇടിവിനു കാരണമായിട്ടുണ്ട്. ഇന്ത്യയുടെ ഗ്രാമീണകാർഷികരംഗം കടന്നുപോകുന്ന വരുമാനശോഷണത്തിന്റെ ഈ പശ്ചാത്തലത്തിലാണ് കാർഷിക കടാശ്വാസത്തിനായി രാജ്യത്തെ കർഷകർ നിരന്തരം ഉയർത്തുന്ന ആവശ്യത്തെ നോക്കിക്കാണേണ്ടത്. കാർഷിക കടാശ്വാസം അനുവദിക്കുന്നതിനുള്ള സർക്കാരുകളുടെ വൈമനസ്യവും അതിനുള്ള കാലതാമസവും ഒരു വലിയ വിഭാഗം കർഷകരെ കർഷക തൊഴിലാളികളാക്കി മാറ്റുന്നു. കാർഷികവൃത്തി തുടർന്നു കൊണ്ടുപോകാൻ ആവാത്ത വിധത്തിൽ തൊഴിൽ ഉപേക്ഷിക്കുന്നവരും ഉണ്ട്. കടക്കെണിയുടെ മാനഹാനി ഭയന്ന് ആത്മഹത്യ ചെയ്യു ഇന്ത്യൻ കർഷകരുടെ എണ്ണവും ആശങ്ക ഉയർത്തുന്നതാണ്. ഈ അവസ്ഥയിലാണ് സാധാരണക്കാരന്റെ ദൈനംദിന ജീവിതത്തിന്റെ താളം തെറ്റിച്ച നോട്ട നിരോധനം വരുന്നത്. ഇന്ത്യയുടെ കാർഷിക രംഗത്തുനിന്നും ഉയർന്നുവന്ന പ്രക്ഷോഭങ്ങൾ ഈ തരത്തിൽ ഗ്രാമീണജനജീവിത പ്രതിസന്ധിയിൽ നിന്നും ഉയർന്നു വന്ന പ്രക്ഷോഭങ്ങൾ ആണ്.





കാർഷിക മേഖലയിലെ ഉത്പാദന നഷ്ടവും വിളകൾ വില്ലാൻ കമ്പോളം ഇല്ലാത്ത സാഹചര്യവും ആണ് ഒരു പരിധി വരെ കർഷക തൊഴിലാളികളെ നിർമാണം പോലുള്ള അവിദഗ്ധ തൊഴിൽ മേഖലകളിലേക്ക് കുടിയേറാൻ പ്രേരിപ്പിക്കുന്ന ഘടകം.





# ജി എസ് ടി: ഇന്ത്യൻ സാമ്പത്തിക രംഗത്തെ വെല്ലുവിളികൾ

**ഷൈല ഹമീദ്**
എം.ഇ.എസ് കോളേജ് നെടുങ്കണ്ടം



ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയെ ഒരു ഏകീകൃത കമ്പോളവ്യവസ്ഥയിലേക്ക മാറ്റിയെടുക്കുന്നതിന് വേണ്ടി പ്രധാനമന്ത്രി നരേന്ദ്രമോഡി ചരിത്രത്തിലെ ഏറ്റവും വലിയ നികുതി പരിഷ്ക്കാരമായ ചരക്ക് സേവന നികുതിയിലൂടെ (GST) ജൂലൈ 1 അർദ്ധരാത്രിയിൽ തുടക്കം കുറിച്ചിരിക്കുന്നു. ഉപഭോഗത്തെ ആസ്പദമാക്കി ഓരോ പ്രദേശത്തെ ആശ്രയിച്ചുള്ള നികുതിയാണ് ചരക്ക് സേവന നികുതി. നിർമ്മാണം മുതൽ ഉപഭോഗം വരെയുള്ള എല്ലാ ഘട്ടങ്ങളിലും ചുമത്തപ്പെടുകയും ഓരോ ഘട്ടത്തിലും അടച്ച നികുതി കുറവ് ചെയ്ത് അടക്കാവുന്ന തരത്തിലുള്ള നികുതിയാണ് ഇത്. ഓരോ ഘട്ടത്തിലുമുണ്ടാകുന്ന മൂല്യവർദ്ധനവിനുമാത്രമുള്ള നികുതിയിൽ നികുതിയുടെ ഭാരം അന്തിമ ഉപഭോക്താവിന് മാത്രമായിരിക്കുന്നു. ചരക്ക് സേവനനികുതിയെ ഏകീകൃത നികുതി എന്ന് വിളിക്കാം. രാജ്യത്തെ വിപണിയെ ആകമാനം ഒറ്റനികുതിക്ക് കീഴിൽ കൊണ്ട് വരിക എന്നതാണ് ഇതിന്റെ പ്രത്യേകത. ചരക്കുകളും സേവനങ്ങളും



ഉൽപാദകരിൽ നിന്ന് ഉപഭോക്താവിലേക്ക് എത്തുന്നത് വരെ ഒരൊറ്റ നികുതി മാത്രമേ ഉണ്ടാവുകയുള്ളു.

ചരക്ക് സേവനനികുതിയെ മൂന്നായി തരം തിരിച്ചിരിക്കുന്നു. 1. കേന്ദ്ര ജി.എസ്.ടി. 2. സംസ്ഥാന ജി.എസ്.ടി. 3. അന്തർ സംസ്ഥാന ജി.എസ്.ടി. Integrated GSTയിൽ അന്തർ സംസ്ഥാന ചരക്ക് സേവന സപ്ലൈകൾക്ക് കേന്ദ്ര സർക്കാർ ഒരു Integrated GST ചുമത്തുകയും അത് പിരിക്കുകയും ചെയ്യുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 269 എ പ്രകാരം അന്തർ സംസ്ഥാന വ്യാപാരത്തിന്റെയോ വാണിജ്യത്തിന്റെയോ ഭാഗമായിട്ടുള്ള സപ്ലൈകൾക്കു GST ചുമത്തുന്നതും പിടിക്കുന്നതും കേന്ദ്ര സർക്കാരാണ്. ഇത്തരത്തിൽ പിരിക്കുന്ന നികുതി കേന്ദ്രവും സംസ്ഥാനങ്ങളും പങ്ക് വയ്ക്കുന്നു. ജി എസ് ടിയിലൂടെ നിലവിൽ പല തരത്തിലുള്ള നികുതികൾ അപ്രത്യക്ഷമാവുകയും അതിന് പകരം കേന്ദ്രീകൃത നികുതി വ്യവസ്ഥയിലേക്ക് രാജ്യം എത്തുകയും ചെയ്യുന്നു. കേന്ദ്ര വാറ്റ്, സംസ്ഥാന വാറ്റ്, സെൻട്രൽ എക്സൈസ് ഡ്യൂട്ടി, സേവന നികുതി, ചരക്കുകൾക്കും സേവനങ്ങൾക്കുമുള്ള സർച്ചാർജ്ജുകൾ തുടങ്ങിയ നികുതികൾ ജിഎസ്ടിയിലൂടെ ഇല്ലാതാകുന്നു. ഇന്ത്യൻ ജിഎസ്ടി കൗൺസിൽ പൊതുവേ നാല് നികുതി സ്ലാബുകൾ ആണ് നിശ്ചയിച്ചിട്ടുള്ളത്. 5 ശതമാനം, 12ശതമാനം, 18 ശതമാനം, 28 ശതമാനം എന്നിങ്ങനെ നാലായി വിഭജിച്ചിരിക്കുന്നു. സാധാരണ നിത്യോപയോഗ സാധനങ്ങളും സേവനങ്ങളും 5 ശതമാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 12, 18 ശതമാനങ്ങളിലാണ് ഭൂരിഭാഗം ചരക്ക് സേവനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നത്. റഫ്രിജറേറ്റർ, വാഷിങ് മെഷീൻ തുടങ്ങിയവ 28 ശതമാനത്തിന്റെ പരിധിയിൽ വരുന്നു.

## ജി എസ് ടി ഇളവുകൾ

ജിഎസ്ടിയുടെ നാല് സ്ലാബുകളിലായി 1211 ചരക്കുകളും 500 സേവനങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മദ്യം പെട്രോൾ, ഡീസൽ,പ്രകൃതിവാതകങ്ങൾ എന്നിവയെ ജിഎസ്ടിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഗോതമ്പ്, അരി, പാൽ, പച്ചക്കറി, മാംസം, മത്സ്യം, കുങ്കുമം, നിയമനിർമ്മാണ സംബന്ധമായ കടലാസുകൾ, പ്രിന്റ് ചെയ്ത ബുക്കുകൾ, ന്യൂസ്പേപ്പറുകൾ, വളകൾ, കൈത്തറി തുടങ്ങിയവയ്ക്ക് സീറോ ജിഎസ്ടി ആയിരിക്കും.

## ജിഎസ്ടി സാധ്യതകളും വെല്ലുവിളികളും

ഇന്ത്യൻ നികുതി വ്യവസ്ഥയിൽ ഏകീകൃത വ്യവസ്ഥ കൊണ്ടുവരുന്നതിനും സങ്കീർണ്ണതകൾ പരിഹരിക്കുന്നതിനുമായിട്ടാണ് ജി എസ് ടി നടപ്പിലാക്കുന്നത് എന്നാണ് കേന്ദ്ര സർക്കാർ വിശദീകരിച്ചത്. എന്നാൽ ഒറ്റ രാജ്യം ഒരൊറ്റ നികുതി ഒറ്റ കമ്പോളം ജി എസ് ടി എന്ന നികുതി നയം അർദ്ധരാത്രി ഇന്ത്യൻ ജനതയുടെ മേൽ കനത്ത പ്രഹരമായി അടിച്ചേൽപ്പിക്കുന്നതായിട്ടാണ് പിന്നീടുള്ള നയങ്ങളിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞത്. ഫെഡറൽ സംവിധാനത്തെ തകർത്തുകൊണ്ട് സാമ്പത്തിക ഏകാധിപത്യത്തിലൂടെ സംസ്ഥാനങ്ങളുടെ അധികാരത്തിൽ കൈ കടത്താനുള്ള അടവ് നയമായിട്ടാണ് ഇതിനെ കാണാൻ കഴിയുന്നത്.

ജി എസ് ടി ആദ്യമായി നടപ്പിലാക്കിയത് 1954 ൽ ഫ്രാൻസിൽ ആണ്. ഇപ്പോൾ അത് 140– 150 രാജ്യങ്ങൾ പിന്തുടർന്നുപോരുന്നു. ജി എസ് ടി നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ നൽകിയ ഒരു പ്രചാരണമായിരുന്നു നികുതി മേഖലയിലെ സർവ്വവ്യാധി നിവാരിണി (a medicine for all evils) അതായത് എല്ലാ സാമ്പത്തിക പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള ഒറ്റമൂലിയാണ് ഇത് എന്ന്. വികസിത രാഷ്ട്രങ്ങൾ നടപ്പിലാക്കിയ ഉദാഹരണങ്ങൾ ഇതിലേക്കായി ഉയർത്തിക്കാണിക്കുകയും ചെയ്തു. എന്നാൽ പഠനങ്ങൾ വ്യക്തമാക്കുന്നത് ഒരു രാജ്യത്തിന്റെ സാമ്പത്തികവും സാമൂഹികവും ഭരണപരവും ഭൂമിശാസ്ത്രപരവുമായ ഏകീകൃത സ്വഭാവം ജി എസ് ടി പോലുള്ള നയങ്ങൾ വിജയിക്കുന്നതിന് ആവശ്യമാണ് എന്നാണ്. ജിഎസ്ടി നടപ്പിലാക്കി വിജയിച്ച






യൂറോപ്യൻ രാജ്യങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമാണ് ഇന്ത്യയുടെ ഭൗതിക സാഹചര്യം എന്ന വസ്തുത നിലനിൽക്കുമ്പോഴാണ് നമ്മൾ ഈ പരിഷ്കാരത്തിലേക്ക് എടുത്തു ചാടിയത്.

ചരക്ക് സേവന നികുതി നടപ്പിലാക്കിയതിൽ നിതി ആയോഗ് അംഗം കൂടിയായ സാമ്പത്തിക വിദഗ്ധൻ ബിബേക് ദെബ്റോയ് പോലും ആശങ്ക രേഖപ്പെടുത്തിയിരിക്കുന്നു. സമ്പൂർണ്ണ ജി എസ് ടി ഘടനയിൽ നിന്ന് ഇന്ത്യ ഏറെ അകലെയാണ് എന്നും ഈ അടുത്ത കാലത്തൊന്നും അങ്ങനെയൊരു മാറ്റത്തിലേക്ക് ഇന്ത്യക്ക് എത്താൻ കഴിയില്ല എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. സമ്പൂർണ്ണ ജി എസ് ടി ക്ക് ഒറ്റ നികുതിയേ ഉള്ളൂ. ഇവിടെ നിലവിൽ ഏഴ് നികുതികൾ ആണ്. എല്ലാ രാജ്യങ്ങളുടേയും വളർച്ചയും വരുമാന വർദ്ധനയും ഉണ്ടായത് കാര്യക്ഷമത വർദ്ധിപ്പിച്ചുകൊണ്ടാണ്. അവിടെയെല്ലാം നികുതികൾ രണ്ടോ മൂന്നോ മാത്രമേ ഉള്ളൂതാനും.

## ജിഎസ്ടി ഒറ്റനോട്ടത്തിൽ

–റവന്യൂ സമാഹരണത്തിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്ന സാഹചര്യത്തിൽ ജി എസ് ടി പരിഷ്കാരത്തിലൂടെ സംസ്ഥാനങ്ങൾ തമ്മിൽ ഉള്ള അസമത്വം വലിയ തോതിൽ വർദ്ധിക്കാൻ ഇടയാവും.

–പെട്രോളിയം, മദ്യം, വൈദ്യുതി തുടങ്ങിയവ ജി എസ് ടിയുടെ പരിധിയിൽ നിന്നും ഒഴിവാക്കിയതിലൂടെ ഇതിന്റെ ഉദ്ദേശശുദ്ധിതന്നെ ചോദ്യം ചെയ്യപ്പെടുന്ന നിലയിൽ ആയി കാര്യങ്ങൾ. കേവലം ഇന്ത്യൻ ജി എസ് ടി എന്ന നിലയിലേക്ക് ചുരുക്കി മാത്രമേ ഈ സംവിധാനത്തെ വിലയിരുത്താൻ സാധിക്കൂ. മറ്റ് രാജ്യങ്ങൾ നടപ്പിലാക്കിയ ജിഎസ്ടിയുമായി വിദൂര ബന്ധം പോലും അവകാശപ്പെടുന്നത് അപഹാസ്യമാവും.

–പഞ്ചാബ് പോലുള്ള സംസ്ഥാ




നങ്ങൾക്ക് നൽകിയ പ്രത്യേക ഇളവുകൾ സംസ്ഥാനങ്ങൾ തമ്മിലുള്ള റവന്യൂ അന്തരം വർദ്ധിപ്പിക്കാൻ കാരണമാവും.

–ഉൽപാദന കേന്ദ്രീകൃത സംസ്ഥാനങ്ങളെക്കാൾ ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് കൂടുതൽ ലാഭമുണ്ടാകുമെന്ന് പ്രഖ്യാപിച്ചെങ്കിലും കേരളം പോലുള്ള ഉപഭോക്തൃ സംസ്ഥാനത്തിനെ വിലവർദ്ധനയിലേക്ക് തള്ളിവിടുന്നതായിട്ടാണ് പുതിയ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

–പല ആഹാര സാധനങ്ങളുടേയും വില വർദ്ധിക്കുകയും നികുതി ഭാരം ഇരട്ടിയാവുകയും ചെയ്യു. ഇതനുസരിച്ച് സംസ്ഥാനത്ത് വിലക്കയറ്റത്തിന്റെ തോത് വർദ്ധിച്ചു വരുന്നു.

–സംസ്ഥാനങ്ങൾക്ക് സാമൂഹിക പദ്ധതികൾ നടപ്പിലാക്കുന്നതിനും അടിയന്തിര സാഹചര്യങ്ങൾ (വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയവ) നേരിടുന്നതിനും കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്ന് കടുത്ത വെല്ലുവിളികൾ നേരിടേണ്ടി വരും.

– ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ ജിഎസ്ടിയുടെ പ്രവർത്തനം ശരിയായി വിശകലനം ചെയ്യാൻ കേന്ദ്ര സർക്കാർ ഇതുവരെ തയ്യാറായിട്ടില്ല.


നോട്ട് പിൻവലിക്കലിന്റെ പ്രത്യാഘാതത്തിൽ നിന്ന് നാം കരകയറുന്നതിന് മുൻപ് ഇന്ത്യൻ ജനതയ്ക്ക് ഏറ്റ മറ്റൊരു പ്രഹരമാണ് ജി എസ് ടി എന്ന് കരുതിയാൽ തെറ്റില്ല. ഒരു ജനത, ഒരുഭാഷ, ഒരു മതം, ഒരു ദേശീയത എന്ന ഫാസിസ്റ്റ് പ്രവണതയിലേക്ക് രാജ്യം പോകുന്നതിന്റെ സാമ്പത്തിക ശാസ്ത്ര പരിസരത്താണോ ജി എസ് ടി നടപ്പിലാക്കപ്പെടുന്നത് എന്നും ആശങ്കപ്പെടേണ്ടിയിരിക്കുന്നു.

ജിഎസ്ടിയുടെ സാമ്പത്തിക പ്രത്യാഘാതത്തെപ്പറ്റി കൃത്യമായി ഒരു നിലപാടിലെത്താൻ സാമ്പത്തിക വിദഗ്ധൻമാർക്ക്പോലും കഴിയുന്നില്ല എന്നതാണ് വാസ്തവം. നിലവിലത്തെ സാഹചര്യത്തിൽ ഇതിലൂടെ വലിയ ഒരു സാമ്പത്തിക വളർച്ചയോ പുരോഗതിയോ പ്രതീക്ഷിക്കാൻ കഴിയില്ല.

നികുതി വരുമാനത്തിൽ ആദായ നികുതി ഉൾപ്പെടെയുള്ള പ്രത്യക്ഷ നികുതിയുടെ പങ്ക് 35% ആണ്. 65% ലഭിക്കുന്നത് ആവട്ടെ പരോക്ഷ നികുതിയിൽ നിന്നാണ്. ഈ വസ്തുത നിലനിൽക്കെ ജി എസ് ടി പോലുള്ള ഏകീകൃത നികുതി വ്യവസ്ഥ നടപ്പിൽ വരുത്തുമ്പോൾ സാങ്കേതികമായി വലിയ തയ്യാറെടുപ്പുകൾ രാജ്യം നടത്തേണ്ടതുണ്ടായിരുന്നു. ചരിത്രത്തിന്റെ ഏറ്റവും വലിയ നികുതി പരിഷ്ക്കാരം നടപ്പിലാക്കി എന്നല്ലാതെ ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയിൽ കാതലായ മാറ്റങ്ങൾ കൊണ്ട് വരുന്നതിൽ ജി എസ് ടി വിജയിക്കും എന്ന് തോന്നുന്നില്ല. ജി എസ് ടിയിലൂടെ സാമ്പത്തിക വ്യവസ്ഥയിലെ വികസന സൂചികകൾക്ക് കാതലായ മാറ്റം ഉണ്ടാകും എന്നാണ് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. എന്നാൽ സാമ്പത്തിക വിദഗ്ധരുടെ അഭിപ്രായം പരിഗണിക്കുമ്പോൾ നികുതി പിരിവിന് ഏകീകൃത സ്വഭാവം കൈവരും എന്നല്ലാതെ ഇന്ത്യയുടെ സവിശേഷമായ ഭൗതിക സാഹചര്യത്തിൽ സാമ്പത്തിക വ്യവസ്ഥയിൽ കൃത്യമായ വളർച്ചയും വികസനവും കൈവരിക്കുന്നതിന് ഈ നികുതി പരിഷ്ക്കരണം അപര്യാപ്തമാണ്. രാജ്യത്ത് തീവ്രമായ വിലക്കയറ്റം ഉണ്ടാകുന്നതിന്റെ സൂചനകൾ സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നുണ്ട്. സാമ്പത്തിക വിദഗ്ധൻ കൂടിയായ കേരളത്തിന്റെ ധനകാര്യ വകുപ്പ് മന്ത്രി ഡോ. തോമസ് ഐസക്ക് തന്നെ സംസ്ഥാനത്ത് രൂക്ഷമായ വിലക്കയറ്റം ഉണ്ടായി എന്നകാര്യം സ്ഥിരീകരിച്ചു കഴിഞ്ഞു. കഴിഞ്ഞ മാസം സംസ്ഥാനത്ത് 2.13% വില വർദ്ധന ഉണ്ടായി എന്നകാര്യം എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തതാണ്.

പ്രശസ്ത ഫ്രഞ്ച് ഇക്കണോമിസ്റ്റായ ഗയ്സോർമാൻ ഇന്ത്യയിൽ ജിഎസ്ടി നടപ്പാക്കിയതിനെപ്പറ്റി പറഞ്ഞത് ഇങ്ങനെയാണ്. "The GST is a good economic reform, but in India it is in a complicated manner which will lead to distortions and cheating."

ജി എസ് ടി ഒരു നല്ല പരിഷ്ക്കാരമാണ്. പക്ഷേ ഇത് വളരെ സങ്കീർണ്ണമായും കാര്യക്ഷമത ഇല്ലാതെയുമാണ് ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയിൽ നടപ്പിലാക്കിയത്. വിദൂരഭാവിയിൽ ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയിൽ വലിയ വെല്ലുവിളികളും സാമ്പത്തിക അരാചകത്വവും ഉണ്ടാകും എന്ന കാര്യത്തിൽ തർക്കമില്ല. വില നിയന്ത്രണം എന്ന വലിയ സാമ്പത്തിക അച്ചടക്ക നടപടിയിൽ നിന്ന് ഭരണകൂടം പിൻമാറുന്ന ഭീകരാവസ്ഥയിലൂടെ രാജ്യം കടന്നുപോവുന്ന സ്ഥിതിവിശേഷം ജിഎസ്ടിയിലൂടെ ഉണ്ടായേക്കാം എന്ന സ്ഥിതിയാണ് നാം പ്രതീക്ഷിക്കേണ്ടത്.



# താങ്ക്യൂ മിസ്റ്റർ ബോൾട്ട്

**ഡോ. സോണി ജോൺ**
ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട



പോയ പതിനഞ്ചു വർഷങ്ങൾ ട്രാക്കിനെ ത്രസിപ്പിച്ച വേഗരാജാവ് ഉസൈൻ ബോൾട്ട് ട്രാക്കിൽനിന്നും വിടവാങ്ങിയിരിക്കുന്നു. ഏറെ സങ്കടകരമായിരുന്നു ആ വിടവാങ്ങൽ. മനുഷ്യ വേഗത്തിനു പുതിയ മാനങ്ങൾ തീർത്ത ഉസൈൻ ബോൾട്ടിന്റെ വിടവാങ്ങലിലൂടെ ലോക കായിക ചരിത്രത്തിലെ ഒരു യുഗത്തിന് വിരാമമായി. വർഷങ്ങളുടെ പരിശീലനം തളർത്തിയ പേശികളുടെ വേദനമൂലം ട്രാക്കിൽ വീണുപോയ ബോൾട്ട് ഒരു ദുഃഖസാന്ദ്രമായ കാഴ്ചയായിരുന്നു. പ്രായമെന്നത് ഒരു നിത്യസത്യമാണെന്ന് (അത് ഉസൈൻ ബോൾട്ടാണെങ്കിൽകൂടി) ലോകത്തെ ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുന്നതായിരുന്നു അവസാനമത്സരത്തിലെ ബോൾട്ടിന്റെ വീഴ്ച.

നീണ്ട പതിനഞ്ചു വർഷക്കാലം ലോകത്തങ്ങോളമിങ്ങോളമുള്ള ട്രാക്കുകളിൽ വേഗതയുടെ മിന്നൽപിണരുകൾ തീർത്ത മിന്നൽ ബോൾട്ട് ഒരുവേള ഉത്തേജക മരുന്നു വിവാദത്തിൽ പെട്ട് തകർച്ചയുടെ വക്കിലായിരുന്ന ലോക ട്രാക് ആൻറ്



ഫീൽഡ് മത്സര രംഗത്തെ തീർത്തും ശുദ്ധമായ, ശാരീരികമികവുള്ള പ്രകടനത്തിലൂടെ കൈപിടിച്ചുയർത്തിയ താരം കൂടിയായിരുന്നു. ബോൾട്ടിന്റെ അഭാവം ലോക കായികരംഗത്തെ ഏതു രീതിയിൽ ബാധിക്കുമെന്നത് ഇപ്പോൾ പ്രവചിക്കാവുന്ന ഒന്നല്ല. തീർച്ചയായും ലോക കായിക ഭൂപടത്തിൽ ബോൾട്ടിനുള്ള സ്ഥാനം അത്രയെളുപ്പമൊന്നും വേറൊരാൾക്ക് കൈവശപ്പെടുത്താൻ കഴിയുമെന്നും തോന്നുന്നില്ല.


ഉസൈൻ ബോൾട്ടെന്ന ഇതിഹാസ താരത്തെ താരതമ്യങ്ങളില്ലാത്ത ഒരു കായികതാരമെന്നതുപോലെ തന്നെ സമാനതകളില്ലാത്ത ഒരു നീഗ്രോ കായിക സംസ്കാരത്തിൻറെ ഉച്ചാവസ്ഥയുടെ പ്രതീകമായികൂടി നമുക്ക് കാണാം. ജോൺ ബാക്സ്റ്റർ ടെയ്‌ലറെന്ന യൂണിവേഴ്സിറ്റി വിദ്യാർത്ഥി 1908ലെ ലണ്ടൻ ഒളിമ്പിക്സിൽ 4:400 മെഡ്‌ലെ റിലേയിൽ അമേരിക്കൻ ഐക്യനാടുകൾക്ക് വേണ്ടി നേടിയ സ്വർണ്ണത്തോടെയാണ് കായികരംഗത്തെ നീഗ്രോ ജൈത്രയാത്രക്ക് തുടക്കമാവുന്നത്. അന്നുതൊട്ടിന്നോളം ലോക കായിക രംഗത്തെ പ്രത്യേകിച്ചും ലോക അത്‌ലറ്റിക്സിലെ നിർണായക ശക്തിയായി നീഗ്രോ കായികതാരങ്ങൾ മാറിയിട്ടുണ്ട്. 1980ൽ സ്കോട്ട്ലൻഡുകാരനായ അലൻ വെൽസ് 100 മീറ്ററിൽ വിജയിയായതിനുശേഷം ഒരു വെള്ളക്കാരനും 100 മീറ്ററിൽ വിജയിക്കാനായിട്ടില്ല. അത്രക്കും സമ്പൂർണ്ണമായിരുന്നു സ്പ്രിന്റിനങ്ങളിലെ നീഗ്രോ ആധിപത്യം. റിയോയിൽ ഫ്രഞ്ചുകാരനായ ക്രിസ്റ്റഫ് ലെമൊറ്റർ നേടിയ ഇരുനൂറു മീറ്ററിലെ ബ്രോൺസ് മെഡൽ ഈ അടുത്ത കാലത്ത് ഒരു വെള്ളക്കാരനു ലഭിച്ച അപൂർവ്വങ്ങളിൽ അപൂർവ്വമായ ഒളിമ്പിക് സ്പ്രിൻറ് മെഡലാണെന്നു കാണാം.

ഈയെഴുത്തിൻറെ ഉദ്ദേശം കായിക രംഗത്തെ നേട്ടങ്ങളെ വംശീയമായി വേർതിരിച്ച് വിശകലനം ചെയ്യുകയല്ല. പക്ഷേ ഒരു കാലത്ത് പരിഷ്കാരികളെന്നു സ്വയം കരുതിയിരുന്ന യൂറോപ്യൻ കുത്തക മുതലാളിമാരുടെ തീർത്തും അപരിഷ്കൃത മനുഷ്യവ്യാപാരത്തിന്റെ ഇരകളായി ആഫ്രിക്കയിൽ നിന്നും 'പുതുലോക'ത്തെത്തിയ നീഗ്രോ അടിമകളുടെ നവോത്ഥാനത്തിലേക്കും ആധുനികതയിലേക്കും ഉത്തരാധുനികതയിലേക്കുമുള്ള പ്രയാണത്തിൽ കായികരംഗത്തോളം പ്രാധാന്യം മറ്റൊന്നിനുമില്ല എന്നു സൂചിപ്പിക്കാനാണ്. അടിമത്തത്തിന്റെയും കൊടിയ ദാരിദ്രത്തിന്റെയും പീഡകളുടെയും ദുരിതങ്ങളുടെയും ജീവിത നരകം നൂറ്റാണ്ടുകളോളം പേറേണ്ടി വന്നതിൽ നിന്നും അകപ്പെട്ടു പോയ അപകർഷതാബോധത്തിൽനിന്നും ഒരു നവോത്ഥാനത്തിന്റെ പാതയിലേക്ക് നീഗ്രോകളെ നയിക്കുന്നതിന് പ്രേരകമായത് കായികരംഗമായിരുന്നു എന്നു പ്രസ്താവിക്കാനാണ്.

തീർച്ചയായും കായികരംഗത്തിലൂടെയുള്ള ഈ മാറ്റം ഏതാനും ദിവസങ്ങൾകൊണ്ടോ വർഷങ്ങൾകൊണ്ടോ സംഭവിച്ചതല്ല. നൂറ്റാണ്ടുകളോളം കഠിനമായ കായിക അധ്വാനം ചെയ്യേണ്ടിവന്നതിൽനിന്നും ജനിതകമായി ആർജ്ജിച്ചെടുത്ത മികവുതന്നെയായിരിക്കണം കായിരംഗത്തെ അമേരിക്കൻ നീഗ്രോകളുടെ ആധിപത്യത്തിനു നിദാനമായത്. തുടക്കത്തിൽ കായികമത്സരങ്ങൾക്ക് ഏറെ പ്രാധാന്യം നൽകിയിരുന്ന അമേരിക്കൻ ഐക്യനാടുകളിലെ നീഗ്രോകളായിരുന്നു കായികരംഗത്ത് മുന്നിട്ടു നിന്നിരുന്നതെങ്കിൽ പിന്നിട് മധ്യഅമേരിക്കൻ ദ്വീപുരാജ്യങ്ങളിലെ കായികതാരങ്ങളും അമേരിക്കൻ ഐക്യനാടുകളിലെ തങ്ങളുടെ സഹോദരങ്ങളുടെ നിലവാരത്തിലേക്കെത്തിയെന്നു മാത്രമല്ല ദാരിദ്ര്യമകറ്റാൻ ഒരു വേള അമേരിക്കൻ ഐക്യനാടുകൾ ഉൾപ്പടെയുള്ള സമ്പന്നരാജ്യങ്ങൾക്കു വേണ്ടി മത്സരിക്കാൻ തയ്യാറാവുകയും ചെയ്തു.

കായികരംഗത്തെ നീഗ്രോ ആധിപത്യം ക്രമേണയെങ്കിലും നീഗ്രോകളുടെ പൊതുവെയുള്ള ജീവിത നിലവാരം ഉയർത്തുന്നതിനും തീവ്രമായ വർഗ്ഗീയ വേർതിരിവുകൾക്കിടയിലും സ്വന്തം സ്വത്വബോധം കണ്ടെത്തുന്നതിനും നീഗ്രോകൾക്കു തുണയായി. അമേരിക്കൻ നീഗ്രോ നവോത്ഥാനത്തിന്റെ കേന്ദ്രബിന്ദുവായി സാമൂഹ്യ ശാസ്ത്ര ഗവേഷകർ കരുതുന്ന ഹാർലെം നവോത്ഥാനത്തിനുവരെ ഒരു ഘട്ടത്തിൽ പ്രചോദനമായത് കായികരംഗത്തെ നീഗ്രോ കുതിപ്പായിരുന്നു എന്ന് സുപ്രസിദ്ധ മാർക്സിയൻ ചിന്തകനും സ്പോർട്സ് ലേഖകനുമായിരുന്ന സി എൽ ആർ ജെയിംസ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

കായിക രംഗത്തും തുടക്കത്തിൽ നീഗ്രോകൾ നേരിട്ട വെല്ലുവിളികൾ നിസാരമായിരുന്നില്ല. പ്രമുഖ കായിക സാമൂഹ്യ ശാസ്ത്രജ്ഞൻ ജാക്ക് ഓൾസൺ പറയുന്നത് ശ്രദ്ധിക്കുക 'ഒരു വെളുത്തവൻ അഞ്ചോ ആറോ തവണ തെറ്റു വരുത്തിയാലും ടീമിനു പുറത്തു പോകുകയില്ല പക്ഷേ ഒരു കറുത്തവൻ ആദ്യത്തെ തെറ്റിനു തന്നെ സാധാരണ ഗതിയിൽ ടീമിനു പുറത്തുപോയിരിക്കും'. 1920ൽ റൂബ് ഫോസ്റ്റർ സ്ഥാപിച്ച നീഗ്രോ നാഷണൽ ലീഗ് കറുത്ത വർഗ്ഗക്കാരുടെ കായിക സ്വപ്നങ്ങൾക്ക് ദിശാബോധം നൽകിയ സംഘടനകളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു. ബേസ്ബോൾ മത്സരങ്ങൾക്കായി പിറവിയെടുത്ത ആ ലീഗിനെത്തുടർന്ന് മറ്റുകായിക ഇനങ്ങൾക്കായും അത്തരത്തിലുള്ള ലീഗുകൾ സ്ഥാപിതമാവുകയുണ്ടായി. പക്ഷേ നീഗ്രോ നവോത്ഥാനത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയ കായിക സംഭവം 1936ലെ ബെർലിൻ ഒളിമ്പിക്സിൽ ജെസി ഓവൻസ് നേടിയ 4 സ്വർണ്ണമെഡലുകളാണെന്ന് നിസംശയം പറയാം. ആര്യൻ മഹത്വത്തിൽ വിശ്വസിച്ചിരുന്ന ഹിറ്റ്‌ലറുടെ മുഖത്തേറ്റ ഏറ്റവും വലിയ




പ്രഹരമായിരുന്ന അയാൾ ഏറ്റവും താഴ്ന്ന ഗണത്തിൽപെടുത്തിയിരുന്ന ഒരു നീഗ്രോയുടെ ലോകം കീഴടക്കുന്ന പ്രകടനം. നീഗ്രോ നവോത്ഥാനത്തിനു പ്രേരകമായ കായിക താരങ്ങൾ നിരവധിയാണ്. അവരിൽ പ്രധാനികളായിരുന്നു ലോക ബോക്സിങ്ങ് ചാമ്പ്യനായിരുന്ന ജാക്ക് ജോൺസൺ. 1910 ൽ വെള്ളക്കാരനായ ജോൺ ജെഫ്രിയെ തോൽപ്പിച്ച് ജാക്ക് ലോക ചാമ്പ്യനായപ്പോൾ അമേരിക്കയിലുടനീളം അതൊരു വർഗ്ഗീയ ലഹളക്കു വരെ വഴിമരുന്നിട്ടു. അമേരിക്കൻ ഫുട്ബോൾ താരമായിരുന്ന ഫ്രെഡറിക് പൊള്ളാർഡ്, ബോക്സിങ്ങ് ഇതിഹാസം ജോ ലൂയിസ്, ബേസ്ബോൾ താരങ്ങളായിരുന്ന ജോൺ ഹെൻറി ലോയ്ഡ്, ജാക്കി റൊബിൻസൺ, ജൂഡി ജോൺസൺ തുടങ്ങിയവരും ആദ്യകാലങ്ങളിൽ ഐക്യനാടുകളിലെ കായിക രംഗത്തെ നീഗ്രോ പതാകാവാഹകരായിരുന്നു.

പിന്നീടുവന്നവരിൽ പ്രധാനികളായിരുന്നു വിൽമ റുഡോൾഫും, ബ്ലാക്ക് പവർസല്യൂട്ടിലൂടെ വർണ്ണ വിവേചനത്തിനെതിരെ പുതിയ പോരാട്ട വഴികൾതീർത്ത ടോമ്മി സ്മിത്തും ജോൺ കാർലോസുമെല്ലാം. വിൽമയുടെ ജന്മനാടായ ക്ലാർക്സ് വില്ലയിൽ അന്നാട്ടുകാർ ഒത്തൊരുമിച്ച (വെളുത്തവരും കറുത്തവരും) ആദ്യ പരിപാടി ആയിരുന്നു 1960 റോം ഒളിമ്പിക്സിലെ പൊൻതാരകമായിരുന്ന വിൽമക്ക് നൽകിയ സ്വീകരണപരിപാടി. ബോക്സിങ്ങ് ഇതിഹാസം മുഹമ്മദ് അലി വർണ്ണ വിവേചനത്തിനെതിരെ നടത്തിയ പോരാട്ടങ്ങൾ അമേരിക്കൻ നീഗ്രോകൾക്കു നൽകിയ ആത്മവിശ്വാസം ചെറുതല്ല. അമേരിക്കൻ ഐക്യനാടുകൾക്കു പുറത്തെ ഏറ്റവും പ്രധാനി ജമൈക്കൻ അത്‌ലിറ്റും ഡോക്ടറും ഡിപ്ലോമാറ്റുമെല്ലാം ആയിരുന്ന ആർതർ വിന്റ് ആയിരുന്നു. 1948 ലണ്ടൻ ഒളിമ്പിക്സിലെ 400 മീറ്റർ ജേതാവ്. ഒപ്പം അദ്ദേഹത്തോടൊപ്പം സിൽവർ മെഡൽ നേടിയ ഹെർബ് മെക്കൻലി, ക്യൂബൻ ബോക്സിങ് താരമായിരുന്ന കിഡ് ചോക്ലേറ്റ്, ക്യൂബൻ ബേസ്ബോൾ താരങ്ങളായിരുന്ന ഹോസെ മെൻഡസ്, ക്രിസ്റ്റബൽ തോറൻറ്, ഫുട്ബോൾ ഇതിഹാസം പെലെയും അദ്ദേഹത്തോടൊപ്പം ലോകം കീഴടക്കിയ ബ്രസീൽ ടീമിൽ കളിച്ചിരുന്ന താരങ്ങളുമെല്ലാം കറുത്ത വർഗത്തിന്റെ കായിക മേൽക്കോയ്മയുടെ പ്രത്യക്ഷ ഉദാഹരണങ്ങളാണ്. സെൻട്രൽ അമേരിക്കൻ ദ്വീപു രാഷ്ട്രങ്ങളിൽ ഏറെ പ്രചാരത്തിലുണ്ടായിരുന്ന ക്രിക്കറ്റിലും കറുത്തവരുടെ പ്രകടനം ഏറെ മികച്ചതായിരുന്നു എന്നു മാത്രമല്ല ക്രിക്കറ്റ് കളിക്കാൻ മാത്രമായി ആ ദ്വീപു രാഷ്ട്രങ്ങളെല്ലാം വെസ്റ്റിൻഡീസ് എന്ന പേരിൽ ഒന്നിക്കുകയും ചെയ്തു. അതിൽ തന്നെ 1960ൽ ഫ്രാങ്ക് വോറൽ എന്ന കറുത്ത വർഗ്ഗക്കാരൻ ആദ്യമായി വെസ്റ്റിന്റീസിനെ നയിക്കാൻ നിയുക്തനായത് സെൻട്രൽ അമേരിക്കയിലെ കറുത്തവർഗ്ഗക്കാരുടെ കായിക ചരിത്രത്തിലെ ഒരു പ്രധാന സംഭവമാണ്. കറുത്തവരുടെ കായിക പ്രകടനത്തിൽ ആഫ്രിക്കക്കാരുടെ ആദ്യകാല സംഭാവനയും ചെറുതല്ല. അതിൽ തന്നെ പ്രമുഖൻ രണ്ടു തവണ ഒളിമ്പിക് മാരത്തോൺ ചാമ്പ്യനായിരുന്ന അബേബെ ബെകില എന്ന എത്യോപ്യക്കാരൻ. അദ്ദേഹത്തിന്റെ തന്നെ നാട്ടുകാരനും മാരത്തോൺ ഓട്ടക്കാരനുമായ ഹെയ്‌ൽ ഗെബ്രെസിലാസി, കെനിയക്കാരനായ കിപ്ചോഗെ കെയ്നൊ തുടങ്ങിയവരും കായികരംഗത്ത് ആഫ്രിക്കൻ പതാക പറപ്പിച്ച ആദ്യകാല താരങ്ങളായിരുന്നു. ഇന്നു ലോക അത്‌ലറ്റിക്സിൽ ആഫ്രിക്കക്ക് നിർണ്ണായക സ്ഥാനമുണ്ട്. കെനിയയിൽ നിന്നും എത്യോപ്യയിൽ നിന്നുമുള്ള മധ്യ-ദീർഘദൂര ഓട്ടക്കാർ, സൌത്ത് ആഫ്രിക്കയിൽ നിന്നുള്ള 400 മീറ്റർ ഓട്ടക്കാരൻ വെയ്ഡ് വാൻ നിക്കർക്ക് എന്നിവർ ആഫ്രിക്കൻ കായിക പാരമ്പര്യത്തിന്റെ ചൂട്ടും ചൂരും ലോകത്തിനു കാട്ടിക്കൊടുത്തിട്ടുണ്ട്.

ഇത്തരത്തിൽ സമ്പന്നമായ ഒരു നീഗ്രോ കായിക പാരമ്പര്യത്തിന്റെ ഉച്ചാവസ്ഥയിരുന്നു ഉസൈൻ ബോൾട്ടിലൂടെ ലോകം അനുഭവിച്ചറിഞ്ഞത്. ബോൾട്ടിന്റെ റിക്കോർഡ് ആരെങ്കിലും തിരുത്തുമോ എന്നത് ഇപ്പോൾ പ്രവചിക്കാവുന്ന കാര്യമല്ല. എന്നാൽ ഒരു കാര്യമുറപ്പാണ്. അതു തിരുത്തുന്നെങ്കിൽ മറ്റൊരു നീഗ്രോ വീരനായിരിക്കും. അതൊരുപക്ഷേ അവരുടെ ഈറ്റില്ലമായ ആഫ്രിക്കയുടെ പുത്രനായിരിക്കാം.

September 2017 | COLLEGE TEACHER




# ഉന്നതവിദ്യാഭ്യാസത്തിന്റെ മാറുന്ന മുഖം

**അനൂജ ചാക്കോ**
ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്



ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളായ കലാലയങ്ങൾ എന്നും കാലത്തിന്റെ പരിച്ഛേദമാണ്. ജീവിതയാഥാർത്ഥ്യങ്ങളെ നേരിടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കേണ്ട മികവിന്റെ ഈ കേന്ദ്രങ്ങൾ കുറച്ചുകാലങ്ങളായി പ്രശ്നസങ്കീർണ്ണങ്ങളാണ്. ദീർഘവീക്ഷണമില്ലാതെ കടന്നുവരുന്ന പരിഷ്കാരങ്ങളും വ്യക്തമായ പരിഹാര നിർദ്ദേശങ്ങൾ ഉറപ്പുവരുത്താതെ പോകുന്ന പ്രശ്നങ്ങളും ചേർന്ന് സർഗാത്മകതയുടെ വിളനിലങ്ങളായി മാറേണ്ട ഈ സവിശേഷ ഇടങ്ങളെ തീപിടിച്ചവയാക്കുന്നുണ്ട്. മാനവശേഷി വികസനത്തെ ലാഭനേട്ടങ്ങളുടെ തുലാസിലൂടെ അളന്നുതൂക്കി 'പരിപോഷിപ്പിക്കുന്ന' ആഗോളവൽക്കരണ – സ്വകാര്യവൽക്കരണ നയസമീപനങ്ങളാണ് ഇത്തരം പ്രശ്നങ്ങളുടെ കേന്ദ്രബിന്ദു.

അണുകുടുംബങ്ങളുടെ വ്യാപനവും പുത്തൻ സാമ്പത്തിക നയങ്ങളും ചേർന്ന് രൂപപ്പെടുത്തിയ സവിശേഷമായ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം സാമൂഹ്യഇടങ്ങളെ സ്വകാര്യ ഇടങ്ങളായി പരിണമിപ്പിക്കുന്ന പ്രക്രിയയ്ക്ക് ആക്കം വർദ്ധിപ്പിച്ചി

രിക്കുന്നു. സ്വകാര്യനേട്ടങ്ങൾ, ജോലി എന്നിവ മാത്രം ലക്ഷ്യംവെച്ചുള്ള കോഴ്സുകളുടെ വ്യാപനം, അറിവ് ഉല്പാദനം എന്ന ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യത്തെത്തന്നെ തകിടംമറിക്കുന്ന ഒന്നാണ്. സാമ്പത്തിക ലാഭം ഉറപ്പുവരുത്താത്ത കോഴ്സുകളെയും സ്ഥാപനങ്ങളെയും കാര്യക്ഷമതയില്ലാത്തവ എന്ന ലേബലൊട്ടിച്ച് മാറ്റിനിർത്തുന്ന പ്രവണത ശക്തിപ്പെട്ടിട്ടുണ്ട്.

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാനായി അദ്ധ്യാപകരും വിദ്യാർത്ഥികളും നടത്തുന്ന പൊതു ഇടപെടലുകളെ അനാവശ്യം/അരാജകം എന്ന രീതിയിൽ ചിത്രീകരിക്കാൻ കാണിക്കുന്ന വെമ്പലുകൾക്ക് സമകാലിക ഇന്ത്യൻ ഉദാഹരണങ്ങൾ അനവധിയാണ്. ഉന്നതവിദ്യാഭ്യാസരംഗത്തേക്കുള്ള സാമ്പത്തികസഹായം വെട്ടിക്കുറച്ചും ഫെല്ലോഷിപ്പുകളും മറ്റും നിർത്തലാക്കിയും തുടരുന്ന സാമ്പത്തിക ഉദാരവൽക്കരണ വിദ്യാഭ്യാസ നയങ്ങൾ കലാലയങ്ങളിലെ ജനാധിപത്യ ഇടങ്ങളെയും വിദ്യാർത്ഥികളുടെ ജീവനെയും ജീവിതത്തെയും അപഹരിക്കുന്ന കാഴ്ച ഇന്ത്യയുടെ ജനാധിപത്യ-ക്ഷേമരാഷ്ട്ര സങ്കല്പങ്ങൾക്ക് ഒട്ടും ഭൂഷണമല്ല.

തീക്ഷ്ണമായ യുവത്വത്തിന്റെ ഊർജ്ജത്തെ അറിവുല്പാദനത്തിലേക്കും സാമൂഹ്യബോധത്തിലേക്കും പരിണമിപ്പിക്കേണ്ട സാമൂഹ്യഉത്തരവാദിത്തം പേറുന്നവയാണ് കലാലയങ്ങൾ. ജീവിതത്തിലെ ഏറ്റവും ക്രിയാത്മകമായ ഒരു കാലഘട്ടത്തെ അടയാളപ്പെടുത്തുന്ന ഉന്നതവിദ്യാഭ്യാസകാലം മികച്ച വിഭവസമ്പത്തുകൾ വിദ്യാർത്ഥികൾക്ക് അനുഭവവേദ്യമാക്കേണ്ട സമയമാണ്. ഉന്നതവിദ്യാഭ്യാസമേഖലയിൽ നിന്നുള്ള സ്റ്റേറ്റിന്റെ പിൻമടക്കം ഈ പ്രക്രിയയെ പുറകോട്ടടിപ്പിക്കുന്നു.

സാമ്പത്തികനേട്ടം ഉറപ്പാക്കാത്ത വസ്തുവേണ്ടി പണം ചെലവഴിക്കുന്നത് അനാദായകരം ആണെന്ന വിപണിയുടെ പുത്തൻ സമവാക്യങ്ങൾ സാമ്പത്തികശേഷി കുറഞ്ഞതും പിന്നോക്ക സാമൂഹ്യാവസ്ഥകളിൽപെട്ടവരുമായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് മേൽ കരിനിഴൽ വീഴുന്നത് ഒരു സാമൂഹ്യദുരന്തമാണ്. 'വിദ്യകൊണ്ട് പ്രബുദ്ധരാകുക' എന്ന നവോത്ഥാനമൂല്യബോധത്തെ മറികടന്നുള്ള ഇത്തരം ചിന്താഗതികൾ ഭാവി പുരോഗതിയുടെ വേഗം കുറയ്ക്കും എന്ന കാര്യത്തിൽ ഒട്ടും സംശയം വേണ്ട.

അറിവിന്റെയും ചിന്തയുടെയും ആഴം വർദ്ധിപ്പിക്കുന്നതിലേക്കായി പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ സമഞ്ജസമായ ഏകോപനമാണ് കലാലയങ്ങൾ അവലംബിക്കേണ്ടത്. പഠനവും ഇതര പ്രവർത്തനങ്ങളും തമ്മിലുള്ള കൃത്യമായ അനുപാതം ഉറപ്പുവരുത്തുമ്പോഴാണ് ഒരു ഉന്നത വിദ്യാഭ്യാസസ്ഥാപനം അതിന്റെ സത്തയോട് നീതിപുലർത്തുക. തിരിച്ചറിവുകളും വിമർശനങ്ങളും ഉയർന്നുവരേണ്ട ഈ ജനാധിപത്യ ഇടങ്ങൾ അധികാരത്തിന്റെ ശ്വാസം മുട്ടിക്കുന്ന നടപടികൾക്ക് വിധേയമാവേണ്ടിവരുന്നത് ഒട്ടും ആശാസ്യമല്ല. പക്ഷേ സമകാലിക ഇന്ത്യയിലെ പല ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും അധികാരപ്രമത്തതയുടെ അരാജക സമീപനങ്ങളും ഇടുങ്ങിയ രാഷ്ട്രീയ ഇടപെടലുകളും കൊണ്ട് പ്രക്ഷുബ്ധമാണ്.

ശുദ്ധശാസ്ത്രത്തോടും മാനവിക വിഷയങ്ങളോടും ഉള്ള രണ്ടാംതരം സമീപനം ഈ മേഖലയിലെ ഒരു പൊള്ളുന്ന യാഥാർത്ഥ്യമാണ്. സാങ്കേതിക വിദ്യയും പ്രൊഫഷണൽ വിദ്യാഭ്യാസവും മാത്രമാണ് ഉന്നതവിദ്യാഭ്യാസം എന്ന തെറ്റായ സമീപനത്തിന് ഇന്ന് ഏറെ വേരോട്ടം ലഭിയ്ക്കുന്നുണ്ട്. 'സിദ്ധാന്തം ഇല്ലാത്ത പ്രയോഗം അന്ധമാണ്' എന്ന പ്രശസ്തമായ ആശയം ഇവിടെ ഏറെ പ്രസക്തമാണ്. അറിവ് ഉല്പാദിപ്പിക്കുന്നതിലൂടെ മാത്രമേ തലമുറകളിലേയ്ക്ക് പകർന്നുനൽകാനും അതിനെ പ്രായോഗിക രീതിയിലേക്ക് സന്നിവേശിപ്പിക്കാനും കഴിയൂ എന്ന അടിസ്ഥാനതത്വം പോലും മറന്നുപോകുന്നുണ്ട്. സ്വാശ്രയസ്ഥാപനങ്ങളുടെയും സ്വാശ്രയകോഴ്സുകളുടെയും മലവെള്ളപ്പാച്ചിൽ സാമ്പ്രദായിക ആർട്സ് ആന്റ് സയൻസ് കോളേജുകൾക്കും കോഴ്സുകൾക്കും ശക്തമായ വെല്ലുവിളി ഉയർത്തുന്നുണ്ട്.

വിദ്യാഭ്യാസം എന്നത് ഒരു ദീർഘകാല പ്രക്രിയ ആണെന്നും അതിന്റെ ഗുണഫലങ്ങൾ നീണ്ടകാലത്തേയ്ക്ക് വ്യാപിച്ചുകിടക്കുന്നതാണെന്നുമുള്ള വസ്തുത നാം വിസ്മരിച്ചുകൂടാ. അറിവുല്പാദനത്തെ ത്യജിച്ചുകൊണ്ട് അറിവിന്റെ വിതരണത്തിലും പ്രയോഗത്തിലും മാത്രം ഊന്നൽ കൊടുത്ത് രൂപപ്പെടുത്തുന്ന നയങ്ങളും പ്രത്യാഘാതങ്ങളും വളരെ ദൂരവ്യാപകമായിരിക്കും. വിദ്യാഭ്യാസം എന്ന ദീർഘകാല നിക്ഷേപത്തിൽ നടത്തിയ കരുതലോടെയുള്ള ഇടപെടലാണ് കേരള മോഡൽ വികസനത്തിന്റെ ഒരു പ്രധാന ആണിക്കല്ല് എന്ന അഭിപ്രായങ്ങൾ ഇതിനോട് കൂട്ടിവായിക്കാവുന്നതാണ്.

ഒരു വ്യക്തിയുടെ ബോധമണ്ഡലത്തെയും ചിന്താരീതികളെയും സ്വാധീനിക്കുകയും അതിജീവനത്തിന്റെയും സഹവർത്തിത്വത്തിന്റെയും ആദ്യപാഠങ്ങൾ വ്യക്തിത്വത്തിലേക്ക് സന്നിവേശിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ഉന്നതവിദ്യാഭ്യാസം. തന്റേതായ ഇടം- തന്റേടം രൂപപ്പെടുത്തിയെടുക്കുന്ന ഈ കാലഘട്ടം തെളിഞ്ഞ മനസ്സും തുറന്ന ഇടപെടലുകളും കൊണ്ട് സമ്പുഷ്ടമാവേണ്ടതാണ്. പക്ഷെ അരക്ഷിതാവസ്ഥയുടെ നീറുന്ന അവസ്ഥയിലേക്ക് വലിച്ചെറിയപ്പെടുന്ന വിദ്യാർത്ഥികൾക്ക് പലപ്പോഴും അറിവിന്റെ ആഹ്ലാദവും തിരിച്ചറിവിന്റെ ശക്തിയും അന്യമാവുന്നു.


കൃത്യമായ വിശകലനപാടവവും തെളിഞ്ഞ ചിന്തയും ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കാനുള്ള ശേഷിയും വികസ്വരമാവേണ്ട ഈ കാലഘട്ടം ജീവിതത്തിലേയ്ക്ക് വേരൂന്നാൻ കൂടിയുള്ളതാണ്. ഗൗരവമേറിയ ചർച്ചകൾക്കും ക്രിയാത്മകമായ ഇടപെടലുകൾക്കും സാക്ഷ്യംവഹിക്കേണ്ട കലാലയങ്ങൾ നിലനില്പിന് വേണ്ടി നടത്തുന്ന അതിജീവനസമരങ്ങൾ ഇന്ന് ഒട്ടും പുതുമയല്ലാതായിത്തീർന്നിരിക്കുന്നു. ഇന്ത്യൻ ഭരണഘടന ഉറപ്പുവരുത്തുന്ന ക്ഷേമരാഷ്ട്രമൂല്യങ്ങളിൽ അധിഷ്ഠിതമായ ജനാധിപത്യ-മതേതര ബോധങ്ങളുടെ വീണ്ടെടുപ്പ് ഉന്നതവിദ്യാഭ്യാസകേന്ദ്രങ്ങളുടെ തനിമയും പ്രതാപവും ഉയർത്തിപ്പിടിക്കാനുള്ള പ്രാഥമിക മാർഗമാണ്. സുസ്ഥിര മാനവശേഷി വികസനം എന്ന ലക്ഷ്യത്തിലേയ്ക്കുള്ള ഓരോ ചുവടുവെപ്പും ഉന്നതവിദ്യാഭ്യാസത്തിന്റെ മൂല്യബോധങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ളതാവണം.

എന്തിനെയും ചരക്കായി കണക്കാക്കുകയും ചരക്കിന്റെ കൈമാറ്റമൂല്യത്തിന് പരമപ്രാധാന്യം കൊടുക്കുകയും ചെയ്യുന്ന സമകാലിക സാമ്പത്തിക നയങ്ങൾ ഉന്നതവിദ്യാഭ്യാസത്തിന്റെ മൂല്യങ്ങളെ നിശ്ചയിക്കുന്ന സാമൂഹ്യാവസ്ഥയെ മറികടന്നുകൊണ്ടുമാത്രമേ ഈ രംഗത്ത് സമഗ്രമായ ഒരു പൊളിച്ചെഴുത്ത് സാധ്യമാവൂ. ഈ രംഗത്ത് ക്രിയാത്മകമായ ഇടപെടൽ നടത്താൻ പര്യാപ്തമായ വിദ്യാഭ്യാസവിചക്ഷണരുടെയും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും യോജിച്ചുള്ള പ്രവർത്തനവും ശക്തമായ പൊതുജനസമ്മർദ്ദവും കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

# പതിയെ

ഏത് ഏകനാണ്
നിങ്ങൾ എന്നറിയണമെങ്കിൽ
ഇൻലന്റിൽ കവിത കുറിച്ച്
സ്വന്തം മേൽവിലാസത്തിൽ അയച്ച
ഒരു കൗമാരം
നിങ്ങൾക്കുണ്ടായിരിക്കണം
വിഷാദം ക്രുദ്ധിച്ചെന്നാകിലോ
പെയ്തൊഴിയാത്ത നൂൽമഴ
പോലെ കണ്ണീരനുഭവവും
ശ്വാസം മുട്ടിക്കുന്ന പുകവലിക്കാരുടെ മുറിയിൽ
അപരിചിതരുമായി
അടുത്ത വിമാനം വരുന്നത് കാത്ത്
പുകച്ചുരുളുകളാൽ നിങ്ങൾ
സംവദിച്ചിട്ടുണ്ടോ
എത്രയടുത്താണെങ്കിലും
ഒന്നും മിണ്ടാതെ
അകലേക്ക് അകന്നു പോകുന്ന
പ്രണയാനുഭവം പോലെ
ഒരു പുസ്തകത്തിലെ
അദ്ധ്യായം വായിച്ചു തീർക്കാതെ
അടച്ചു വച്ചത് പോലെ
നിങ്ങളെ ആരെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ
ഫാല്യുസിനേഷന്റെ പുറപ്പറമ്പുകളിൽ
കബന്ധങ്ങളും ചോരയുമിറ്റുന്ന
ശരീരഭാഗങ്ങൾ പരതിയശേഷം
നായ്ക്കൾ ഉപേക്ഷിക്കും പോലെ

അതുമല്ലെങ്കിൽ വഴുവഴുപ്പുള്ള
ജെല്ലി മത്സ്യങ്ങൾ നിറഞ്ഞ ഒരു
തടാകത്തിൽ
മുങ്ങിപ്പോവുന്നതുപോലെ
എന്നിൽ പലലോകങ്ങൾ ഉണ്ടെന്നു
വാൾട്ട് വിറ്റ്മാൻ
രണ്ടു സ്വരങ്ങൾക്കിടയിലെ
നിശബ്ദത പോലെയെന്നു നിൽക്കേ
ഒരിക്കലും ഭഞ്ജിക്കപ്പെടാനിടയില്ലാത്ത
നിശ്ശബ്ദതയുടെ ശ്വാസം മുട്ടിക്കലിൽ
ഒരൊച്ചിനെപ്പോലെ
ചുരുണ്ട്
തോടിനുള്ളിലേക്ക് ശരീരമാസകലം
ഉൾക്കൊള്ളാൻ ശ്രമിച്ച് ഉൾവലിഞ്ഞ
പിൻതിരിഞ്ഞു
വാല്മീകത്തിന്റെ
ഘോരാന്തകാരത്തിൽ
പരിശീലനമില്ലാത്ത
പാവക്കുഞ്ഞുപോലെ
കീറിയ മേഘത്തുണ്ടുകളും
ചിതറിയ നക്ഷത്രങ്ങളും
പ്രപഞ്ചവും നമ്മളും
കാലവും, നിറങ്ങളും,
നിറച്ചും
പതിയെ പതിയെ
ഒരാമയെപ്പോലെ..



**ജയരാജ്**
എം.ജി. കോളേജ്, തിരുവനന്തപുരം




TF TECHNO FORT
YOUR I.T SUPER MARKET
COMPUTER,LAPTOP SALES&SERVICES
Poomkavanam Tower, Bye Pass JN. Aluva
PH:0484-2631224,MOB:9349151416
COMPUTER LAPTOP @ 11499
ONAM BIG SALE
COLOUR FAX @ 6999
hp
DELL
acer
SONY
EPSON
TOSHIBA
lenovo
SAMSUNG
Canon
VAIO
ASUS
EXCHANGE OFFER For COMPUTER & PRINTER
3 YEARS WARRANTY
LOW COST COLOUR PRINTER
10 PS/ BLACK
20 PS/COLOUR
LAPTOP THIRUVONAM OFFER
ANTI VIRUS, KEYPAD, MOUSE, HEADPHONE, LED LIGHT, MOUSE PAD
PENDRIVE, CLEANING KIT
• CONDITIONS APPLY
• OFFER WITH SELECTED MODELS
• VALID TILL STOCK AVAILABLE
COMPUTER THIRUVONAM OFFER
COMPUTER TABLE, UPS, SPEAKER, WEB CAM, CARD READER, BLUETOOTH
HEAD PHONE, CLEANING KIT, ANTI-VIRUS, MOUSE

September 2017 | COLLEGE TEACHER



# അമ്മു വലുതാകുമ്പോൾ

കണങ്കാല് വരെയുണ്ടായിരുന്ന
പച്ചപ്പട്ടു പാവാട
ഇപ്പോൾ മുട്ടോളമെത്തി.
കിന്നരിവെച്ച ബ്ലൗസിന്നടിയിലൂടെ
വയറല്പം കാണാം
കിലുങ്ങിക്കിലുങ്ങിച്ചിരിച്ചിരുന്ന
പാദസരം
കാലിലിറുകി മിണ്ടാതായി
ഓടിക്കളിച്ചുനടന്ന വളകൾ
അനക്കം നിർത്തി
ഒരറ്റത്തു ഒതുങ്ങിയിരിപ്പായി
നോക്കൂ, അമ്മുവിപ്പോൾ വലുതായി.
അവൾ നട്ട ചമ്പകം പൂത്തു
അവൾ നട്ട മാവുകൾ തളിർത്തു, കായ്ച്ചു
അവളോമനിച്ച പൈക്കിടാവു
പുരനിറഞ്ഞു തുളുമ്പി
എന്നിട്ടും അമ്മു ചെറിയ കുട്ടിയല്ലേ
എന്നവളോട് ആവർത്തിച്ചു പറയുന്നതെന്തിന്?
അമ്മു വലുതാവുമ്പോൾ
ആർക്കാണിത്ര പേടി?
പേടിയുള്ളതുകൊണ്ടല്ലേ
വേലിയിലുടക്കിയ അവളുടെ പാവാട
വിടർത്തിക്കൊടുക്കുമ്പോൾ
കണ്ണിലേയ്ക്കു നോക്കാത്തത്?
കാലിൽത്തറച്ച മുള്ളൂരിയെടുക്കുമ്പോൾ
വിരലുകൾ തൊടാത്തത്?
ഊഞ്ഞാലുയരത്തിലാട്ടുമ്പോൾ
ഉയർന്നുപറക്കുന്ന പുടവത്തുമ്പിനൊപ്പം
ആകാശത്തേയ്ക്കു പറക്കാൻ
ആശങ്കയുണ്ടെങ്കിലും
ഒതുങ്ങിയിരുന്നാടമ്മു എന്ന്
മുഖം വീർപ്പിച്ചു പറയുന്നത്?
പേടികൾ എങ്ങനെ
എന്തുകൊണ്ടുണ്ടാകുന്നുവെന്നറിയാൻ
ഒരു മാർഗ്ഗവുമില്ലാത്തതുകൊണ്ടല്ലേ
വലുതായെങ്കിലും
വലുതായില്ല എന്നു കേൾക്കുമ്പോൾ
വിശ്വസിച്ചില്ലെങ്കിലും
വിശ്വസിച്ചപോലെ ഭാവിച്ച്
അമ്മു നല്ല കുട്ടിയായിരിക്കുന്നത്?
അമ്മു പേടിക്കണ്ടാട്ടോ എന്നു
മുഖത്തു നോക്കാതെ പറയുമ്പോൾ
ആർക്കാപ്പോ പേടി
എന്ന് അമ്മു ഉള്ളിൽ ചിരിക്കുന്നത്!

സന്ധ്യ ഇ.
പ്രജ്യോതി നികേതൻ കോളേജ്,
പുതുക്കാട്, തൃശ്ശൂർ





# ആഹാര വിചിന്തനം

**ഡോ. പി.വി. നന്ദിനി**
വൈദ്യരത്നം ആയുർവേദ കോളേജ്, ഒല്ലൂർ, തൃശ്ശൂർ



ആയുർവേദമെന്നാൽ ആയുസ്സിനെക്കുറിച്ചുള്ള സമഗ്രമായ അറിവുകളാണ്. കേവലം രോഗങ്ങളും അതിന്റെ ചികിത്സയും മാത്രമല്ല പ്രതിപാദ്യവിഷയം എന്നർത്ഥം. സ്വസ്ഥനായിട്ടുള്ളവരുടെ ആരോഗ്യസംരക്ഷണമാണ് ആദ്യത്തെ ലക്ഷ്യം. പിന്നീടാണ് രോഗികളുടെ രോഗശമനത്തെക്കുറിച്ച് (ചികിത്സകൾ) പ്രതിപാദിക്കുന്നത്. അതിനാൽ ആരോഗ്യമാണ് പ്രഥമഗണനീയം.

ആഹാരം, നിദ്ര, നിയമിത ബ്രഹ്മചര്യം (അബ്രഹ്മചര്യം) ഇവയെ മൂന്നിനെയും തുല്യപ്രാധാന്യത്തോടെ പരിഗണിച്ചിരിക്കുന്നു. ഇവ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തിയാൽ ആരോഗ്യവും, തെറ്റായ ഉപയോഗം കൊണ്ട് രോഗങ്ങളും ഉണ്ടാകുന്നു.

വേണ്ടതിലധികം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും എന്നും കാലികപ്രസക്തമാണ് ആഹാരവിഷയം. എന്തുകൊണ്ടെന്നാൽ പലവിധം ആഹാരവസ്തുക്കൾ ഉണ്ട്. അവ മാറികൊണ്ടും ഇരിക്കുന്നു. പാചക രീതികൾ മാറുന്നു. ഈ വസ്തുതകൾ കണക്കിലെടുത്ത് സാമാന്യമായി ആഹാരത്തെകുറിച്ചുള്ള വിഷയങ്ങൾ ഉൾപ്പെടുത്തുന്നു.

ആഹാരത്തെകുറിച്ച് ചർച്ച ചെയ്യുമ്പോൾ തുടങ്ങുന്നത് എത്ര അളവിൽ കഴിക്കണം? ഏതു സമയത്താണ് ആഹാരം കഴിക്കേണ്ടത് ? എന്തൊക്കെ കഴിക്കണം? ഏതു സമയത്താണ് ആഹാരം കഴിക്കേണ്ടത്? എന്തെല്ലാം കഴിക്കണം? ഏതെല്ലാം കഴിക്കരുത്? എന്നീ കാര്യങ്ങൾ ആണ്.

ഇതെല്ലാം പലപല ശാസ്ത്രങ്ങളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ട്. ആദ്യമായി എത്ര അളവിൽ കഴിക്കണം? ഇതിൽ രണ്ടു കാര്യങ്ങളാണ് പ്രധാനമായി പരിഗണിക്കേണ്ടത്.

ഒന്ന് – കഴിക്കുന്ന ആളിന്റെ വിശപ്പ്;
രണ്ട് – കഴിക്കുന്ന ആഹാരത്തിന്റെ ഗുണം.

കഴിക്കുന്ന ആളിന്റെ വിശപ്പിനെ അയാൾക്ക് കഴിക്കാൻ പറ്റുന്ന ആഹാരത്തിന്റെ അളവും ദഹിപ്പിക്കാനുള്ള ശക്തിയേയും (അഗ്നിബലം) ആശ്രയിച്ചിരിക്കുന്നു.

ആഹാരത്തിന്റെ ഗുണം എന്നാൽ ചുരുക്കത്തിൽ ആഹാരം ഗുരു ആണോ ലഘു ആണോ എന്നതിനെ സൂചിപ്പിക്കുന്നു.

ആഹാരം തൃപ്തിയാകുന്നതുവരെ – വിശപ്പ് മാറുന്നതുവരെ മാത്രമെ കഴിക്കാൻ പാടുള്ളു. തൃപ്തിയാകൽ വ്യക്തി അധിഷ്ഠിതമാണല്ലോ. തൃപ്തി, ആഹാരത്തിന്റെ സ്വഭാവത്തെ കൂടി കണക്കിലെടുത്ത് അവരവർ ആഹാരത്തിന്റെ അളവ് നിശ്ചയിക്കുകയാണ് വേണ്ടത്.



ആഹാരം 'ഗുരു' (വലമ്യ) ആണെങ്കിൽ വിശപ്പിന്റെ പകുതി മാത്രം കഴിച്ചാൽ മതിയാകും (പകുതി തൃപ്തി വരുന്നതുവരെ) ഇത്തരം ആഹാരങ്ങൾ പൂർണ്ണ തൃപ്തി വരുന്നതുവരെ കഴിക്കരുതെന്നർത്ഥം. വയറിന്റെ പകുതി ആഹാരംകൊണ്ടും കാൽഭാഗം ദ്രവരൂപത്തിലുള്ളവകൊണ്ടും പിന്നൊരു കാൽഭാഗം വായുസഞ്ചാരത്തിനായി ഒഴിച്ചിടുകയും വേണം.

ആഹാരം ലഘു ആണെങ്കിൽ ഇത്ര കണിശത വേണമെന്നില്ല. ഒരുവിധം തൃപ്തിവരുന്നതുവരെ ലഘു ആയ ആഹാരങ്ങൾ കഴിക്കാം. ദഹനത്തെ സാരമായി ബാധിക്കില്ല.


ആഹാരത്തിന്റെ ഗുണത്തെ മനസ്സിലാക്കുന്നതിനായി ഗുരു ലഘു എന്നീ ഗുണങ്ങളുള്ള ആഹാരങ്ങളെ ഉദാഹരണങ്ങളിലൂടെ സ്പഷ്ടമാക്കാം. ധാന്യങ്ങളിൽ അരി ലഘുവും ഗോതമ്പ് ഗുരുവും ആണ്. പാചകരീതികൾകൊണ്ട് വീണ്ടും ഗുണങ്ങൾക്ക് മാറ്റം വരുത്താം. ചോറ് ലഘു ആണ്. കഞ്ഞിയാക്കിയാൽ ഒന്നുകൂടി ലഘു ആകും. പാൽ, പഞ്ചസാര, നെയ്യ് ഒക്കെ ചേർത്ത് അരി വേവിച്ചെടുത്ത പായസമാകട്ടെ ഗുരുവാണ്. അതുപോലെ തന്നെ മാംസം, നെയ്യ് ഒക്കെ ചേർത്ത് ബിരിയാണി പോലെയാക്കിയാലും ഗുരുവാകും.

സാമാന്യമായി പാകമാകാൻ (വേവാൻ) കാലതാമസം വരുന്ന ചുവന്ന ഇനത്തിൽപെടുന്ന അരികൾ ഗുരുവാണ്. എളുപ്പത്തിൽ പാകം ചെയ്യപ്പെടുന്ന വെളുത്ത അരി (പൊന്നി മുതലായവ) ലഘു ആകുന്നു. ഗുരു ആയവ മലബന്ധത്തെ ഉണ്ടാക്കുന്നവയും ആണ്.

ധാന്യങ്ങളിൽ മുളയരി, തിന, റാഗി, വരക്, ചാമ, യവം (ബാർളി) ഇവ ലഘു ആണ്. മേദസ്സിനെ കുറക്കുന്നതും ആണ്. പ്രമേഹരോഗികൾക്ക് നല്ലതാണ്. എല്ലിനും പല്ലിനും ബലം തരുന്നതും രക്തത്തെ വർദ്ധിപ്പിക്കുന്നതും ആണ്. ഗോതമ്പ് ഗുരു ആണെങ്കിലും ശോധനയെ ഉണ്ടാക്കുന്നു. ഒടിവ്, ചതവ് ഇവയൊക്കെ മാറാൻ സഹായിക്കുകയും ചെയ്യുന്നു.

ഓരോ ധാന്യങ്ങൾക്കും ഓരോരോ ഗുണങ്ങൾ ഉണ്ടായിരിക്കെ രോഗം, രോഗി, ദേശം, കാലം ഒക്കെ നോക്കി പഥ്യ അപഥ്യങ്ങളെ വ്യത്യാസപ്പെടുത്തി ഓരോ വ്യക്തിക്കും നിശ്ചയിക്കുന്നതാണ് ആയുർവേദരീതി. രോഗമില്ലാത്തവർക്ക് മേൽപറഞ്ഞ ഗുണങ്ങൾ നോക്കി വിശപ്പനുസരിച്ച് ഉപയോഗപ്പെടുത്താം.

കേരളത്തിന്റെ കാലാവസ്ഥയിൽ അധികവും ഗ്രീഷ്മവും (വേനൽകാലം) വർഷവും (മഴക്കാലം) ആണല്ലോ. ഈ രണ്ടു കാലങ്ങളും ദഹനത്തിന് ബലകുറവുണ്ടാക്കുനന കാലാവസ്ഥയാണ്. അതിനാൽ ലഘു ആയ ആഹാരങ്ങളാണ് പൊതുവെ നമുക്ക് പഥ്യം. തടി കൂടുതൽ ഉള്ളവർക്ക് വിശപ്പും കൂടിയിരിക്കും. അവർ ഗുരുവായതും ശരീരം വണ്ണം വെക്കാത്തതുമായ (വേവിക്കാത്ത പച്ചക്കറികൾ മുതലായവ) കഴിക്കണമെന്നും, ചടച്ചവർ



ലഘു ആയതും (അവർക്ക് വിശപ്പ കുറവായിരിക്കും) ശരീരത്തിന് പുഷ്ടിയെ തരുന്നതുമായ ആഹാരമാണ് ഉപയോഗിക്കേണ്ടതെന്നും വിധിക്കുന്നു.

പയറു വർഗ്ഗങ്ങളെ പരിശോധിച്ചാൽ, അവ പൊതുവായി വാതവർദ്ധകങ്ങളും രൂക്ഷവും (ഫാറ്റിനെ കുറക്കുന്നതും) ആണ്. ഈ വർഗ്ഗത്തിൽ ചെറുപയർ ശ്രേഷ്ഠവും ഉഴുന്ന് മോശവും ആണ്. മൂത്ര-ശ്വാസംമുട്ട് അർശസ്സ്, ചുമ, കഫവാതജമായ രോഗികൾ ഇവർക്കൊക്കെ പഥ്യമാണ്. രക്തം പോകുന്ന രോഗികൾ കഴിക്കരുത്. അമരക്കായ മുലപ്പാൽ വർദ്ധിപ്പിക്കാൻ ഉപയോഗിക്കാം. പക്ഷെ കണ്ണിൽ രോഗമുള്ളവർക്ക് നല്ലതല്ല. എള്ളാകട്ടെ എല്ല്, പല്ല്, തലമുടി, സ്ത്രീരോഗങ്ങൾ ഇവക്കെല്ലാം നല്ലതാണ്. ബുദ്ധിവർദ്ധകവും, മൂത്രം അധികം പോകുന്നതിനെ കുറക്കുകയും ചെയ്യും.

ധാന്യങ്ങൾ ഒരു വർഷം പഴയതാണ് നല്ലത്. വേഗം വിളവെടുക്കാൻ പറ്റുന്നതും ലഘു ആണ്.


മാംസാഹരങ്ങളിലും ഗുരുവും ലഘുവും ഉണ്ട്. ആട്, കോഴി, മുയൽ തുടങ്ങിയവയുടെ മാംസം (സ്വതന്ത്രമായി നടക്കുന്നവ) ലഘു ആണ്. എല്ലാ കാലത്തും കഴിക്കാവുന്നതും ആണ്. പശു, കാള, പന്നി തുടങ്ങിയവുടെ മാംസം ഗുരു ആണ്. ശീതകാലത്ത് കഴിക്കാം. ശരീരം പുഷ്ടിപ്പെടാൻ മാസത്തേക്കാൾ മെച്ചമായ ഒന്നും തന്നെയില്ല. ചെറിയ മത്സ്യങ്ങൾ എപ്പോഴും പഥ്യം തന്നെ ആകുന്നു.

പഴങ്ങളും പച്ചക്കറികളും പൊതുവെ സ്വാദു (രസം, ടേസ്റ്റ്) നോക്കിയാണ് ഗുണങ്ങൾ പറയുന്നത്. മധുരമുള്ളവ ഗുരു ആണ്. പ്രമേഹം മുതലായ രോഗികൾക്ക് പറ്റില്ല. ഇവതന്നെ മധുരമില്ലാത്തപ്പോൾ (കായ, ചക്ക മുതലായവ) വേറെ ഗുണമാകുന്നു. പഴങ്ങൾ പൊതുവെ ഗുരു ആണ്.

വേവിച്ചതിനും പച്ചയായതിനും വെവ്വേറെ ദഹനരസം വേണ്ടിവരും. ഇങ്ങനെ ചില പദാർത്ഥങ്ങൾ ഒന്നിച്ച് കഴിക്കുമ്പോൾ ഏതു ദഹിപ്പിക്കണം എന്ന് ശരീരത്തിനു സംശയം വരും. ദഹിക്കാതിരിക്കുന്ന ഭാഗം ശരീരമായി ആഗിരണം ചെയ്യാതെ രക്തത്തിലും മറ്റും കലർന്ന്, പിന്നീട് രോഗങ്ങൾക്ക് കാരണമാകുമെന്നു പറയുന്നു.

ഓരോന്നായി വിസ്തരിച്ചാൽ തീരാത്തത്ര ആഹാരദ്രവ്യങ്ങളും പച്ചക്കറികളും ഉണ്ട്. ധാന്യം, പയർ, പഴങ്ങൾ, മാംസം എന്നീ തരത്തിൽ പൊതുവായ ഗുണങ്ങൾ പറഞ്ഞു എന്നു മാത്രം. പാചകരീതികൊണ്ടെല്ലാം സ്വീകാര്യതക്ക് (ഹിതാഹിതങ്ങൾക്ക്) വ്യത്യാസം വരാം.

കുടിക്കാൻ ഉപയോഗിക്കുന്നതിന് ഏറ്റവും നല്ലത് ജലമാണല്ലോ. വെള്ളം എത്ര കുടിക്കണമെന്നൊക്കെ ഇപ്പോൾ വലുതായി ചർച്ച ചെയ്യുന്ന ഒന്നുമാണ്. ഗംഗാജലം എന്ന് ആയുർവ്വേദം പറയുന്നത് മഴവെള്ളത്തെയാണ് (ആകാശത്തിൽനിന്നു വരുന്നത്) അത് മഴക്കാലത്ത് നല്ല പാത്രത്തിൽ ശേഖരിച്ച് കുടിക്കാം. പിന്നെ കിണർ നദീജലം മുതലായവയുടെ പ്രത്യേക ഗുണങ്ങൾ പറയുന്നുണ്ട്. പച്ചവെള്ളം വയറിന് അസുഖമൊന്നുമില്ലെങ്കിൽ നല്ലതാണ്. അല്ലെങ്കിൽ തിളപ്പിച്ച വെള്ളമാണ് വേണ്ടത്. മഴക്കാലത്ത്, മഴവെള്ളം, അല്ലെങ്കിൽ തിളപ്പിച്ചുതന്നെ വെള്ളം കുടിക്കണം. അളവ് എന്നു പറഞ്ഞാൽ ദാഹത്തിനനുസരിച്ച് മാത്രം കുടിച്ചാൽ മതി. ചൂടുകാലത്ത് ദാഹം കൂടുതലുള്ളപ്പോൾ കൂടുതൽ കുടിക്കാം. വെള്ളം കൂടുതൽ കുടിച്ചാൽ ദഹനം തകരാറിലാകുമെന്നും, അല്പം മാത്രം, ദാഹമുള്ളപ്പോൾ കുടിക്കാനു



മാണ് ആയുർവേദ നിർദ്ദേശം. ഭക്ഷണത്തിനു മുൻപ് വെള്ളം കുടിച്ചാൽ തടി കുറയുമെന്നും ഭക്ഷണത്തിനിടെ കുടിക്കുന്നതുകൊണ്ട് വണ്ണം അതുപോലെ നിലനിർത്താമെന്നും ഭക്ഷണശേഷം കഴിച്ചാൽ തടി കൂട്ടുമെന്നും പരാമർശിക്കുന്നു. അരി അരച്ചൊക്കെ ഉണ്ടാക്കുന്ന പലഹാരങ്ങൾക്കു മീതെ (മുൻപോ ഇടക്കോ ആവാം) ചൂടുവെള്ളം (ചൂടുള്ള പാനീയം) കുടിക്കണം. യവം, ഗോതമ്പ്, തേൻ ഇവയുടെ ഒപ്പം തണുത്തവെള്ളം (പാനീയം) കുടിക്കണം. കുട്ടികൾക്കും വൃദ്ധന്മാർക്കും ക്ഷീണിച്ചവർക്കും പാലും(ഇതുപോലെ ചൂടായും തണുത്തതായും) കുടിക്കാം. പച്ചക്കറികൾക്കുശേഷം മോരാണ് കുടിക്കേണ്ടത്. മാംസാഹാരങ്ങൾക്കുശേഷം ആസവാരിഷ്ടങ്ങൾ കുടിക്കണം.

കഫജമായ രോഗങ്ങൾ ഉള്ളവർ, ശ്വാസംമുട്ട്, ചുമ ഇവയുള്ളവർ, പാട്ടുപാടുക, പ്രസംഗിക്കുക, ഇവക്കുശേഷവും വെള്ളം കുടിക്കരുത്. (ചൂടുവെള്ളം, പാൽ, അല്പം കുടിക്കുന്നതിൽ തെറ്റില്ല)

പാൽ ശരീരപുഷ്ടിയെ ഉണ്ടാക്കുന്നതും ഗുരുവും ശീതവുമൊക്കെയാണ്. നേരത്തെ സൂചിപ്പിച്ചപോലെ ബാലന്മാർ, വൃദ്ധന്മാർ, ഗർഭിണികൾ, പ്രസവിച്ചു കിടക്കുന്നവർ, ക്ഷീണിച്ചിരിക്കുന്നവർ ഇവർക്കെല്ലാം വളരെ നല്ലതാണ്. എരുമപ്പാൽ ഉറക്കക്കുറവുള്ളവർക്ക് കുടിക്കാവുന്നതാണ്. ആട്ടിൻപാൽ എല്ലാവർക്കും നല്ലതാണ്. ശ്വാസംമുട്ട്, ചുമ, വയറിളക്കം ഇവയുള്ളവർക്ക് ഔഷധമാണ്. തൈര് ഉഷ്ണവും ഗുരുവുമാണ്. നീര്, പ്രമേഹം ഇവയുള്ളവർക്ക് നല്ലതല്ല സ്വസ്ഥന്മാരും നിത്യം കഴിക്കരുത്. ചൂടുകാലത്തും രാത്രിയിലും നല്ലതല്ല. ഒട്ടും പുളിക്കാത്ത തൈരും ഉപയോഗിക്കരുത്. പഞ്ചസാര, പരിപ്പൊക്കെ ചേർത്ത് വല്ലപ്പോഴും കഴിക്കാം എന്നർത്ഥം.

മോരാകട്ടെ (വെണ്ണമാറ്റിയത്) ഇപ്പോൾ വെണ്ണമാറ്റിയ പാലാണല്ലോ കിട്ടുന്നത് – എന്നാലും (മിക്സിയിൽ എങ്കിലും) തൈര് കടഞ്ഞെടുക്കണം. കലക്കിയെടുത്ത മോര് നീരിനെ കുറക്കും. അർശസ്സ്, ഗ്രഹണി മുതലായവയെ കുറക്കും. നിത്യവും ഉപയോഗിക്കാം. പച്ചക്കറികൾ കഴിച്ചു കഴിഞ്ഞാൽ നിർബന്ധമായും മോര് കഴിക്കണം. നെയ്യ് രസായനമാണ്, നിത്യം കഴിക്കാം. ബുദ്ധിക്ക് നല്ലതാണ്. ഇനി ആഹാരം കഴിക്കേണ്ട സമയത്തെ പറയാം. സ്കൂളിൽവെച്ചുതന്നെ നമ്മൾ പഠിച്ചിട്ടുണ്ട്. വിശക്കുമ്പോളാണ് ആഹാരം കഴിക്കേണ്ടത് എന്ന്. വിശപ്പ് ഉറക്കം ഒക്കെ തോന്നുമ്പോഴേ വരുകയും പോകുകയും ചെയ്യുന്നത് ആരോഗ്യകരമല്ല. നമ്മൾ ശീലിക്കുന്നതിനനുസരിച്ചാണ് സമയം വേണ്ടത്. അസമയത്ത് ഉറക്കം വരിക, വിശപ്പ് സമയത്ത് ഉണ്ടാകാതിരിക്കുക എന്നതും രോഗലക്ഷണങ്ങൾ ആണ്. 'കാലഭോജനം ആരോഗ്യകരാണാം' സമയത്ത് കഴിക്കുന്ന ആഹാരമാണ് ആരോഗ്യത്തിന് കാരണം ആകുക. പണ്ടത്തെ രീതി അനുസരിച്ച് 2 നേരം ആണ് ആഹാരകാലം ഒരു നേരത്ത് (രാവിലെ കഴിച്ച ആഹാരം) ദഹിച്ച് ശരീര ധാതുക്കൾ ആയി മാറുവാൻ 12 മണിക്കൂർ എടുക്കുമെന്നു പറയുന്നു. ഈ സമയം കഴിഞ്ഞ് അടുത്ത ആഹാരം എന്നാണ് ശാസ്ത്രവിധി. നമ്മൾ ശീലിക്കുന്നതനുസരിച്ച് വിശപ്പ് വരുമെന്നു സൂചിപ്പിച്ചല്ലോ. ഇപ്പോൾ പഴയതുപോലെയുള്ള കൂടുതൽ അളവിൽ കഴിക്കാൻ ജനങ്ങൾക്ക് പറ്റുന്നില്ല എന്നതുകൊണ്ടും 3 നേരം ആക്കി നമ്മൾ ക്രമപ്പെടുത്തി ശീലമാക്കിയതുകൊണ്ട് ആ മൂന്നുനേരം കൃത്യമായി മിതമായി ഭക്ഷണം കഴിക്കണം. ഐതിഹ്യമാലയിൽ 'കോരുക്' (ആരാണ് രോഗമില്ലാത്തവൻ) എന്ന് കിളികൾ ചോദിക്കുന്നതിന് ഹിതമായും മിതമായും കഴിക്കുന്നവനാണ് എന്നാണ് മഹാവൈദ്യൻ ഉത്തരം നൽകുന്നത്.

"പരിശ്രമോ മിതാഹാരോ ഭഗതാവശ്വിനീ സുതൗ

താവനാദൃത്യ നൈവാഹം വൈദ്യമന്യം സമാശ്രയേ"

വ്യായാമവും ഹിതാഹാരവും (അവനവന് പറ്റുന്നത് – നേരത്തെ പറഞ്ഞ ഗുരുലഘു, ഗുണങ്ങൾ ഒക്കെ നല്ലപോലെ ചിന്തിച്ചിട്ട്) മിതാഹാരവും (അമിതമല്ലാതെ) ഭൂമിയിൽ വന്നിട്ടുള്ള അശ്വിനി ദേവന്മാരാണ്. (ദേവന്മാരുടെ ചികിത്സകരാണ് അശ്വിനികുമാരന്മാർ). അവരെ ശ്രദ്ധിക്കാതെ വേറെ വൈദ്യന്മാരെ ആശ്രയച്ചിട്ട് ഒരു കാര്യവും ഇല്ല. മേൽപറഞ്ഞ കാര്യങ്ങൾ ഒക്കെ ശ്രദ്ധിച്ചുകൊണ്ട് ആഹാരം കഴിച്ചാൽ ആരോഗ്യം നിലനിർത്താനാകുമെന്നും അതല്ലെങ്കിൽ രോഗങ്ങൾ ഉണ്ടാകാമെന്നുമാണ് സൂചിപ്പിക്കുന്നത്.




# മേഘമായ് മേഘരാഗമായ്

ഡോ. എൻ. രേണുക
എൻ.എസ്.എസ്. കോളേജ്
ചേർത്തല




കാലവും അഭിരുചികളും തമ്മിലുള്ള സംഘർഷത്തിൽ നിന്നുമായിരിക്കണം ആവിഷ്കാരത്തെ സംബന്ധിച്ച നിലപാടുകൾ ഉരുത്തിരിയുന്നത്. നേർരേഖകളിൽ സഞ്ചരിച്ചുപോകുന്ന കാലം എന്നത് എക്കാലത്തെയും മിഥ്യയാണ്. അത്തരം സങ്കല്പങ്ങളിൽ ജീവിക്കുന്നവർക്ക് വഴിക്കണ്ണുകൾ നഷ്ടമാകും. തീവ്രവും അഗാധവുമായ സാമൂഹികയാഥാർത്ഥ്യങ്ങൾ ഭാവനാത്മകമായി വെളിപ്പെടുന്ന സാഹചര്യങ്ങളിലെല്ലാം കലാപരമായ ഈ വൈരുദ്ധ്യമുണ്ട്. ഒ.എൻ.വി.യുടെ ചലച്ചിത്രഗാനങ്ങളെക്കുറിച്ച് ആലോചിക്കേണ്ടിവരുമ്പോഴെല്ലാം അഭിരുചിയുടെ സംഘർഷങ്ങളെക്കുറിച്ച് മാത്രമല്ല സമീകരണങ്ങളെക്കുറിച്ചുകൂടി പറയേണ്ടിവരും. ജീവിതത്തിലുടനീളം എഴുത്തുരീതിയെക്കുറിച്ചുതന്നെയാണ് ഒ.എൻ.വി. ആശങ്കപ്പെട്ടിരുന്നത്. മനുഷ്യനെയും കാലത്തെയും സമൂഹത്തെയും വൈകാരികമായി ബന്ധിപ്പിക്കുവാനുള്ള സമീകരണയുക്തികളാണ് ഗാനരൂപങ്ങളിലും കവിതകളിലും അദ്ദേഹം അന്വേഷിച്ചത്. തലമുറകളുടെ കവിയായും ഗാനരചയിതാവായും മാറുവാൻ ഒ.എൻ.വി.യ്ക്ക് സാധിച്ചതും അതുകൊണ്ടാണ്. ഗായകകവിയായി



തോപ്പിൽഭാസി, ജി ദേവരാജൻ എന്നിവരോടൊപ്പം

നിലനിൽക്കുവാനുള്ള നിരന്തരമായ അന്വേഷണം ഭാഷയിലും ഈണങ്ങളിലും തുടർന്നു. ഭാവഗാനം എന്നൊരു പ്രസ്ഥാനം മലയാളത്തിൽ നിലനിൽക്കുന്നുണ്ടെങ്കിൽ ഏതെല്ലാം അതിലുൾപ്പെടും എന്ന് ഗഹനമായി അന്വേഷിക്കേണ്ടതില്ല. ഭാവസാന്ദ്രമായ മാനസികാനുഭവങ്ങൾ ആസ്വാദകരിൽ സൃഷ്ടിച്ച ചലച്ചിത്രഗാനങ്ങളുടെ തട്ടകമാണത്. ഒ.എൻ.വി.യും വയലാറും പി. ഭാസ്കരനും ശ്രീകുമാരൻതമ്പിയുമൊക്കെ സംഗീതശൈലികൾക്കു പുറത്തും സ്വയംപൂർണ്ണമായ ഭാവഗാനങ്ങൾ രചിച്ചവരാണ്. ഒ.എൻ.വി.യിൽ ഗാനകാവ്യസങ്കല്പങ്ങൾ സാർവ്വലൗകിക ആശങ്കകളോടും ഓർമകളോടുംകൂടി പുനർജ്ജനിച്ചു. അനുസ്യൂതം മറുപിറവികളുണ്ടായി. നാടകഗാനങ്ങൾ, ലളിതഗാനങ്ങൾ, ചലച്ചിത്രഗാനങ്ങൾ, നാടകീയ സ്വഗതങ്ങൾ (Dramatic Monologue) എന്നിങ്ങനെ രൂപപരവും ശൈലീനിഷ്ഠവുമായ പരിവർത്തനങ്ങളിലൂടെ കടന്നുപോകുമ്പോഴും ആത്യന്തികമായി സംഗീതാത്മകമായ വ്യക്തിത്വത്തോടു അടുത്തു നിൽക്കുവാനാണ് ഒ.എൻ.വി. ആഗ്രഹിച്ചതെന്ന് ഗാനങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ ബോധ്യമാകും. 'Board' എന്ന സങ്കല്പം പോലെ. 'Bard of Bengal' എന്നറിയപ്പെട്ട രവീന്ദ്രനാഥടാഗോറിന്റെ ആരാധകനായിരുന്നു ഒ.എൻ.വി. അനേകം ഉപദേശീയതകളുടെയും തോമസ് മൂർ മെലഡികളുടെയും ഗാനധാരകളെ മുഴുവൻ സമന്വയിപ്പിച്ച രവീന്ദ്രസംഗീതത്തെ അനുസ്മരിപ്പിച്ചുകൊണ്ട് ഒ.എൻ.വി. ഗായകകവിയായിത്തീർന്നതെങ്ങനെ എന്ന അന്വേഷണം ചലച്ചിത്രഗാനരംഗത്ത് നിലനിൽക്കുന്ന സമീപകരണങ്ങളുടെയും വൈരുദ്ധ്യങ്ങളുടെയും ചരിത്രത്തിലേയ്ക്കു കൂടിയാണ് എത്തിച്ചേരുന്നത്. സാഹിത്യചരിത്രങ്ങളുടെ വിഭജനങ്ങൾക്ക് അതീതമായി നിൽക്കുന്ന അപൂർവ്വം എഴുത്തുകാരിൽ ഒരാളാണ് ഒ.എൻ.വി. കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിന്റെ അടരുകളിലെല്ലാം പതിഞ്ഞ താനത്തിലുള്ള ആ ശൈലിയുടെ നിഴൽപ്പാടുകളുണ്ട്. ശോകാർദ്രമായ ഗീതികളുടെ പ്രലോഭനങ്ങൾ നയിക്കപ്പെട്ടമ്പോൾ ഭൂതകാലം കവിതയായും സംഗീതമായും ആവർത്തിക്കുന്നതുകാണാം. കവിതകളിലെല്ലാം വിസ്മൃതമായതോ വരാനിരിക്കുന്നതോ ആയ സംഗീതത്തിന്റെ മുദ്രകളുണ്ട്. താളമായും രാഗമായും പദാവലികളായും.... ഗാനങ്ങളിലെല്ലാം നൂറ്റാണ്ടുകളിലൂടെ പരിണമിച്ചെത്തിയ കാവ്യഭാവുകത്വത്തെക്കുറിച്ചുള്ള സ്മരണകളുണ്ട്. കവിതയ്ക്കും സംഗീതത്തിനുമിടയിൽ ചലിച്ചുകൊണ്ടിരിക്കുന്ന പെൻഡുലം പോലെ. ഒ.എൻ.വി.യുടെ ശൈലി കൃത്യത ഏറിയ ഒരു Construct ആണ്. വലിയ മാറ്റങ്ങൾക്ക് വിധേയമാകാത്ത ഒരു ഘടന. രചനാശൈലിയെക്കുറിച്ച് അനുനിമിഷം ജാഗ്രതപുലർത്തുന്ന ഒരാൾക്ക് മാത്രം സാധ്യമാകുന്ന ഒന്ന്. വിവിധ കാലഘട്ടങ്ങളുടെ അഭിരുചികളെ വൈകാരികതയുടെ കണ്ണികളിൽ കൊരുത്തിടുന്ന രസതന്ത്രം.

കവിയായും ഗാനരചയിതാവായും നിലനിന്നുകൊണ്ട് സുദീർഘമായ കാലഘട്ടത്തിലെ ഭാവുകത്വമായി (sensibility) മാറുവാൻ കഴിഞ്ഞ ഒ.എൻ.വി.യുടെ ഗാനങ്ങൾ ഒരേ സമയം പ്രലോഭനവും വെല്ലുവിളിയുമായി ഉയർന്നു നിൽക്കുന്നു. ഒ.എൻ.വി.യുടെ കവിതയുടെ തന്നെ തുടർച്ചയായി നാടകഗാനങ്ങളെയും സിനിമാഗാനങ്ങളെയും നിരീക്ഷിക്കുന്നവരു



ണ്ട്. കലർപ്പുകളുണ്ടാകാം. ഭാഷയുടെ വഴക്കങ്ങളിലൂടെ, സൂക്ഷ്മവ്യതിയാനങ്ങളിലൂടെ എത്തിച്ചേരുന്നത് കേൾവിയുടെയും കാഴ്ചയുടെയും വിദൂരഭൂതകാലത്തിന്റെയും അപരിചിതലോകങ്ങളിലേക്കാണ്. ആസ്വാദകരുടെ ജീവിതാനുഭവങ്ങളുമായിച്ചേർന്ന് അനുഭൂതികൾ സൃഷ്ടിക്കുകയും വിവിധ കാലങ്ങളുടെ സ്വരഭേദങ്ങളിലേക്ക് പടരുവാൻ സജ്ജമായതുമായ ശൈലിയുണ്ടെന്നും പറയാം. ഓരോ കാലത്തിന്റെയും 'ട്രെൻഡു'കൾ ആ ഗാനങ്ങളിൽ മരവിച്ചുനിന്നു. പിന്മടങ്ങാൻ മടിക്കുന്ന ഭൂതകാലം ഓർമകളായി, വിഷാദമായി, നിശ്ശബ്ദതയും നൊസ്റ്റാൾജിയയുമായി വേഷം മാറി. അവ കേവലം ഭാവങ്ങളായി തുടർന്നില്ല. ചിലപ്പോൾ സങ്കേതമായും സൗന്ദര്യാനുഭവമായും എഴുത്തിൽ മാറിമാറിവന്നു. ആസ്വാദനദശയിൽ കവിതയും സംഗീതവും വെറും ശൈലീഭേദങ്ങളായി അനുഭവപ്പെടാമെങ്കിലും ഒ.എൻ.വി. അവയെ രണ്ടു പ്രസ്ഥാനങ്ങൾ തന്നെയായി പരിഗണിച്ചിരുന്നു. ചരിത്രപരമായ ആവശ്യകതകളിൽ നിന്നുമാണ് ഓരോ പ്രസ്ഥാനവും ഉണ്ടാകുന്നതെന്ന തികഞ്ഞ ബോധ്യത്തോടെ ഇങ്ങനെ എഴുതിയിട്ടുണ്ട്.

"കവിതയും ഗാനവും രണ്ടാണെന്ന സത്യം ഞാനെന്നുമോർക്കുന്നു. കവിത എനിക്ക് ഉപ്പാണ്. സന്തോഷത്തിന്റേതായാലും സന്താപത്തിന്റേതായാലും അശ്രുനീർ വറ്റി പരൽരൂപത്തിൽ ഉരുവായിത്തീരുന്ന ഉപ്പ്! അതുപാകത്തിനു ചേർത്തു ഞാൻ എന്റെ സഹയാത്രികർക്ക് നല്കുന്ന പാഥേയം മാത്രമാണ് പാട്ട്. എന്നാൽ ആ പാഥേയം ഒരുക്കുമ്പോഴും അതിനുവേണ്ടതെല്ലാം എനിക്കു നൽകുന്നത് എന്റെ കാവ്യാവബോധവും സഞ്ചിതസാക്ഷാത്കാരവുമാണ്." (മാണിക്യവീണ, ഒ.എൻ.വിയുടെ തിരഞ്ഞെടുത്ത 1001 ഗാനങ്ങൾ)

"സിനിമാപ്പാട്ട് പ്രയുക്തകവിതയാണ്. അതിന് അതിന്റേതായ പ്രയോജനപരതയുണ്ട്. സൗന്ദര്യമൂല്യവുമുണ്ട്. സിനിമയ്ക്ക് പാട്ട് കൂടിയേ തീരൂ എന്നില്ല. 'സൗണ്ട് ഓഫ് മ്യൂസിക്' എന്ന ചിത്രത്തിലെപ്പോലെ, സംഭാഷണം തന്നെ സംഗീതത്തിലാകുന്നതും മറ്റൊരു സവിശേഷതയാണ്. നേരത്തെ പരാമർശിച്ചിട്ടുള്ളതുപോലെ സിനിമതന്നെ ഒരു ഭാവഗീതത്തിന്റെ അവസ്ഥയെ പ്രാപിക്കാം. ഉചിതമായി സന്നിവേശിപ്പിക്കുന്ന ഒരു ഭാവഗീതം ഇതിവൃത്തോചിതമായ അന്തരീക്ഷം സൃഷ്ടിക്കാം. ചുരുക്കത്തിൽ സിനിമാപ്പാട്ട് പ്രയുക്തകവിത (Applied Poetry)യാണ്." (പരിശിഷ്ടം, അരികിൽ നീ ഉണ്ടായിരുന്നെങ്കിൽ)

ഈ വാക്കുകൾ അഭൗമികമായ വെളിപാടുകൾക്കു വശംവദനായ ഒരാളുടേതല്ല. ഓരോ എഴുത്തുരൂപവും ബോധത്തിന്റെയും ഗണിത

ത്തിന്റെയും യുക്തികളെ ഉൾക്കൊള്ളുന്നുവെന്ന തിരിച്ചറിവാണ് ഇവിടെയുള്ളത്. കവിതയിൽ നിന്നും രാഗധാരിയായ (Melody) ഗാനങ്ങളിലേക്കുള്ള സംക്രമണം (Transition) അത്ര സൂക്ഷ്മമായിരുന്നു. കവിതകൾ അതായിത്തന്നെയും കവിതയിലെ ചില പദങ്ങൾ മാത്രം മാറ്റിയും സിനിമയിൽ ഉപയോഗിച്ച സന്ദർഭങ്ങളുണ്ട്. ഉറവിടമറിയാതെ കേട്ടുപതിഞ്ഞ ഈണങ്ങൾ ഗാനങ്ങളായി പരിവർത്തിച്ചിട്ടുണ്ട്.

1) "വ്രീളാഭരിതയായ് വീണ്ടുമൊരു പുലർ
വേള കൺചിമ്മിയുണർന്നു!

............

2) ഹൃദയത്തിൻ കനി പിഴിഞ്ഞ ചായത്തിൽ
എഴുതിയ ചിത്രം മുഴമിച്ചില്ല നീ!
3) വിരലുകൾ കത്തും തിരികളാവുന്നു!


..................


ഒരു നിശാഗന്ധി പൊലിയും യാമമായ്
ഒരു മൗനം തേടി മൊഴികൾ യാത്രയായ്!"
4. സ്നേഹിക്കുന്നു ഞാൻ ഈ ലിലാക്
പൂക്കളെ'

.........................

കാടെരിയുന്നപോലെ പൂവിട്ടൊരു
വാകയെ പൈൻനിരകളെ... (കവിതാശകലങ്ങൾ)

'പൊന്നരിവാളമ്പിളിയില്....' എന്ന ചരിത്രപ്രസിദ്ധമായ നാടകഗാനത്തിന്റെ രചനയെക്കുറിച്ച് കൗതുകകരമായ ഒരനുഭവമാണ് ഒ.എൻ.വി. എഴുതുന്നത്. ഓർമയിലെ ഈണങ്ങളുടെ സ്വാധീനം 'പച്ചമലൈ പവിഴമലൈ എങ്കൾമലൈ നാട്' എന്ന പാട്ടിന്റെ മറ്റൊരു ഛായയിലാണ് 'പൊന്നരിവാളമ്പിളിയില്' എന്ന ഗാനം ചിട്ടപ്പെടുത്തിയിരിക്കുന്നത്. അതുപോലെ തന്നെ ഒരു കാലത്ത് മാർച്ചിന്റെ കൊടുംവേനലിൽ ക്യാമ്പസ്സുകളിൽ നിന്നുയർന്നിരുന്ന വിരഹഗീതികളിൽ ഒന്നായ 'നിറങ്ങൾ തൻ നൃത്തം ഒഴിഞ്ഞൊരീമണ്ണിൽ' എന്നത് എഴുത്തച്ഛന്റെ 'നിറന്നപീലികൾ നിരക്കവേ' എന്ന വരികളുടെ അനുവർത്തനമായിരുന്നുവെന്ന് ഒ.എൻ.വി. പറയുന്നു. 'സഞ്ചിതസ്മൃതി' എന്ന പദം അങ്ങനെ സമൂഹനിർഭരമായിത്തീരുന്നു. ഏകാന്തതയും കറുത്ത ഫ്രെയിമുള്ള കണ്ണടയും ഒഴിഞ്ഞ ചായക്കപ്പുകളും എഴുതിത്തീരാതെ ഉപേക്ഷിച്ച എഴുത്തുകളും മഷിയുണങ്ങിത്തുടങ്ങിയ പേനയും നൊസ്റ്റാൾജിയയുടെ സ്ഥിരംമുദ്രകളായി എങ്ങനെയോ വന്നുപോയി. അകാരണമായ വിഷാദത്തിലേയ്ക്ക് ഒരു തലമുറയെ മുഴുവൻ നയിക്കുന്നതിൽ ഒ.എൻ.വി.യുടെ ചലച്ചിത്രഗാനങ്ങൾക്ക് പങ്കുണ്ട്. എന്തിനെന്നറിയാതെ വിഷമിച്ച് ബന്ധങ്ങളുടെ പകലറുതികളെ സ്വപ്നം കണ്ടും ഭയന്നും





കടന്നുപോയ ക്യാമ്പസ്സുകളിലെ യൗവനാവസ്ഥകൾക്ക് ഒ.എൻ.വി.യുടെ പാട്ടുകൾ പശ്ചാത്തലസംഗീതമൊരുക്കി. ബന്ധങ്ങളെയും പിടിതരാത്ത മനസ്സിന്റെ ഉൾക്കയങ്ങളെയും ലോകത്തെയും സംഗീതാത്മകമായി വ്യാഖ്യാനിക്കുവാനാണ് ഒ.എൻ.വി. ഇഷ്ടപ്പെട്ടത്. അതിൽ എത്രയോ സുകുമാരകലകളുടെ ധ്വനികളുണ്ട്!

"മൂടിവെച്ച നിഗൂഢഭാവങ്ങൾ പൂക്കളായ് ശലഭങ്ങളായ്

ഇന്നിതാ– നൃത്തലോലരായ് ഈ പ്രപഞ്ച നടനവേദിയിൽ! എന്നും
"ദ്രും ദ്രും ദ്രും ദ്രും ദുന്ദുഭിനാദം നാദം നാദം!
വേദദുന്ദുഭിതൻ വർഷമംഗളഘോഷം!
എന്നും
"മന്ദ്രമധുര മൃദംഗരവം!
ചന്ദ്രവലയ ചകോരമൃദുഗീതം!
എന്നും

എഴുതുമ്പോൾ ഓർക്കാൻ ചേങ്ങിലത്താളങ്ങളായും മൃദംഗധ്വനികളായും ഉയർന്നുയർന്നുപോകുന്നു.

കാല്പനികശൈലിയുടെ പേരിൽ ഒ.എൻ.വി. എന്ന കവിയെ വിമർശിച്ചിരുന്നവർപോലും അതേ കാലത്ത് അദ്ദേഹം എഴുതിയ ചലച്ചിത്രഗാനങ്ങളിൽ സ്വകാര്യമായി അഭിരമിക്കുകയും നിഗൂഢാനന്ദം അനുഭവിക്കുകയും ചെയ്തിരുന്നു. കേരളത്തിൽ ആധുനികതാവാദം ശക്തമായിരുന്ന കാലത്ത് ജനങ്ങളുടെ അഭിരുചികൾ (വിശേഷിച്ച് ജനപ്രിയ ഗാനങ്ങളിലുള്ള അഭിരുചികൾ) അത്യന്തം കാല്പനികമായിരുന്നുവെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. കാലവും അഭിരുചികളും തമ്മിലുള്ള വൈരുദ്ധ്യത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ഒ.എൻ.വി.യുടെ ഗാനങ്ങളിൽ അനുഭൂതികൾ സമൂഹനിർഭരമായി വികസിച്ചു. ഒരു കലാപ്രസ്ഥാനത്തിന്റെ അന്തരീക്ഷത്തിൽ ഈ 'സമൂഹ'ത്തിന് വലിയ സ്ഥാനമാണുള്ളത്. ഒ.എൻ.വി.യിൽ മാത്രമല്ല. അക്കാലത്തെ വിപ്ലവഗാന പ്രസ്ഥാനത്തിൽ സജീവമായിരുന്ന പുതുശ്ശേരി രാമചന്ദ്രൻ, വയലാർ, വി.ടി. കുമാരൻ, പൊൻകുന്നം ദാമോദരൻ, പി. ഭാസ്കരൻ തുടങ്ങിയവരെല്ലാം അനുഭൂതികളുടെ ചരിത്രത്തിലൂടെ സഞ്ചരിച്ചവരാണ്.

"ഓടക്കുഴലും കൊടികളുമായ് ഞങ്ങൾഓടിയെത്തും വിശ്വചക്രവാളങ്ങളിൽ" എന്ന് വയലാർ എഴുതിയതിന്റെ പൊരുൾ ഇതുതന്നെയാണെന്ന് വി.ടി. മുരളി അഭിപ്രായപ്പെടുന്നുണ്ട്. 'സർഗാത്മകതയുടെ രാഷ്ട്രീയവും രാഷ്ട്രീയത്തിന്റെ സർഗാത്മകതയും' എന്ന് കാലം വിശേഷിപ്പിക്കുന്നു. ഒ.എൻ.വി. ഈ കാലഘട്ടത്തിന്റെ സൃഷ്ടിയുമായിരുന്നു.

സ്വകാര്യനിമിഷങ്ങളെ ഒരു ദേശത്തിന്റെ വികാരമാക്കി നിലനിർത്തുവാൻ സംഗീതത്തിനു സാധിക്കും. ഒ.എൻ.വി.യുടെ രചനകൾ നിത്യവിസ്മൃതിയുടെ കമാനങ്ങളായി നിലനിൽക്കുവാൻ വിധിക്കപ്പെട്ടവയാകുന്നത് അതുകൊണ്ടാണ്. അതിൽ ബലിയുടെ സംഗീതം ഉണ്ട്. വാക്കുകളിൽ..... സംഗീതസാന്ദ്രമായ നിശ്ശബ്ദതകളിൽ... രക്തരൂഷിതമായ വിപ്ലവസങ്കല്പങ്ങളെയും പ്രണയാർദ്രഗീതികളും... നവോത്ഥാന വിഷയങ്ങളെ ഉൾക്കൊള്ളുവാൻ പ്രാപ്തമായ മനോഭാവമായിരുന്നു പ്രണയം. ഒ.എൻ.വി.യുടെ വിപ്ലവഗാനങ്ങളുടെയും കവിതകളുടെയും അടിത്തട്ടിൽ 'പ്രണയം' ഉണ്ട്. ഒരു കാലത്തിനുശേഷം അദൃശ്യമായ ഉടയാടകൾ അഴിച്ച് നിശ്ശബ്ദതയും വിഷാദവുമൊക്കെയായി നാം അനുഭവിച്ചത് ഈ പ്രണയമാണ്. മനുഷ്യനോടും സമൂഹത്തോടുമുള്ള മമതകൾ തന്നെയാണ് പ്രണയത്തിനടിസ്ഥാനം. വിദൂരതയിൽ നിന്ന് ഒഴുകിയെത്തിയിരുന്ന ശബ്ദം ആരുടേതായിരുന്നു? തൊണ്ടുതല്ലുന്നവരുടെയും കർഷകരുടെയും ദൈന്യം നിറഞ്ഞ നിലവിളികൾ പോലെ അകലങ്ങളിൽനിന്നു കേട്ടിരുന്ന പാട്ടുകൾ സന്ധ്യമയങ്ങുമ്പോൾ നേർത്ത് നേർ

ത്തില്ലാതാകുന്നതിനെക്കുറിച്ച് – ചവറയിലെ തൊഴിലാളികളുടെ പാട്ടുകളെക്കുറിച്ച് ഒ.എൻ.വി. എഴുതിയിട്ടുണ്ട്. അദ്ദേഹത്തെക്കുറിച്ച് പഠിച്ചവരെല്ലാം ഒരു സമവാക്യമെന്നതുപോലെ രൂപപ്പെടുത്തിയിട്ടുള്ള ഘട്ടങ്ങളിൽ ആദ്യകാല കവിതകളിലും നാടകഗാനങ്ങളിലും സിനിമാഗാനങ്ങളിലും 'പ്രോലെറ്റേറിയൻ ഡിക്ഷൻ ഉണ്ടെന്നു കണ്ടെത്തിയിട്ടുണ്ട്. തൊഴിലാളികളുടെ ജീവിതം... മണ്ണിന്റെയും വിയർപ്പിന്റെയും ഗന്ധങ്ങൾ.... കെ.പി.എ.സി., കാളിദാസ കലാകേന്ദ്രം, പ്രതിഭാ തിയറ്റേഴ്സ്, കലിംഗാ തിയറ്റേഴ്സ് എന്നി നാടകസമിതികളുമായുള്ള ബന്ധം... ചേറിന്റെയും അദ്ധ്വാനത്തിന്റെയും ഗന്ധം പുതിയ സംസ്കാരവും പദാവലികളും സൗന്ദര്യശാസ്ത്രവും കൊണ്ടുവന്നു.

ബാല്യത്തിൽ കേട്ടിരുന്ന പാട്ടുകൾ ഇവയായിരുന്നു.

"പാവങ്ങളിൽ പാവങ്ങളാം
യാചകർ ഞങ്ങൾ.... അയ്യോ!
യാചകർ ഞങ്ങൾ"
"നേരം പോയ നേരത്തും
കൊല്ലാക്കൊല കൊല്ലണിയോ?
ആരത്തൊണ്ടുകളും തന്ന്
കൊല്ലാക്കൊല കൊല്ലണിയോ?...."

ഒ.എൻ.വി.യുടെ 'സഞ്ചിതസ്മൃതി'യിൽ ക്ലാസ്സിക്കൽ രംഗകലാകളോടും ശാസ്ത്രീയസംഗീതത്തോടുമൊപ്പം വിയർപ്പിന്റെ ഗീതങ്ങളുമുണ്ട്. ഒ.എൻ.വി. വ്യാപരിച്ചിരുന്ന മേഖലകളിൽ മുഖ്യമായ ഒന്നാണ് ഇപ്റ്റ (IPTA) ഇന്ത്യൻ പെർഫോമിംഗ് റൈറ്റ് സൊസൈറ്റി (IPRS) എന്നിവയുമായുള്ള ബന്ധം.

സംഗീതം അനുഭൂതിയുടെ മാത്രം കലയല്ല. ഭൗതിക ജീവിതവ്യവഹാരങ്ങൾ, സമരപരിപാടികൾ, പ്രതിഷേധങ്ങൾ, പ്രതിരോധങ്ങൾ എന്നി പ്രവർത്തനരീതികൾ സാർവദേശീയമായ ഒരു മാനം സംഗീതത്തിനു നൽകി. അന്യഭാഷാസംഗീതസംവിധായകരുമായുള്ള ഒ.എൻ.വി.യുടെ ബന്ധത്തിനടിസ്ഥാനം ഈ സംഘടനാപ്രവർത്തനമാണ്. ഏത് ദേശത്തിന്റെ സംഗീതസങ്കല്പങ്ങൾക്കനുസൃതമായും ഗാനങ്ങൾ രചിക്കാനുള്ള കൈത്തഴക്കം... ആ സംഗീതസംവിധായകർതന്നെ ഇതു പറഞ്ഞിട്ടുണ്ട്. വൈകാരികമായ നൈരന്തര്യം ഉണ്ടാക്കാൻ സാധിച്ചത് ഒ.എൻ.വി. കവിതകളിലാണെന്ന് അറിഞ്ഞുകൊണ്ട് ശ്യാം പറയുന്നു. "നാദാത്മകമാണ് ഒ.എൻ.വി.യുടെ പാട്ടുകൾ. സംഗീതം പൊഴിക്കുന്ന പദങ്ങൾകൊണ്ടുള്ള ചിത്രശാലയാണത്." നിശ്ശബ്ദതയെ സംഗീതാത്മകമായ ഭാഷയായിത്തന്നെ തിരിച്ചറിഞ്ഞ എം.ബി. ശ്രീനിവാസനോടൊപ്പം ഒ.എൻ.വി. ചെയ്ത പാട്ടുകൾ നിത്യയൗവ്വനത്തിന്റെയും വിഷാദത്തിന്റെയും മുനമ്പുകളിൽ കേൾവിക്കാരെ തളച്ചിട്ടു. വിപ്ലവസ്മരണകൾക്കുമപ്പുറം 'പ്രണയ'ത്തിന് മറ്റൊരു തലം കൈവരികയായിരുന്നു. 'കരുണ' എന്ന കാവ്യത്തിൽ ആശാൻ എഴുതിയ വരികളുടെ അത്യന്തം ആർദ്രമായ വ്യാഖ്യാനമാണ് ഒ.എൻ.വി.

"എന്തിനി ചിലങ്കകൾ
എന്തിനി കൈവളകൾ
എൻപ്രിയനെന്നരികിൽ വരില്ലയെങ്കിൽ?"

എന്ന വരികളിലൂടെ നൽകിയത്. കേദാർ മലയാളിക്ക് അന്യമായ അപൂർവ്വരാഗമായിരുന്നു. അജ്ഞാതമായ പ്രണയവ്യഥകൾക്കുവേണ്ടി ദേവരാജൻ തിരഞ്ഞെടുത്ത രാഗം.

വയലേലകളിലും തുവേർപ്പതുള്ളികളിലും അഭിരമിച്ച സംഗീതഭാവനകൾ ഇന്ത്യയുടെ ആത്മീയഭൂമിശാസ്ത്രം നിർണ്ണയിച്ച ഹിമാലയത്തിലും മറ്റു ഭാവനാശൃംഗങ്ങളിലും വിഹരിക്കുന്നുണ്ട്. അതേ ആവേശത്തോടെ 'ആത്മഗാനത്തിൽ' വി.ആർ. സുധീഷ് ഒ.എൻ.വി.യെക്കുറിച്ചു നടത്തുന്ന ഒരു നിരീക്ഷണം ഇതാണ്.





"താരകൾ തൊഴുതു വലം വെക്കുന്നൊരു
താണ്ഡവനർത്തനമേടയിലോ?
തിരുമുടി ചൂടിയ തിങ്കൾക്കലയുടെ
കതിരൊളി ഞാനിനി കാണുകില്ലേ?

'ഉജ്ജയിനി'യുടെ കർത്താവിനെയല്ല ഇതെഴുതിയ ആളിനെയാണ് കാളിദാസൻ വന്നുതൊഴുക എന്ന്. കവിതയെ സംഗീതമായി അനുഭവിക്കുകയും സംഗീതത്തെ കവിതയായി പരിവർത്തിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്ന ഒ.എൻ.വി. വിപ്ലവഗായകനായിരുന്നോ? രക്തരൂഷിതമായ വിപ്ലവസ്വപ്നങ്ങളുടെ കാലത്തെ ചില ബിംബങ്ങളിലൂടെ സർഗാത്മകമായി അവതരിപ്പിക്കുന്നുണ്ട്. 'ആ രാത്രി മാഞ്ഞുപോയി/ആ രക്തശോഭമാം/ആയിരം കിനാക്കളും/പോയി മറഞ്ഞു....!" ലളിതമെന്നും കാല്പനികമെന്നും തോന്നിക്കുന്ന ഒ.എൻ.വി.യുടെ കാവ്യഘടനയുടെയും ഗാനരൂപങ്ങളുടെയും മടക്കുകളിൽ അതിസങ്കീർണ്ണമായ കാലഘട്ടങ്ങളുടെ പ്രതിധ്വനികളുണ്ട്. ഭിന്നഭാവസങ്കലിതമായ ഗാനങ്ങളുടെ അടിസ്ഥാനശ്രുതി വിഷാദമായിരുന്നു. നഷ്ടസ്മൃതികളെക്കുറിച്ചുള്ള വ്യഥയായിരുന്നു. തീവ്രമായ അനുരാഗമായിരുന്നു. 'മധുരാസ്വാസ്ഥ്യം' എന്ന് പലപ്പോഴും ഒ.എൻ.വി. തന്നെ ഉപയോഗിച്ചിട്ടുണ്ട്. 'പൊന്നരിവാളമ്പിളിയില്' എന്ന നാടകഗാനത്തെക്കുറിച്ച് IPTA യുടെ മുഖപത്രമായ യൂണിറ്റിയിൽ വന്നത് 'വ്യത്യസ്തമായ ഒരു പ്രണയഗാനം' എന്നാണെന്ന് സൂചിപ്പിക്കുന്നുണ്ട്. അനേകം അന്വേഷണസാധ്യതകൾ നൽകുന്ന പ്രസ്താവനയാണത്. വിപ്ലവവും പ്രണയവും തമ്മിലുള്ള ബന്ധം..." കേരളത്തിലെ വിപ്ലവകവികളുടെ ചെറുസംഘം മാധുര്യത്തിന്റെ സരളപദ്ധതിയാണ് കൊണ്ടുവന്നതെന്ന്" ടി.പി. സുകുമാരൻ അഭിപ്രായപ്പെട്ടതിന്റെ യുക്തി ഇതാവാം. ഒ.എൻ.വി. എങ്ങനെ വിവിധ തലമുറകളുടെ അഭിരുചികളെ സമീകരിച്ചു എന്നതിലേയ്ക്കും വഴിതുറക്കുന്നുണ്ട്. ദേശീയ ജനപ്രിയത്വത്തിനടിസ്ഥാനം ഈ സമീപകരണയുക്തിയാണ്. ഏകാന്തതയോടും അനുഭൂതികളോടും വിഷാദത്തോടും ഈണങ്ങളോടും ഓർമകളോടും ദേശകാലഭേദമില്ലാതെ മനുഷ്യനുള്ള ഒടുങ്ങാത്ത അഭിമുഖ്യത്തെയാണ് ഒ.എൻ.വി. തന്റെ ഗാനങ്ങളിൽ ഉപയോഗിച്ചത്. ഓർമകളോട് കൈവളചാർത്തി വിമൂകമായ വേദിയിലേക്ക് വരാൻ ആവശ്യപ്പെടുന്നു. വിജനമായ വിഷാദഭൂമിയിലേയ്ക്ക് ക്ഷണിക്കുന്നു. എന്തിനെയും സംഗീതമായി മനസ്സിലാക്കുന്നു. വ്യാഖ്യാനിക്കുന്നു. പൂർവ്വപാഠങ്ങളുടെ ഓർമകൾ ആ വരികളിലുണ്ട്. കവിതഗാനമായും ഗാനം കവിതയായും മാറിവരുന്ന സന്ദർഭങ്ങൾ....

"പഴയ കോവിലിൽ സോപാനത്തിൻ
പതിഞ്ഞൊരീണം കേൾക്കുന്നു."
എന്നും
"ഇവിടെ ദേവകൾ ഭൂമിയെ വാഴ്ത്തി
കവിതകൾ മൂളിപ്പോകുന്നു" എന്നും
എഴുതുന്നു.

സ്ഥലകാലങ്ങളിൽനിന്നു ഭിന്നമായി ഒരനുഭൂതിയും ഉണ്ടാകുന്നില്ല. ശൂന്യതയിൽ നിന്നു വരികളും ഉടലെടുക്കുന്നില്ല. താളങ്ങളും ശൈലികളും വാക്കുകളും എല്ലാം സമൂഹം രൂപപ്പെടുത്തുന്നതാണ്. കാലഘട്ടങ്ങളിലൂടെ പരിണമിച്ചെത്തുന്ന ഓർമകൾ സഞ്ചയിച്ചുണ്ടായത്. പാട്ട്, ഇണം, താളം, ലയം, രാഗം, തന്ത്രികൾ എന്നിങ്ങനെ ഏതു ഗാനത്തിലും സംഗീതസംബന്ധിയായ പ്രയോഗങ്ങൾ, സങ്കല്പങ്ങൾ എന്നിവ അറിയാതെ വരുന്നു. 'സിനിമതന്നെയും ഭാവഗാനസദൃശ'മായിരിക്കാമെന്ന് ഒ.എൻ.വി. സൂചിപ്പിക്കുന്നതുപോലെ ചിന്തകളും സ്വപ്നങ്ങളും വ്യഥകളും ഭയാശങ്കകളുമെല്ലാം 'പാട്ടുരൂപ'ത്തിലാണ് ഉരുത്തിരിയുന്നതുതന്നെ. ദൃശ്യശ്രാവ്യകലകളുമായി ഉണ്ടായിരുന്ന ബന്ധത്തിലൂടെ വാക്കുകൾക്ക് താളത്തോടൊപ്പം നടനസൗന്ദര്യവും കൈവരുന്നുണ്ട്. ഒ.എൻ.വി.യുടെ ഗാനങ്ങൾ കേൾവിയുടെ സംസ്കാരത്തെ മാത്രമല്ല, സാങ്കല്പികമായ ദൃശ്യപരതയെക്കൂടി ഉൾക്കൊള്ളുന്നു. ആകാശവും ഭൂമിയും സൗരയൂഥവും മഞ്ഞുമലകളും നിലാവും കാറ്റും പ്രണയത്തിന്റെ ഭിന്നസ്ഥായികൾ പിന്നിട്ട് പോയി. രവി ബോംബെ, ശ്യാം, സലിൽ ചൗധരി തുടങ്ങി അന്യഭാഷാ സംഗീതസംവിധായകരുമായുള്ള സൗഹൃദം മലയാളഭാഷയ്ക്ക് പുതിയ ജീവിതം നൽകി. ഏതു ദേശത്തിന്റെയും ഈണങ്ങൾക്ക് ഇഴുകിച്ചേരാൻ സാധിച്ചു. ബംഗാളിന്റെയും പഞ്ചാബിന്റെയും ഗാനരൂപങ്ങൾ കുട്ടനാടൻ വയലേലകൾക്കും ബാധകമായി. ലെനിൻരാജേന്ദ്രൻ എന്ന സംവിധായകനുമായുള്ള ബന്ധം മലയാളിക്ക് അപരിചിതമായിരുന്ന ഉറഞ്ഞ നിശ്ശബ്ദകളും പ്രണയനൈരാശ്യങ്ങളും ഒ.എൻ.വി. ഗാനങ്ങളിൽ അവതരിപ്പിച്ചു. കനകമപ്പാടങ്ങൾ കത്തിയെരിഞ്ഞുപോകുമ്പോഴും ഒ.എൻ.വി.യിലെ 'ഗായകകവി' ആശങ്കപ്പെട്ടിരുന്നത് 'ഗാന'ത്തെക്കുറിച്ചുമാത്രമായിരുന്നു.. വിലാപശ്രുതിയിൽ ബന്ധിതമായിത്തീർന്ന ഗാനരൂപങ്ങളുടെ നവീകരണത്തെക്കുറിച്ചായിരുന്നു. മരണത്തോളം സംഗീതരചനയിലേർപ്പെടാൻ ഒ.എൻ.വി.യെ പ്രേരിപ്പിച്ചതും ഈ ആശങ്കയായിരിക്കാം.

"........എന്റെ ഗാനമന്നെ മറക്കുമോ?–
എന്റെ ഗാനമെന്നിൽ മരിക്കുമോ?"

റഫറൻസ്

കുറുപ്പ്, ഒ.എൻ.വി. 2006, മാണിക്യവീണ, ഒ.എൻ.വി.യുടെ തെരഞ്ഞെടുത്ത 1001 ഗാനങ്ങൾ, ഡി.സി. ബുക്സ്.

കുറുപ്പ്, ഒ.എൻ.വി. 2015, അരികിൽ നീ ഉണ്ടായിരുന്നെങ്കിൽ, ഡി.സി. ബുക്സ്


മനോജ്, എം.ഡി. ഡോ. 2012, ശ്യാമസംഗീതം, ഫേബിയൻ ബുക്സ്

മുരളി, വി.ടി., 2013 പാട്ടൊരുക്കം, ലിറ്റ്മസ്, ഡി.സി.ബി.

സുനിൽ പി. ഇളയിടം, 2007, 'കാലമേ നിനക്കഭിനന്ദനം' 'ഉരിയാട്ടം', ഡി.സി. ബുക്സ്

സുധീഷ് വി.ആർ. 2004 'ആത്മഗാനം', ഡി.സി. ബുക്സ്

സുകുമാരൻ, ടി.പി., ഡോ., 1985 ഗാന്ധർവ്വ പാരമ്പര്യം എന്ന നിധി, ഫീനിക്സിന്റെ സംഗീതം, ഒ.എൻ.വി. കവിതാപഠനങ്ങൾ, ഡോ. എം.എം ബഷീർ.



# കച്ചവടത്തിന്റെ അരങ്ങിലേക്ക് ഹീര (HEERA) യും ഹിഫ (HEFA) യും


**ഡോ.ജയപ്രകാശ് ആർ.കെ**

എൻ.എസ്.എസ്. ട്രെയിനിങ്ങ് കോളേജ്, ഒറ്റപ്പാലം




ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസരംഗം പൂർണ്ണമായും കച്ചവടവൽക്കരണത്തിന് വിധേയമാകുന്നു എന്നതാണ് സമീപകാല സംഭവവികാസങ്ങൾ നമ്മോട് വിളിച്ച് പറയുന്നത്. ഓരോ രാജ്യത്തിന്റെയും വികസന സൂചികളെ നിർണ്ണയിക്കുന്ന ഉന്നതവിദ്യാഭ്യാസ മേഖലയിൽനിന്ന് സർക്കാർ പൂർണ്ണമായും പിൻമാറുന്നതിന്റെ സൂചികങ്ങളായിട്ടേ അണിയറയിൽ അണിഞ്ഞൊരുങ്ങുന്ന 'ഹീര, ഹിഫ, (Higher Education Emplwerment Regulation Agenc) HEFA എന്നിവയെ കാണാൻ കഴിയൂ. ഉന്നത വിദ്യാഭ്യാസ മേഖലയെ ഗുണത്തിലും വ്യാപ്തിയിലും ലോക നിലവാരത്തിലെത്തിക്കാൻ സർക്കാർ കണ്ടെത്തിയ മാർഗമാണ് ഇവ രണ്ടും

ലോകത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇപ്പോഴും പ്രവേശന അനുവാദത്തിൻ (GER) കുറഞ്ഞതോത് രേഖപ്പെടുത്തുന്ന നാടാണ് ഇന്ത്യ. ഇത് വർദ്ധിപ്പിക്കാൻ കൃത്യമായ ഇടപ്പെടലുകൾ സർക്കാറുകൾ നടത്താറില്ലതാനും. നിലവിൽ 760 സർവ്വകശാലകളും 38498 കോളേജുകളും രാജ്യത്ത് പ്രവർത്തിക്കുന്ന മറ്റ് വികസിത രാജ്യങ്ങളെ അപേക്ഷിച്ച് ഇത് വളരെ



കുറവാണ്. GER 24.5ൽ എത്തിനിൽക്കുന്നു എന്ന് സർക്കാർ സംവിധാനങ്ങൾ പറയുമ്പോഴും യഥാർത്ഥത്തിൽ ഇതിലും കുറവാണ്. ഉന്നതവിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മേഖലയായ ഗവേഷണരംഗത്ത് ആശയവിനിമയമായ പുരോഗതി ദൃശ്യമല്ല. മൊത്തം വിദ്യാർത്ഥികളുടെ 0.4 ശതമാനത്തിൽ കുറവുമാത്രമാണ് ഗവേഷണങ്ങൾക്ക് പ്രവേശിക്കുന്നുള്ളൂ എന്നതും നല്ല സൂചകമല്ല.

## കേന്ദ്രസർക്കാറും ഫെഡറൽ തത്വങ്ങളും

രാജ്യത്തെ സവിശേഷമായ സാഹചര്യത്തിൽ എല്ലാ മേഖലകളിൽ എന്നപോലെ ഉന്നത വിദ്യാഭ്യാസ മേഖലയിലും അടിച്ചേൽപ്പിക്കൽ രീതിയാണ് ദൃശ്യമാകുന്നത്. എല്ലാം മുകളിൽ നിർമ്മിച്ചു താഴേക്ക് നൽകുന്ന രീതി. ദേശീയവിദ്യാഭ്യാസനയത്തിന് ലക്ഷക്കണക്കിന് സിറ്റിങ്ങുകൾ നടത്തി. നയരൂപീകരണം എന്ന വാഗ്ദാനം പാഴ്‌വാക്കായി. ആദ്യത്തെ കരട് റിപ്പോർട്ട് പോലും കേന്ദ്രസർക്കാർ അംഗീകരിച്ചില്ല എന്നു മാത്രമല്ല സുബ്രഹ്മണ്യംകമ്മിറ്റിയെ മാറ്റി പുതിയ കസ്തൂരിരംഗൻ കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. രാജ്യത്ത് പേരുകേട്ട വിദ്യാഭ്യാസവിചക്ഷണൻമാർ ആരും ആ കമ്മിറ്റിയിൽ അംഗമായില്ല. ഇടക്കാലത്ത് യു.ജി സി തന്നെ രാജ്യത്തെ ബിരുദ കോഴ്സുകളുടെ ചട്ടക്കൂട് സംസ്ഥാനങ്ങൾക്ക് നൽകും എന്ന വാശിയായിരുന്നു പക്ഷേ വിവിധ കോണുകളിലെ എതിർപ്പിനെ തുടർന്ന് പാതിവഴിയിൽ ഉപേക്ഷിച്ചു. റൂസപോലുള്ള ഫണ്ടിംഗ് ഏജൻസികളും ചില നിബന്ധനകൾ സംസ്ഥാനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയാണ്. 2014 ൽ രാജ്യത്തെ അദ്ധ്യാപിക വിദ്യാഭ്യാസത്തിന്റെ പരിഷ്കരണം നടന്നപ്പോൾ ഒരു സംസ്ഥാനത്തിനോടാ, സർവ്വകശാലളോടൊ അഭിപ്രായം ചോദിച്ചില്ല എന്നു മാത്രമല്ല കരിക്കുലവും റഗുലേഷനും അടിച്ചേൽപ്പിക്കുകയായിരുന്നു. ഇങ്ങനെ വ്യത്യസ്തങ്ങളായ രീതികളുടെ കൺകറന്റ് ലിസ്റ്റിന്റെ കൊലപാതകം നടത്തികൊണ്ടേയിരുന്നു.

## എന്താണ് ഹീര (HEERA), ഹിഫ (FEFA)?

മോദി ഭരണകൂടം ഉന്നതവിദ്യാഭ്യാസ രംഗത്തെ കച്ചവടത്തിലൂന്നിയ പരിഷ്കരണത്തിനായി അണിയറയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഏജൻസികളാണ് ഹീരയും ഹിഫയും. രാജ്യത്തെ ഉന്നതവിദ്യാഭ്യാസരംഗത്തെ രണ്ട് സുപ്രധാന ഏജൻസികളായ UGC യെയും AICTE യെയും ഇല്ലാതാക്കി ആ സ്ഥാനത്തേയ്ക്കാണ് ഹീരയും പുതുതായി രംഗപ്രവേശം ചെയ്യാൻ പോകുന്നത്. സ്വതന്ത്രഇന്ത്യയിലെ വിദ്യാഭ്യാസകമ്മീഷനായ ഡോ.എസ് രാധകൃഷ്ണന്റെ നിർദേശപ്രകാരം 1956ൽ രൂപീകൃതമാണ് UGC ഉന്നതവിദ്യാഭ്യാസ മേഖലയിലെ നിയന്ത്രണവും ഗുണമേന്മയും ഫണ്ടിംഗ് നടത്തുക എന്നതായിരുന്നു പ്രധാന ചുമതലകൾ. കാലാകാലങ്ങളായി ഈ മൂന്ന് ചുമതലകളും നിർവഹിക്കുന്നതിൽ പൂർണ്ണമായും UGC വിജയിച്ചു എന്ന അഭിപ്രായം ആർക്കുമില്ല. പക്ഷെ രാജ്യത്തെ സർവ്വകാശാലകൾക്കും കോളേജുകൾക്കും ധനസഹായം നൽകുന്നതിൽ യു.ജി. സി ഏറെക്കുറെ വിജയിച്ചിട്ടുണ്ട്. സങ്കേതിക വിദ്യാഭ്യാസമേഖലയുടെ ഗുണമേന്മ ലക്ഷ്യമാക്കി രൂപീകരിച്ച എ.ഐ.സി.ടി.ഇ.യും ഇല്ലാതാകുന്നു. ആഗോളീകരണത്തിന്റെ ഭാഗമായി ഈ മേഖലയിൽ ഉയർന്നു വന്ന ഏറ്റവും വലിയ പ്രശ്നമായ എണ്ണവും ഗുണമേന്മയും തമ്മിലുള്ള (Quantity and




Quality paradox വൈരുദ്ധ്യം പരിഹരിക്കുന്നതിൽ AICTE പൂർണ്ണ പരാജയമായിരുന്നു. നന്നാക്കുന്നതിനുപകരം ഇല്ലാതാക്കുന്നു എന്നതാണ് ഇവിടെ. നിയമങ്ങളിലൂടെ വ്യത്യസ്ത സ്ഥാപനങ്ങളുടെ പരസ്പരം കൈകടത്തലുകളും Overlaps in jurisdiction യു.ജി.സി. ചില മേഖലകളിൽ കർശനമായി നടപ്പിലാക്കിയ നിയന്ത്രണങ്ങളുമാണ് സർക്കാരിനെ യു.ജി.സി.യെ ഇല്ലാതാക്കാൻ പ്രേരിപ്പിക്കുന്നത് എന്ന് അറിയുന്നു. മോദി സർക്കാർ അധികാരമേറ്റയുടനെ സ്മൃതി ഇറാനി ഹരിഗൗതമിനെ ഇതിനെക്കുറിച്ച് പഠിക്കാൻ നിയമിച്ചിരുന്നു. അദ്ദേഹവും, യു.പി.എ രണ്ട് സർക്കാറിന്റെ കാലയളവിലും യുജിസിയെ പിരിച്ചുവിടണമെന്നുള്ള അഭിപ്രായം ശക്തമായിരുന്നു. പക്ഷേ യു.പി.എ സർക്കാർ അത് ഉപേക്ഷിച്ചു.

ഉന്നത വിദ്യാഭ്യാസമേഖലയെ പൂർണ്ണമായും കച്ചവടത്തിന്റെയും മൂലധനത്തിന്റെയും കൂടാരത്തിലേക്ക് കൈപിടിച്ച് നയിക്കുന്നതാണ് ഹിഫ (FEFA) യുടെ രൂപീകരണത്തിലൂടെ സംഭവിക്കാൻ പോകുന്നത്. ഇതിനകം തന്നെ സർക്കാർ ഈ മേഖലയിൽ നിന്നുള്ള പിന്മാറ്റം ആരംഭിച്ചു കഴിഞ്ഞു. അത് പൂർണ്ണമാക്കും ഹിഫയുടെ വരവ്. ഹിഫ ഒരു ബാങ്കിങ് ഇതര ധനകാര്യ ഏജൻസിയായി ആരംഭിച്ചു കഴിഞ്ഞു. മാനവവിഭവശേഷിവകുപ്പും കനറാബാങ്കും തമ്മിൽ ധാരണാപത്രവും ഒപ്പിട്ടുകഴിഞ്ഞു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എല്ലാം സ്വന്തം നിലയ്ക്ക് വിഭവശേഖരണം നടത്തി സ്വന്തം നിലനിൽപ്പ് നോക്കിക്കൊള്ളണം ഇനിയങ്ങോട്ട് വികസന കാര്യങ്ങൾക്ക് സർക്കാറിനെ സമീപിക്കേണ്ടതില്ല എന്ന കച്ചവട ആശയമാണ് ഹിഫ മുന്നോട്ടുവെയ്ക്കുന്നത്. ആദ്യം സർക്കാർ വിഹിതമായി 1000 കോടി രൂപ നിക്ഷേപിക്കുമെന്നും അത്രതന്നെ തുക സ്വകാര്യമേഖലാ സ്ഥാപനങ്ങളിൽ നിന്നും സ്വരൂപിക്കുമെന്നും ഹിഫ പറയുന്നു. തുടക്കമായി സർക്കാർ 300 കോടി രൂപയും കനറാബാങ്ക് 100 കോടി രൂപയും ചേർന്ന് ഫണ്ട് രൂപീകരിച്ചുകഴിഞ്ഞു. പിന്നീടങ്ങോട്ട് ഹിഫമാർക്കറ്റിൽ നിന്നും ഫണ്ട് സ്വരൂപിച്ചുകൊണ്ട് 20.000 കോടി രൂപയുടെ ആസ്തിയുള്ള ഒന്നായി മാറുമെന്ന് പറയുന്നു. കഴിഞ്ഞ 6വർഷക്കാലം യു.ജി.സി. ഈ രാജ്യത്തെ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ധനസഹായം നൽകിയതിന്റെ ധനസഹായം നൽകിയതിന്റെ ഫലമായാണ് ഇന്ന് കാണുന്ന മാറ്റം ഉണ്ടായത്. സർക്കാർ എയ്ഡഡ് സ്ഥാപനങ്ങൾക്കും ഫണ്ട് നൽകുക വഴി പൊതുനിക്ഷേപം തന്നെയാണ് നടത്തിയത്. ഇതാണ് ഇല്ലാതാകാൻ പോകുന്നത്. ഹിഫയിൽ അംഗമാകുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഹ്രസ്വകാല, ദീർഘകാല വായ്പകൾ അനുവദിക്കും. വായ്പാപരിധി നിശ്ചയിക്കുന്നത് ഹിഫ ആയിരിക്കും. ഈ വായ്പയുടെ പലിശ മാത്രം സർക്കാർ അടയ്ക്കും. ബാക്കിവരുന്നതുക വിദ്യാഭ്യാസം എന്ന ചരക്ക് വിറ്റ് കിട്ടുന്ന തുകയിൽ നിന്നും ഓരോ സ്ഥാപനവും അടക്കേണ്ടതുമാകുന്നു. സത്യം പറഞ്ഞാൽ കലാലയങ്ങൾ ശരിക്കും കച്ചവടത്തിന്റെ കേന്ദ്രങ്ങളായി മാറ്റപ്പെടും.

രാജ്യത്തെ വിദ്യാഭ്യാസമേഖലയുടെ മാത്രം വികസനത്തിനായി സർക്കാർ സ്വരൂപിക്കുന്ന എഡ്യുക്കേഷൻ സെസ്സ് മുഴുവനായും ഈ മേഖലയിൽ ചെലവഴിച്ചാൽ തന്നെ വിദ്യാഭ്യാസമേഖലയിൽ വൻതോതിൽ പൊതു നിക്ഷേപം സാധ്യമാകും. കഴിഞ്ഞ വർഷം മാത്രം സർക്കാറിന് ഈയിനത്തിൽ ലഭിച്ചത് 20165 കോടിരൂപയാണ് അതിൽ 14509 കോടി പ്രത്യക്ഷനികുതിയും 5650 കോടിരൂപ പരോക്ഷ നികുതിയിനത്തിലുമായിരുന്നു. 2012–2013 ൽ ഇത് 30642 കോടിയും. 2013 –2014 ൽ 33902 കോടിയും 2014– 2015 ൽ ഇത് 35956 കോടി രൂപയുമായിരുന്നു. ഇത്രയും തുകയുടെ നിക്ഷേപങ്ങൾ ഈ മേഖലയിൽ സംഭവിക്കുന്നുണ്ടോ? യു.ജി.സി.യുടെ കണക്കുപ്രകാരം എല്ലാ സെസ്സ്കളും കൂടി ലഭിച്ച 1.4 ലക്ഷം കോടി രൂപ ഉപയോഗിക്കാതെ കിടക്കുന്നു എന്ന വാർത്തയും ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. മോദി സർക്കാർ വിദ്യാഭ്യാസമേഖലയിൽ നിന്നും പിൻമാറിയെന്നത് വ്യക്തമാണ്. വർഗ്ഗീയ അജണ്ടയെ മുൻനിർത്തി മൂലധനകച്ചവടതാൽപര്യങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിനാണ് ഇന്ത്യൻ വിദ്യാഭ്യാസ മേഖല സാക്ഷ്യം വഹിക്കുന്നത്. ദേശീയതയും ദേശസ്നേഹവും വെറും വാക്കുകളിൽ ഒതുക്കി രാജ്യം മുഴുവൻ കമ്പോളശക്തികൾക്ക് തീറെഴുതികൊടുക്കുന്നതിലൂടെ നാളെയുടെ വിദ്യാഭ്യാസം പാവപ്പെട്ടവന് അന്യമാകും.

**സർക്കാർ എയ്ഡഡ് സ്ഥാപനങ്ങൾക്കും ഫണ്ട് നൽകുക വഴി പൊതുനിക്ഷേപം തന്നെയാണ് നടത്തിയത്. ഇതാണ് ഇല്ലാതാകാൻ പോകുന്നത്. ഹിഫയിൽ അംഗമാകുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഹസ്വകാല, ദീർഘകാല വായ്പകൾ അനുവദിക്കും. വായ്പാ പരിധി നിശ്ചയിക്കുന്നത് ഹിഫ ആയിരിക്കും. ഈ വായ്പയുടെ പലിശ മാത്രം സർക്കാർ അടയ്ക്കും. ബാക്കിവരുന്നതുക വിദ്യാഭ്യാസം എന്ന ചരക്ക് വിറ്റ് കിട്ടുന്ന തുകയിൽ നിന്നും ഓരോ സ്ഥാപനവും അടക്കേണ്ടതുമാകുന്നു.**

## സർവ്വീസ് ട്യൂട്ടോറിയൽ




# GOVERNMENT OF KERALA

No.359411/SL/1/2016/Fin.

Finance (Streamlining) Department,
Thiruvananthapuram
Dated : 17-8-2017
Ph: No.251881
E-mail: info.fin@kerala.gov.in

From

The Additional Chief Secretary (Finance)

To

The Director of Treasuries,
Thiruvananthapuram

Sir,

Sub:- UGC & AICTE Pay Revision arears due to the college teachers and other eligible categories - Request for non SPARK bill - Regarding.

Ref:- Letter No.38/Prl.Secy/2016/H.Edn, dated 05-12-2016 received from Sri. B. Srinivas IAS, Principal Secretary, H.Edn. Dept.

2. Govt. Letters of even number dated 17-12-2016, 19-1-2017, 15-2-2017, 22-4-2017 & 26-07-2917
3. Letter No. 483867/Sl.1/17/Fin, Dated 22-5-2017
4. Govt. Letter No. of even number dated 26-7-2017
5. Representation received from Association of Kerala Govt. College Teachers (AKGCT) dated 26-7-2017.

Kind attention is invited to the references cited. As per the letters cited in the reference 2nd above, it was directed to disburse the UGC arrears of employees (including previous instalments of arrears) through non - SPARK bills upto 31st December 2016, 31st January 2017, 28th February 2017 & 30th June 2017 respectively. On the basis of this, vide letter referred 3rd cited, an extension upto 30th June 2017 was also allowed to disburse the AICTE arrears of employees through non - SPARK bills. Subsequently, vide letter 4th above, an extension upto 31-8-2017 was permitted to prefer UGC & AICTE Non-SPARK arrear claims. Since a number of requests are being received from various colleges on the captioned subject due to the delay occurred in issuing the Pay Slip from the Accounant General, I am to inform you that, an extension upto 31-12-2017 is permitted to prefer such claims based on non - SPARK bill, subject to other conditions already specified therein. Please instruct all treasury officers accordingly.

Yours faithfully,
**SURESH KUMAR O.B.**
Under Secretary to Govt.
For Additional Chief Secretary (Finance)

Approved for Issue,
Section Officer

# കേരള സർക്കാർ

## സംഗ്രഹം

ഉന്നതവിദ്യാഭ്യാസ വകുപ്പ് - വെക്കേഷൻ കാലത്തു പരീക്ഷാ ഡ്യൂട്ടി/ മൂല്യനിർണ്ണയ (Supervision, invigilation and evaluation) ജോലിയിൽ ഏർപ്പെടുന്ന സർക്കാർ /എയ്ഡഡ് കോളേജിലെ സ്ഥിരം അദ്ധ്യാപകർക്ക് ആർജ്ജിത അവധി ആനുകല്യങ്ങൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ഉന്നതവിദ്യാഭ്യാസ (ഡി) വകുപ്പ്

സ. ഉ (കൈ) നം. 178/2017/ഉ.വി.വ

തീയതി, തിരുവനന്തപുരം 04-07-2017

---

പരാമർശം 1) 29-4-2016ലെ D1/06/2016/ഉ.വി.വ നമ്പരായ സർക്കാർ കത്ത്

2) കോളേജ് വിദ്യാഭ്യാസ ഡയരക്ടറുടെ 5-10-2016, 15-5-2017 എന്നീ തീയതികളിലെ യഥാക്രമം D1/5414/2016, B2/9553/2017/കോ.വി.വ. നമ്പർ കത്തുകൾ

## ഉത്തരവ്

നിലവിലെ യു.ജി.സി. റെഗുലേഷൻസ് പ്രകാരം പരീക്ഷ ഡ്യൂട്ടി/മൂല്യനിർണ്ണയം (supervision, invigilation and evaluation) എന്നിവ അദ്ധ്യാപകരുടെ ഡ്യൂട്ടിയുടെ ഭാഗമായതിനാൽ വെക്കേഷൻ കാലത്ത് ടി ജോലികളിൽ ഏർപ്പെടുന്ന എയ്ഡഡ് കോളേജിലെ സ്ഥിരം അദ്ധ്യാപകർക്കു ടി കാലയളവ് ആർജ്ജിത അവധി ആനുകൂല്യങ്ങൾക്ക് പരിഗണിക്കേണ്ടതില്ലായെന്ന് പരാമർശം (1)ലെ കത്തു പ്രകാരം സർക്കാർ തീരുമാനിച്ചു.

എന്നാൽ ടി തീരുമാനം പുനഃപരിശോധിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് സർക്കാരിന് നിരവധി നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. യു.ജി.സി. സ്കീം പ്രകാരം പരീക്ഷ ഡ്യൂട്ടി/മൂല്യനിർണ്ണയം (supervision, invigilation and evaluation) എന്നിവ അദ്ധ്യാപകരുടെ ഡ്യൂട്ടിയുടെ ഭാഗമാണെങ്കിലും മധ്യവേനലവധിയിൽ പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്ത വിദ്യാർത്ഥികൾ പരീക്ഷയെഴുതാറുള്ളത് കണക്കിലെടുത്തും, വെക്കേഷൻ കാലയളവ് ഉപേക്ഷിച്ചുകൊണ്ട് ടി അദ്ധ്യാപകർ പരീക്ഷ/മൂല്യനിർണ്ണയ ജോലികളിൽ ഏർപ്പെടുന്നതിനാലും KSR Part I ചട്ടം 81 അനുസരിച്ച് പരാമർശം (1)ലെ തീരുമാനം പുനഃപരിശോധിക്കണമെന്നു കോളേജ് വിദ്യാഭ്യാസ ഡയരക്ടർ പരാമർശം (2)ലെ കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

കോളേജ് വിദ്യാഭ്യാസ ഡയരക്ടറുടെ ശുപാർശയുടെയും ഇത് സംബന്ധിച്ച് ലഭിച്ച നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു നിലവിലെ യു.ജി.സി. റെഗുലേഷൻസ് പ്രകാരം പരീക്ഷ ഡ്യൂട്ടി/മൂല്യനിർണ്ണയം(supervision, invigilation and evaluation) എന്നിവ അദ്ധ്യാപകരുടെ ഡ്യൂട്ടിയുടെ ഭാഗമായതിനാൽ ടി. ജോലികളിൽ നിയോഗിക്കപ്പെടുന്ന അദ്ധ്യാപകർക്ക് പ്രതിഫലം അനുവദനീയമല്ല. ഇതിന് വിരുദ്ധമായി പ്രതിഫലം അനുവദിച്ചിട്ടുണ്ടെങ്കിൽ അത് തിരിച്ചുപിടിക്കേണ്ടതാണ്. എന്നാൽ കെ.എസ്.ആർ. ഭാഗം I ചട്ടം 81 പ്രകാരം വെക്കേഷൻ കാലയളവ് ഉപേക്ഷിച്ചുകൊണ്ട് ടി. ജോലികളിൽ വ്യാപൃതരാകുന്ന സർക്കാർ/എയ്ഡഡ് കോളേജുകളിലെ സ്ഥിരം അദ്ധ്യാപകർക്ക് ആർജ്ജിത അവധി ആനുകൂല്യങ്ങൾ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ഉഷാ ടൈറ്റസ്**

സെക്രട്ടറി

1) കോളേജ് വിദ്യാഭ്യാസ ഡയരക്ടർ, തിരുവനന്തപുരം
2) എല്ലാ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയരക്ടർമാർക്കും
3) അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) തിരുവനന്തപുരം
4) ജനറൽ സെക്രട്ടറി, ആൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ, എ.കെ.പി.സി.ടി.എ., സ്റ്റേറ്റ് കമ്മിറ്റി ഓഫീസ്, മാതൃഭൂമി റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം.
5) ജനറൽ സെക്രട്ടറി, കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ, മാതൃഭൂമി റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം.
6) ജനറൽ സെക്രട്ടറി, റിട്ടയേർഡ് കോളെജ് ടീച്ചേഴ്സ് അസോസിയേഷൻ, രജി. നമ്പർ കെ.ടി.എം./TC/527/2014, കോട്ടയം.
7) ധനകാര്യവകുപ്പ് (27-5-2017ലെ UO (R) No. Edn. C1/392/2016-Fin പ്രകാരം)
8. ഐ & പി ആർ ഡി (വെബ് ആൻഡ് ന്യൂ മീഡിയ)
9. ഉന്നതവിദ്യാഭ്യാസ (B, C, F) വകുപ്പ്
10. കരുതൽ കോപ്പി/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

## ഭരണഭാഷ – മാതൃഭാഷ

**വിവരാവകാശനിയമം 2005**

നമ്പർ. D1/29920/2017/കോ.വി.വ.

കോളേജ് വിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം
വികാസ് ഭവൻ, തിരുവനന്തപുരം–32 ഫോൺ 0471–2303107

തീയതി: 25–08–2017

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

ദാസ് എം.ഡി.
മോഴികന്നത്ത്, ചെർപ്പുളശ്ശേരി പി.ഒ., പാലക്കാട് – 679503

സർ,

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് – സ്വകാര്യ എയ്ഡഡ് കോളേജുകൾ വിവരാവകാശ നിയമം 2005 – വിവരാവകാശ അപേക്ഷക്ക് മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന: കത്തിലൂടെ താങ്കൾ ആവശ്യപ്പെട്ടിരുന്ന ചോദ്യത്തിന്റെ മറുപടി ചുവടെ ചേർക്കുന്നു.

പ്രവേശനകാലം, ഒഴിവുകാലം, ഇവയോട് ചേർന്ന് കാഷ്വൽ ലീവ് അനുവദിക്കുമ്പോൾ ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന കാലയളവ് 15 ദിവസത്തിൽ അധികരിക്കുവാൻ പാടില്ല എന്ന് കെ.എസ്.ആർ. നിഷ്കർഷിക്കുന്നു. ആയതിനാൽ അദ്ധ്യയന വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിവസം, അവസാന പ്രവൃത്തി ദിവസം എന്നി ദിവസങ്ങളിൽ കാഷ്വൽ ലീവ് അനുവദിക്കാൻ സാധിക്കുകയില്ല എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ

**സരസ്വതി ദേവി ഡി.**
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അക്കൗണ്ട്സ് ഓഫീസർ (യു.ജി.സി.)

അപ്പീൽ അധികാരി
ഡോ. പി. അനിത ദമയന്തി, അഡീഷണൽ ഡയറക്ടർ (ഇൻ–ചാർജ്ജ്)
കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം

---

## ഭരണഭാഷ – മാതൃഭാഷ

നമ്പർ.4/12492/2017/കോ.വി.വ.

കോളേജ് വിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം
വികാസ് ഭവൻ, തിരുവനന്തപുരം–32 ഫോൺ 0471–2303107

തീയതി: 11–08–2017

## പരിപത്രം

സർ,

വിഷയം: വിഷയം: കോളേജ് വിദ്യാഭ്യാസവകുപ്പ് – കോളേജിലെ ലൈബ്രറി പ്രവർത്തനം സംബന്ധിച്ച വിഷയങ്ങൾ – നടപടി – സംബന്ധിച്ച്


കോളേജ് ലൈബ്രറികളുടെ പ്രവർത്തനം, ലൈബ്രേറിയന്മാരുടെ നിയമനം, ഗ്രേഡ് അനുവദിക്കൽ, ലൈബ്രറി പുസ്തകങ്ങൾ അനുവദിക്കൽ തുടങ്ങിയ വിവിധ വിഷയങ്ങളെ സംബന്ധിച്ച് സൊസൈറ്റി ഫോർ പ്രിവൻഷൻ ഫോർ അക്കാദമിക് ലൈബ്രറീസ് സമർപ്പിച്ച വിഷയങ്ങളിൽ യു.ജി.സി. മാർഗനിർദ്ദേശ പ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്
ഡോ. പി. അനിത ദമയന്തി
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ

പകർപ്പ്

1. എല്ലാ സർക്കാർ/എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്കും
2. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3. സ്റ്റോക്ക് ഫയൽ

metricways
Imprint your aspirations



We offer flexible packaging solutions

metricways

**Rotogravure Printrs Pvt. Ltd.**
Kodumboor, Kokkappilly PO, Ernakulam - 682305
Ph: +91 484 2711370, +91 9947641118
E-mail: mail@metricways.com
www.metricways.com



# രാവണന്റെ നാട്ടിലൂടെ

**ഡോ. എൻ.എം. സണ്ണി**
മലബാർ ക്രിസ്റ്റ്യൻ കോളജ്, കോഴിക്കോട്



രാക്ഷസരാജാവായ രാവണന്റെ ലങ്ക കാണണം എന്ന മോഹം ഹൈസ്കൂളിൽ പഠിപ്പിച്ച ഗോപാലകൃഷ്ണൻ മാഷിന്റെ മലയാളം ക്ലാസ്സിൽ ലങ്കയെ കുറിച്ചുള്ള വിവരണങ്ങളിൽ നിന്നാണ് മനസ്സിൽ കയറി കൂടിയത്. പിന്നീടുള്ള വായനകൾ, ടി.ഡി. രാമകൃഷ്ണന്റെ സുഗന്ധി എന്ന ആണ്ടാൾ ദേവനായകി, എൽ.ടി.ടി.ഇയുടെ പോരാട്ടങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ, ഐ.പി.കെ.എഫിന്റെ വിവേകശൂന്യമായ ഇടപെടലുകളെക്കുറിച്ചുള്ള വാർത്തകൾ, ശ്രീലങ്കൻ ക്രിക്കറ്റിന്റെ ത്രസിപ്പിക്കുന്ന ബാറ്റിങ്ങും ഫീൽഡിങ്ങുമൊക്കെ ടി.വിയിൽ കാണുമ്പോഴും ലങ്ക കാണമെന്ന മോഹം കൂടികൂടി വന്നു.

കേരള സർവ്വകലാശാല മുൻ വിസിയും, സ്വതന്ത്ര സോഫ്റ്റ് വെയർ പ്രസ്ഥാനത്തിന്റെ അമരക്കാരനും, പ്രശസ്ത ന്യൂറോസർജനുമായ ഡോ.ബി. ഇക്ബാൽ സാറിനെ ഈ യാത്രയിൽ അപ്രതീക്ഷിതമായി ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിൽവെച്ച് കണ്ടു


മുട്ടി. ജൂൺ 21ന് കൊലാലംപൂരിൽവെച്ച് നടക്കുന്ന അന്താരാഷ്ട്രയോഗദിന സെമിനാറിൽ പങ്കെടുക്കാൻ പോകുന്നു എന്ന് പറഞ്ഞപ്പോൾ സാർ അല്പം തമാശയോടെ ചോദിച്ചു, അതിന് ദില്ലി വഴി പോകുന്നതെന്തിന്, കൊച്ചിയിൽ നിന്ന് നേരെ പോകാമല്ലോ? ആ ചോദ്യം കേട്ടപ്പോൾ ഞാൻ ചെറുതായൊന്നു ചമ്മുകയും ചെയ്തു. കൊളംബോ വഴിയാണ് ഞങ്ങളുടെ ഫ്ളൈറ്റ് എന്നുകൂടി പറഞ്ഞപ്പോൾ സാറിന് കൗതുകം ഇരട്ടിച്ചു. കേരളത്തിൽ നിന്ന് മലേഷ്യക്കു പോകാൻ കൊളംബോ വഴി പോകുന്നതിന്റെ ഔചിത്യം എത്ര ആലോചിച്ചിട്ടും പിടികിട്ടിയതുമില്ല. ശ്രീലങ്കൻ സർക്കാർ ടൂറിസം പ്രമോഷന്റെ ഭാഗമായി പരമാവധി സഞ്ചാരികളെ ലങ്കയിലേയ്ക്ക് ആകർഷിക്കുന്നു.

വൈകുന്നേരം ആറുമണിക്ക് ഇരുപത്തി അഞ്ച് ആയുർവേദ ഡോക്ടർമാരും, എഴുത്തുകാരും അധ്യാപകരും അടങ്ങുന്ന ഞങ്ങളുടെ സംഘം ശ്രീലങ്കൻ എയർലൈൻസിന്റെ വിമാനത്തിൽ കയറി. രാവണന്റെ പിൻമുറക്കാരെ ആദ്യം കാണുന്ന കൗതുകം എനിക്ക് മറച്ചുവെക്കാനായില്ല. എയർഹോസ്റ്റസുമാരെയും ക്രൂവിനെയുമൊക്കെ സൂക്ഷ്മതയോടെ നിരീക്ഷിച്ചു. ശ്രീലങ്കൻ എയർവെയ്സിന്റെ ആതിഥ്യമര്യാദ എടുത്തുപറയേണ്ടതുതന്നെ. അത്താഴം ഫ്ലൈറ്റിൽ നിന്നായിരുന്നു. രുചികരമായ ശ്രീലങ്കൻ മീൻ കറി ഭക്ഷണം അതുവരെയുള്ള കഠിനമായ വിശപ്പിന് ഒരു ആശ്വാസം നൽകി. മൂന്ന് മൂന്നര മണിക്കൂർ യാത്രയ്ക്ക് ശേഷം ഭീകരമായ ഇടിമുഴക്കത്തിന്റെയും കാർമേഘങ്ങളുടെയും ഇടയിലൂടെ കൊളംബോ ബണ്ഡാരനായകെ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഞങ്ങൾ പറന്നിറങ്ങി. പലതവണ വിമാനയാത്ര നടത്തിയിട്ടുണ്ടെങ്കിലും ഇടിമുഴക്കത്തിന്റെയും മിന്നലിന്റെയും ഇടയിലൂടെയുള്ള യാത്രയിൽ ശരിക്കും ഭയം തോന്നി. കാലാവസ്ഥ മോശമാണെന്നും വിൻഡോ ഷട്ടറുകൾ അടക്കാനുമുള്ള നിർദ്ദേശം ഉണർന്നിരിക്കുന്ന യാത്രക്കാരിൽ ഭയം വർദ്ധിപ്പിച്ചു. ഇതിനിടയിൽ എയർ പോക്കറ്റിൽ പെട്ടിട്ടെന്ന പോലെ വിമാനം പെട്ടെന്ന് താഴേക്ക് വന്നു. സീറ്റ് ബെൽറ്റ് ഇടാതിരുന്ന യാത്രക്കാർ സീറ്റിൽനിന്ന് ഉയർന്ന് ലഗേജ് ബോക്സിൽ തല ഇടിക്കുന്നതു വരെ ഉയർന്നു പൊങ്ങി. ടോയ്ലറ്റിൽ പോയവർ ഇടനാഴിയിലൂടെ ഇഴഞ്ഞ് സീറ്റിലെത്തുന്നത് കാണാമായിരുന്നു, കുട്ടികൾ ഉറക്കെ കരഞ്ഞു. പൈലറ്റ് ഉറങ്ങി പോയോ എന്ന് പിൻസീറ്റിൽ നിന്ന് ആരോ വിളിച്ചു ചോദിക്കുന്നുണ്ടായിരുന്നു.

കൊളംബോ എയർപ്പോർട്ടിലെ സെക്യൂരിറ്റി ചെക്കിംങ് യാത്രക്കാരെ ശരിക്കും മുഷിപ്പിക്കും. ഷൂസും, ബെൽറ്റുമടക്കം ഊരിയുള്ള ദേഹപരിശോധന അസ്വാരസ്യം തന്നെ. കൊളംബോ എയർപോർട്ടിലെ ഒരു ഷോപ്പിൽ ശ്രീലങ്കൻ കറൻസി സ്വീകരിക്കും എന്ന് എഴുതിയ ഒരു ബോർഡ് കണ്ടു. അമ്പത് ഇന്ത്യൻ രൂപ കൊടുത്താൽ നൂറ് ശ്രീലങ്കൻ രൂപ ലഭിക്കും. ഇന്ത്യൻ രൂപക്ക് ശ്രീലങ്കൻ രൂപയുടെ ഇരട്ടി മൂല്യമുണ്ട് അതു കൊണ്ടു തന്നെ ശ്രീലങ്കൻ ജീവിതം ഇന്ത്യൻ ടൂറിസ്റ്റുകൾ ആസ്വദിക്കുക തന്നെ ചെയ്യും. ഏകദേശം രണ്ട് മൂന്നു മണിക്കൂർ വിമാനത്താവളത്തിൽ ചുറ്റി കറങ്ങിയ ഞങ്ങൾ കൊളംബോയിൽ നിന്ന് സിംഗപ്പൂർ വിമാനത്തിൽ യാത്രയായി.

പുലർച്ചെ ആറുമണിക്ക് ഞങ്ങൾ സിംഗപ്പൂർ ചാംഗി എയർപോർട്ടിൽ ലാന്റ് ചെയ്തു. തെളിഞ്ഞ അന്തരീക്ഷം. ദില്ലിയിൽ നിന്നുതന്നെ ആവശ്യത്തിന് യു.എസ്. ഡോളറും ,സിംഗപ്പൂർ ഡോളറും കരുതിയതുകൊണ്ട് സിംഗപ്പൂരിൽ ദൈനംദിന ആവശ്യങ്ങൾക്ക് ബുദ്ധിമുട്ട് ഒഴിവായി. 46 ഇന്ത്യൻ രൂപ കൊടുക്കണം ഒരു സിംഗപ്പൂർ ഡോളർ ലഭിക്കാൻ. ആദ്യം തന്നെ ഒരു ഡാറ്റാ കാർഡ് ആണ് വാങ്ങിയത്. അത് തന്നെ പല ജി.ബി.യിൽ ലഭ്യമാണ്. ഹോട്ടലിൽ വൈഫൈ ഉള്ളതുകൊണ്ട് ഡാറ്റാകാർഡില്ലാതെയും ആവശ്യം നടക്കും. സ്വന്തമായി ഒരു കാർഡ് എടുക്കുന്നത് തന്നെയാണ് സൗകര്യം.

സിംഗപ്പൂരിലെ ഞങ്ങളുടെ ഗൈഡ് ചുവാ സൗഹൃദം സ്ഥാപിക്കുന്നതിൽ വിമുഖതയുള്ള ഒരാളായിരുന്നു. ഇന്ത്യയെക്കുറിച്ചും, ഒന്നുരണ്ടു തമിഴ് വാക്കുകളും ഒക്കെ സംസാരിക്കാൻ അയാൾ ശ്രമിച്ചെങ്കിലും എന്തോ ഞങ്ങളുമായി ഇണങ്ങാൻ കഴിഞ്ഞില്ല എന്നത് ഒരു വാസ്തവമാണ്.





സിംഗപ്പൂരിൽ യാത്ര ചെയ്യാൻ ട്രാവൽ ഗൈഡിന്റെ ആവശ്യം തീരെ ഇല്ല എന്ന് ഷുവാ തെളിയിക്കുകയായിരുന്നു. പക്ഷെ തായ്‌ലന്റിൽ സ്ഥിതി മറിച്ചാണ്. ഗൈഡില്ലാതെ ഒന്നും ചെയ്യാനാവില്ല. തായ് ലിപിയും, തായ് ഭാഷയുമല്ലാതെ ഇംഗ്ലീഷോ മറ്റ് ഭാഷകളോ അവിടെ ഉപയോഗിക്കാനാവില്ല.

യൂനിവേഴ്സൽ സ്റ്റുഡിയോ. ഹോളിവുഡിന്റെ ഒരു നേർപ്പതിപ്പാണ്. ഭക്ഷണമടക്കം എല്ലാറ്റിനും വില കൂടുതലാണ്. ഒരു കുപ്പി വെള്ളം 4 ഡോളർ, ഒരു ചായ 6 ഡോളർ ഒരു കുട 20 ഡോളർ, സിംഗിൾ യൂസ് റെയിൻ കോട്ട് (ട്രാൻസ്പരന്റ്) 5 ഡോളർ  അങ്ങനെ പോകുന്നു സാധനങ്ങളുടെ വില. നൈറ്റ് സഫാരി ആകർഷകമായ കാഴ്ച തന്നെ. പ്രകൃതിക്ക് പരിക്കേൽക്കാതെ ടൂറിസം പ്രമോട്ട് ചെയ്യുന്നതെങ്ങനെ എന്ന് നമ്മുടെ അയൽരാജ്യങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിയും. ഗാർഡൻസ് ബൈ ദി ബേയിലെ ലോക നിലവാരമുള്ള ബൊട്ടാണിക്കൽ ഗാർഡൻ സസ്യശാസ്ത്ര വിദ്യാർത്ഥികൾക്കും, പ്രകൃതി സ്നേഹികൾക്കും ഒരു പോലെ പ്രിയങ്കരമാണ്. സെന്റോസ, മെർലയൺ പാർക്ക് എന്നീ സ്ഥലങ്ങളാണ് സിംഗപ്പൂരിൽ സഞ്ചാരികളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്ന ഇടം. മാലിന്യം എന്താണെങ്കിലും അത് വലിച്ചെറിയുന്ന ശീലം ഇവിടങ്ങളിൽ ഇല്ല അല്ലെങ്കിൽ വളരെ കുറഞ്ഞ തോതിലെ ഉള്ളൂ. ശുചിത്വത്തിന്റെ കാര്യത്തിൽ ലോകത്തിന് മാതൃകയായ അവർ  നവംബർ 19 ലോക ടോയലറ്റ് ദിനമായി ആചരിക്കുന്നു. പൊതു ശൗചാലയം ഉപയോഗിച്ചതിനുശേഷം ഫ്ളഷ് ചെയ്യാതിരിക്കുന്നത് അവിടെ ക്രിമിനൽ കുറ്റമാണ്. 63 ചെറുദ്വീപുകളും 669 സ്ക്വയർ കിലോ മീറ്ററുമാണ് സിംഗപ്പൂരിന്റെ വിസ്തീർണ്ണം. സിംഗപ്പൂർ യാത്രയിൽ ട്രാഫിക്കിൽ കുടുങ്ങി കിടന്ന ഓർമ്മയില്ല. വൃത്തിയുള്ളതും വീതിയുള്ളതുമായ നിരത്തുകളും, മെട്രോ മോണോ, ബുള്ളറ്റ് ട്രെയിനുകളും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നു. നഗരങ്ങളിൽ പോലും ഗതാഗതകുരുക്ക് കുറവാണ്. മിക്കാവാറും ആറുവരിപാത, സർവ്വീസ് റോഡ് പുറമെ. ഓട്ടോറിക്ഷക്ക് പകരം വലിയ കാറുകളാണ് ടാക്സിയായി ഓടുന്നത്.

കാൽനടയാത്രക്കാർക്ക് പ്രത്യേക പരിഗണന നൽകുന്ന ഗതാഗത സംവിധാനം മാതൃകയാക്കാവുന്നതാണ്. ആന ചിന്നം വിളിക്കുന്നതുപോലുള്ള ഹോണില്ല. പല രാജ്യങ്ങളിലും നമ്മുടെ രാജ്യത്തുള്ളതുപോലെ  എയർ ഹോണില്ല എന്നുകൂടി അറിയുമ്പോഴാണ് നമ്മുടെ ശബ്ദമലിനീകരണത്തിൽ എയർഹോൺ വഹിക്കുന്ന പങ്ക് എത്ര എന്നു മനസ്സിലാക്കാൻ കഴിയുക.

9 ഓഗസ്റ്റ് 1965 ൽ മലേഷ്യയിൽ നിന്നു സ്വാതന്ത്ര്യം നേടിയ ഈ ചെറു രാജ്യം ചുരുങ്ങിയ കാലം കൊണ്ട് ഏഷ്യലെ ഏറ്റവും വലിയ ടൂറിസ്റ്റ് നഗരമാവുകയും ലോകത്തിലെ സഞ്ചാരികൾക്ക് പ്രിയപ്പെട്ട ഇടവുമായി മാറുകയായിരുന്നു. ലോകത്തിലെ ഏറ്റവും നല്ല വ്യവസായസൗഹൃദരാജ്യങ്ങളിൽ ഒന്നാണ് സിഗപ്പൂർ. ഏത് യൂറോപ്യൻ രാജ്യത്തിനും ഒപ്പം നിൽക്കാൻ ശേഷി

യുള്ളതാണ് ഏകദേശം ആറു കോടി ജനസംഖ്യയുള്ള സിംഗപ്പൂരിന്റെ ആളോഹരി വരുമാനം. ജനസംഖ്യയുടെ മുക്കാൽ ശതമാനവും ചൈനക്കാരാണ്. മലയക്കാരും, ഇന്ത്യക്കാരുമാണ് അവശേഷിക്കുന്ന ബാക്കി ജനവിഭാഗം. അതിൽ തന്നെ 33 ശതമാനം ബുദ്ധമതക്കാരാണ്. ക്രിസ്ത്യാനികളും, മുസ്ലീംങ്ങളും, താവോയിസ്റ്റുകളും അടങ്ങുന്നതാണ് മറ്റ മതവിഭാഗങ്ങൾ. മന്ദാരിൻ, മലയ, ഇംഗ്ലീഷ്, തമിഴ് എന്നി ഭാഷകൾ ഔദ്യോഗികമായി ഉപയോഗിക്കുന്നു.

സിംഗപ്പൂരിന്റെ ആകർഷണമാണ് മെർലയൺ. സിംഹത്തിന്റെ തലയും മത്സ്യത്തിന്റെ ഉടലുമായ അത് സിംഗപ്പൂരിന്റെ സംരക്ഷകനായാണ് അറിയപ്പെടുന്നത്. പാലെം ബാംഗിലെ യുവരാജാവായ സാംഗ് നില ഉത്തമ കപ്പലപകടത്തിൽ പെട്ട് ഒരു ദ്വീപിൽ എത്തിപ്പെടുകയും അവിടെ ഒരു പ്രത്യേകതരം സിംഹത്തെ കണ്ട രാജകുമാരൻ ആ ദ്വീപിൽ തന്റെ വാസമുറപ്പിക്കുകയും അതിനെ സിംഹപുര എന്ന് നാമകരണം ചെയ്യുകയു മായിരുന്നു എന്ന് പറയപ്പെടുന്നു. 1972ൽ അന്നത്തെ പ്രധാന മന്ത്രിയായിരുന്ന ലീ കവാൻ  ഈയുവാണ് അലക് ഫ്രാസർ ബ്രൂണ്ണർ എന്ന ശില്പി ഡിസൈൻ ചെയ്ത ഇന്നത്തെ മെർലയൺ പ്രതിമ സ്ഥാപിച്ചത്.

ദക്ഷിണേന്ത്യൻ മാതൃകയിലുള്ള ക്ഷേത്രങ്ങൾ സിംഗപ്പൂരിൽ ധാരാളമായി കാണാൻ കഴിയും. തമിഴിലും




ഹിന്ദിയി ലുമുള്ള ബോർഡുകളും ശ്രദ്ധയിൽപ്പെട്ടും. ഇന്ത്യൻ റസ്റ്റോറന്റുകളും ധാരാളം. ചൈനീസ് ഭക്ഷണം ലഭിക്കുന്ന റസ്റ്റോറന്റുകളും പബ്ബുകളും സുലഭമാണ്.  ജെലാൻ ബേസർ റോഡിലെ ഹോട്ടൽ പിന്നക്കളിലായിലായിരുന്നു ഞങ്ങൾക്ക് താമസം.  ഏതൊരു സഞ്ചാരിയെയും ആകർഷിക്കുന്ന നിരവധി മനുഷ്യ നിർമ്മിതമായ കാഴ്ചകൾ സിംഗപ്പൂർ ഒരുക്കിവെച്ചിട്ടുണ്ട്.

അഞ്ച് മണിക്കൂർ റോഡ് മാർഗ്ഗം യാത്രചെയ്യുൽ കൊലാലംപൂരിലെത്താം. സിംഗപ്പൂരിൽ നിന്നു കേവലം ഒരു മണിക്കൂർ യാത്രയിൽ തന്നെ മലേഷ്യൻ അതിർത്തിയിലെത്തും. വിസ, എമിഗ്രേഷൻ നടപടികൾ പതിവുപോലെ കർശനം. മുഴുവൻ ലഗേജും ഇറക്കി പരിശോധിച്ച് സ്കാൻ ചെയ്ത മാത്രമെ കടത്തി വിടുകയുള്ളൂ. എയർപോർട്ടിലെ നടപടിക്രമങ്ങൾ മുഴുവൻ ഇവിടെയും പാലിക്കണം.

സംഘാംഗങ്ങളായ ഡോക്ടർമാരു പ്രകൃതി–ആയുർവേദ ജീവനത്തെ കുറിച്ചുള്ള സംഭാഷണങ്ങളും, കേരളത്തെ ഓർമ്മിപ്പിക്കുന്ന പ്രകൃതി ഭംഗിയും ബസ് യാത്രയുടെ ക്ഷീണം ബാധിക്കാതിരിക്കാൻ സഹായകമായി. റബ്ബർ വാഴ, എണ്ണപ്പന മറ്റ കാർഷിക വിഭവങ്ങളൊക്കെ വ്യവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്തിരിക്കുന്നതായി  ബസ്സയാത്രയിൽ കാണാൻ കഴിഞ്ഞു. പാംഓയിൽ, കൊക്കോ, റബ്ബർ, തടി, മരഉരുപ്പടികൾ എന്നിവയാണ് കയറ്റമതി ചെയ്യുന്നത്. മലേഷ്യൻ ഉൽപ്പന്നങ്ങളുടെ ഇറക്കുമതി പലപ്പോഴും കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയെ കാര്യമായി ബാധിക്കാറുണ്ട്. ഹോട്ടൽ അരീനാസ്സാറിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ  ലഭ്യമായിരുന്നു.

അന്താരാഷ്ട്ര യോഗാദിനത്തോട് അനുബന്ധിച്ച നടന്ന സെമിനാറിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ആയുർവ്വേദ മരുന്നു കമ്പനികളിലെ ശാസ്ത്രജ്ഞന്മാരും യോഗാ ആചാര്യന്മാരും അടക്കമുള്ള പ്രതിനിധികൾ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പാഥേയ് എന്ന പേരിൽ പ്രബന്ധങ്ങൾ പുസ്തകമാക്കിയതിന്റെ റിലീസിങ്ങും ചടങ്ങിൽ നടന്നു. ഭാഷയും സാഹിത്യവും പ്രകൃതിയും ആയുർവ്വേദത്തിന്റെയും യോഗയുടെയും ആഗോള പ്രചരണത്തിന്റെ അവിഭാജ്യഘടകമാണെന്ന സന്ദേശം സെമിനാറിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങൾ



മുന്നോട്ട് വെച്ചു. ആഗോളവൽക്കരണ കാലത്ത് ഇന്ത്യയുടെ യശസ്സുയർത്തുന്നതിനു ആയുർവ്വേദത്തിനും, യോഗക്കും  സാധിക്കും എന്ന് കോൺഫറൻസ് വിശ്വാസം പ്രകടിപ്പിച്ചു.

1957 ആഗസ്റ്റ് 31 ന് ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ച മലേഷ്യയിൽ 13 പ്രവശ്യകളാണ് ഉള്ളത്. 1963 സെപ്റ്റംബർ 16 മലേഷ്യ രൂപീകരണദിനമായി ആചരിക്കുന്നു. തലസ്ഥാനം കൊലാലംപൂരാണെങ്കിലും പുത്രജയയിൽ ഭരണസിരാകേന്ദ്രം നിർമ്മാണം പൂർത്തിയായി വരുന്നു. ചെമ്പരത്തിപ്പൂവാണ് ഔദ്യോഗിക പുഷ്പം. 451 മീറ്റർ ഉയരമുള്ള പെറ്റ്റോനാസ് ഇരട്ട മിനാരവും, ബാറ്റു കേവ്സും മലേഷ്യയിലെ പ്രധാന ആക ർഷണ കേന്ദ്രങ്ങളാണ്. മൂന്നു ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരത്തി എണ്ണൂറ്റിനാല്പത്തി ഏഴ് സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണമുള്ള മലേഷ്യ അതിർത്തി പങ്കിടുന്ന പ്രധാന രാജ്യങ്ങൾ ബ്രൂണൈ, ഇന്തോനേഷ്യ, തായ്‌ലന്റ് എന്നിവയാണ്. 31 കോടിയിലധികമാണ് ജനസംഖ്യ. ഇസ്ലാമാണ് പ്രമുഖമതം. ബുദ്ധ, ഹിന്ദു, ക്രിസ്തുമതങ്ങൾക്ക് പുറമെ കൺഫ്യൂഷനിസത്തി



ല്ലം, താവോയിസത്തിലും വിശ്വസിക്കുന്നവർക്ക് മലേഷ്യയിൽ ഇടമുണ്ട്. മലയ, മന്ദാരിൻ, ചൈനീസ്, ഇംഗ്ലീഷ്, ഹോക്കിയൻ, ഹക്ക, ഹൈനാൻ, തമിഴ്, മലയാളം, തെലുങ്ക്, പഞ്ചാബി, തായ് എന്നീഭാഷകളും ഉപയോഗിക്കപ്പെടുന്നു.

മലേഷ്യയിൽ ഞങ്ങളുടെ കൂടെ ഉണ്ടായിരുന്ന ഗൈഡ് ആസ്റ്റിഡ് ഏറെ സമർത്ഥയായ ഒരു പെൺകുട്ടിയായിരുന്നു. അവരുടെ അച്ഛൻ ചൈനീസ് വംശജനും അമ്മ മലേഷ്യൻ വംശജയുമാണ്. ചോട്ടി എന്ന പേരിലാണ് അക്കുട്ടർ അറിയപ്പെടുക. പരമ്പ രാഗത ചൈനീസ് വസ്ത്രമാണ് അവർ മിക്കവാറും ധരിച്ചിരുന്നത്. സിംഗപ്പൂരിൽ ഞങ്ങൾക്കൊപ്പമുണ്ടായിരുന്ന ചുവയെ അപേക്ഷിച്ച് ആസ്റ്റിഡ് ശരിക്കും സ്മാർട്ടായിരുന്നു. അവർക്ക് ഇന്ത്യയെക്കുറിച്ചും സാമാന്യം ധാരണയുണ്ടായിരുന്നു. മലേഷ്യയിൽ ഉണ്ടായിരുന്ന നാല്യ ദിവസം കൊണ്ട് ഞങ്ങളിലൊരാളായി അവർ മാറുകയായിരുന്നു. കൊലാലംപൂർ പബ്ലിക് ലൈബ്രറി സംന്ദർശിക്കാനവ സരം കിട്ടിയത് ഒരു അസുലഭ സന്ദർഭമായിരുന്നു. ലൈബ്രേറിയൻ അനിത മുഹമ്മദ് ലൈബ്രറിയുടെ പ്രവർത്തന ങ്ങളെ കുറിച്ചും ലഭ്യമായ സൗകര്യങ്ങളെ കുറിച്ചും വിശദമായി സംസാരിച്ചു. ബുക്ക് ഡ്രോപ് മെഷിൻ പുത്തൻ അനുഭവമായിരുന്നു. ലൈബ്രറി പുസ്തകം തിരിച്ചേൽ പ്പിക്കാൻ കൗണ്ടറിൽ കാത്ത് നിൽക്കേണ്ടതില്ല. ബുക്ക് ഡ്രോപ് മെഷിനിൽ നിക്ഷേപിക്കുന്ന പുസ്തകത്തിന്റെ വിശദാംശങ്ങൾ അടങ്ങുന്ന സ്ലിപ്പും ലഭിക്കും.

കൊലാലംപൂർ എയർപോർട്ടിന്റെ ഒരു സവിശേഷത സെക്യൂരിറ്റി ക്ലിയറൻസിന് ശേഷം ബോർഡിങ്ങ് സ്റ്റേഷനിലേക്ക് ഏകദേശം ഒരു കിലോമീറ്റർ ദൂരം മോണോ ക്യാബിൽ യാത്ര ചെയ്യണം എന്നതാണ്. അതായത് ബോർഡിങ്ങ് സ്റ്റേഷനിൽ എത്താനുള്ള സമയം കൂടി യാത്രക്കാരൻ കരുതേണ്ടതുണ്ട്.

മുരുകന്റെ ഗുഹാ ക്ഷേത്രം ഏറെ പ്രസിദ്ധമാണ്. തമിഴ് പശ്ചാത്തലമാണ് ക്ഷേത്രത്തിന്. പല സിനിമകളിലും കണ്ടിട്ടുണ്ടെങ്കിലും നേരനുഭവം ആർക്കും അവിസ്മരണീയമായിരിക്കും. പടികൾ കയറി മുകളിലെത്തുമോ എന്നൊരു സംശയം തോന്നാം പക്ഷെ ആളുകളോടൊപ്പം കയറുമ്പോൾ  തളർച്ചയോ ക്ഷീണമോ തോന്നില്ല എന്നുമാത്രമല്ല, ഉന്മേഷം തോന്നുകയും ചെയ്യും. ഗുഹാക്ഷേത്രത്തിലേക്ക് പ്രവേശനത്തിന് ഓക്സിജൻ മാസ്കിന്റെ  സഹായം വേണം. സന്ദർശകരുടെ പക്കൽ നിന്ന് ഭക്ഷണം തട്ടിപ്പറിക്കുന്ന വാനരസംഘവും, ഗോതമ്പുമണികളും, ചോളത്തരികളും തിരയുന്ന പ്രാവിൻ കൂട്ടങ്ങളും ക്ഷേത്രത്തിന്റെ ഐശ്വര്യമാണ്. ക്ഷേത്രത്തിന്റെ മുകളിൽ നിന്നുള്ള കൊലാലംപൂരിന്റെ കാഴ്ച ആരെയും മോഹിപ്പിക്കും. റോപ് കാറിലെ യാത്രയും, അക്വേറിയവും, സ്നോ വേൾഡുമൊക്കെ ഏതു സഞ്ചാരിയെയും ആകർഷിക്കുക തന്നെചെയ്യും. മലേഷ്യൻ രാജാവിന്റെ കൊട്ടാരത്തിൽ പൊതുജനങ്ങൾക്ക് പ്രവേശനമുള്ള കവാടത്തിൽ സഞ്ചാരികൾക്ക് പ്രവേശിക്കാം. കൊട്ടാരത്തിന്റെ നിറം മലേഷ്യയുടെ റോയൽ നിറമായ ഇളം മഞ്ഞയാണ്.  കാസിനോയിലേക്കു പ്രവേശിക്കുന്നതിന് പാസ്സ്പോർട്ട് സമർപ്പിക്കണം.

ഒരു മലേഷ്യൻ റിങ്കറ്റ് ലഭിക്കാൻ പതിനാറു രൂപ കൊടുക്കണം. ഔദ്യോഗിക ഏജൻ സികളിൽ നിന്ന് മാത്രമെ മണി എക്സ്ചേഞ്ച് നടത്താൻ





പാടുള്ളൂ എന്ന് ഈ യാത്രയിൽ ബോധ്യപ്പെട്ടു. ഏത് കൈമാറ്റത്തിലും നഷ്ടം പാർട്ടിക്കു തന്നെ. ചോക്ലേറ്റ് ഫാക്ടറിയും പതിവ് ഷോപ്പിങ്ങ്മാളുകളുമൊക്കെ എല്ലാ രാജ്യത്തും ഒരു പോലെ തന്നെ. സിംഗപ്പൂരിലെ അത്രയും വിഷമം തോന്നില്ല മലേഷ്യൻ ഷോപ്പിങ്ങ്, കാരണം റിങ്കറ്റ്സിന് സിംഗപ്പൂർ ഡോളറിനെക്കാൾ മൂല്യം കുറവാണ് അത് തന്നെ.

ബാക്കി വന്ന റിങ്കറ്റ്സും, സെന്റുമൊക്കെ കൊലാലംപൂർ എയർപ്പോർട്ടിൽ നിന്ന് മാറ്റി എടുത്തു. കൃത്യമായി റസീപ്റ്റും കിട്ടി. സിഗപ്പൂർ ഡോളറും,സെന്റും അവിടെ മാറ്റി എടുക്കാവുന്നതാണ്. ഡിസ്പ്ലേയിൽ കാണുന്ന അന്നത്തെ റേറ്റനുസരിച്ച് അമേരിക്കൻ ഡോളർ തിരിച്ചു തന്നു. എയർപ്പോർട്ടിൽ നിന്ന് ഭക്ഷണം കഴിക്കാൻ തോന്നില്ല. കാരണം മറ്റൊന്നുമല്ല, കുറഞ്ഞത് ഇരുപത് ഡോളർ വേണം ഒരു കോഫിയും ഒരു പീസ് കേക്കും കഴിക്കാൻ, അതു കൊണ്ടു തന്നെ അത് കഴിയുന്നതും ഒഴിവാക്കുകയായിരുന്നു.

കൊലാലംപൂർ എയർപോർട്ടിൽ നിന്ന് നാലു മണിയോടുകൂടി ഞങ്ങൾ വീണ്ടും കൊളംബോ ബണ്ഡാരനായകെ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇറങ്ങി. യാത്ര ആരംഭിച്ചതും ഇവിടെ നിന്നു തന്നെ ആയിരുന്നു. അറുപത്തി അയ്യായിരത്തി അറുനൂറ്റി പത്ത് സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണമുള്ള ശ്രീലങ്കയുടെ ജനസംഖ്യ 22 മില്യനാണ്. കൊളംബോയിലും നഗംബോ പ്രവശ്യയിലും മാത്രം സഞ്ചരിക്കാനുള്ള വിസ മാത്രമെ ഞങ്ങൾക്ക് അനുവദിച്ചിരുന്നുള്ളൂ. കൊളംബോയിൽ നിന്ന് ഏകദേശം മുപ്പത് കിലോമീറ്റർ ദൂരമുണ്ട് നഗംബോ ഗോൾഡൻ ബീച്ചിലേക്ക്. ഗോൾഡൻ സ്റ്റാർ ഹെറി റ്റേജ് ഹോട്ടലിലായിരുന്നു ഞങ്ങൾക്ക് താമസം. കേരളത്തിൽ എത്തിയ പ്രതീതിയായിരുന്നു ഞങ്ങൾക്ക്. തെങ്ങിൻ തോപ്പുകളും വാഴത്തോട്ടങ്ങളും, നെൽപാടങ്ങളും കൊ ണ്ട് പച്ചപുതച്ച് നിൽക്കുന്ന ശ്രീലങ്കൻ ആകാശക്കാഴ്ച ആരെയും ആകർഷിക്കും. ഉത്തരേന്ത്യൻ സുഹൃത്തുക്കൾക്ക് എന്തുകൊണ്ടോ, മലേഷ്യയോടും, സിഗപ്പൂരിനോടുമുണ്ടായിരുന്ന പ്രതിപത്തി ശ്രീലങ്കയോടു തോന്നിയില്ല. ഒരു പക്ഷെ രാവണരാജ്യ മായതു കൊണ്ടാവാം. കേരളത്തിലേതു പോലെ ഓട്ടോറിക്ഷ ധാരാളമാണ്. നിരത്തുകൾ അമ്പതുകളിലെയും അറുപതുകളിലെയും കേരളത്തെ ഓർമ്മിപ്പിക്കും. നേരത്തെ സൂചിപ്പിച്ചതു പോലെ ഇന്ത്യൻ രൂപക്ക് ഒരു വിദേശ രാജ്യത്ത് ഇത്ര ഏറെ ഡിമാന്റുള്ളത് ആദ്യമായാണ് കാണുന്നത്. തായ്ലന്റിൽ ചില ഷോപ്പുകളിൽ ഇന്ത്യൻ രൂപ സ്വീകരിക്കും. ഇരുനൂറ് രൂപ കൊടുത്താലാണ് നൂറ് തായ് ബാത് കിട്ടുക. ശ്രീലങ്കൻ രൂപയുടെ ഇരട്ടി മൂല്യമുണ്ട് ഇന്ത്യൻ രൂപക്ക് അതുകൊണ്ടു തന്നെ ഡോളറില്ലെങ്കിലും ഇന്ത്യൻ രൂപ കൊണ്ട് ശ്രീലങ്കയിൽ സുഖമായി സഞ്ചരിക്കാം. തുകൽ ഉൽപ്പന്നങ്ങൾ ധാരാളമായി വിദേശത്തേക്ക് കയറ്റി അയക്കുന്നതു കൊണ്ട് ഇന്ത്യ വിപണിയെ അപേക്ഷിച്ച് താരതമ്യേന വിലക്കുറവാണ്. മത്സ്യവിഭവങ്ങൾ ധാരാളം. ഭക്ഷണത്തിന് മുൻ സൂചിപ്പി ച്ചതു പോലെ ശ്രീലങ്കൻ രുചിയാണ്. ഒരു തമിഴ് രുചി എന്നു വേണമെങ്കിലും പറയാം. സിഹളയാണ് പ്രധാന ഭാഷ. ഇംഗ്ലീഷും, തമിഴും-നന്നായി ഉപയോഗിക്കുന്നു. മലയാളം സംസാരിച്ചാലും മനസ്സിലാവുന്ന ആളുകളെയും കാണാനിടയായി. ഇങ്ങനെ ഒരവസരം തരപ്പെടുത്തി തന്ന വിശ്വ ഹിന്ദി മഞ്ചിന്റെ പ്രസിഡന്റ് പ്രണവ് ശർമ്മക്കും, വിശ്വ ആയുർവ്വേദ പ്രതിഷ്ഠാന്റെ പ്രസിഡന്റ് രഞ്ജൻ വിശദിനും യാത്ര അവിസ് മരണീയമാക്കിയ എന്റെ സഹയാത്രിക ഡോ. ഇ.എം. അന്നാ സാലിക്കും പ്രത്യേകം നന്ദി പറയുന്നു.




കലിക്കറ്റ് സർവ്വകലാശാല ഡിഗ്രി റിസൾട്ട് അട്ടിമറിച്ചതിനെതിരെ പാലക്കാട് ജില്ലാകമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധ പാഠശാല



PROMINENT®
A PERFECT SOLUTION
*** ISO 9001:2015 Certified ***
Sales, Service & Manufacturer of Scientific Instruments

CERTIFIED ISO 9001:2015 COMPANY

Incubated at TBI-NIT Calicut

Our Technology Partner:
TBI National Institute of Technology,Calicut

Sales , Service &Technical support for all Scientific and Research Instruments; Manufacturers of Electronics Instruments

AUTHORIZED DISTRIBUTORS OF

Scientech Smart Solutions
HOLMARC OPTO-MECHATRONICS PVT. LTD.
NUCLEONIX
SES Instruments
SYSTRONICS
WESWOX™ OPTIK
VAMAA
KEMI
GW INSTEK Simply Reliable
kitsNspares
LABTRA®

**Contact Details:**
Sales & Service : **9447342483**
Service : 8547477483 , 8547473483
Project Guidance/R&D : 8547597483
E Mail: prominent2011@gmail.com
www.prominentinfo.com

We are Supplying all items for Lab. With Two Year Warranty and Prompt Service Support.
Also doing Design and Implementation of Lab. for Colleges and Smart Class Rooms.



എ.കെ.പി.സി.ടി.എ.
വജ്രജൂബിലി സമ്മേളനം

2018 മാർച്ചിൽ തിരുവനന്തപുരത്ത്

60 സെമിനാറുകൾ
60 വിദ്യാർത്ഥികൾക്ക് പഠന സഹായം
സർഗ്ഗസംഗമം കൊളോക്യം
ചരിത്രപ്രദർശനം

പി സായിനാഥ്, എൻ റാം
തുടങ്ങിയ പ്രമുഖർ പങ്കെടുക്കും

KERALA PRIVATE COLLEGE TEACHER
R.No. 36025/81 No.261
ISSN 2454-4795
Registered No. KL/TV (N) 35/2012-2014
Rs.11/- SEPTEMBER - 2017




# മൂലധനം
## കാൾമാർക്സ്

3 വാല്യങ്ങൾ

മുഖവില: 2880

രചനയുടെ 150 ാം വാർഷികത്തോടനുബന്ധിച്ച്

പകുതി വിലയ്ക്ക് (1440) ലഭിക്കുന്നു

സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷണൽ ബുക്ക് സ്റ്റാൾ • കേരളത്തിലുടനീളം ശാഖകൾ

Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
Chief Editor : Dr. N.M. Sunny